


വികസനരേഖ

മറവന്തുരുത്ത്
ഗ്രാമപഞ്ചായത്ത്

കോട്ടയം ജില്ല




ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

മറവന്തുരുത്ത് ഗ്രാമപഞ്ചായത്ത്

പഞ്ചായത്ത് വികസന സെമിനാർ

'96 ഡിസം 22, ഗവ:ഹൈസ്ക്കൂൾ, കുലശേഖരമംഗലം

വികസനരേഖ





"എല്ലാവരുടേയും ആവശ്യങ്ങൾ നിറവേറ്റാൻ വേണ്ട വിഭവങ്ങൾ ഈ പ്രകൃതിയിലുണ്ട്. എന്നാൽ ആരുടേയും അത്യാഗ്രഹങ്ങൾ നിറവേറ്റാൻ വിഭവങ്ങളില്ലതാനും"

—മഹാത്മാഗാന്ധി

"സഹവർത്തിത്വമില്ലെങ്കിൽ
സർവ്വനാശം"

—ജവഹർലാൽ നെഹ്റു.

"പ്രകൃതിയുടെ മേൽ മനുഷ്യൻ നേടിയ വിജയത്തിൽ, അവൻ അത്രമാത്രം അഹങ്കരിക്കേണ്ട ആവശ്യമില്ല. കാരണം ഓരോ വിജയത്തിലും പ്രകൃതി മനുഷ്യനോട് പ്രതികാരം ചെയ്തു കൊണ്ടിരിക്കുന്നു....."

—ഏംഗൽസ്.

● എഡിറ്റർ

പി. മാധവൻ മാസ്റ്റർ

● ● എഡിറ്റോറിയൽ ബോർഡ്—

എം. പി. അശോകൻ

ടി. കെ. കുമാരൻ

കെ. എ. വാസു

ജമുനാമ്മയി

എസ്. വാസു

ടി.കെ. സുവർണൻ

ടി. ഗോപാലകൃഷ്ണൻ

● ● ● കവർ ഡിസൈൻ

കൊതമ്പക്കാടൻ

ഉള്ളടക്കം

I പഞ്ചായത്ത് പൊതുവിവരണം

II ആമുഖം

III സാമൂഹിക സാംസ്ക്കാരിക ചരിത്രം

IV ഭൂപ്രകൃതി, ജനപ്രകൃതി

V സാമൂഹിക സാമ്പത്തിക മേഖലകൾ

1. കൃഷിയും ജലസേചനവും
2. മൃഗസംരക്ഷണവും മത്സ്യബന്ധനവും
3. വ്യവസായം
4. വിദ്യാഭ്യാസം
5. ആരോഗ്യവും കുടിവെള്ളവും
6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
7. പാർപ്പിടവും സാമൂഹ്യക്ഷേമവും
8. സംസ്ക്കാരം
9. വനിത
10. സഹകരണം
11. പട്ടികജാതി, പട്ടിക വർഗ്ഗക്ഷേമം
12. വിഭവസമാഹരണം

VI ഉപസംഹാരം

VII തിരിഞ്ഞുനോക്കുമ്പോൾ..

മറവന്തുരുത്ത് ഗ്രാമപഞ്ചായത്ത് ഭരണസമിതി

ശ്രീ. എം. പി. അശോകൻ (പ്രസിഡന്റ്)

ശ്രീ. ടി. കെ. കുമാരൻ (വൈസ് പ്രസിഡന്റ്)

ശ്രീമതി. അമ്പിളി പ്രസന്ന കുമാർ (ചെയർമാൻ, സ്റ്റാന്റിംഗ്കമ്മറ്റി)

ശ്രീ. കെ. എസ്. നാരായണൻ നായർ (മെമ്പർ)

കുമാരി രജനി രവീന്ദ്രൻ ”

ശ്രീമതി ജമുനാഭായി ”

ശ്രീ. കെ. പി. ചന്ദ്രബോസ് ”

ശ്രീമതി റാജിലാ ഷംസുദ്ദീൻ ”

ശ്രീ. കെ. എ. വാസു ”

ശ്രീ. കെ. ശെൽവരാജ് ”

പഞ്ചായത്ത്
പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	മറവന്തുരുത്ത് ഗ്രാമപഞ്ചായത്ത്
വില്ലേജ്	കുലശേഖരമംഗലം
ബ്ലോക്ക് പഞ്ചായത്ത്	വൈക്കം
താലൂക്ക്	വൈക്കം
അസംബ്ലിമണ്ഡലം	വൈക്കം
ലോകസഭാമണ്ഡലം	കോട്ടയം
ജില്ലാ പഞ്ചായത്ത്	കോട്ടയം
വിസ്തീർണ്ണം	15.69 ചതുരശ്ര കിലോമീറ്റർ
അതിരുകൾ	വടക്ക് : മുവ്വാറ്റുപുഴയാർ ചെമ്പ് പഞ്ചായത്തിന്റെ തെക്കും ഭാഗം കിഴക്ക്: മുവ്വാറ്റുപുഴയാർ തെക്ക്: മുവ്വാറ്റുപുഴയാർ പടിഞ്ഞാറ് വേമ്പനാട്ടുകായൽ ഉദയനാപുരം വടക്കു പടിഞ്ഞാറു ഭാഗം
വാർഡുകൾ	: 10
ജനസംഖ്യ	: 20532 പുരുഷൻ : 10083 സ്ത്രീ : 10449
സാക്ഷരത	: 83%
പ്രസിഡന്റ്	എം. പി അശോകൻ
വൈസ് പ്രസിഡന്റ്	ശ്രീ ടി.കെ. കുമാരൻ
സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ	ശ്രീമതി. അമ്പിളി പ്രസന്നകുമാർ.

II ആമുഖം

ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചിട്ട് അഞ്ചു പതിറ്റാണ്ടുകൾ പിന്നിടുന്നു. കൊളോണിയൽ ചൂഷണങ്ങളിൽ നിന്നും മോചിപ്പിക്കപ്പെട്ട ഇന്ത്യയുടെ സമ്പദ് വ്യവസ്ഥയെയും സ്വാശ്രയത്വത്തെയും പടിപടിയായി ഉയർത്തിക്കൊണ്ടു വരാനുള്ള ആസൂത്രിത ശ്രമമായിരുന്നു നമ്മുടെ പഞ്ചവത്സരപദ്ധതികൾ. ഇതിൽ നാം കുറെയൊക്കെ വിജയിക്കുകയും ചെയ്തിട്ടുണ്ട്. വികസിത രാജ്യങ്ങൾക്ക് മാത്രം സ്വപ്നം കാണുവാൻ കഴിയുമായിരുന്ന ബഹിരാകാശ ഗവേഷണ രംഗങ്ങളിലും മറ്റു ശാസ്ത്ര സാങ്കേതിക രംഗങ്ങളിലും നാം അവരോടൊപ്പമോ അവർക്കുമുമ്പോ എത്തി നില്ക്കുന്നു എന്നുള്ളത് അഭിമാനകരമാണ്. എന്നാൽ ഈ നേട്ടങ്ങൾക്ക് ഒരു മറുവശവുമുണ്ട്. നിലവിലുള്ള ആസൂത്രണത്തിന്റെ കീഴിൽ തൊഴിലില്ലായ്മ ഭയാനകമായി മാറിയിരിക്കുന്നു, ദരിദ്രരുടെ എണ്ണം വർദ്ധിച്ചിരിക്കുന്നു, നാടിന്റെ സമ്പത്തെല്ലാം ഒരു സ്ഥലത്ത് കുമിഞ്ഞുകൂടിയിരിക്കുന്നു. ചുരുക്കത്തിൽ നാം വികസനപ്രവർത്തനങ്ങൾ ആർക്കു വേണ്ടിയാണോ നടത്തുന്നതും രൂപകല്പന ചെയ്യുന്നതും അതിൽ ബഹുഭൂരിപക്ഷം പേർക്കും അത് അപ്രാപ്യമായിത്തീർന്നു കൊണ്ടിരിക്കുന്നു. ശാസ്ത്രവും സാങ്കേതിക വിജ്ഞാനവും വികാസം പ്രാപിച്ച ഒരു സമൂഹത്തിൽ ഇങ്ങനെ ധനികവല്കരണ ദരിദ്രവല്ക്കരണ പ്രക്രിയ ഉണ്ടാകാൻ പാടുള്ളതല്ല. ഇതിന്നർത്ഥം ഇപ്പോൾ തുടർന്നു വരുന്ന പരമ്പരാഗതമായ ആസൂത്രണരീതിയ്ക്കും പ്രക്രിയയ്ക്കും പലേ ദൗർബ്ബല്ല്യങ്ങളും പോരായ്മകളും ഉണ്ട് എന്നുള്ളതാണ്. നില നില്ക്കുന്ന ആസൂത്രണ സംവിധാനത്തിന്റെ അലകും പിടിയും മാറ്റിക്കൊണ്ടു മാത്രമേ നാം ഇന്നെത്തി നില്ക്കുന്ന വികസന പ്രതിസന്ധികളെ മറി കടക്കാനാകൂ.

ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെടുകയും ചർച്ച ചെയ്യപ്പെട്ടു കൊണ്ടിരിക്കുകയും ചെയ്യുന്ന ഒന്നാണ് കേരള വികസന രംഗം. "കേരള മോഡൽ വികസനം" എന്നൊരു പ്രയോഗം തന്നെ ഉണ്ടായിരിക്കുന്നു. റോഡ്, ഗതാഗതം, ആരോഗ്യം, വിദ്യാഭ്യാസം, തുടങ്ങിയ സേവനരംഗവുമായി ബന്ധപ്പെട്ടു നില്ക്കുന്ന മേഖലകളിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നും വളരെ മുന്നിലാണ് നാം. അതായത് ജീവിത് ഗുണമേന്മയുടെ കാര്യത്തിൽ നാം ബഹുദൂരം മുന്നിലെത്തിയിരിക്കുന്നു. സമ്പത്തിന്റെ വികാസമില്ലാതെ, ഉല്പാദന മേഖലകളുടെ വളർച്ചയില്ലാതെ സാമൂഹ്യപരമായ

പ്രവർത്തനങ്ങളിലൂടെ സേവന മേഖല കളിലുണ്ടായ മുന്നേറ്റമാണ് കേരള മോഡൽ വികസനത്തിന്റെ കാതൽ. എന്നാൽ ഈ നേട്ടങ്ങളൊക്കെയും ഇന്ന് പിന്നോട്ടടിക്കപ്പെട്ടു കൊണ്ടിരിക്കുന്നു. ഉത്പാദന മേഖലകളായ പ്രാഥമിക, ദ്വിതീയ മേഖലകളിലെ വളർച്ച മുരടിപ്പ് ഇന്ന് കേരളത്തെ ഒരു വികസന പ്രതി സന്ധിയിലെത്തിച്ചിരിക്കുന്നു. നാം എത്തി നില്ക്കുന്ന ഗുരുതരമായ ഈ സ്ഥിതി വിശേഷത്തെ നേരിടണമെങ്കിൽ കൃഷിക്കും വ്യവസായത്തിനും കൂടുതൽ പരിഗണനകൾ കൊടുക്കേണ്ടതുണ്ട്. കൂടുതൽ നിക്ഷേപം ഈ മേഖലകളിൽ നടത്തേണ്ടതുണ്ട്, വിദ്യാഭ്യാസം, ആരോഗ്യം, തുടങ്ങിയ സേവന രംഗത്തെ പ്രവർത്തനങ്ങളെ കൂടുതൽ ഗുണാത്മ കമാക്കേണ്ടതുണ്ട്.

ഈ പശ്ചാത്തലങ്ങളിലാണ് വരുന്ന ഏപ്രിൽ മാസം 1 ാം തീയതി 9 ാം പഞ്ചവത്സര പദ്ധതി ആരംഭിക്കുന്ന ത്. ഈ സന്ദർഭത്തിന് മറ്റൊരു പ്രത്യേ കത കൂടിയുണ്ട്. ഭരണ ഘടനയുടെ 73, 74 ഭേദഗതികളനുസരിച്ച് കൂടുതൽ അധികാരങ്ങളോടു കൂടിയ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ നിലവിൽ വന്നു കഴിഞ്ഞിരിക്കുന്നു എന്നുള്ളതാണ് അത്.

നിലവിലുള്ള ആസൂത്രണ രീതിയിൽ ഒരു പൊളിച്ചെഴുത്ത് നടത്തിക്കൊണ്ട് പദ്ധ തിയുടെ രൂപീകരണത്തിലും നടത്തിപ്പിലും ജനപങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട്, പദ്ധത് വിഹിതത്തിന്റെ നിശ്ചിത ശതമാനം തുക ത്രിതല പഞ്ചായത്ത് രാജ് സ്ഥാപന ങ്ങൾക്ക് കൈമാറിക്കൊണ്ട് കേരളം ഇ ന്നും നേരിടുന്ന വികസന വെല്ലുവിളി കൾക്ക് ഒട്ടൊക്കെ പരിഹാരം കാണാൻ കഴിയുമെന്ന കാഴ്ചപ്പാടിൽ നിന്നാണ് 'ജനകീയ ആസൂത്രണ പ്രസ്ഥാനം' എന്ന പരിപാടിക്ക് രൂപം കൊടുക്കുന്നത്. 1996 ജൂലൈ 14 ന് കേരള സംസ്ഥാന ആസൂ ത്രണ ബോർഡ്, എടുത്ത തീരുമാനമ നുസരിച്ച് കേരള സർക്കാർ "9 ാം പദ്ധതി– വികേന്ദ്രീകരണവും ജനപങ്കാളിത്തവും ബഹുജനപ്രസ്ഥാനം" എന്ന സർക്കാർ വിജ്ഞാപനം [G.O. (MS) 10/96 Pig 30.7.96] അനുസരിച്ചാണ് ജനകീയ ആസൂത്രണ പരിപാടികൾ നടന്നു കൊണ്ടിരിക്കുന്നത്.

വിവിധ തട്ടുകളിലുള്ള സംസ്ഥാന ജില്ലാ പഞ്ചായത്ത് പരിശീലനങ്ങളും തുടർന്നു നടന്ന ഗ്രാമ സഭകളുമാണ് ഒന്നാം ഘട്ട പ്രവർത്തനം എന്നു വിശേ ഷിപ്പിക്കാവുന്നത്. പഞ്ചായത്ത് വികസന സെമിനാറിലും അവിടെ നടക്കുന്ന കർമ്മ സമിതി രൂപീകരണത്തോടെയും പഞ്ചായ ത്തുതല പ്രവർത്തനങ്ങളുടെ ആദ്യഘട്ടം സമാപിച്ചു എന്നു പറയാം.

പ്രവർത്തനങ്ങൾ

പാലായിലും വൈക്കത്തുമായി നടന്ന ജില്ലാ പരിശീലനങ്ങളിൽ ആകെ മെമ്പർ

മാരുൾപ്പെടെ 28 പ്രവർത്തകർ പങ്കെടുത്തു.

പഞ്ചായത്ത് തല ഒന്നാം ഘട്ട പരിശീലനം 22.9.96 ൽ N.I.M. U.P.S. ൽ നടന്നു. ഇതിൽ 220 പ്രവർത്തകരും രണ്ടാംഘട്ട പരിശീലനം 16.11.96. N.I.M. U.P.S. ൽ, 199 പ്രവർത്തകരും പങ്കെടുത്തു. പരിശീലനങ്ങൾ കൂടാതെ മേഖലാ പഞ്ചായത്തു തലയോഗങ്ങളും, കുലശേഖരമംഗലം ഹൈസ്ക്കൂളിൽ വെച്ച് വിശേഷാൽ യോഗവും നടന്നിട്ടുണ്ട്.

ജനാധിപത്യം അർത്ഥവത്തും സമ്പൂർണ്ണവുമാകുന്നത് അതിൽ ആത്മാർത്ഥവും ബോധപൂർവ്വവുമായ ജനകീയ ഇടപെടലുകൾ ഉണ്ടാകുമ്പോൾ മാത്രമാണ്. അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങളിലൂടെ ഗ്രാമതല ആസൂത്രണ പ്രവർത്തനങ്ങളിലൂടെ ഈ ദൃശലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാനും സർഗ്ഗാത്മകമാക്കാനും കഴിയും. ഗതകാല സ്മരണകളിൽ നിന്നും ആവേശവും ഉർജ്ജവും ഉൾക്കൊണ്ടുകൊണ്ട് ചരിത്രം നമ്മിലർപ്പിച്ചിട്ടുള്ള കടമ നമുക്കേറ്റെടുക്കാം. 9ാം പദ്ധതിയിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂരിപക്ഷം പദ്ധതികളുടെ നടത്തിപ്പും ജനകീയ കമ്മറ്റികൾ വഴിയും സന്നദ്ധ പ്രവർത്തനങ്ങളിലൂടെയുമാണ്. അതിനാവശ്യമായ പശ്ചാത്തലങ്ങളൊരുക്കാൻ ഗ്രാമസഭാ പ്രവർത്തനങ്ങളിലൂടെയും മറ്റു പ്രചാരണ പ്രവർത്തനങ്ങൾ വഴിയും കുറച്ചൊക്കെ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഇനിയും ഈ ദിശയിൽ ബഹുദൂരം മുന്നേറാനുമുണ്ട്. ഇതിനെല്ലാം പ്രചോദനമായിത്തീരട്ടെ ഈ വികസന സെമിനാർ. പഞ്ചായത്തിലെ പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും മുന്നോട്ടു കൊണ്ടുപോകുവാനും താത്പര്യവും സന്നദ്ധതയുമുള്ള ഒരു സംഘം വികസന സേനാംഗങ്ങളാണ് ഇവിടെഎത്തിയിരിക്കുന്നത്. കൂടാതെ നമ്മുടെ പഞ്ചായത്തിലെ വിവിധ ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥന്മാരും വിദഗ്ധന്മാരും നമ്മോടൊപ്പമുണ്ട്. കേരളം ഇന്നു നേരിടുന്ന വികസന പ്രതിസന്ധികളെ മറികടക്കാനുള്ള പ്രവർത്തനങ്ങളിൽ നമുക്ക് ഒത്തു ചേരാം.

പ്രവർത്തനങ്ങളിലൂടെ സേവന മേഖല കളിലുണ്ടായ മുന്നേറ്റമാണ് കേരള മോഡൽ വികസനത്തിന്റെ കാതൽ. എന്നാൽ ഈ നേട്ടങ്ങളൊക്കെയും ഇന്ന് പിന്നോട്ടടിക്കപ്പെട്ടു കൊണ്ടിരിക്കുന്നു. ഉത്പാദന മേഖലകളായ പ്രാഥമിക, ദ്വിതീയ മേഖലകളിലെ വളർച്ച മുരടിപ്പ് ഇന്ന് കേരളത്തെ ഒരു വികസന പ്രതി സന്ധിയിലെത്തിച്ചിരിക്കുന്നു. നാം എത്തി നില്ക്കുന്ന ഗുരുതരമായ ഈ സ്ഥിതി വിശേഷത്തെ നേരിടണമെങ്കിൽ കൃഷിക്കും വ്യവസായത്തിനും കൂടുതൽ പരിഗണനകൾ കൊടുക്കേണ്ടതുണ്ട്. കൂടുതൽ നിക്ഷേപം ഈ മേഖലകളിൽ നടത്തേണ്ടതുണ്ട്, വിദ്യാഭ്യാസം, ആരോഗ്യം, തുടങ്ങിയ സേവന രംഗത്തെ പ്രവർത്തനങ്ങളെ കൂടുതൽ ഗുണാത്മകമാക്കേണ്ടതുണ്ട്.

ഈ പശ്ചാത്തലങ്ങളിലാണ് വരുന്ന ഏപ്രിൽ മാസം 1 ാം തീയതി 9 ാം പഞ്ചവത്സര പദ്ധതി ആരംഭിക്കുന്നത്. ഈ സന്ദർഭത്തിന് മറ്റൊരു പ്രത്യേകത കൂടിയുണ്ട്. ഭരണ ഘടനയുടെ 73, 74 ഭേദഗതികളനുസരിച്ച് കൂടുതൽ അധികാരങ്ങളോടു കൂടിയ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ നിലവിൽ വന്നു കഴിഞ്ഞിരിക്കുന്നു എന്നുള്ളതാണ് അത്.

നിലവിലുള്ള ആസൂത്രണ രീതിയിൽ ഒരു പൊളിച്ചെഴുത്ത് നടത്തിക്കൊണ്ട് പദ്ധതിയുടെ രൂപീകരണത്തിലും നടത്തിപ്പിലും ജനപങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട്, പദ്ധതി വിഹിതത്തിന്റെ നിശ്ചിത ശതമാനം തുക ത്രിതല പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് കൈമാറിക്കൊണ്ട് കേരളം ഇന്നും നേരിടുന്ന വികസന വെല്ലുവിളികൾക്ക് ഒട്ടൊക്കെ പരിഹാരം കാണാൻ കഴിയുമെന്ന കാഴ്ചപ്പാടിൽ നിന്നാണ് 'ജനകീയ ആസൂത്രണ പ്രസ്ഥാനം' എന്ന പരിപാടിക്ക് രൂപം കൊടുക്കുന്നത്. 1996 ജൂലൈ 14 ന് കേരള സംസ്ഥാന ആസൂത്രണ ബോർഡ്, എടുത്ത തീരുമാനമനുസരിച്ച് കേരള സർക്കാർ "9 ാം പദ്ധതി– വികേന്ദ്രീകരണവും ജനപങ്കാളിത്തവും ബഹുജനപ്രസ്ഥാനം" എന്ന സർക്കാർ വിജ്ഞാപനം [G.O. (MS) 10/96 Plg 30.7.96] അനുസരിച്ചാണ് ജനകീയ ആസൂത്രണ പരിപാടികൾ നടന്നു കൊണ്ടിരിക്കുന്നത്.

വിവിധ തട്ടുകളിലുള്ള സംസ്ഥാന ജില്ലാ പഞ്ചായത്ത് പരിശീലനങ്ങളും, തുടർന്നു നടന്ന ഗ്രാമ സഭകളുമാണ് ഒന്നാം ഘട്ട പ്രവർത്തനം എന്നു വിശേഷിപ്പിക്കാവുന്നത്. പഞ്ചായത്ത് വികസന സെമിനാറിലും അവിടെ നടക്കുന്ന കർമ്മ സമിതി രൂപീകരണത്തോടെയും പഞ്ചായത്തുതല പ്രവർത്തനങ്ങളുടെ ആദ്യഘട്ടം സമാപിച്ചു എന്നു പറയാം.

പ്രവർത്തനങ്ങൾ

പാലായിലും വൈക്കത്തുമായി നടന്ന ജില്ലാ പരിശീലനങ്ങളിൽ ആകെ മെമ്പർ

മാരുൾപ്പെടെ 28 പ്രവർത്തകർ പങ്കെടുത്തു.

പഞ്ചായത്ത് തല ഒന്നാം ഘട്ട പരിശീലനം 22.9.96 ൽ N.I.M. U.P.S. ൽ നടന്നു. ഇതിൽ 220 പ്രവർത്തകരും രണ്ടാംഘട്ട പരിശീലനം 16.11.96. N.I.M. U.P.S. ൽ, 199 പ്രവർത്തകരും പങ്കെടുത്തു. പരിശീലനങ്ങൾ കൂടാതെ മേഖലാ പഞ്ചായത്തു തലയോഗങ്ങളും, കുലശേഖരമംഗലം ഹൈസ്ക്കൂളിൽ വെച്ച് വിശേഷാൽ യോഗവും നടന്നിട്ടുണ്ട്.

ജനാധിപത്യം അർത്ഥവത്തും സമ്പൂർണ്ണവുമാകുന്നത് അതിൽ ആത്മാർത്ഥവും ബോധപൂർവ്വവുമായ ജനകീയ ഇടപെടലുകൾ ഉണ്ടാകുമ്പോൾ മാത്രമാണ്. അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങളിലൂടെ ഗ്രാമതല ആസൂത്രണ പ്രവർത്തനങ്ങളിലൂടെ ഈ ദൃശലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാനും സർഗ്ഗാത്മകമാക്കാനും കഴിയും. ഗതകാല സ്മരണകളിൽ നിന്നും ആവേശവും ഉർജ്ജവും ഉൾക്കൊണ്ടുകൊണ്ട് ചരിത്രം നമ്മിലർപ്പിച്ചിട്ടുള്ള കടമ നമുക്കേറ്റെടുക്കാം. 9ാം പദ്ധതിയിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂരിപക്ഷം പദ്ധതികളുടെ നടത്തിപ്പും ജനകീയ കമ്മറ്റികൾ വഴിയും സന്നദ്ധ പ്രവർത്തനങ്ങളിലൂടെയുമാണ്. അതിനാവശ്യമായ പശ്ചാത്തലങ്ങളൊരുക്കാൻ ഗ്രാമസഭാ പ്രവർത്തനങ്ങളിലൂടെയും മറ്റു പ്രചാരണ പ്രവർത്തനങ്ങൾ വഴിയും കുറച്ചൊക്കെ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഇനിയും ഈ ദിശയിൽ ബഹുദൂരം മുന്നേറാനുമുണ്ട്. ഇതിനെല്ലാം പ്രചോദനമായിത്തീരട്ടെ ഈ വികസന സെമിനാർ. പഞ്ചായത്തിലെ പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും മുന്നോട്ടു കൊണ്ടുപോകുവാനും താത്പര്യവും സന്നദ്ധതയുമുള്ള ഒരു സംഘം വികസന സേനാംഗങ്ങളാണ് ഇവിടെഎത്തിയിരിക്കുന്നത്. കൂടാതെ നമ്മുടെ പഞ്ചായത്തിലെ വിവിധ ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥന്മാരും വിദഗ്ധന്മാരും നമ്മോടൊപ്പമുണ്ട്. കേരളം ഇന്നു നേരിടുന്ന വികസന പ്രതിസന്ധികളെ മറികടക്കാനുള്ള പ്രവർത്തനങ്ങളിൽ നമുക്ക് ഒത്തു ചേരാം.

II സാമൂഹിക സാംസ്ക്കാരിക ചരിത്രം

ഐതിഹാസികമായ വൈക്കം സത്യാഗ്രഹത്തിന്റെ സംഭവബഹുലമായ ഓർമ്മകൾ അയവിറക്കുന്ന മറവുന്തുരുത്ത്. 'മറവന്മാർ' എന്നൊരു വർഗ്ഗം താമസിച്ചിരുന്നതു കൊണ്ടാണ് മറവന്തുരുത്ത് എന്ന പേരുണ്ടായതെന്ന് പഴമക്കാർ പറയുന്നത്.

മറവന്തുരുത്ത് പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിരായ വേമ്പനാട്ടുകായലും പരിസരപ്രദേശവും വെമ്പല നാടെന്ന പേരിൽ ആയിരുന്നു അറിയപ്പെട്ടിരുന്നത്. ഈ പ്രദേശങ്ങൾ ആദ്യകാലത്ത് സമുദ്രമായിരുന്നു എന്നുവിചാരിക്കുന്നതിൽ തെറ്റില്ല.

ചേരമാൻ പെരുമാൾ, രാജ്യം പലർക്കായി ഭാഗിച്ചു കൊടുത്ത കൂട്ടത്തിൽ സ്വസന്താനങ്ങളെ വടക്കുംകൂർ രാജാക്കന്മാരായി വാഴിച്ചു എന്ന് ഒരു താമ്രശാസനം മൂലം വ്യക്തമാകുന്നുണ്ട്. വടക്കുംകൂർ എന്നതിന് വെൺമലനാട്, വെൺപലനാട്, വേമ്പനാട്, എന്നിങ്ങനെ പല നാമധേയങ്ങളും ഉപയോഗിച്ചു കാണുന്നു. വടക്കുംകൂർ രാജവംശം വൈക്കത്തു വന്നു താമസമുറപ്പിച്ചത് 990 നു ശേഷമാണ്. തിരുവിതാംകൂർ മഹാരാജാവായ ധർമ്മരാജാവെന്ന് വിശ്രുതനായ കാർത്തിക തിരുനാൾ രാമവർമ്മ മഹാരാജാവ് വടക്കുംകൂർ രാജകുടുംബാംഗങ്ങളെ തിരുവിതാംകൂറിൽ താമസിപ്പിക്കുവാൻ തീരുമാനിച്ചു. ഒടുവിൽ വൈക്കത്തു താമസം ആരംഭിക്കുവാൻ മഹാരാജാവായ അവിട്ടം തിരുനാൾ കല്പിച്ചു. സ്വാതന്ത്ര്യസമര സേനാനിയായിരുന്ന വൈക്കം പത്മനാഭ പിള്ളയുടെ ഒഴിഞ്ഞു കിടന്ന സ്ഥലത്ത് കൊട്ടാരം പണിയുകയും അവരെ അവിടെ താമസിപ്പിക്കുകയും ചെയ്തു. ഇവർ പുരാതന വെമ്പല നാട്ടു രാജവംശത്തിന്റെ ഒരു ശാഖയാണ്.

കിഴക്കു സഹ്യാദ്രിക്ക് പടിഞ്ഞാറുവശത്തുള്ള കീഴ്മലനാട് മുതൽ പടിഞ്ഞാറു സമുദ്രം വരെയും തെക്ക് ഓമല്ലൂരിനടുത്തുള്ള കൈപ്പട്ടൂർ കടവു മുതൽ വടക്ക് കൊച്ചിരാജ്യം വരെയും വ്യാപിച്ചു കിടന്നിരുന്ന ഒരു നാടാണ് വെമ്പലനാട്. ഇതിന്റെ പഴക്കം എത്രയാണെന്നറിയാൻ തക്ക തെളിവുകൾ ഒന്നും തന്നെ കണ്ടു കിട്ടിയിട്ടില്ല. പാണ്ഡ്യരാജാവ് വെമ്പല നാട് പിടിച്ചടക്കി കുറച്ചുകാലം ഭരണം നടത്തുകയുണ്ടായി. അന്നുമുതലാണ് 'വെമ്പനാട്' എന്ന ദേശനാമം തന്നെ ഉണ്ടായത് എന്ന് പറയപ്പെടുന്നു. വേമ്പന്റെ, അതായത് പാണ്ഡ്യന്റെ നാട്

വേമ്പനാട് എന്നർത്ഥം. വേണാട് കാർത്തിക തിരുനാൾ മഹാരാജാവ് വടക്കുംകൂർ രാജവംശത്തെ വൈക്കത്തുള്ള വഴുതനക്കാട്ടു കൊട്ടാരത്തിലാണ് താമസിപ്പിച്ചത്. ഈ വേമ്പനാടിന്റെ സമീപമാണ് വേമ്പനാട്ടുകായൽ. ഈ കായൽ തീരത്താണ് നമ്മുടെ പഞ്ചായത്തു സ്ഥിതി ചെയ്യുന്നത്. വടക്കുംകൂർ രാജാവിന്റെ ആസ്ഥാനമായിരുന്നു മറവന്തുരുത്ത് എന്നും കരുതുന്നുണ്ട്. രാജാവിന്റെ മന്ത്രിയായിരുന്ന കൃഷ്ണപിള്ളയെ ആരാധിക്കുന്ന കുടുംബങ്ങൾ ഇന്നും നമ്മുടെ പഞ്ചായത്തിൽ നിലനില്ക്കുന്നതുകൊണ്ടാണ് ഇങ്ങനെ അനുമാനിക്കുന്നത്.

കേരളത്തിലെ ഏക ജലോത്സവമെന്ന ഖ്യാതി നേടിയിട്ടുള്ള, 170 വർഷത്തെ പഴക്കമുള്ള, മീനമാസത്തിലെ അശ്വതി നക്ഷത്രത്തിൽ ആഘോഷിക്കുന്നതുമായ ആറ്റുവേല, നമ്മുടെ പഞ്ചായത്തിന്റെ സാംസ്ക്കാരിക ചരിത്രത്തിന്റെ ഭാഗമായിക്കഴിഞ്ഞു.

ദേശീയ പ്രസ്ഥാനത്തിന്റെ അലയടികൾ നാടെങ്ങും ഉയർന്ന സമയത്തു തന്നെ മറവൻതുരുത്തിലും അതിന്റെ സ്ഫുരണങ്ങൾ തെളിയാൻ തുടങ്ങി. ബ്രിട്ടീഷ് മേൽക്കോയ്മയുടെ രൂപം അത്യന്തം ബീഭൽസമായിരുന്നു, അക്കാലം. അതിനു ശേഷം വിവിധ പ്രവർത്തനങ്ങളിലൂടെ ദേശീയ സ്വാതന്ത്ര്യധാരയിൽ പങ്കാളിയാകുവാൻ കഴിഞ്ഞു എന്നത് നമുക്ക് അഭിമാനിക്കാവുന്നതാണ്. സ്വാതന്ത്ര്യത്തിനു വിത്തു പാകിയതെന്നവകാശപ്പെടുന്ന വൈക്കം സത്യാഗ്രഹം നമുക്കൊരിക്കലും മറക്കാനാവില്ല. 1924–ൽ നടന്ന വൈക്കം സത്യാഗ്രഹത്തിന്റെ സ്മരണയെ ഒന്നു പിന്നോട്ടോടിച്ചു നോക്കാം. 1924–ൽ നടന്ന വൈക്കം സത്യാഗ്രഹം നാട്ടിലെങ്ങും ദേശീയ പ്രസ്ഥാനങ്ങൾക്ക് ഒരു പ്രചോദനമേകി. നമ്മുടെ പഞ്ചായത്തിൽ നിന്നും കുലശേഖരമംഗലത്തുള്ള തണ്ടാൻ നാരായണൻ ഈ സമരത്തിൽ പങ്കെടുക്കുകയും ഈ. വി. ആറിനോടൊപ്പം പാട്ടു പാടി പ്രചരണം നടത്തുകയും ചെയ്ത കഥകൾ ഇന്നും വീരാരാധനയോടെ ഓർക്കുന്നു. പട്ടിക്കും പൂച്ചയ്ക്കും വഴിനടക്കാൻ പറ്റുന്ന സ്ഥലത്തുകൂടി മനുഷ്യനു നടക്കാൻ സാധിക്കാതിരുന്ന ജീർണ്ണമായ സംസ്ക്കാരമുണ്ടായിരുന്ന ഈ മണ്ണിൽ, അതിനെതിരെ പ്രതികരിച്ചത് ഒരു സാമൂഹ്യപ്രചോദനത്തിന്റെ ഫലമായിരുന്നു. തണ്ടാൻ നാരായണനെ 1975–ൽ ഇന്ദിരാഗാന്ധി വീരാളിപ്പട്ടു നല്കി ആദരിക്കുകയുണ്ടായി. "ക്ഷേത്ര പ്രവേശനം എല്ലാ ഹിന്ദുക്കളുടെയും ജന്മാവകാശമാണ്" എന്ന ബാനറുമേന്തി നാടുനീളെ പ്രചാരണം നടത്തിയ ടി. കെ. മാധവന് കണ്ണങ്കേരിൽ നല്കിയ സ്വീകരണവും പൊതുയോഗവും അന്നത്തെ ജനങ്ങളുടെ ഈ വിധത്തിലുള്ള പ്രക്ഷോഭണങ്ങളോടുള്ള ആഭിമുഖ്യം വിളിച്ചറിയിക്കുന്നു.

ഇതുമായി ബന്ധപ്പെട്ട് നാട്ടിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തവരാണ് കളപ്പുരയ്ക്കൽ നാരായണൻ, വാഴാട്ടുതറ ഇട്ടൻ, എട്ടാംതറ ശങ്കു, വാഴേത്തറ നാരായണൻ, കടവന കുട്ടി എന്നി

വർ. വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്തിരുന്നവരെ ദ്രോഹിച്ചിരുന്ന സവർണ്ണർ ഇത്തിപ്പുഴ പാലത്തിലൂടെ നടന്നു വരുമ്പോൾ ഇരുകരകളിലും പതുങ്ങിയിരുന്ന് പാലത്തിൽ കയറി നേരിട്ട്, വെള്ളത്തിൽ ചാടിക്കുക എന്നത് ഇവരുടെ രസകരമായ ഒരു പ്രവർത്തനമായിരുന്നു.

1932–ലെ നിവർത്തന പ്രക്ഷോഭത്തിന്റെ ഭാഗമായി ഇത്തിപ്പുഴ ഭാഗത്ത് ഇന്നുവരെ കണ്ടിട്ടില്ലാത്ത തരത്തിൽ കൂടിയ പൊതുയോഗത്തിൽ സി. കേശവൻ, ടി.കെ. മാധവൻ, ടി.എം. വർഗ്ഗീസ് എന്നിവരൊക്കെ പങ്കെടുത്തിരുന്നു. എന്നാൽ ഈ പ്രക്ഷോഭണത്തോട് എതിർപ്പു പ്രകടിപ്പിക്കുന്നതിന്റെ ഭാഗമായി ഹിന്ദുമതത്തിൽ നിന്നും സിക്കുമത്തിലേക്ക് മതം മാറിയവരാണ് എട്ടാന്തറ രാഘവൻ, ചിറയിൽ കൃഷ്ണൻ എന്നിവർ. 1937–ലെ ശ്രീമൂലം അസംബ്ലിയിലേക്ക് ചെറുകോത്ത് സി.എം. ചെറിയാനെ തെരെഞ്ഞെടുക്കുകയുണ്ടായി.

1938–ൽ സ്റ്റേറ്റ് കോൺഗ്രസ്സ് നിലവിൽ വന്നതോടെ മറവന്തുരുത്ത് പഞ്ചായത്തിലെ അന്ന് അറിയപ്പെട്ടിരുന്ന സാമൂഹ്യപ്രവർത്തകർ അതിന്റെ കൊടിക്കീഴിൽ പ്രവർത്തനം ആരംഭിച്ചു. എട്ടാംതറ ശങ്കു, തട്ടാന്റെ തറ പത്മനാഭൻ, കാട്ടിപ്പറമ്പിൽ വാസുദേവൻ, കൊട്ടൂരത്തിൽ കുമാരൻ, കൊട്ടൂരത്തിൽ പത്മനാഭൻ, കൊച്ചു തറ ദാമോദരൻ, കുമാരൻ നായർ, പ്ലാവുങ്കൽ പി. കെ. അബ്ദുൽഖാദർ, മണ്ണാത്തറ കുമാരപണിക്കർ, തണ്ടാൻ നാരായണൻ, എടയത്ത് ചാക്കോ, കളത്തിൽ കുട്ടൻ ബംഗ്ലാവിൽ ഇട്ട്യാതി തുടങ്ങിയവർ ഇതിന്റെ മുൻനിരയിൽ പ്രവർത്തിച്ചവരാണ്.

ഏതാണ്ടിതേ കാലഘട്ടത്തിൽതന്നെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവർത്തനം കേരളത്തിൽ ആരംഭിച്ചെങ്കിലും 1945–46 കാലഘട്ടത്തിലാണ് നമ്മുടെ പഞ്ചായത്തിൽ കമ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവർത്തനം വേരുറയ്ക്കാൻ തുടങ്ങിയത്. 1940ൽ ടോൾ ഭാഗത്തുള്ള പുളിമൂട്ടിൽ ഉണ്ടായിരുന്ന കയർ ഫാക്ടറിയിലെ തൊഴിലാളി പ്രശ്നത്തോടെയാണ് കമ്മ്യൂണിസ്റ്റു പാർട്ടിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. അറിയപ്പെടുന്ന കമ്മ്യൂണിസ്റ്റുകാരനും എം.എൽ.എയുമായിരുന്നു സി.കെ. വിളശ്വനാഥനായിരുന്നു ഫാക്ടറിയിലെ പ്രശ്നങ്ങൾ പരിഹരിക്കാനും മറ്റും നേതൃത്വം കൊടുത്തത്. ഫാക്ടറി ഉടമസുലൈമാനും തൊഴിലാളികളും തമ്മിൽ പൊരുത്തപ്പെട്ടു പോകാതെ വരികയും 1948–ൽ ഫാക്ടറി അടച്ചു പൂട്ടുകയും ചെയ്തു. പിന്നീട് ആറ്റുവൈപ്പിൽ ചെല്ലപ്പൻ, അബ്ദുൽ റഹ്മാൻ, റ്റി. കെ. ഭാസ്ക്കരൻ, ചൊള്ളന്തറ ബാഹുലേയൻ, മാളിയേൽ രാഘവൻ, പൂവന്തറ രാഘവൻ, എം. എൻ. കുഞ്ഞുണ്ണി, ഇ.കെ. രാമൻ, കെ.കെ. മണി, പി.എ. പരമേശ്വരൻ, കണ്ണങ്കുളത്ത് ഗോപാലൻ നായർ, ശാർങ്ധരൻ എന്നിവർ കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ മുൻനിര പ്രവർത്തകരായി മാറി. ഇവരൊടൊപ്പം അക്കാലത്തു പ്രവർത്തിച്ചിരുന്ന 'ചിറ്റ' എന്ന പേരിലറിയപ്പെട്ടിരുന്ന പി. പത്മാ

വതിയമ്മ വനിതകളുടെ ഇടയിൽ നിന്നും ഈ പ്രവർത്തനത്തിലേക്കു വന്ന ആദ്യത്തെ വനിത എന്ന രീതിയിൽ പ്രത്യേകം സ്മരിക്കേണ്ടതാണ്. ഈ കാല ഘട്ടങ്ങളിൽ തൊഴിലാളി സമരങ്ങൾ ആരംഭിക്കുകയും അവയ്ക്ക് നേതൃത്വം നല്കാനും പാർട്ടിക്ക് സാധിച്ചു.

1938–ലെ നിയമലംഘന പ്രക്ഷോഭ വുമായി ബന്ധപ്പെടുത്തി കോൺഗ്രസ്സ് നേതാവായിരുന്ന എ.ജെ. ജോണിനെ അറ സ്റ്റുചെയ്തതിൽ പ്രതിഷേധിച്ച് ഹർത്താൽ ആചരിക്കണമെന്ന് കോൺഗ്രസ്സ് തീരുമാ നിച്ചു. ഇടയത്ത് ചാക്കോച്ചന്റെ സ്ക്കൂ ളിലെ കുട്ടികളും മുതിർന്ന പ്രവർത്തക രും ചേർന്ന് തലയോലപ്പറമ്പിലേക്ക് ജാഥ നടത്തുകയുണ്ടായി. ഇടയത്ത് ചാക്കോ കേളമംഗലത്ത് കുര്യൻ എന്നിവരായിരുന്നു ഈ ജാഥയ്ക്ക് നേതൃത്വം നല്കിയത്. അതിനെ തുടർന്ന് 64ഓളം കേസുകളുമു ണ്ടായി. ഒടുവിൽ കേസുകൾ മദ്ധ്യസ്ഥത വച്ചു പറഞ്ഞു തീർത്തു. ഈ വിധത്തി ലുള്ള പ്രവർത്തനങ്ങൾ പിന്നീടു നടന്ന പ്രക്ഷോഭണങ്ങൾക്ക് വഴിയൊരുക്കി. പിന്നീടു നടന്ന കർഷക സമരങ്ങൾ, മിച്ച ഭൂമി സമരങ്ങൾ എന്നിവയ്ക്ക് പ്രചോദന മേകിയതും ഈ ദൃശപ്രവർത്തനങ്ങൾ കാരണമേകി. ഇക്കൂട്ടത്തിൽ പ്രത്യേകം സ്മരിക്കേണ്ട ഒരു പ്രക്ഷോഭണമായിരുന്നു ചെമ്മനാകരിയിലെ മാധവപ്രഭുവിനെതിരെ നടന്നത്. വലിയപറമ്പിൽ മാധവപ്രഭു തന്റെ ഉടമസ്ഥതയിലുള്ള, അന്നാട്ടിലെ കൂടുതൽ ജനങ്ങൾക്കും ഉപകാരപ്രദമാ യിരുന്ന കുളം മണ്ണിട്ടു മൂടി. ഇതിനെതി രെ ജനങ്ങളുടെ രോഷം ഉയരുകയും ആറ്റുവൈപ്പിൽ ചെല്ലപ്പൻ, അബ്ദുൽ റ ഹ്മാൻ, എന്നിവരുടെ നേതൃത്വത്തിൽ നട ത്തിയ പ്രക്ഷോഭണത്തിന്റെ ഫലമായി മണ്ണിട്ടു മൂടിയ കുളം വീണ്ടും കുഴിച്ച് ജനങ്ങൾക്ക് ഉപകാരപ്രദമാക്കുകയും ചെയ്തു.

ജാതീയതയ്ക്കും ദുരാചാരങ്ങൾക്കു മെതിരെ പോരാടിയ ഗുരുദേവൻ, അവ കാശങ്ങൾക്കു വേണ്ടി പൊരുതിയ സി. കേശവൻ, ടി. കെ. മാധവൻ, പുന്നപ്ര വയലാർ സമരസേനാനി സി. കെ. കുമാ രപണിക്കർ എന്നിവരുടെ പാദസ്പർശനമേറ്റി ട്ടുള്ള നമ്മുടെ പഞ്ചായത്തിൽ ജാതിക്കും അനാചാരങ്ങൾക്കുമെതിരെയുള്ള പ്രക്ഷോ ഭണങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. അതിനു തക്ക പ്രവർത്തകരെ സൃഷ്ടിക്കാ നും നമ്മുടെ പഞ്ചായത്തിന് സാധിച്ചി ട്ടുമുണ്ട്. കെട്ടുകല്ല്യാണം, തെരണ്ടുകല്ല്യാ ണം, മുലക്കരം എന്നീ അനാചാരങ്ങൾ ഇവിടെ നിലനിന്നിരുന്നുവെന്നും അതിനെ തിരെ പ്രതികരിച്ചിരിന്നു എന്നുമാണ് നാട്ടു കാരിൽ നിന്നും അറിയാൻ സാധിച്ചിട്ടുള്ള ത്. ദേശീയ നേതാക്കളുടെ പ്രവർത്തന ങ്ങൾ നടന്നിരുന്നതിന്റെ ഫലമായി അനാ ചാരങ്ങൾക്കെതിരെ പ്രതികരിക്കുവാനുള്ള ശേഷി ജനങ്ങൾ സ്വായത്തമാക്കിയെടു ത്തു. വാക്കയിൽ ശ്രീധർമ്മശാസ്താ ക്ഷേത്ര ത്തിനകത്ത്, ക്ഷേത്രപ്രവേശനം നിലനി ന്നിരുന്ന കാലത്ത് ഇ. രാഘവൻ, ടി.കെ. ഭാസ്കരൻ എന്നിവർ കയറുകയും അതിന്റെ കുടുംബക്കാരുടെ എതിർപ്പ് സ മ്പാദിക്കുകയും അതു വഴി കേസിന്

ആസ്പദമായ സംഭവങ്ങളിൽ കൊണ്ടു ചെന്നെത്തിക്കുകയും ചെയ്തു. ഇക്കാലത്ത് പുതുക്കുളങ്ങരയിൽ, ചാണിയിലെ ശങ്കര പിള്ളയെന്നയാളുടെ പ്രവർത്തനം ഓർക്കേണ്ടതാണ്. വഴിയിലൂടെ യാത്ര ചെയ്യുന്നവർക്കു വേണ്ടി അദ്ദേഹം മോരും വെള്ളവും വഴിയിലെ കല്പാത്രത്തിൽ ശേഖരിച്ചു വയ്ക്കുകയും യാത്രക്കാർ ദാഹശമനം നടത്തിപ്പോരുകയും ചെയ്തിരുന്നു. വെള്ളം കൊടുക്കുന്ന കാര്യത്തിൽ ചാതുർവർണ്ണ്യം കാണിച്ചിരുന്നുവെങ്കിലും യാത്രക്കാർക്ക് ഇതൊരനുഗ്രഹമായിരുന്നു.

അന്നത്തെ ജന്മികുടിയാൻ ബന്ധത്തെക്കുറിച്ച് നല്ലരീതിയിൽ തന്നെയാണ് ഇന്നും ആൾക്കാർ സ്മരിക്കുന്നത്. നമ്മുടെ പഞ്ചായത്തിൽ വിദ്യാഭ്യാസത്തിനു കൂടുതൽ താല്പര്യം കൊടുത്തിരുന്നു എന്നതിന്റെ തെളിവാണ് ഈ നൂറ്റാണ്ടിന്റെ ആരംഭകാലത്തിൽ ഇവിടെയുണ്ടായിരുന്ന ഗവഃ ഹൈസ്ക്കൂൾ കുലശേഖരമംഗലം, ഗവഃ എൽ.പി.എസ്. വാഴേകാട് എന്നിവ. 1910–ലാണ് മറവന്തുരുത്ത് സ്ക്കൂൾ നിലവിൽ വന്നത്. കുലശേഖരമംഗലം NIMUP സ്ക്കൂൾ 1926–ലും ഇടവട്ടം എൽ.പി.എസ് 1923–ലും നിലവിൽ വന്നു. 1938–ൽ ഇടയത്ത് ഒരു പ്രൈമറി സ്ക്കൂൾ ഉണ്ടായിരുന്നുവെങ്കിലും ഇടയ്ക്ക് അത് നിറുത്തുകയും 1954–ൽ SNLPS മറവത്തുരുത്ത് എന്ന വിദ്യാലയം തുടങ്ങുകയും ചെയ്തു. ആദ്യകാലത്ത് മിഡിൽ സ്ക്കൂളായിരുന്ന കുലശേഖരമംഗലം സ്ക്കൂൾ ജനങ്ങളുടെ സഹായ സഹകരണത്തോടെ 1957–ൽ ഹൈസ്ക്കൂളായി മാറി. ഇതേ കാലത്തു തന്നെ പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ ആശാൻ കളരികൾ വളരെ നല്ല രീതിയിൽ നടന്നു വന്നിരുന്നു. കൂടാതെ വായനശാലകളും അതിന്റെ നേതൃത്തത്തിൽ വയോജന വിദ്യാഭ്യാസവും നടന്നു വന്നിരുന്നു.

വൈക്കത്ത് 1924–ൽ ഗാന്ധിജി വന്നപ്പോൾ അദ്ദേഹത്തിന്റെ കാർ തള്ളിക്കൊണ്ടുപോയ സ്മരണയുള്ള എൺപത്തഞ്ചു വയസ്സുള്ള പ്ലാവുങ്കൽ പി. കെ. അബ്ദുൽഖാദർ ഇന്നും നമ്മോടൊപ്പം ജീവിച്ചിരിപ്പുണ്ട്. അന്നത്തെ അനുഭവങ്ങൾ അയവിറക്കി അഭിമാനം കൊള്ളുന്ന തലമുറ ഇന്നും മറവൻതുരുത്തിലുണ്ട്.

മരവന്തുരുത്ത് പഞ്ചായത്തിലെ ചെമ്മനാകരി, ജന്മനാകരി ആയിരുന്നുവെന്നും കൊടുപ്പാടം, പണ്ട് കുശവന്മാർ ഉണ്ടാക്കിയിരുന്ന കള്ളുകുടങ്ങൾ, തെങ്ങിൽ നിന്നു വീണാലും ഉടയാത്ത തരത്തിലുള്ള കുടം–ഉടയാപ്പാടം ആയിരുന്നുവെന്നും ടോളിൽ ടോൾ പിരിച്ചിരുന്നുവെന്നും കടുക്കര, കാട് നിറഞ്ഞകരയായിരുന്നുവെന്നും ചുങ്കം, ചുങ്കം പിരിച്ചിരുന്ന കരയായിരുന്നുവെന്നും, മാറ്റപ്പറമ്പ് സാധനസാമഗ്രികളുടെ കൈമാറ്റം നടന്ന സ്ഥലമായിരുന്നുവെന്നും, ഗോകുലത്തിൽ പെട്ട ആൾക്കാർ കൂട്ടമായി ഐശ്വര്യത്തോടെ വസിച്ചിരുന്ന കുലം–ശേഖരം–മംഗലം അങ്ങിനെ കുലശേഖരമംഗലം ആയി എന്നും പഴമക്കാർ പറയുന്നു.

1953–ൽ മറവന്തുരുത്ത് പഞ്ചായത്ത് സ്ഥാപിതമാകുന്നതിനു മുമ്പ്, മറവന്തുരുത്ത് ഗ്രാമോദ്ധാരണ സമിതിയായിരുന്നു

പ്രവർത്തനം നടത്തിയിരുന്നത്. കുലശേ ഖരമംഗലം മറവന്തുരുത്ത് എന്നീ വില്ലേ ജുകൾ സംയോജിപ്പിച്ചത് 1953 ജൂലൈ മാസത്തിലാണ്.

സമിതിയുടെ പ്രസിഡന്റ് എൻ. രാവു ണ്ണിപിള്ളയായിരുന്നു. സി. എസ്. ഗോവി ന്ദപ്പിള്ള, ഇറ്റാൻ ശേഖരൻ, എം. മാധ വപണിക്കർ, കെ. നാരായണൻ വൈദ്യർ, കെ. സുലൈമാൻ, എം.കെ. ദേവകിയമ്മ, എന്നിവരായിരുന്നു മറ്റംഗങ്ങൾ. ഈ ഭര ണസമിതിക്കാലത്താണ് വില്ലേജ് ഹാൾ (ഇപ്പോഴത്തെ പഞ്ചായത്ത് ഓഫീസ്) ഉത്ഘാടനം ചെയ്യുന്നത്. 1950 മേയ് 23നു അന്നത്തെ തിരു കൊച്ചി പ്രധാനമന്ത്രി ശ്രീ. ടി. കെ. നാരായണപിള്ള ഉദ്ഘാടനം ചെയ്ത യോഗത്തിൽ ഗ്രാമോദ്ധാരണ മന്ത്രി ശ്രീ. എൻ. കുഞ്ഞുരാമൻ അദ്ധ്യക്ഷ നായിരുന്നു. എം.എൽ.എ. ആയിരുന്ന ശ്രീ. പി. ഗോപാലൻ സ്വാഗതം പറഞ്ഞ ആയോഗത്തിൽ ധനകാര്യമന്ത്രി ശ്രീ. എ.ജെ. ജോൺ സന്നിഹിതനായിരുന്നു.

തുടർന്ന് 1953 ആഗസ്റ്റ് 15നു നടന്ന ആദ്യത്തെ പഞ്ചായത്തു തെരെഞ്ഞെടു പ്പിലൂടെ സി. ഐ. സുലൈമാൻ, കെ. രാമകൃഷ്ണപിള്ള, ടി. രാഘവൻ, പി.എസ്. കുമാരൻ, കെ. പരമേശ്വരപിള്ള, കെ. ചെല്ല പ്പൻ, ടി. കെ. കൃഷ്ണൻ എന്നിവർ തെരെ ഞ്ഞെടുക്കപ്പെട്ടു. സി. ഐ. സുലൈ മാൻ, കെ. രാമകൃഷ്ണപിള്ള, പി. എസ്. കുമാരൻ, തുടങ്ങിയവർ വിവിധ കാലയ ളവുകളിൽ പ്രസിഡന്റായി. ടി. രാഘവ നായിരുന്നു വൈസ് പ്രസിഡന്റ്. അന്ന് 8 വാർഡുകളാണുണ്ടായിരുന്നത്. പിന്നീട് 1963 ഒക്ടോബർ മാസത്തിൽ നടന്ന തെരെ ഞ്ഞെടുപ്പിലൂടെ കെ. പി. നീലകണ്ഠപി ള്ള, കെ. വി. കുര്യാക്കോസ്, കെ. പരമേ ശ്വരൻ പിള്ള. പി.എസ്. ഗോപാലൻ, പി.എസ്. ഗോപാലൻ, പി. കെ. പത്മനാ ഭൻ, കെ. ചെല്ലപ്പൻ, പി. എസ്. കുമാരൻ, ടി. എസ്. ഗോപാലൻ, എന്നിവർ അധി കാരത്തിലേറി. ഇതിൽ കെ. വി. കുര്യാ ക്കോസ് പ്രസിഡന്റും പി. എസ്. ഗോപാ ലൻ വൈസ് പ്രസിഡന്റുമായിരുന്നു. പി. കെ. പത്മനാഭൻ ജോലി രാജിവച്ചതിനെ തുടർന്ന് തൽസ്ഥാനം 26.9.1964 ൽ രാജി വയ്ക്കുകയും എസ്. വാസുവിനെ പിന്നീ ട് തെരെഞ്ഞെടുക്കുകയും ചെയ്തു. 13.2.1969–ൽ വനിതാ മെമ്പറായി പി. പത്മാവതിയമ്മ നോമിനേറ്റു ചെയ്യപ്പെട്ടു.

1979 മുതൽ 84 വരെയുള്ള ഭരണ സമിതിയിൽ എം. എൻ. ചക്രപാണി, എം. പി. അശോകൻ, ഏലിയാമ്മാ കുര്യാക്കോ സ്, എൻ. രവീന്ദ്രനാഥ്, പി. എസ്. ഗോപാ ലൻ, കെ. ചെല്ലപ്പൻ, നീലകണ്ഠൻ, കെ.എ. വാസു, കെ. ശശി എന്നിവരായിരുന്നു ഉണ്ടായിരുന്നത്. എം. പി. അശോകൻ പ്രസിഡന്റും, കെ. ചെല്ലപ്പൻ വൈസ് പ്രസിഡന്റുമായിരുന്നു.

1988–ൽ നടന്ന പഞ്ചായത്ത് തെരെ ഞ്ഞെടുപ്പിൽ പി.റ്റി. വിജയൻ, ടി.വി. കമ ലാസനൻ, ജമുനാഭായി, ജയകുമാർ, കെ. എ. മാധവൻ, കെ. പി. ബാഹുലേയൻ, റ്റി. കെ. അശോകൻ, പ്രഭാഗോപിനാഥ്, കെ. എ. വാസു, വി. കൃഷ്ണനാചാരി എന്നി വർ വിജയിച്ചു. ഈ ഭരണ സമിതിയിൽ

കെ. വാസു പ്രസിഡന്റും പി.റ്റി. വിജയൻ വൈസ് പ്രസിഡന്റും ആയിരുന്നു.

ഇപ്പോൾ നിലവിലുള്ള ഭരണസമിതി 1995 ഒക്ടോ. 2 നാണ് അധികാരമേറ്റെടുത്തത്. എം. പി. അശോകൻ പ്രസിഡന്റായും, ടി. കെ. കുമാരൻ വൈസ് പ്രസിഡന്റായും, അമ്പിളി പ്രസന്നകുമാർ സ്റ്റാന്റിംഗ് കമ്മറ്റി ചെയർ പേഴ്സണായും സേവനമനുഷ്ഠിച്ചു വരുന്നു.

ഇപ്പോൾ പഞ്ചായത്ത് കെട്ടിടം ഇരിക്കുന്നസ്ഥലം പഞ്ചായത്തിനു നല്കിയത് തച്ചേഴത്ത് പരമേശ്വര പണിക്കരാണ്. ഭൂപരിഷ്കരണം–വിദ്യാഭ്യാസ ആരോഗ്യമേഖലകളിൽ ഇന്നുകാണുന്ന ഈ മാറ്റങ്ങളിൽ, ഇന്നാട്ടിലുണ്ടായിവന്നിട്ടുള്ള രാഷ്ട്രീയ സാംസ്ക്കാരിക പോരാട്ടത്തിന്റെയും പൊതുജന സമരങ്ങളുടെയും പഞ്ചായത്തിന്റെ ഇതുവരെ നടന്ന വികസന പ്രവർത്തനങ്ങളിൽ നാട്ടിലുള്ള സന്നദ്ധപ്രവർത്തകരുടെയും പങ്ക് നിസ്തുലമാണ്. അതിന്റെ ഫലമായി സാക്ഷരതയും ജീവിത നിലവാരവും ഉയർന്നു. മറവന്തുരുത്തിന്റെ മുഖഛായ മാറ്റുന്നതിൽ പ്രസ്ഥാനങ്ങൾ വഹിച്ച പങ്ക് സ്മരണീയമാണ്.

ഇനിയും പ്രശ്നങ്ങളേറെയുണ്ട്. അവയെല്ലാം വിലയിരുത്തുകയും പരിഹരിക്കാൻ ആസൂത്രിതമായി ഇടപെടുകയും ചെയ്തുകൊണ്ട് നമുക്ക് മുന്നേറാം.

ഉത്പാദന ഉപാധികളുടേയും ബന്ധങ്ങളുടേയും ഒന്നിനു പുറകെ ഒന്നായി വരുന്ന വികാസ ക്രമങ്ങളെ കാലഗണനാക്രമത്തിൽ വസ്തുനിഷ്ഠമായി അടുക്കി വയ്ക്കുക എന്നതാണ് ചരിത്രം.

ഡി.ഡി. കൊസാംബി.

IV ഭൂപ്രകൃതി, ജനപ്രകൃതി

കോട്ടയം ജില്ലയിൽ, വൈക്കം താലൂക്കിന്റെ പടിഞ്ഞാറെ അതിർത്തിയിൽ വേമ്പനാട്ടുകായലിനോടു ചേർന്നു കിടക്കുന്ന പ്രദേശമാണ് മറവൻതുരുത്ത് ഗ്രാമപഞ്ചായത്ത്. ഈ പഞ്ചായത്തിന്റെ വടക്കും ഭാഗത്ത് ചെമ്പ്, വെള്ളൂർ ഗ്രാമപഞ്ചായത്തുകളും, കിഴക്ക് തലയോലപ്പറമ്പു ഗ്രാമപഞ്ചായത്തും തെക്ക് ഉദയനാപുരം ഗ്രാമപഞ്ചായത്തും സ്ഥിതി ചെയ്യുന്നു. മുവ്വാറ്റുപുഴയാറ് ഈ പഞ്ചായത്തിന്റെ വടക്കു കിഴക്കു ഭാഗത്ത് വച്ചു രണ്ടായി പിരിയുന്നു. ഇതിന്റെ ഒരു ശാഖ മറവൻതുരുത്തു പഞ്ചായത്തിന്റെ കിഴക്കും തെക്കും ഭാഗങ്ങളിൽ കൂടി സഞ്ചരിച്ച് വേമ്പനാട്ടുകായലിൽ പതിക്കുന്നു. ഇതിനെ ഇത്തിപ്പുഴയാറ് എന്നു വിളിക്കുന്നു. മറ്റേശാഖ വടക്കു ഭാഗത്തു കൂടി ഒഴുകി മുറിഞ്ഞ പുഴയുമായി ചേരുന്നു. ഇതിന്റെ മറുകരയിലുള്ള തുരുത്തമ്മയുടെ ഒരു ഭാഗവും ചെറിയ മറ്റൊരു തുരുത്തായ മുരിക്കനാം വയലും X–ാം വാർഡിന്റെ ഭാഗമാണ്. IX–ാം വാർഡിന്റെ ഏതാനും ഭാഗം മാത്രമാണ് മറ്റുകരകളുമായി ഈ പഞ്ചായത്തിനെ ബന്ധിപ്പിക്കുന്നത്. പടിഞ്ഞാറേ അതിര് ഉടനീളം വേമ്പനാടു കായലാണ്. കായലിൽ സ്ഥിതി ചെയ്യുന്ന നാലു ചെറിയ തുരുത്തുകൾ മറവൻതുരുത്തു ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ പെടുന്നു.

ഈ പഞ്ചായത്തിലെ മറവൻതുരുത്ത്, കടുക്കര എന്നിവ ഓരോ തുരുത്തുകളാണ്. മണരുന്നം, എടവട്ടം ഇവ ചേർന്ന ഭാഗം മറവൻ തുരുത്താണ്. കുലശേഖരമംഗലം, കൂട്ടുമ്മേൽ, ചെമ്മനാകരി, കുലശേഖരമംഗലം നോർത്ത് എന്നീ പ്രദേശങ്ങൾ ചേർന്ന് മറ്റൊരു തുരുത്തായും സ്ഥിതി ചെയ്യുന്നു. മറവൻ തുരുത്തു ഗ്രാമപഞ്ചായത്തു തുരുത്തുകളുടെ ഒരു സമൂഹമാണെന്നു ചുരുക്കിപറയാം. 15.69 ച.കിലോ. മീറ്ററാണ് പഞ്ചായത്തിന്റെ വിസ്തീർണ്ണം.

കാലാവസ്ഥ

കാലാവസ്ഥയെ പ്രധാനമായും മൂന്നായി തിരിക്കാം.

മഴക്കാലം: ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിൽ കാലവർഷവും ഒകഓബർ, നവംബർ മാസങ്ങളിൽ തുലാവർഷവും ലഭിക്കുന്നു.

ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിലായി മഞ്ഞുകാലവും മാർച്ചു ഏപ്രിൽ മേയ് മാസങ്ങളിലായി വേനൽക്കാലവും അനുഭവപ്പെടുന്നു. പത്തു ദിവസത്തോളം വേനൽ മഴയും ലഭിക്കുന്നുണ്ട്.

പട്ടിക IV – 1

	വേനൽ			കാലവർഷം				തുലാവർഷം		മഞ്ഞുകാലം				
	മാർച്ച്	ഏപ്രിൽ	മേയ്	ജൂൺ	ജൂലൈ	ആഗസ്റ്റ്	സെപ്തംബർ	ഒക്ടോബർ	നവംബർ	ഡിസംബർ	ജനുവരി	ഫെബ്രുവരി	കേരളത്തിലെ ആകെ മഴ	
മഴ മി. മീ	52	125	310	697	640	400	285	331	188	55	24	24	3308	2819
താപനില	34	33.4	32.8	22.5	29.1	30.1	321	31.5	32.1	32.7	32.2	33		
	24.1	24	23.5	21.1	20.8	22	23.7	23.5	24	23.7	22.1	22.9		

അവലംബം : LAND RESOURCES OF KERALA 1995

വർഷകാലങ്ങൾ മറവന്തുരുത്ത് പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ദുരിത പൂർണ്ണമാണ്. ഒന്നു മുതൽ ആറു വരെ വാർഡുകളുടെ ഭൂരിഭാഗം പ്രദേശങ്ങളും വെള്ളപ്പൊക്കം മൂലം ജലത്തിനടിയിൽ ആയിത്തീരുന്നു. ഇത് ആണ്ടിൽ രണ്ടു തവണ വൻ നാശനഷ്ടം ഉണ്ടാക്കുകയും ജനജീവിതം ദുഃസ്സഹമാക്കുകയും ചെയ്യുന്നു.

ജലലഭ്യത

മറവന്തുരുത്തു പഞ്ചായത്തിനെ ചുറ്റി ഒഴുകുന്ന മുവ്വാറ്റുപുഴയാറ് (ഏകദേശം 15 കി.മി.) 13 പ്രധാന തോടുകളും അവയുടെ കൈവഴികളും നൂറ്റിയമ്പത് കുളങ്ങളും ചേർന്നതാണ് ഉപരിതല ജലസ്രോതസുകൾ. ബഹുഭൂരിപക്ഷം കുടുംബങ്ങളും കുടിവെള്ളത്തിന് കിണറുകളെ ആശ്രയിക്കുന്നു. കായലോരപ്രദേശങ്ങളിൽ ഓരു ജലമായതിനാൽ അവിടെ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു.

പട്ടിക IV-2 പൊതു കുളങ്ങൾ

1.	ആലുഞ്ചുവടുകുളം
2.	തെക്കേത്തറക്കുളം
3.	വാളോർ മംഗലം പാറയിൽ കുളം
4.	മുട്ടത്തുകുളം
5.	പച്ചക്കുളം
6.	മുണ്ടാർ കുളം
7.	അഞ്ചുപറക്കുളം

ജലം സുലഭമാണെങ്കിലും അതിനെ ദോഷകരമായി ബാധിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ ഏറെയാണ്. H.P.C. ൽ നിന്നുള്ള മലിന ജലം, പുഴയിറമ്പിലുള്ളകക്കൂസുകൾ, ചകിരിച്ചോറ്, തൊണ്ടഴുക്കൽ, മുതലായവ പുഴയും, സമീപ ജലസ്രോതസ്സുകളും മലിനീകരിക്കുന്നു.

മണ്ണ്

മറവന്തുരുത്തു പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശങ്ങളായ മറവന്തുരുത്ത് കടുക്കര ഭാഗങ്ങളിൽ മാത്രമാണ് ചെങ്കൽ മണ്ണുള്ളത്. ആറാം വാർഡിലെ കണ്ണങ്കേരിൽ കുന്നിന്റെ ഭാഗത്ത് മണൽ മണ്ണു കാണപ്പെടുന്നു. പത്താംവാർഡിലെ തുരുത്തമ്മ, മൂരിക്കനാവയൽ പ്രദേശങ്ങളിൽ എക്കൽ മണ്ണും മറ്റു പ്രദേശങ്ങളിൽ ചെളി കലർന്ന മണ്ണും കാണപ്പെടുന്നു. കൂടാതെ വെള്ളക്കെട്ടുള്ള ചെളിപ്പാടങ്ങളും കാണപ്പെടുന്നു.

ഭൂവിനിയോഗം

ചെങ്കൽ മൺ പ്രദേശങ്ങളിൽ മിക്ക കാർഷിക വിളകളും ഉണ്ട്. മണൽ പ്രദേശത്ത് തെങ്ങുമാത്രമാണ് പ്രധാനവിള. ചെളി കലർന്ന മണൽ പ്രദേശങ്ങളിൽ നെല്ലും മറ്റു വിളകളും കാണപ്പെടുന്നു. ചെളി പ്രദേശങ്ങളിൽ നെൽകൃഷിമാത്രമാണ് ഉള്ളത്. 1354 ഹെക്ടർ ഭൂവിസ്തൃതിയിൽ 659 ഹെക്ടർ കരഭൂമിയും 695 ഹെക്ടർ നിലങ്ങളും ഉൾപ്പെടുന്നു.

പഠനപര്യടനം

പട്ടിക IV-2

സ്ഥലം	ഇടവട്ടം	ഇടവട്ടം	കടുക്കര	കടുക്കര	മുഴിക്കൽ	കണ്ടങ്കേരിക്കുന്ന്	കുലശേഖരമംഗലം	ഇത്തിപ്പുഴ	കള്ളുകടവ്
ഭൂപ്രകൃതി	സമതലം	ചെറിയ ചരിവ്	കുന്ന്	ചെറിയ ചരിവ്	സമതലം	കുന്ന്	ചെറിയ ചെരിവ്	സമതലം	സമതലം
മണ്ണ്	ചെളി കലർന്ന മണ്ണ്	ചെങ്കൽ മണ്ണ്	ചെങ്കൽ മണ്ണ്	ചെങ്കൽ മണ്ണ്	ചെളി കലർന്ന മണ്ണ്	മണൽ മണ്ണ്	ചെളി കലർന്ന മണ്ണ്	ചെളി കലർന്ന മണ്ണ്	ചെളി കലർന്ന മണ്ണ്
സസ്യം	നെല്ല് വാഴ പച്ചക്കറി	തെങ്ങ് പച്ചക്കറി കപ്പ	റബർ കപ്പ, ഫല വൃക്ഷങ്ങൾ	റബർ കപ്പ വാഴ	നെല്ല് തെങ്ങ്	തെങ്ങ് ഫലവൃക്ഷങ്ങൾ	തെങ്ങ് വാഴ പച്ചക്കറി	തെങ്ങ് പച്ചക്കറി നെല്ല്	തെങ്ങ്
കുടിവെള്ള ലഭ്യത	ധാരാളം	ധാരാളം	ധാരാളം	ധാരാളം	ധാരാളം	ധാരാളം	ധാരാളം	മിതം	ദരിദ്രം
പരിസ്ഥിതി	വെള്ള ക്കെട്ട്		കല്ലുവെട്ട് മണ്ണെടുത്ത് നീക്കൽ		വെള്ള ക്കെട്ട്		വെള്ള ക്കെട്ട്		കക്കാ ഖനനം

ജനപ്രകൃതി

1991–ലെ കാനേഷുമാരി കണക്കു പ്രകാരം മറവന്തുരുത്ത് ഗ്രാമ പഞ്ചായത്തിൽ 4134 കുടുംബങ്ങളാണുള്ളത്. അതിൽ 3737 ഹിന്ദു കുടുംബങ്ങളും, 260 ക്രിസ്ത്യൻ കുടുംബങ്ങളും 137 മുസ്ലീം കുടുംബങ്ങളും ഉൾപ്പെടുന്നു. ഈ പഞ്ചായത്തിലെ ജനങ്ങളിൽ 83 ശതമാനവും സാക്ഷരരാണ്. [1991 സെൻസസ്]

മുഖ്യതൊഴിൽക്കാരുടെയും ഭാഗികമായി തൊഴിലുള്ളവരുടെയും കൂടി എണ്ണം 7855 ആണെന്നു കണക്കാക്കപ്പെടുന്നു. 12677 പേരാണ് തൊഴിൽ രഹിതർ. തൊഴിൽരഹിതരായ സ്ത്രീകളുടെ എണ്ണം പുരുഷന്മാരുടെതിനേക്കാൾ കൂടുതലാണ്.

തൊഴിൽ സംബന്ധിച്ചവരുടെ വിവരം 95–96

പട്ടിക IV–3

തൊഴിൽ	ആൺ	പെൺ	ആകെ	തൊഴിൽ പങ്കാളിത്ത നിരക്ക് 1000ന്		
				ആൺ	പെൺ	ആകെ
മുഖ്യതൊഴിൽക്കാർ	4915	2012	6927	239	98	337
ഭാഗിക തൊഴിൽക്കാർ	399	529	928	19	26	45
തൊഴിൽ രഹിതർ	4769	7908	12677	232	385	617

(അവലംബം : ബ്ലോക്ക് ഡാറ്റാബാങ്ക്)


വൈക്കം ബ്ലോക്കിലെ 95–96–ലേ സ്ഥിതിവിവരക്കണക്കനുസരിച്ച് മറവന്തുരുത്ത് ഗ്രാമപഞ്ചായത്തിൽ 2542 കുടുംബങ്ങൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയാണ്. ആകെ കുടുംബങ്ങളുടെ 61 ശതമാനമാണിത്. 8 പഞ്ചവത്സരപദ്ധതികൾക്ക് ശേഷവും ജനങ്ങളുടെ സാമ്പത്തിക സ്ഥിതി എന്ത് എന്നതിലേക്ക് ഇതു വിരൽ ചൂണ്ടുന്നു.

"ഗതകാല തലമുറകൾ നമുക്കു നല്കിയ
തറവാട്ടു ധനമല്ലീഭൂമി
വരുമൊരു കാലത്തിൽ നിന്നും നാം–
കടംകൊണ്ടു, തിരികെയേല്പിക്കേണ്ടൊരീ ഭൂമി"



സാമൂഹിക മേഖലകൾ

1 കൃഷിയും ജലസേചനവും



മിറവന്തുരുത്ത് പഞ്ചായത്ത് ഒരു കാർഷിക ഗ്രാമമാണ്. എല്ലാ വിധ കൃഷികൾക്കും അനുയോജ്യമായ ഭൂപ്രകൃതിയും കാലാവസ്ഥയുമാണ് ഇവിടെയുള്ളത്. പഞ്ചായത്തിലെ മുഖ്യകൃഷികൾ നെല്ല്, തെങ്ങ് മുതലായവയായിരുന്നു. ഇടവിളകളായി മരച്ചീനി, പച്ചക്കറികൾ, പയറു വർഗ്ഗങ്ങൾ മുതലായവ കൃഷിചെയ്തിരുന്നു. കാർഷിക മേഖലയുമായി ബന്ധപ്പെട്ട തൊഴിലുകളായിരുന്നു അക്കാലത്ത് ജനങ്ങളുടെ ജീവിതോപാധി.

പഞ്ചായത്തിൽ 684.8 ഹെ. നിലവും 984.8 ഹെ. പുരയിടവുമുണ്ട്. ഭൂമിയെ സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു

പട്ടിക 1-1 ഭൂമി സംബന്ധിച്ച വിവരങ്ങൾ

ഇനം	വിസ്തീ:
നിലം	690.8 ഹെ:
പുരയിടം	984.8 ഹെ
പുറമ്പോക്ക്	283.6 ഹെ:
ആകെ.	1949.2 ഹെ:

അവലംബം : അടിസ്ഥാന വിവരരജിസ്റ്റർ, കൃഷിഭവൻ

ഭൂ ഉടമസ്ഥരിൽ ഭൂരിഭാഗം പേരും ഒരേക്കറിൽ താഴെ ഭൂമി ഉള്ളവരാണ്. ഇതു സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

പട്ടിക V-1

നമ്പർ	ഭൂമി	കുടുംബങ്ങളുടെ എണ്ണം
1	ഒരേക്കറിൽ താഴെ 5 സെന്റുള്ളവർ	3472
2	ഒരേക്കറിനും രണ്ടേക്കറിനും ഇടയിൽ	61
3	രണ്ടേക്കറിനു മുകളിൽ	51

അവലംബം : അടിസ്ഥാന വിവരരജിസ്റ്റർ, കൃഷിഭവൻ

ഈ നൂറ്റാണ്ടിന്റെ ആദ്യകാലത്തു വേണ്ടത്ര ശ്രദ്ധയും പരിചരണവും നൽകിയിരുന്നത് നെൽകൃഷിക്കായിരുന്നു. അന്നും ഇന്നും നെൽകൃഷി പ്രകൃതിയെ ആശ്രയിച്ചായിരുന്നു നടത്തി വരുന്നത്. പഞ്ചായത്തിലെ കൃഷി ഭൂമിയുടെ ഉടമകൾ അന്ന് കൂടുതലും വൻകിട ജന്മിമാരായിരുന്നു. ആകെ ഭൂമിയുടെ 34% ഉം നെൽകൃഷി ചെയ്തിരുന്ന വയലുകളായിരുന്നു.

പല സവിശേഷതകളോടു കൂടിയ നെൽവിത്തുകളായ ആര്യൻ, ചേന്നാളി, ഓർമുണ്ടകൻ, മുണ്ടകകണ്ണൻ, വാണ്ടി, അതിക്രാഴി, തവളക്കണ്ണൻ, കുറുക, ചെട്ടിവിരിപ്പ്, പൊക്കാളി, ഞവര തുടങ്ങിയവയാണ് കൃഷിക്കുപയോഗിച്ചിരുന്നത്.

1972 കാലത്ത് രാസവളത്തിന്റെ ആവിർഭാവത്തോടെ ചാരവും ചാണകവും ജൈവവളങ്ങളും ക്രമേണ മറയുവാൻ തുടങ്ങി. ഇതോടൊപ്പം അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങളും യന്ത്രവൽകൃത കൃഷിരീതികളും രംഗത്തെത്തി. ഇവ കാർഷിക രംഗത്ത് വൻ കുതിച്ചു ചാട്ടങ്ങൾക്ക് വഴിയൊരുക്കി. പാടശേഖരങ്ങളിൽ ഇടവിളയായി മരച്ചീനി, പയറു വർഗ്ഗങ്ങൾ, എള്ള്, പച്ചക്കറികൾ, മധുരക്കിഴങ്ങ്, എന്നിവയും പുരയിടങ്ങളിൽ ചേന, ചേമ്പ് കാച്ചിൽ മുതലായവയും കൃഷി ചെയ്തിരുന്നു.

പഞ്ചായത്തിന്റെ കിഴക്കൻ മേഖലകളിൽ നെൽകൃഷിക്കു വേണ്ടി ചാലിൽ നിന്നും ചെറിയ തോടുകൾ ഉണ്ടാക്കി ഉൾപ്രദേശങ്ങളിലേക്ക് ജലം കൊണ്ടു പോയിരുന്നു. അങ്ങിനെ കൊണ്ടു പോകുന്ന ജലം വിവിധ ദിശകളിലേക്കു തിരിച്ചു വിടുന്നതിലേക്ക് ചെറിയ തടയണകൾ ആവശ്യമായി വന്നു. ഓലയും മടലും ബലമുള്ള ഇടത്തരം കമ്പുകളുമുപയോഗിച്ച് ഉണ്ടാക്കുന്ന താത്കാലിക തടയണകൾ വിളവെടുപ്പു കഴിയുമ്പോൾ തന്നെ തുറന്നു വിടും. പ്രകൃത്യാ ഉള്ള വേലിയേറ്റവും വേലിയിറക്കവുമല്ലാതെ ചക്രം,

തേക്കുകൂട്ട, ത്ലാവ്, തുടങ്ങിയവയും ജല സേചനത്തിനായി ഉപയോഗിച്ചു വന്നു. ഹെക്ടറിന് 1650 മുതൽ 1950 കി. നെല്ലു വരെ അന്ന് കിട്ടിയിരുന്നു. തെങ്ങു കൃഷി പഞ്ചായത്തിന്റെ എല്ലാ ഭാഗത്തുമുണ്ടായിരുന്നു. തോടും കുളങ്ങളും വെട്ടുന്നതിന്റെ ചേറും വെള്ളപ്പൊക്ക കാലത്തു വന്നടിയുന്ന എക്കലുമായിരുന്നു വളം. എന്നാലും തെങ്ങുകൾക്കു നല്ല കായ്ഫലമായിരുന്നു. ഇന്നു കാണുന്ന തരത്തിലുള്ള യാതൊരു രോഗങ്ങളും തെങ്ങുകൾക്കുണ്ടായിരുന്നില്ല.

ഭൂപരിഷ്കരണം വന്നതോടു കൂടി ഭൂമി തുണ്ടുകളായി ഇടത്തട്ടുകാരന്റെയും കുടികിടപ്പുകാരന്റെയും ഉടമസ്ഥതയിൽ വന്നു. വെള്ളക്കെട്ടുള്ള ഭൂപ്രദേശം ലഭിച്ചവർ വീടിനു വേണ്ടി കുത്തിപ്പൊക്കിയപ്പോൾ ഇടത്തരക്കാരായ ഉടമകൾ നിലം നികത്തി തെങ്ങിൻ തൈകൾ നടുകയാണുണ്ടായത്. ഇത് കൃഷി ഭൂമിയുടെ വ്യാപ്തി കുറയുവാനിടയാക്കി. കൂടാതെ നിലങ്ങളിൽ നിന്നും കട്ടകുത്തി പാടശേഖരങ്ങളുടെ പുറമ്പണ്ട് ഉറപ്പിക്കുന്നതിനും മൺപാത്ര നിർമ്മാണത്തിനും ചെത്തു ചെളിക്കു വേണ്ടിയും നിലങ്ങൾ വളരെ താഴ്ത്തിയിരിക്കുകയാണ്. ഇങ്ങനെ കട്ടയെടുത്ത കുഴികൾ പലതും തരിശായും നീർക്കെട്ടുകളായും കിടക്കുന്നു. നീർക്കെട്ടുകൾ നീരൊഴുക്കില്ലാതെ കിടന്നു ദുഷിച്ച് നെൽകൃഷിക്കും മത്സ്യകൃഷിക്കും ദോഷകരമായിരിക്കുകയാണ്. പഴയകാലത്ത് 680 ഓളം ഹെക്ടർ നിലത്തും തോടുകളുടെ തീരത്തുമൊക്കെ നെല്ലുത്പാദിപ്പിക്കുവാൻ ശ്രമിച്ചിരുന്നുവെങ്കിൽ ഇന്നു വെറും 365 ഹെക്ടർ നിലത്തു മാത്രമാണ് നെൽകൃഷി നടത്തുന്നത്. കാർഷിക രംഗത്ത് ശാസ്ത്രീയമായ പുതിയ സംരഭങ്ങൾ വന്നിട്ടും മറവന്തുരുത്തിലെ കൃഷിയിലും കൃഷിക്കാരിലും വലിയ മാറ്റമൊന്നുമുണ്ടായില്ല. പുതിയ നെൽവിത്തുകൾ രാസ വളപ്രയോഗം കീടനാശിനി പ്രയോഗം ജല സേചന സൗകര്യം ഇവയൊക്കെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കാൻ പറ്റിയ നൂതന മാർഗ്ഗങ്ങളാണ്. എങ്കിലും കൃഷിഭവൻ വന്നതോടു കൂടിയാണ് ശാസ്ത്രീയമായ കൃഷിരീതികളെക്കുറിച്ച് വേണ്ടത്ര അറിവുണ്ടായത്. ഒരുപരിധിവരെ കാലാവസ്ഥയെ ആശ്രയിച്ചാണ് മിക്ക കൃഷികളും ഇവിടെ നടക്കുന്നത്. അനുയോജ്യമായ കാലാവസ്ഥ യഥാസമയം ലഭിക്കാതിരിക്കൽ, തൊഴിലാളികളുടെ ദൗർലഭ്യം, തുടങ്ങിയവ നിലം തരിശാകുവാൻ കാരണമായി. കാർഷിക മേഖലയെ മാത്രം ആശ്രയിച്ചു കഴിഞ്ഞിരുന്ന തൊഴിലാളികൾ പ്രതിസന്ധിയിലായി. ഇതിൽ നിന്നും കര കയറുന്നതിനു വേണ്ടി അവർ മറ്റു തൊഴിൽ മേഖലകളിൽ അഭയം പ്രാപിച്ചു. ആ മേഖലകളിൽ ഒക്കെത്തന്നെ കാർഷിക മേഖലകളിൽ ഉള്ളതിനേക്കാൾ കൂലിയും മാന്യതയും കൂടുതലായിരുന്നു. അതുകൊണ്ടു തന്നെ അവർ കാർഷിക മേഖലയിലേക്കു തിരിച്ചു വന്നില്ല. അതു കാർഷിക മേഖലയെ മങ്ങലേല്പിക്കുവാൻ തക്ക കാരണങ്ങളിൽ ഒന്നായി.

പഴയ കാലങ്ങളിൽ ജലം തേകിയൊഴിക്കുവാൻ (തേക്കുകുട്ട) സൗകര്യമുള്ള പുര

യിടങ്ങളിൽ വിത്തു വിതച്ചു വിളവുല്പാദിപ്പിച്ചുരുന്നു. വിളവെടുപ്പിനു ശേഷം വീണ്ടും പച്ചക്കറി കൃഷി ചെയ്യുമായിരുന്നു. കരിയില ചാരവും ചാണകവുമായിരുന്നു വളമായി ഉപയോഗിച്ചിരുന്നത്. തെങ്ങു കൃഷിയിൽ ഇപ്പോൾ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുന്നില്ലെന്നു കാണാം. പുര യിടങ്ങൾ കിളക്കുകയോ തെങ്ങിന് തടമിടുകയോ ചെയ്യാതെയായി തോടുകളും കുളങ്ങളും വെട്ടി ജലസേചനവും വളവും (ചെളി) കൊടുക്കാറില്ല. തെങ്ങിന് ഉണ്ടാകുന്ന കുലവാട്ടം, കൂമ്പുചീയൽ, മുതലായ രോഗങ്ങളും തെങ്ങു കൃഷിയോടുള്ള താല്പര്യക്കുറവിനു കാരണമാകുന്നു. എന്നാൽ പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലയൊഴിച്ച് ബാക്കി ഭാഗങ്ങളിൽ ഏത്തവാഴ കൃഷി വളരെ വിപുലമായ തോതിൽ നടക്കുന്നു. ഇപ്പോൾ തൊഴിൽപരമായ ധനാഗമനമാർഗ്ഗങ്ങളിൽ പ്രാധാന്യമേറിയ ഒന്നാണ് ഏത്ത വാഴകൃഷി.

ഭൂവിനിയോഗം

15.69 ച.കി. കി.മീ. ആണ് പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം. മദ്ധ്യഭാഗത്തായി പഞ്ചായത്താഫീസ് സ്ഥിതി ചെയ്യുന്നു. പടിഞ്ഞാറ് ഭാഗം വേമ്പനാട്ടു കായലാകയാൽ ഉപ്പുവെള്ള പ്രവേശനസാദ്ധ്യതയുള്ള ജലസ്രോതസ്സുകളുണ്ട്. ഉപ്പുവെള്ള സമയങ്ങളിൽ ഉപ്പുവെള്ളത്തിൽ ജീവിക്കുന്ന മത്സ്യങ്ങൾ അവിടുത്തെ തോടുകളിൽ പ്രവേശിക്കുകയും ആ പ്രദേശത്തെ മത്സ്യബന്ധന തൊഴിലാളികൾക്കു പ്രയോജനപ്പെടുകയും ചെയ്യുന്നു. ഇവിടുത്തെ ഭൂപ്രകൃതിയെക്കുറിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക 1-3

നമ്പർ	ഭൂപ്രകൃതി	വിസ്തൃതി
1	കായലോര പ്രദേശം	75 ഹെ.
2	സമതലപ്രദേശം	1777 ,,
3	ഉയർന്ന പ്രദേശം	55 ,,
4	കുഴിയായുള്ള പ്രദേശം	12.8 ,,
5	ചതുപ്പുനിലം	40.6 ,,
6	തൂരുത്ത്	28.5 ,,
7	ചാല്	30.3 ,,
	ആകെ	1949.2 ഹെക്ടർ

അവലംബം : കൃഷിഭവൻ

പഞ്ചായത്തിന്റെ കായലോര പ്രദേശങ്ങളിലൊഴികെ മറ്റെല്ലാ പ്രദേശവും എല്ലാത്തരം കൃഷിക്കും അനുയോജ്യമാണ്. അതനുസരിച്ച് കാലാവസ്ഥയ്ക്കും ഭൂപ്രകൃതിക്കും അനുസരണമായി പഞ്ചായത്തിൽ ഭൂമി വിനിയോഗിച്ചിട്ടുള്ള വിശദവിവരം ചുവടെ ചേർക്കുന്നു.

പട്ടിക 1-4

നമ്പർ	വിനിയോഗം	വിസ്തൃതി
1	തെങ്ങ്	740 ഹെ.
2	നെല്ല്	365 ,,
3	പയർ	25 ,,
4	പച്ചക്കറികൾ	25 ,,
5	വാഴ	25 ,,
6	പ്ലാവ്	20 ,,
7	മാവ്	15 ,,
8	കശുമാവ്	02 ,,
9	കുരുമുളക്	06 ,,
10	മരച്ചീനി	05 ,,
11	റബ്ബർ	12 ,,
12	കമുക്	06 ,,
	ആകെ	1246

അവലംബം : അടിസ്ഥാന വിവരരജിസ്റ്റർ, കൃഷിഭവൻ

പഞ്ചായത്തിന്റെ കായലോര പ്രദേശങ്ങളിൽ മണൽ നിറഞ്ഞ കറുത്ത മണ്ണും പുഴയോരങ്ങളിൽ ഏക്കൽ കലർന്ന മണ്ണും ഉൾപ്പെടുന്നു. പഞ്ചായത്തിന്റെ കിഴക്കൻ മേഖലകളിൽ പശിമയുള്ള മഞ്ഞനിറം കലർന്ന മണ്ണാണുള്ളത്. ഈ മണ്ണ് ഇഷ്ടിക നിർമ്മാണത്തിനുപയോഗിക്കുന്നു.

കൃഷി പ്രദേശത്ത് എക്കൽ മണ്ണും, എക്കലും ചെളിയും ചേർന്ന മണ്ണും കാണുന്നുണ്ട്. 7,8,9 വാർഡുകളിൽ ചെളി കലർന്ന മണ്ണ് കാണുന്നു. വർദ്ധിച്ചു വരുന്ന രാസവള പ്രയോഗം മൂലം മണ്ണിൽ അമ്ലത്തിന്റെ അംശം വർദ്ധിച്ചു വരുന്നതായി കാണുന്നു. കൃഷിഭവൻ രേഖകൾ പ്രകാരം P.H, PH5 ആയി കാണുന്നു.

പഞ്ചായത്തിന്റെ പകുതി മുതൽ കിഴക്കേട്ടുള്ള ഭാഗങ്ങളിൽ പലസ്ഥലത്തും റബ്ബർ കൃഷിയുണ്ട്. ടാപ്പിംഗ് തുടങ്ങിയിട്ടു നാലഞ്ചു കൊല്ലമായതു മുതൽ ചെറിയ തൈവരെയുള്ള തോട്ടങ്ങൾ ഉണ്ട്. പിഞ്ചു കുഞ്ഞുങ്ങൾ മുതൽ പ്രായമായവർ വരെ ഭക്ഷണമായി ഉപയോഗിച്ചിരുന്ന പഞ്ഞപ്പുല്ല് 1 മുതൽ 5 വരെയുള്ള വാർഡുകളിൽ ഒരു വിധം വ്യാപകമായി കൃഷി ചെയ്തിരുന്നു. ഇപ്പോൾ ഈ കൃഷിയുടെ ഓർമ്മ പോലുമില്ല. രണ്ട്, മൂന്ന് ആറ് വാർഡുകളിൽ പലഭാഗത്തും പൈനാപ്പിൾ കാണുന്നുണ്ട്. മണ്ണിന്റെ ഗുണമേന്മ അറിയാതെയുള്ള കൃഷി, പരാജയത്തിലാണ് പര്യവസാനിക്കുന്നത്.

നെൽകൃഷി

നെൽപ്പാടങ്ങൾ, കരിനിലം, കരനിലം എന്നിങ്ങനെ കാണപ്പെടുന്നു.

പട്ടിക 1-5

നമ്പർ	വിള	വിസ്തൃതി
1	നെല്ല് (ഒന്നാം വിള)	100 ഹെ.
2	നെല്ല് (രണ്ടാം വിള)	265 ,,
ആകെ		365 ഹെക്ടർ

അവലംബം : അടിസ്ഥാന വിവരരജിസ്റ്റർ, കൃഷിഭവൻ

ഇടവിളകളെ കാണിക്കുന്ന പട്ടിക ചുവെട ചേർക്കുന്നു.

പട്ടിക 1-6

നമ്പർ	വിള	വിസ്തൃതി
1	പച്ചക്കറി	25 ഹെ.
2	പയർ	25 ഹെ.
3	വാഴ	25 ഹെ.
4	മരച്ചീനി	05 ഹെ.
5	കുരുമുളക്	06 ഹെ.
6	പൈനാപ്പിൾ	02 ഹെ.
7	ചേന,ചേമ്പ്,കാച്ചിൽ	03 ഹെ.
8	വെറ്റില	05 ഹെ.
9	കശുമാവ്	02 ഹെ.
10	എള്ള്	01 ഹെ.

അവലംബം : അടിസ്ഥാന വിവരരജിസ്റ്റർ, കൃഷിഭവൻ

ഉത്പാദനക്ഷമത:

ഇടയ്ക്കിടയ്ക്കുള്ള വെള്ളപ്പൊക്കം മൂലം താഴ്ച നിലങ്ങളിലുണ്ടാകുന്ന നീർക്കെട്ടുകൾ യഥാസമയം കൃഷിയിറക്കുന്നതിൽ തടസ്സമുണ്ടാക്കുകയോ കൃഷി ഭാഗികമായി നശിക്കുന്നതിന് ഇടയാക്കുകയോ ചെയ്യുന്നു. കരനിലങ്ങളിൽ യഥാസമയം വെള്ളം ലഭിക്കാത്തതുമൂലം കൃഷിയുടെ പരിചരണം യഥാസമയം നടത്താൻ കഴിയാത്തതു കൊണ്ട് ഉത്പാദനക്ഷമത കുറയാൻ കാരണമാകുന്നു.

വിവിധ താഴ്ചകളിലുള്ള നിലങ്ങൾ ഒരേ ബ്ലോക്കിലാക്കി കൃഷി ചെയ്യുന്നതു മൂലം വ്യത്യസ്ഥകാലങ്ങളിൽ കൃഷി ഇറക്കേണ്ടു വരികയും തന്മൂലം ഉല്പാദനത്തിൽ കുറവുണ്ടാകാൻ ഇടയാകുകയും ചെയ്യുന്നു.

അശാസ്ത്രീയമായ വളപ്രയോഗവും ഉത്പാദന ക്ഷമത കുറവാകാൻ ഇടയാക്കുന്നു. ശരിയായി മണ്ണു പരിശോധിക്കാതെ വളം പ്രയോഗിക്കുകയും അമിത

മായി രാസവളം പ്രയോഗിക്കുകയും ചെയ്യുന്നത് മണ്ണിന്റെ ഘടനയിൽ മാറ്റം വരുത്തുകയും ഉത്പാദനക്ഷമത കുറയ്ക്കാൻ കാരണമാകുകയും ചെയ്യുന്നു.

നെല്ലിനെ ബാധിക്കുന്ന കീടങ്ങൾക്കെതിരെ പ്രയോഗിക്കുന്ന വിഷ വസ്തുക്കളുടെ അമിതമായ പ്രയോഗം ജൈവ കീട നിയന്ത്രണത്തിനുപയോഗിക്കുന്ന ജീവികൾ ചത്തൊടുങ്ങുന്നതിനു ഇടയാക്കുകയും നെല്ലിനെ ആക്രമിക്കുന്ന ചിലയിനം കീടങ്ങളെ നിയന്ത്രിക്കാൻ സാധിക്കാതെ വരുകയും ചെയ്യുന്നത് ഉത്പാദനത്തെ ബാധിക്കുന്നു. നെല്ലിന് സാധാരണ ബാധിക്കുന്ന രോഗങ്ങളാണ് തണ്ടു തുരപ്പൻ, മൂഞ്ഞ, ചാഴി മുതലായവ.

മുഖ്യ വിളകളായ തെങ്ങിന്റെ ഉത്പാ
നക്ഷമത സംസ്ഥാന ശരാശരിയോ
അടുത്തു നില്ക്കുന്നു. 740 ഹെക്ട
സ്ഥലത്ത് തെങ്ങു കൃഷിയുണ്ട്. ഇതിൽ
കായ്ഫലമുള്ളത് 515 ഹെക്ടർ സ്ഥലത്താണ്
കായ്ഫലം ഇല്ലാത്തത് 225 ഹെക്ടറിലു
രോഗം ബാധിച്ച തെങ്ങുകളുടെ എണ്ണ
52500 ആണ്. [അവലംബം: കൃഷിഭവൻ]
കായലോരങ്ങളിലും പുഴയോരങ്ങളിലും ഉള്ള
തെങ്ങിനാണ് പൊതുവെ കായ്ഫലമുള്ളത്
ഓരു ജലത്തിന്റെ പ്രവാഹമില്ലായ്മയും അത്യു
ല്പാദന ശേഷിയുള്ള തെങ്ങുകളുടെ കുറവു
അശാസ്ത്രീയമായ വളപ്രയോഗവും, പരിചരണ
വും തെങ്ങുകളുടെ ഉത്പാദക്ഷമത കുറയുന്ന
തിന് കാരണമാകുന്ന ഘടകങ്ങളാണ്.

ജലസ്രോതസ്സുകളേയും ക്രോസ് ബാറുകളേയും സംബന്ധിച്ച പട്ടിക

പട്ടിക 1-7

കുളം	തോടുകൾ	ക്രോസ്ബാറ്റർ
150 എണ്ണം	13 എണ്ണം	4 എണ്ണം

അവലംബം : അടിസ്ഥാന വിവരരജിസ്റ്റർ, കൃഷിഭവൻ

തോടുകൾ

പട്ടിക 1-8

നമ്പർ	പേര്	നീളം മീ.	വീതി മീ.
1	പഞ്ഞിപ്പാലം മുഴിക്കൽ	1500	8
2	വല്ല്യാറമ്പത്ത് തോട്	1500	6
3	മണത്താഴത്തു തോട്	100	6
4	ചൊള്ളംതറ തോട്	1000	5
5	അറിത്തി തോട്	2000	8
6	അരിവാൾതോട്	2000	4
7	കുന്നുവേലി–മത്തുങ്കൽ തോട്	500	5
8	കക്കാതോട്	500	3
9	ഇത്തിപ്പുഴ വാടമുട്ട് തോട്	4000	6
10	കൈതത്തറ പറങ്കിതുരുത്ത്	500	3
11	കൊടുപ്പാടം ഇടിയോടിത്തോട്	1500	3
12	പത്തൂപറകെർപ്പൂന്നതോട്	1000	3
13	എട്ടാംതറചിറയിൽ	100	$^1/_2$

അവലംബം : കൃഷിഭവൻ രേഖകൾ

ഈ തോടുകൾ എല്ലാം തന്നെ സൈഡ് ഇടിഞ്ഞു വീണും ചപ്പുചവറുകൾ വീണും വേലിയേറ്റമോ വേലിയിറക്കമോ ഇല്ലാതെ മലിനമായിക്കൊണ്ടിരിക്കുകയാണ്. ഇവ ഉപയോഗ്യമാക്കിയാൽ കൃഷിക്കാവശ്യമായ ജലം ഈ സ്രോതസ്സുകളിൽ നിന്നും ലഭിക്കാവുന്നതാണ്. കുളങ്ങളുടെ സ്ഥിതിയും ഇതു തന്നെയാണ്. കാടുപിടിച്ചും ഉറവ വറ്റിയും കിടക്കുകയാണ്. ഈ കുളങ്ങളും വൃത്തിയാക്കിയെടുത്താൽ പച്ചക്കറി കൃഷി, വാഴ കൃഷി തുടങ്ങിയവയ്ക്ക് ആവശ്യമായ ജല സേചന സൗകര്യമാകും.

ഉല്പന്നങ്ങളുടെ വിലയും വിപണനവും

വിവിധയിനം കൃഷികളുള്ള നമ്മുടെ പഞ്ചായത്തിൽ ഒരു പൊതു വിപണന കേന്ദ്രമില്ല. ആകയാൽ ഉല്പാദിപ്പിക്കുന്ന

വർക്കു ന്യായമായ വില ലഭിക്കുന്നില്ല. ഇപ്പോൾ എജൻസി മുഖേനയാണ് വിപ ണനം നടത്തുന്നത്. അതുകൊണ്ട് ഉത്പാ ദകനും ഉപഭോക്താവും വഞ്ചിക്കപ്പെടുന്നു.

കാർഷിക ബന്ധങ്ങൾ

നാലു സെന്റുമുതൽ എട്ട് ഏക്കർ വരെ ഭൂമിയുള്ളവർ ഈ പഞ്ചായത്തി ലുണ്ട്. ആദ്യകാലങ്ങളിലൊക്കെ കൃഷ ക്കാരനും തൊഴിലാളികളും തമ്മിൽ വള ബന്ധമുണ്ടായിരുന്നു. കർഷകന്റെ ഉയർ യായിരുന്നു തൊഴിലാളിയുടെ ലക്ഷ്യ അതിനു വേണ്ടിഅശ്രാന്ത പരിശ്രമം ന ത്തുകയും ചെയ്തിരുന്നു. ഇന്നാകട്ടെ അങ നെയൊരു ബന്ധമില്ല.

പട്ടിക 1-9

നമ്പർ	വസ്തുവിന്റെ വിസ്തീർണ്ണം	എണ്ണം
1	പത്തുസന്റിന് 50 സെന്റിനും ഇടയ്ക്കുള്ളവർ	3249
2	50 സെന്റിനുംഒരേക്കറിനും ഇടയ്ക്കുള്ളവർ	223
3	ഒരേക്കറിനും രണ്ടേക്കറിനും ഇടയ്ക്കുള്ളവർ	61
4	രണ്ടേക്കറിനും മൂന്നേക്കറിനും ഇടയ്ക്കുള്ളവർ	31
5	മൂന്നേക്കറിനും നാലേക്കറിനും ഇടയ്ക്കുള്ളവർ	10
6	നാലേക്കറിനും 5 ഏക്കറിനും ഇടയ്ക്കുള്ളവർ	04
7	5 ഏക്കറിനും 6 ഏക്കറിനും ഇടയ്ക്കുള്ളവർ	02
8	6 ഏക്കറിനും 7ഏക്കറിനും ഇടയ്ക്കുള്ളവർ	03
9	7 ഏക്കറിനും 8 ഏക്കറിനും ഇടയ്ക്കുള്ളവർ	01
	ആകെ കർഷകർ	3584
	രജിസ്ട്രേഷനുള്ള കർഷകർ	490
	രജിസ്ട്രേഷനില്ലാത്ത കർഷകർ	3094

അവലംബം : വില്ലേജ് ഓഫീസ് സെറ്റിൽമെന്റ മ രജിസ്റ്റർ

ഇതിൽ 50% പേരും സ്വയം പണി യെടുക്കുന്ന കർഷകരാണ്. 1151 കർഷക തൊഴിലാളികളുണ്ട്. രജിസ്ട്രേഷൻ ഇല്ലാത്ത തൊഴിലാളികളും ഉണ്ട്.

കൂലി സേവന വ്യവസ്ഥകൾ

കാർഷികമേഖലയിൽ സ്ത്രീ പുരുഷ ഭേദമന്യേ അഞ്ചുമണിക്കൂർ പണിയെടു ക്കുന്ന വ്യവസ്ഥയാണുള്ളത്. രാവിലെ 8 മണി മുതൽ ഉച്ചക്ക് ഒരു മണിവരെ ആണ് സമയം. കൂലിയുടെ കാര്യത്തിൽ സ്ത്രീ പുരുഷ വിവേചനം നിലനില്ക്കുന്നു.

കൂലി വ്യവസ്ഥയുടെ പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക 1-10

നമ്പർ	ഇനം	ആൺ	പെൺ
1	ഉഴവ്	100	—
2	കിള	65	—
3	ഞാറുനടീൽ	—	35
4	കളപറിയ്ക്കൽ	—	35
5	തേങ്ങയിടൽ (നൂറ് തെങ്ങിന്)	115 ഉം രണ്ടുതേങ്ങയും	
6	റബർ വെട്ട്	40	—
7	കീടനാശിനി തളിക്കൽ	സ്ഥല വിസ്തീർണ്ണമനുസരിച്ച്	
8	കൊയ്ത്ത് സ്ത്രീപുരുഷ ഭേദമന്യേ (6 പറനെല്ല് കർഷ കർ എടുക്കുമ്പോൾ ഒരു പറനെല്ല് തൊഴിലാളി എടുക്കുന്നു)		

വളപ്രയോഗം

മുൻ കാലങ്ങളിൽ എല്ലാ കൃഷിക്കും ചാരവും ചാണകവും മറ്റു ജൈവവളങ്ങ ളുമാണ് ഉപയോഗിച്ചിരുന്നത്. ഇന്ന് കൃഷി കൾക്ക് 95% രാസവളം തന്നെയാണ് ഉപ യോഗിക്കുന്നത്. പഞ്ചായത്തിൽ SCB 3850 കുലശേഖരമംഗലം, SCB 121 എടവട്ടം അതിന്റെ ബ്രാഞ്ച് SCB 121 മറവന്തുരുത്ത് എന്നിവയാണ് രാസവള വിതരണ സ്ഥാപ നങ്ങൾ

സഹകരണമേഖലയിൽ നിന്നും 35 മെട്രിക് ടണ്ണും സ്വകാര്യമേഖലയിൽ 5 മെട്രിക് ടൺ വളമടക്കം ആകെ 40 മെട്രിക് ടൺ വളം വിപണനം നടന്നതായി കൃഷി ഭവന്റെ രേഖയിൽ കാണുന്നു.

നടപ്പുപദ്ധതികളുടെ അവലോകനം

കാർഷിക മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് പ്രധാനമന്ത്രിയുടെ പ്രത്യേക പരിപാടിയനുസരിച്ച് നിലവിലുള്ള കൃഷി ഉറപ്പു വരുത്തുകയും ഒന്നിലധികം തവണ കൃഷി ഇറക്കുന്നവരെ സഹായിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിപ്രകാരം വിവിധ പാടശേശരങ്ങളിലായി 2473500/- രൂപയുടെ പദ്ധതിക്ക് അനുമതി ലഭിക്കുകയും 1538856/- രൂപയുടെ പണികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

യന്ത്രവത്ക്കരണം

കർഷക തൊഴിലാളികളുടെ ലഭ്യത ഇന്നൊരു പ്രശ്നമായി മാറിയിരിക്കുന്ന സാഹചര്യത്തിൽ അൻപതു ശതമാനം സബ്സിഡിയോടു കൂടി പവർ ട്രില്ലർ, ട്രാക്ടർ, മെതിയന്ത്രം, പേറ്റു യന്ത്രം എന്നിവ നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക 1-11

നമ്പർ	പാടശേഖരം	പേറ്റു യന്ത്രം	മെതി യന്ത്രം	പവ്വർ സ്പ്രേയർ	നാപ്സിക് സ്പ്രേയർ	പവർ ട്രില്ലർ
1	കുന്നക്കാട്ടു വേലി	1	1	1	1	—
2	കടൂക്കര തറയ്ക്കകം	1	–	1	–	1
3	ഇടവട്ടം വെസ്റ്റ്	1	–	–	–	1
4	തോട്ടിനക്കരപാടം	–	–	–	1	1
5	ഇടവട്ടം ഈസ്റ്റ്	–	–	–	–	1

അവലംബം : ഉദ്യോഗസ്ഥ റിപ്പോർട്ട്

നെൽകൃഷിക്കാർക്ക് ഉല്പാദന പ്രോത്സാഹനമായി ഒരു ഹെക്ടറിന് 250/- രൂപാആയിരുന്നു നിശ്ചയിച്ചിട്ടുള്ളത്. 95-96–ൽ ഇത് ഹെക്ടറിന് 350 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൃഷിഭവനിൽ നിന്ന് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതിക

ളാണ് താഴെ കൊടുക്കുന്നത്.

(എ) തെങ്ങുകൃഷി

1. സമഗ്രനാളികേര വികസന പദ്ധതി

ഈ പദ്ധതിയിലൂടെ കർഷകർക്ക് ജല സേചനത്തിനായുള്ള കിണർ, പമ്പ്സെറ്റ്, മരുന്നു തളിക്കുന്നതിനുള്ള റോക്കർ സ്പ്രേയർ, തെങ്ങുകയറ്റ യന്ത്രങ്ങൾ, കൂട്ടായ ജലസേചനത്തിനുള്ള പ്രത്യേക പദ്ധതി,. തുടങ്ങിയവ സബ്സിഡി നിരക്കിൽ നടപ്പിലാക്കുന്നു. കൂടാതെ താഴെ പറയുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നു.

1 കർഷക സമിതികൾ മുഖേന ജൈവവള പ്രയോഗം

2. കിഴങ്ങു വർഗ്ഗ വിളകളുടെ കൃഷി വികസനം.

3. പയറു വർഗ്ഗങ്ങളുടെ കൃഷി വികസനം

4. ഫലവർഗ്ഗ വികസനം

5. പച്ചക്കറിവിളകളുടെ വികസനം

6. പ്രത്യേക ഘടകപദ്ധതി (പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക്)

7. ഒരു ലക്ഷം യുവാക്കൾക്കുള്ള പ്രത്യേകം തൊഴിൽ ദാന പദ്ധതി.

8. അംഗീകൃത നേഴ്സറികൾക്ക് പ്രോത്സാഹനം

9. കാർഷികോല്പാദന പരിപാടികളിൽ പങ്കാളിത്തം (മത്സരങ്ങളും സെമിനാറുകളും)

10. കൊക്കോ വികസന പദ്ധതി

11. വെറ്റില കൃഷി വികസനം

സ്ഥിതി വിശകലനം

പാടശേഖരങ്ങളിൽ പ്രധാനമന്ത്രിയുടെ പ്രത്യേക പരിപാടികൾ വഴി പല അടിസ്ഥാന സൗകര്യങ്ങളും ചെയ്തിട്ടുണ്ടെങ്കിലും പ്രശ്നങ്ങൾ പൂർണ്ണമായി പരിഹരിക്കപ്പെട്ടിട്ടില്ല. ഉദാഹരണത്തിന് കടുക്കര തറയ്ക്കകം പാടശേഖരത്തിൽ കളനാശിനി ഉപയോഗിച്ചുവെങ്കിലും ട്രാക്കർ ഇറക്കി ഉഴുവാനുള്ള സാഹചര്യം ഇല്ലാത്തതുകൊണ്ട് കൃഷി ഇറക്കുവാൻ കഴിഞ്ഞില്ല. കൃഷിപണിക്ക് തൊഴിലാളികളുടെ ദൗർലഭ്യം ഇന്ന് നെൽകൃഷിക്കാർക്ക് ഒരു ഭീഷണിയായി തുടങ്ങിയിട്ടുണ്ട്. തെങ്ങു കൃഷിയെ സംബന്ധിച്ച് കാറ്റുവീഴ്ച രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഫലപ്രദമായ നിയന്ത്രണമാർഗ്ഗം കണ്ടുപിടിച്ചിട്ടില്ലാത്ത ഈ സാഹചര്യത്തിൽ തെങ്ങു കൃഷിക്കാരെ സഹായിക്കുന്ന തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കേണ്ടത് അത്യാവശ്യമാണ്.

പട്ടിക 1-12

നമ്പർ	രജിസ്റ്റേർഡ് സമിതികൾ	വിസ്തീർണ്ണം ഹെക്ടറിൽ	കർഷകരുടെ എണ്ണം
1	ഇടവട്ടം ഈസ്റ്റ്	50	72
2	ഇടവട്ടം വെസ്റ്റ്	40	62
3	കുന്നക്കാട്ടു വേലി	45	108
4	കടുക്കര തറയ്ക്കകം	45	60
5	തോട്ടിനക്കരപാടം	40	67
6	വാഴേകാട്	40	60
7	മണഭാഗം	10	30
	ആകെ	270	459

അവലംബം : ഉദ്യോഗസ്ഥ റിപ്പോർട്ട്

പ്രധാന മന്ത്രിയുടെ പ്രത്യേക പരിപാടിയിൽ ഉൾപ്പെടുത്തി ചെയ്ത പദ്ധതികളുടെ വിവരങ്ങൾ.

കടുക്കര തറക്കകം

നമ്പർ	ജോലിയുടെ വിവരം	അനുവദിച്ച തുക	ചിലവഴിച്ച തുക
1	ബണ്ട് നിർമ്മാണത്തിന്	60,2000	59,2000
2	വാച്ചാൽ ആഴം കൂടുന്നതിന്	11,000	11,000
3	രണ്ട് പുതിയ വാച്ചാൽ നിർമ്മാണം	78,000	78,000
4	30 H.P. 20 H.P. മോട്ടോർ 2 പെട്ടിയും പറയും ഉൾപ്പെടെ	2,15,000	1,75,919 മോട്ടോർ മാത്രം
	ആകെ അനുവദിച്ച തുക	90,6000	

കുന്നക്കാട്ടുവേലി

നമ്പർ	ജോലിയുടെ വിവരം	അനുവദിച്ച തുക	ചിലവഴിച്ച തുക
1	റിംഗ്ബണ്ട് നിർമ്മാണത്തിന്	144300	144300
2	വാച്ചാൽ ആഴം കൂട്ടുന്നതിന്	40000	7485
3	നിലവിലുള്ള കനാൽ അറ്റകുറ്റപണി	4932	4932
3	പമ്പ് ഹൗസ് നിർമ്മാണം	81188	11512
5	15 എച്ച്. പി. മോട്ടോർ 2 പെട്ടിയും പറയും ഉൾപ്പെടെ	95055	.....
6	15 എച്ച്. പി. (സി.എഫ്) 2 പമ്പ് സെറ്റ്	133525	133525

ബാക്കി ചെയ്യാനുള്ള പണികൾ

1	കനാൽ ആഴം കൂട്ടുന്നതിന്	25,000
2	ക്രോസ് ബാർ നിർമ്മാണം	25,000
3	ആകെ അനുവദിച്ച തുക	5,49,000

ഇടവട്ടം ഈസ്റ്റ്

നമ്പർ	ജോലിയുടെ വിവരം	അനുവദിച്ച തുക	ചിലവഴിച്ച തുക
1	പുറംബണ്ട് നിർമ്മാണം	276000	.....
2	വാച്ചാൽ ആഴം കൂടുന്നതിന്	6,000	3960
3	20 എച്ച്. പി., 5 എച്ച്. പി., 2 പെട്ടിയം പറയും	130000	55825

ബാക്കി നിൽക്കുന്ന പണികൾ

1	എഞ്ചിൻ തറ	17000
2	ചീപ്പു നിർമ്മാണം	12000
3	പുതിയ വാച്ചാൽ	6000
3	ആകെ അനുവദിച്ചതുക	447000

ഇടവട്ടം വെസ്റ്റ്

നമ്പർ	ജോലിയുടെ വിവരം	അനുവദിച്ച തുക	ചിലവഴിച്ച തുക
1	പുറംബണ്ട് നിർമ്മാണം	1,16,000	1,15,575
2	വാച്ചാൽ ആഴം കൂടുന്നതിന്	4,000	3928
3	പുതിയ വാച്ചാൽ നിർമ്മാണം	3,000	2856
4	30 എച്ച്. പി. മോട്ടോറും പെട്ടിയും പറയും 5 എച്ച്.പി. മോട്ടോർ 1	1,48,563	1,48,563

ബാക്കി നിൽക്കുന്ന പണികൾ

1	എഞ്ചിൻ തറ നിർമ്മാണം	16,000
2	റഗുലേറ്ററിന്റെ അറ്റകുറ്റപണി	14,000
	ആകെ അനുവദിച്ചതുക	3,01,563

തോട്ടിനക്കരപ്പാടം

നമ്പർ	ജോലിയുടെ വിവരം	അനുവദിച്ച തുക	ചിലവഴിച്ച തുക
1	ബണ്ട് നിർമ്മാണം	1,39,000	
2	പുതിയ വാച്ചാൽ നിർമ്മാണം	34,000	
3	എഞ്ചിൻ തറക്കുഴി	37,000	
4	ചീപ്പു നിർമ്മാണം	16,000	
5	10 എച്ച്. പി. മോട്ടോറും പെട്ടിയും പറയും 5 എച്ച്.പി. മോട്ടോർ	77,000	
	ആകെ അനുവദിച്ച തുക	3,03,000	
	ആകെ പഞ്ചായത്തിന് അനുവദിച്ച തുക	24,73,500	
	ആകെ കൊടുത്ത തുക	15,38,856	

പ്രശ്നങ്ങൾ

1 കൃഷിഭൂമി തരിശ് ഇടുന്നു.

2 നെൽപ്പാടങ്ങൾ നികത്തപ്പെടുന്നു.

3 നെൽപ്പാടങ്ങൾ കാർഷികേതരാവശ്യങ്ങൾക്ക് വിനിയോഗിക്കുന്നു. (തൈവയ്പ്പ്, കുഴിച്ച് കക്കയെടുക്കുക)

4 അനുയോജ്യമായ ജലസേചന സൗകര്യമില്ലായ്മ.

5 കാർഷിക മേഖലയിലെ തൊഴിലാളികളുടെ ദൗർലഭ്യം

6 നിലങ്ങളിലും പുരയിടങ്ങളിലും ഉള്ള വെള്ളക്കെട്ട്

7 കരിനിലങ്ങളിൽ അമ്ലത്വം കൂടുതൽ

8 നല്ലയിനം നെല്ല്വിത്തുകളും നടീൽ വസ്തുക്കളും കിട്ടാനില്ല.

9 ഒരു പൊതു സംഭരണ വിപണന കേന്ദ്രം ഇല്ല.

10 ഉല്പന്നങ്ങൾക്ക് വിലക്കുറവ്.

11 മദ്ധ്യവർത്തികളുടെ ചൂഷണം

12 റബ്ബർ ടാപ്പിംഗിന് ആവശ്യമായ വിദഗ്ധ തൊഴിലാളികളെ കിട്ടാനില്ല.

13 ഓരു മുട്ടുകൾ യഥാസമയം ഇടുന്നില്ല.

14 വിളവെടുപ്പിനു മുമ്പ് കോഴിളുടെയും താറാവുകളുടെയും വിളവ് നശിപ്പിക്കൽ

15 യഥാസമയം ആവശ്യമായ ആവശ്യമായ രാസവളം കിട്ടാനില്ല

16 തെങ്ങിനുണ്ടാകുന്ന മാരകമായ വിവിധ തരം രോഗങ്ങൾ.

17 വാഴയുടെ കൂമ്പ് ചീയൽ

18 പച്ചക്കറികൃഷിയെ ഒരു പുതിയതരം വണ്ട് നശിപ്പിക്കുന്നു.

19 എലി ശല്യം എല്ലാത്തരം കൃഷിയേയും സാരമായി ബാധിക്കുന്നു.

20 കൃഷി നിലങ്ങളിലേക്ക് ചാഞ്ഞ് കിടക്കുന്ന ചോല വൃക്ഷങ്ങൾ.

21 പട്ടിക ജാതിക്കാരായ ചെറുകിട കർഷകർക്കും അല്ലാത്തവർക്കും കൃഷിഭവനിൽ നിന്നും കിട്ടിക്കൊണ്ടിരിക്കുന്ന കാർഷിക ഉപകരണങ്ങൾ, തെങ്ങുവളം മുതലായവ കിട്ടാതിരിക്കുന്നു.

22 ശാസ്ത്രീയ കൃഷിരീതിയിൽ ജനങ്ങൾക്കുള്ള അറിവില്ലായ്മ.

23 പഞ്ചായത്തിലുള്ള മിക്കവാറും തോടുകൾ അടഞ്ഞു കിടക്കുന്നു. ഇത് കൃഷിയെ പ്രതികൂലമായി ബാധിക്കുന്ന ഘടകമാണ്

നിർദ്ദേശങ്ങൾ

1 പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും തരിശായി കിടക്കുന്ന ഭൂമി കൃഷി ചെയ്യുവാൻ വേണ്ട നിർദ്ദേശവും സഹായവും ഭൂ ഉടമകൾക്ക് കൊടുക്കുക.

2 കൃഷി ചെയ്യാത്ത ഭൂമി പഞ്ചായത്ത് ഏറ്റെടുത്ത് കൃഷി ചെയ്യാൻ താല്പര്യമുള്ള കർഷകനോ, കർഷക തൊഴിലാളിക്കോ കുറഞ്ഞത് മൂന്ന്

വർഷത്തെ കാലാവധിക്ക് ലേലം ചെയ്തു കൊടുക്കുക.

3 കൃഷിയുടെ ജലസേചനത്തിനാവശ്യമായ തോടുകൾ തെളിച്ചും പുതിയ തോടുകൾ നിർമ്മിച്ചും പൊതു ജല സ്രോതസ്സുകളുമായി ബന്ധിപ്പിക്കുക.

4 അമ്ലത്വം കൂടുതലുള്ള കൃഷിയിടങ്ങളിൽ വിതറുവാനാവശ്യമായ നീറ്റുകക്ക കൃഷിഭവൻ വഴി സബ്സിഡിയായി വിതരണം ചെയ്യുക.

5 നല്ലയിനം വിളകളും നടീൽ വസ്തുക്കളും കൃഷിഭവൻ വഴി വിതരണം നടത്തുക.

6 പഞ്ചായത്തിന്റെ കിഴക്ക്, പടിഞ്ഞാറ്, എന്നീ മേഖല കേന്ദ്രീകരിച്ച് ഓരോ പഞ്ചായത്തുതല സംഭരണ, വിപണന കേന്ദ്രം തുറക്കുക.

7 പച്ചക്കറി കേടുവരാതെ സൂക്ഷിക്കുവാൻ പഞ്ചായത്തിൽ രണ്ട് ശീതീകരണ ശാലയെങ്കിലും സ്ഥാപിക്കുക.

8 എല്ലാത്തരം കാർഷിക വിളകളും സംഭരിച്ച് വിപണനം നടത്തുന്നതിന് ആവശ്യമായി പഞ്ചായത്തിൽ രണ്ട് വാർഡുകൾ കേന്ദ്രീകരിച്ച് വിപണന കേന്ദ്രം തുറക്കുക.

9 മൂന്നു ശതമാനം വരുന്ന റബ്ബർ കർഷകരെ റബ്ബർ ബോർഡുമായി ബന്ധിപ്പിച്ച് ബോർഡിന്റെ ആനുകൂല്യം ലഭിക്കുന്നതിനും കൂടെ പേർക്ക്, റബ്ബർ ടാപ്പിംഗ് പരിശീലനം ലഭിക്കുന്നതിനും ഒരു ടാപ്പിംഗ് ട്രെയിനിംഗ് സെന്റർ തുറക്കുക.

10 നാമാവശേഷമായിക്കൊണ്ടിരിക്കുന്ന പഞ്ഞപ്പുല്ല്, എള്ള് മുതിര, തുടങ്ങിയവയുടെ കൃഷി പ്രോത്സാഹിപ്പിക്കുക.

11 ജലസേചനത്തിനനുയോജ്യമായ തോടുകളും കുളങ്ങളും തെളിക്കുകയും ചീർപ്പുകൾ ഉള്ളടുത്ത് പലകകൾ നൽകിയും ചീർപ്പ് ആവശ്യമായ സ്ഥലങ്ങളിൽ ചീർപ്പുകൾ പണിതും ജലസേചന സൗകര്യം വർദ്ധിപ്പിക്കുക.

12 എലിനശീകരണത്തിന് നവീന പദ്ധതികൾ ആവിഷ്കരിക്കുക.

13 കാർഷികേതര ആവശ്യങ്ങൾക്കു വേണ്ടി കൃഷിഭൂമി വിനിയോഗിക്കുന്നത് നിയമം മൂലം നിർത്തലാക്കുക.

14 കേര വികസന സമിതികൾ വാർഡുകൾ തോറും രൂപീകരിച്ച് പ്രവർത്തിക്കുക.

15 പഞ്ചായത്തിൽ കൃഷിഭവൻ കേന്ദ്രമാക്കി കൃഷി വികസന സമിതികൾ രൂപീകരിക്കുമ്പോൾ കർഷക സമിതിക്കു പുറമേ കർഷക തൊഴിലാളികളുടെയും പങ്കാളിത്തം ഉറപ്പാക്കുക.

16 കാർഷികോപകരണങ്ങൾക്കുള്ളസബ്സിഡി എല്ലാ കർഷകർക്കും നൽകുക.

17 രോഗം വന്ന തെങ്ങുകൾക്ക് പഞ്ചാ യത്തടിസ്ഥാനത്തിൽ മരുന്നു തളി ക്കുവാനുള്ള സംവിധാനം ഉണ്ടാക്കു ക.

18 രോഗമുള്ള തെങ്ങുകൾ വെട്ടിമാറ്റി പകരം തെങ്ങിൻ തൈകളും ആശ്വാ സധനമായി ഒന്നിന് 250/- രൂപയും ലഭിക്കുവാനുള്ള പദ്ധതി ഉണ്ടാക്കു ക.

19 പട്ടിക ജാതിക്കാരായ ചെറുകിട കർഷകർക്കും അല്ലാത്തവർക്കും കൃഷിഭവൻ വഴി കിട്ടികൊണ്ടിരി ക്കുന്ന ആനുകൂല്യങ്ങൾ പുനഃസ്ഥാ പിക്കുക.

20 വെള്ളപ്പൊക്കം, വരൾച്ച, കാറ്റ് ഇവ മൂലം കൃഷിക്കാർക്കുണ്ടാകുന്ന നഷ്ട ങ്ങൾ തിട്ടപ്പെടുത്താനും പരിഹാരം കാണുക.

21 എല്ലാത്തരം കൃഷിക്കാർക്കും കീടനാ ശിനികൾ 50% വിലക്കുറവിൽ ലഭി ക്കുവാനും പമ്പ് സെറ്റ് സ്പ്രേ പമ്പു കൾ മുതലായവ സബ്സിഡിയോടെ ലഭിക്കുക.

22 റോഡിനു കുറുകെയുള്ള പൈപ്പുകൾ മാറ്റി ചീപ്പുകൾ നിർമ്മിക്കുക.

23 ആവശ്യമായ പമ്പ് സെറ്റുകളും മോട്ടോറും പെട്ടിയും പറയും ആവ ശ്യമായ സമിതികൾക്ക് ലഭിക്കുക.

24 അരുവാതോട് തെളിക്കുക.

25 ഇത്തിപ്പുഴയിൽ നിന്നും കായൽ വരെ തോട് രണ്ട് വശവും കല്ലുകെട്ടി സംര ക്ഷിക്കുക.

26 ഇത്തിപ്പുഴ എറതുരുത്തി, കള്ളുകട വ്, എന്നീ ഭാഗത്തുള്ള നാലു മുട്ടു കൾ മാറ്റി ചീർപ്പുകൾ സ്ഥാപിക്കു ക.

27 പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും കൃഷി സംരക്ഷണത്തിനാവശ്യമായ പുറം ബണ്ട് നിർമ്മിക്കുക.

28 നീർചാലുകൾ പുറം ജലസ്രോതസ്സു മായി ബന്ധിപ്പിക്കുന്നതിന് ഉപയോ ഗിച്ചിട്ടുള്ള കുഴലുകൾ മാറ്റി കലു ങ്കു പണിയുക.

29 അയ്യംകുളം തോട് ആഴം കൂട്ടുക.

30 കൃഷി നിലം കുഴിച്ച് കക്കായെടു ക്കുന്നത് നിർത്തലാക്കി നെൽകൃഷി നടത്തുക.

31 അടഞ്ഞു കിടക്കുന്ന തോടുകളെല്ലാം വെട്ടിതെളിക്കുക.

32 കൊടുപ്പാടത്ത് പമ്പിംഗ് സെറ്റ് ഏർപ്പെടുത്തി ജലസേചനത്തിനിട യാക്കുക

"പാടത്തും പണിശാലയിലും പണിചെയ്യുന്നവന്റെ കൂടെയാണ് ദൈവം കൂടികൊള്ളുന്നത്.
അതുകൊണ്ട് നീ നിന്റെ പൂജാമുറി വിട്ട് അവനോടൊപ്പം ചേരുവിൻ"

ടാഗോർ

2 മൃഗസംരക്ഷണവും മത്സ്യബന്ധനവും



മൃഗസംരക്ഷണം

ഏതൊരു കാർഷിക വ്യവസ്ഥയിലും വളരെ പ്രാധാന്യമുള്ള ഒന്നാണ് മൃഗസമ്പത്ത്. ഭക്ഷണമായിട്ടും അദ്ധ്വാനത്തെ ലഘൂകരിക്കുന്ന ശക്തി സ്രോതസ്സായിട്ടും, പ്രകൃതി വിഭവങ്ങളുടെ ഒരു അവിഭാജ്യ ഘടകമായിട്ടും മൃഗങ്ങൾ മനുഷ്യർക്ക് ഉപകരിക്കുന്നു. ഈ മേഖലയിലെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതു വഴി ഗ്രാമീണ ജനങ്ങൾക്ക് ഒരു ഉപ വരുമാന മാർഗ്ഗം ഉറപ്പു വരുത്തുകയാണ് ഈ പദ്ധതികളുടെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്ന്. പാൽ, മുട്ട, മാംസം എന്നിവയുടെ പ്രതിശീർഷ ലഭ്യതയും ഉപഭോഗവും ഉയർത്തുക, ശരിയായ പരിപാലനത്തിലൂടെ മൃഗങ്ങളുടെ ശരാശരി പ്രതിദിന ഉത്പാദനക്ഷമത വർദ്ധിപ്പിക്കുക എന്നിവയും പദ്ധതികളുടെ ലക്ഷ്യങ്ങളിൽ പെടുന്നു.

കേരളത്തിൽ കന്നുകാലി രംഗത്ത് കഴിഞ്ഞ പത്തിരുപത് വർഷങ്ങൾക്കിടയ്ക്കുണ്ടായ വളർച്ചയും വികാസവും പരിശോധിച്ചാൽ ഏറ്റവും പ്രകടമായി കാണുന്നു വസ്തുത പാലിന്റെ ഉത്പാദനത്തിലും, ഉപഭോഗത്തിലും ഉണ്ടായ ഗണ്യമായ വർദ്ധനവാണ്. ചുരുങ്ങിയ കാലം കൊണ്ട് കുറഞ്ഞ മുതൽമുടക്കിൽ കൂടുതൽ വരുമാനമാർഗ്ഗ മേഖലയെന്നതിലുപരി, കൂടുതൽ തൊഴിൽ നല്കുന്ന മേഖലയായും കൂടുതൽ വരുമാനം ഉണ്ടാക്കാവുന്ന മേഖലയായും ഇതിനെ വിശേഷിപ്പിക്കാം.

1960–കളുടെ മദ്ധ്യത്തിൽ മൊത്തം പാലുത്പാദനം ഏതാണ്ട് രണ്ടുലക്ഷം ടൺ ആയിരുന്നത് ഇപ്പോൾ ഏതാണ്ട് പത്തിരട്ടിയായി വർദ്ധിച്ചിരിക്കുന്നു. നാടൻ പശുക്കളിൽ നിന്നുള്ള ഉത്പാദനം മൂപ്പത് ശതമാനം മാത്രം കൂടിയപ്പോൾ മേൽ പറഞ്ഞ കാലഘട്ടത്തിൽ ഗുണമേന്മ ഉയർന്ന പശുക്കളിൽ നിന്നുള്ള ഉല്പാദനം 80 ശതമാനത്തോളം ഉയരുകയുണ്ടായി. കന്നുകാലികളുടെ കാര്യത്തിൽ കേരളത്തിൽ തനതായ ഒരിനം ഇല്ല. എന്നിരുന്നാൽ തന്നെയും കൂടുതൽ പ്രതിരോധശേഷിയുള്ളതും ഉത്പാദന

ശേഷി കൂടുതലുള്ളതും സാധരണക്കാർക്ക് താങ്ങാവുന്ന ആഹാരരീതിയും കൈമുതലായുള്ള വെച്ചൂർ പശുക്കളുടെ വർഗ്ഗം ഇന്നു നാമാവശേഷമായിക്കൊണ്ടിരിക്കുകയാണ്. നാടൻ പശുക്കളുടെ ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതോടൊപ്പം സങ്കര ഗുണങ്ങളുള്ള മൃഗങ്ങളെ സൃഷ്ടിക്കുന്ന ഊർജ്ജിത കന്നുകാലി വികസന പദ്ധതിയും സർവ്വ സാധാരണയായി.

1963–ൽ മാട്ടുപ്പെട്ടിയിലെ ഗവേഷണ കേന്ദ്രത്തിന്റെ ആവിർഭാവത്തോടെ കേരളത്തിലെ കന്നുകാലി വികസനത്തിൽ ഒരു പുതിയ അദ്ധ്യായം ആരംഭിച്ചു. കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങളും മൃഗചികിത്സാ കേന്ദ്രങ്ങളും കേരളം ഈ രംഗത്തു കൈവരിച്ചിട്ടുള്ള പുരോഗതിയുടെ നിദർശനങ്ങളാണ്. ധവള വിപ്ലവത്തിന്റെ രണ്ടാം ഘട്ടം കേരളത്തിൽ നടപ്പിൽ വന്നതോടെ ക്ഷീര സഹകരണ സംഘങ്ങൾ സജീവമായി പ്രവർത്തിക്കുവാനാരംഭിച്ചു.

നാളിതു വരെ നമ്മുടെ സംസ്ഥാനത്ത് മൃഗപരിപാലനത്തിനു വേണ്ടി വിവിധ പദ്ധതികൾ ആവിഷ്കരിക്കുകയുണ്ടായി. പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി, കാലിവസന്ത നിർമ്മാർജ്ജന പദ്ധതി, ആടു വളർത്തൽ തുടങ്ങിയ നടപ്പു പദ്ധതികളിലൂടെ മൃഗസംരക്ഷണ മേഖല സമ്പന്നമാക്കാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ കർഷകർക്ക് ഉല്പാദന നിലവാരം ഉയർത്താൻ സാധിച്ചിട്ടില്ല എന്നുള്ളത് സത്യമാണ്. ചെലവേറിയ പോഷക സമൃദ്ധമായ കാലിത്തീറ്റ മൃഗങ്ങളുടെ സംരക്ഷണച്ചുമതല വർദ്ധിപ്പിക്കുകയും ചെയ്തു. തീറ്റപ്പുൽ കൃഷി പ്രചരിപ്പിക്കുക, ചെലവു കുറഞ്ഞ രീതിയിൽ കാലിത്തീറ്റ നിർമ്മിക്കുക, ശാസ്ത്രീയമായ പരിപാലനം നടത്തുക തുടങ്ങിയവയിലൂടെ ഇതിനൊരു മാറ്റം വരുത്തേണ്ടതാണ്. കാലിത്തീറ്റ പരിപാലന രംഗത്ത് സഹകരണ മേഖല ശക്തമായി ഇടപെടണം.

നടപ്പു പദ്ധതി 1996-97

1. **താറാവു വളർത്തൽ പദ്ധതി**
   മൂന്നാഴ്ച പ്രായമുള്ള താറാവിൻ കുഞ്ഞുങ്ങളെ പകുതി വിലയ്ക്ക് കർഷകർക്ക് നൽകുന്ന പദ്ധതിയിൽ രണ്ടു തവണകളായി 575 കുഞ്ഞുങ്ങളെ വിതരണം ചെയ്തു വളരെയേറെ സാദ്ധ്യത ഇതിനുണ്ടെങ്കിലും താറാവിൻ കുഞ്ഞിന്റെ ദൗർലഭ്യം അനുഭവപ്പെടുന്നു. തദ്ദേശീയമായ കുഞ്ഞുങ്ങളുടെ ഉല്പാദനം ഒരു മാസത്തിൽ കൂടുതൽ വളർച്ചയുള്ള കുഞ്ഞുങ്ങളെ നൽകൽ.

2. **പന്നിവളർത്തൽ യൂണിറ്റ്**
   രണ്ടുമാസം പ്രായമായ 5 പെൺപന്നിക്കുഞ്ഞുങ്ങളെയും ഒരു ആൺ പന്നിക്കുഞ്ഞിനെയും പകുതി വിലയ്ക്ക് നൽകുന്നു. 2 യൂണിറ്റ് അനുവദിച്ചു കിട്ടിയെങ്കിലും ഒരു യൂണിറ്റുമാത്രമേ തുടങ്ങിയുള്ളു.

3. **ആടുവളർത്തൽ പദ്ധതി.**
   പ്രത്യേക ഘടകപദ്ധതിപ്രകാരം പട്ടികജാതിക്കാർക്ക് 1000 രൂപ വിലയുള്ള കറവയാടുകളെ നൽകുന്ന പദ്ധതിയിലൂടെ 21

എണ്ണ് നൽകി. പൂർണ്ണമായും സൗജന്യ പദ്ധതി നന്നല്ല.

4. **കോഴിവളർത്തൽ യൂണിറ്റ്**
ഒരാൾക്ക് 5 കോഴി എന്ന നിരക്കിൽ 700 കുഞ്ഞുങ്ങളെ നൽകി. (15 രൂപാ സബ്സിഡി, 35 രൂപാ) വിജയപ്രദമായിരുന്നു. കുത്തിവയ്പിനായി ഓരോ വാർഡിലും കുറച്ചു പേരെ പരിശീലിപ്പിച്ചെടുക്കുക.

5. **ഗോരക്ഷാക്യാമ്പ്**
പശുക്കളെയും മറ്റും പരിശോധിക്കുക, പ്രതിരോധ കുത്തിവയ്പു നടത്തുക, കോഴിവസന്തക്കെതിരായ കുത്തിവയ്പ്പ്, സെമിനാർ എന്നിവ. രണ്ട് ക്യാമ്പുകൾ നടത്തി. പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ഓരോ വാർഡിലും നടത്തുക.

ഒരു ദശാബ്ദം മുമ്പു വരെ കോഴിമുട്ട കയറ്റുമതി ചെയ്തിരുന്ന കേരളം ഇന്നു വ്യാപകമായി മുട്ട ഇറക്കുമതി ചെയ്യുന്നു. കോഴിക്കുഞ്ഞുങ്ങളെ വൻതോതിൽ വിരിയിച്ചെടുക്കുവാനും, പോഷകാംശം കൂടുതലുള്ള കോഴിത്തീറ്റ ഉണ്ടാക്കുവാനും നാം ശ്രമിക്കേണ്ടതാണ്. പന്നി, ആട് എന്നീ രംഗങ്ങളിലും വളരെ ആസൂത്രിതമായിട്ട് ഇടപെട്ടാൽ ലാഭകരമാകും എന്ന കാര്യത്തിൽ തർക്കമില്ല. പ്രസ്തുത രംഗത്തിലേക്ക് ജനശ്രദ്ധ ആകർഷിക്കുവാനായി ഗവേഷണ നടപടികൾ, ആഹാര രീതികൾ, പാൽ, മാംസം, എന്നിവയുടെ ഉല്പാദനം കോഴിവളർത്തൽ, മുട്ടയുടെ ലഭ്യത, എന്നിവയെ എല്ലാം സംബന്ധിക്കുന്ന തരത്തിൽ ജനങ്ങൾക്കിടയിൽ ഒരു ബോധവൽക്കരണം നടത്തണം. ഇപ്രകാരം, കേരളത്തിലെ ജനങ്ങളുടെ തൊഴിൽ, ആഹാരം എന്നിവയുമായി ബന്ധപ്പെടുത്തി നടത്തുന്ന പരിപാടികൾ ജനങ്ങളുടെ സർവ്വതോന്മുഖമായ പുരോഗതിക്ക് സഹായകരമാക്കിത്തീർക്കാവുന്നതാണ്.

നമ്മുടെ പഞ്ചായത്തിലെ പ്രധാന മൃഗങ്ങൾ പശു, ആട് എന്നിവയാണ്. ഇന്ന് സങ്കരയിനമാണ് കൂടുതൽ കാണുന്നത്. എരുമകളും കാളകളും വളരെ കുറഞ്ഞതോതിൽ മാത്രമേയുള്ളൂ. ഇപ്പോൾ ഇവിടെ 2633 പശുക്കളും, 233 കാളകളുമുണ്ട്, 12 എരുമയും 8 പോത്തും മാത്രമേ ഇപ്പോഴുള്ളൂ. കൂടാതെ 19 പന്നിയും 1820 ആടും 322 പട്ടിയും ഒരാനയും നമ്മുടെ പഞ്ചായത്തിലുണ്ട്. 21100 നാടൻ കോഴികളും 3891 സങ്കരയിനം കോഴികളും നിലവിലുണ്ട്. കൂടാതെ 3,4,6,7,8,9 എന്നീവാർഡുകളീൽ ഇറച്ചിക്കോഴിയുമുണ്ട്.

പട്ടിക 2–1 പഞ്ചായത്തിലെ മൃഗങ്ങളുടെ എണ്ണം.

ഇനം	മറവന്തുരുത്ത്	വൈക്കം	കോട്ടയം
കാള	233	—	—
പശു	2633	—	—
എരുമ	12	—	—
പോത്ത്	8	—	—
ആട്	1820	—	—
പട്ടി	322	—	—
പന്നി	19	—	—
ആന	1	—	—

അവലംബം : മൃഗാശുപത്രി, മറവന്തുരുത്ത്

സംസ്ഥാനത്തിന്റെ കന്നുകാലി സമ്പത്തിന്റെ 94% വും ഗ്രാമപ്രദേശങ്ങളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. നമ്മുടെ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും തന്നെ കന്നുകാലികളുണ്ട്. കുറഞ്ഞ വരുമാനമുള്ള കുടുംബങ്ങൾക്ക് ഇതൊരു വരുമാനമാർഗ്ഗമാണെന്നുള്ളതുകൊണ്ടു തന്നെ ഈ മേഖലയിൽ സാദ്ധ്യതകളിനിയും വർദ്ധിക്കാനിടയുണ്ട്.

കഴിഞ്ഞ മൂന്നു ദശകങ്ങളിൽ പാൽ ഉല്പാദന മേഖലയിൽ കേരളം ഗണ്യമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൽ കഴിഞ്ഞ ദശകങ്ങളിൽ കന്നുകാലി വളർത്തൽ ഏറെ പ്രോത്സാഹിപ്പിക്കപ്പെടുകയും ഉല്പാദനം ഗണ്യമായി വർദ്ധിപ്പിക്കപ്പെടുകയും ചെയ്തുവെങ്കിലും ഇന്നും ഈ മേഖലയിലെ കർഷകർ അസംതൃപ്തരാണ്. ഉല്പാദനച്ചെലവിന് ആനുപാതികമായി പ്രയോജനം കിട്ടുന്നില്ല എന്നുള്ളത് ഈ അസംതൃപ്തിക്ക് കാരണമാണ്. കാലിത്തീറ്റയുടെ അനിയന്ത്രിതമായ വിലക്കയറ്റം, പുല്ല്, വൈക്കോൽ, എന്നിവ ആവശ്യത്തിന് കിട്ടായ്ക തുടങ്ങിയവ ഈ മേഖലയിലെ തളർച്ചക്കു കാരണമാണ്.

ആദ്യഘട്ടങ്ങളിൽ കർഷകർ ഉല്പാദിപ്പിച്ചിരുന്ന പാൽ തൊട്ടടുത്ത കടകളിലോ അയൽപക്കവീടുകളിലോ ആണ് നൽകിയിരുന്നത്. അക്കാലത്തു തന്നെ ചില സ്വകാര്യ വ്യക്തികളും മറ്റും കർഷകരിൽ നിന്നും പാൽ ശേഖരിക്കുന്ന ഒരേർപ്പാടും ഉണ്ടായിരുന്നു. സ്വകാര്യ പാൽ ശേഖരണം നടത്തുന്നവരുടെ ചൂഷണത്തിൽ നിന്നും വിമുക്തി നേടാനുള്ള ശ്രമത്തിന്റെ പരിണതഫലമായിരുന്നു ക്ഷീരോൽപാദക സഹകരണസംഘങ്ങൾ. മറവന്തുരുത്തു പഞ്ചായത്തിൽ രണ്ട് ക്ഷീരോല്പാദക സഹകരണസംഘങ്ങളും ചെമ്മനാകരിയിൽ 6 പേർ ചേർന്നു നടത്തുന്ന CCDP, ജോസ് എന്നന വ്യക്തി നടത്തുന്ന പാൽ വിതരണം കേന്ദ്രം, ഇത്തിപ്പുഴ പ്രസാദ് നടത്തുന്ന സഞ്ചരിക്കുന്ന പാൽ വിതരണ സംഭരണ കേന്ദ്രം, എന്നിവയിലൂടെയാണ് പ്രധാനമായും നമ്മുടെ പഞ്ചായത്തിൽ പാൽ ശേഖരിക്കുന്നതും വിതരണം ചെയ്യുന്നതും. ഇതിൽ 1977–ൽ പാലാം കടവിൽ സ്ഥാപിച്ച സംഘവും, 1984–ൽ കുലശേഖരമംഗലത്ത് സ്ഥാപിച്ചസംഘവും കർഷകർക്ക് ആശ്വാസമേകുന്ന ഏജൻസികളാണ്. ഈ രണ്ടു സംഘങ്ങളിൽ നിന്നുമായി 675 ലിറ്റർ പാൽ ശേഖരിക്കുന്നുണ്ട്. CCDP പതിമൂന്നു പേരിൽ നിന്ന് 37 ലിറ്ററും, ജോസ് ഏഴു പേരിൽ നിന്ന് പതിനേഴു ലിറ്ററും പാൽ ശേഖരിക്കുന്നുണ്ട്. ഇതു കൂടാതെ വ്യാവസായികാടിസ്ഥാനത്തിൽ ചില വ്യക്തികൾ നടത്തുന്ന പാൽ വിതരണ സമ്പ്രദായങ്ങളും നിലവിലുണ്ട്. ഇവരുടെ എണ്ണം കണക്കാക്കപ്പെട്ടിട്ടില്ല.

പട്ടിക 2–2 **മിൽക്ക് സൊസൈറ്റിയെ സംബന്ധിച്ച വിവരങ്ങൾ**

സംഘത്തിന്റെ പേര്	സ്ഥാപന വർഷം	അംഗങ്ങൾ	പ്രവർത്തന മൂലധനം	ഉദ്യോഗസ്ഥർ	പരിധി
K 43 D പാലാംകടവ്	1977	405	51617	3	2,3,4 വാർഡ് 1,5 ഏതാനും ഭാഗം
K 85 K.S. മംഗലം	1984	548	38044	3	6,7,8,10 വാർഡും 1,5ഏതാനും ഭാഗവും
CCDP ചെമ്മനാകരി	1996	7	—	—	8-ാം വാർഡ്

അവലംബം : ദ്വിതീയ വിവര ശേഖരണ സർവ്വേ

പട്ടിക 2–3

സംഘത്തിന്റെ പേര്	ഇപ്പോൾ പാലളക്കുന്നവർ	മൊത്തം ശേഖരിക്കുന്ന പാൽ	പഞ്ചായത്തിൽ വിൽക്കുന്നവർ	പുറത്തേക്ക് കൊണ്ടു പോവുന്നത്
K.43 D പാലാംകടവ്	67	347ലി	40	307 ലി
K. 85 K.S. മംഗലം	60	328ലി	65	263 ലി
C.C.D.P. ചെമ്മനാകരി	13	37ലി	37	—

അവലംബം : ദ്വിതീയ വിവര ശേഖരണ സർവ്വേ

കൃഷിക്കാരിൽ പശുവളർത്തലിന്റെ സാങ്കേതിക ജ്ഞാനം എത്തിച്ചതിന്റെ ഫലമാണ് ഇന്നു ഈ മേഖലയിൽ കാണുന്ന വളർച്ചയ്ക്കു കാരണം. 1960–64 കളിൽ കേവലം രണ്ടു ലക്ഷം ടൺ പാലുല്പാദിപ്പിച്ചിരുന്ന നമ്മുടെ സംസ്ഥാനം ഇന്ന് 22.2 ലക്ഷം ടൺ പാലുല്പാദനമെന്ന നേട്ടം കൈവരിച്ചതിന്റെ പിന്നിൽ നമ്മുടെ കർഷകരല്ലാതെ മറ്റാരാണ്? ഈ മേഖലയെ പരിപോഷിപ്പിക്കുന്നതിനു സഹായകരമാകുന്ന അനേകം നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്.

പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയുണ്ട്. ഇതിന്റെ സേവനം പഞ്ചായത്തിലെ മുഴുവൻ പേർക്കും ലഭിക്കുന്നുണ്ടെങ്കിൽ പോലും, പഞ്ചായത്തിലെ വിവിധ വാർഡുകളിൽ മൃഗസംരക്ഷണ ഉപകേന്ദ്രങ്ങൾ തുടങ്ങേണ്ടതാണ് എന്ന ഗ്രാമസഭകളുടെ നിർദ്ദേശം വിലയിരുത്തേണ്ടതാണ്.

. കന്നുകാലികളിൽ കാണുന്ന പ്രധാന രോഗങ്ങൾ അകിടുവീക്കം കുളമ്പു രോഗം, ക്ഷീരസന്നി എന്നിവയാണ്. പോഷണാപചയത്തിന്റെ പാകപ്പിഴകളാൽ ഉണ്ടാകുന്നവയാണ്, മിക്ക രോഗങ്ങളും. പശുവിന്റെ ക്ഷീരോല്പാദനക്ഷമതയെ ആകെ തകരാറിലാക്കുന്ന അകിടുവീക്കത്തിന്റെ കാരണം ശുചിത്വക്കുറവാണ്. മൂന്നു വർഷത്തിനുള്ളിൽ കാലി വസന്ത രോഗം പരിപൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതിലേക്കായി "റിൻഡർ പെസ്റ്റ് സീറോ" എന്ന ഒരു പദ്ധതി മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ആവിഷ്കരിച്ചു കഴിഞ്ഞിട്ടുണ്ട്. രോഗപ്രതിരോധത്തെക്കുറിച്ചും ശുചിത്വത്തെക്കുറിച്ചും കാലാകാലങ്ങളിൽ കർഷകർക്കു ബോധവൽക്കരണം നൽകേണ്ടത് അത്യന്താപേക്ഷിതമാണ്.

ഇന്ധനക്ഷാമത്തിനു പരിഹാര കാണാനുതകുന്ന ഗോബർ ഗ്യാസു പ്ലാന്റുകൾ നമ്മുടെ പഞ്ചായത്തിൽ 13 എണ്ണമുണ്ട്. കൂടുതൽ പ്ലാന്റുകൾ നിർമ്മിച്ചു ഇന്ധനക്ഷാമത്തിനു പരിഹാരം തേടാവുന്നതാണ്. ഇതിന് കർണ്ണാടക സംസ്ഥാനത്തിലെ പുരി മാതൃക നമ്മുടെ പഞ്ചായത്തിലും പരീക്ഷിച്ചു നോക്കാവുന്നതാണ്.

പണ്ടു കാലത്ത് കൃഷിയിടങ്ങളിലെ മുഖ്യ വളമായിരുന്ന ചാണകം. രാസവളത്തിന്റെ കുതിച്ചു കയറ്റം ജൈവവളത്തെ ആശ്രയിക്കുന്ന രീതി പാടെ മാറ്റിക്കളഞ്ഞു. മണ്ണിന്റെ യഥാർത്ഥ ഗുണം നിലനിറുത്തി ഫലഭൂയിഷ്ഠമാകണമെങ്കിൽ ജൈവവളങ്ങൾക്ക് മുൻഗണന നൽകിയേ തീരൂ.

പട്ടിക 2–4 രോഗവിവരങ്ങൾ

ക്രമ നം	മൃഗരോഗവിവരം	പശു	ആട്	പന്നി	കോഴി
1.	ദഹനസംബന്ധം	688	337	58	179
2.	ശ്വാസകോശ സംബന്ധം	418	212	24	164
3.	ഉപാപചയ സംബന്ധം	48	—	—	—
4.	ത്വക് രോഗം	266	—	—	—
5.	ധാതു ലവണാഭാവം	57	—	—	—
6.	പരാദരോഗം	872	202	21	30
7.	പ്രത്യുൽപാദനസംബന്ധം	226	53	—	—
8.	വന്ധ്യത	93	—	—	—
9.	അകിടു വീക്കം	47	29	—	—
10.	മുടന്തൻ പനി	75	—	—	—
11.	പകർച്ച വ്യാധി	—	—	—	

അവലംബം : മൃഗാശുപത്രി രേഖകൾ

പശുവളർത്തലിന്റെ ഇന്നത്തെ വളർച്ചയിൽ പ്രാധാന്യമർഹിക്കുന്ന ഒന്നാണല്ലോ കൃത്രിമ ബീജസങ്കലന രീതി. നമ്മുടെ പഞ്ചായത്തിൽ ഇതിനു സാദ്ധ്യതയേറെയുണ്ട്. മൃഗാശുപത്രിയോടൊപ്പം തന്നെ ഗോസംവർദ്ധന കേന്ദ്രം എന്ന പേരിൽ ടോളിൽ സ്ഥിതിചെയ്യുന്ന സ്ഥാപനത്തിന്റെയും സേവനം നല്ല രീതിയിൽ തന്നെ പഞ്ചായത്തിൽ ലഭിക്കുന്നുണ്ട്. കഴിഞ്ഞ വർഷം 1184 പശുക്കൾക്ക് കൃത്രിമ ബീജസങ്കലനം നടത്തിയതായി രേഖകൾ പറയുന്നു.

ഇടത്തരം കർഷകരുടെ സാമ്പത്തിക പരിമിതികൾക്ക് അനുയോജ്യമായതു കൊണ്ടും വൈവിദ്ധ്യമാർന്ന പരിതസ്ഥിതികളോട് ഏറെയിണങ്ങിച്ചേരാനുള്ള കഴിവുകളുള്ളതു കൊണ്ടും എപ്പോൾ വേണമെങ്കിലും പണമാക്കി മാറ്റാവുന്ന സ്വത്ത് എന്നതിനാലും ആടുവളർത്തൽ നമ്മുടെ നാട്ടിൽ വളരെ പ്രചാരം നേടിയിട്ടുണ്ട്. ആട്ടിറച്ചിയുടെ വർദ്ധിച്ചു വരുന്ന ഉപഭോഗം

തൃപ്തിപ്പെടുത്തുന്നതിനും കുതിച്ചുയരുന്ന വില ആകർഷകമായതിനാലും ഇളം പ്രായത്തിലുള്ള ആട്ടിൻ കുട്ടികളെപ്പോലും അറവിനു വിധേയമാക്കുന്നത് ആടിന്റെ വംശവർദ്ധനവിനെ കാര്യമായി ബാധിക്കുന്നുണ്ട്.

മനുഷ്യർക്ക് ഉപയോഗിക്കാൻ പറ്റാത്തതും കേടുവന്നതുമായ ആഹാരപദാർത്ഥങ്ങളെ പോഷകമൂല്യം നിറഞ്ഞ മാംസമാക്കി മാറ്റുവാൻ പറ്റിയ മാർഗ്ഗമാണ് പന്നിവളർത്തൽ. 95–ലെ കണക്കു പ്രകാരം കേരളത്തിൽ 125000 പന്നികളാണുണ്ടായിരുന്നത്. എന്നാൽ 1987–ലെ കണക്കനുസരിച്ച് 137090 പന്നികളാണുള്ളത്. നല്ലയിനം പന്നികളെ വളർത്തുന്നതിൽ താരതമ്യേന ചെലവു വരുമെന്നതുകൊണ്ടും വേണ്ടത്ര പന്നിക്കുഞ്ഞുങ്ങളെ കിട്ടാത്തതിനാലും ജനസാന്ദ്രതയേറിയ സ്ഥലമായതിനാലും പന്നിവളർത്തൽ കാര്യമായി വികസിക്കുന്നില്ല. പന്നിയിറച്ചി സംസ്ക്കരിച്ച കൂടുതൽ പേർക്ക് സ്വീകാര്യമായ ഭക്ഷണമാക്കി മാറ്റാനുള്ള ഫാക്ടറികൾ കാര്യക്ഷമമായി ആരംഭിച്ചാൽ പന്നിവളർത്തൽ പുരോഗമിക്കും എന്ന കാര്യത്തിൽ തർക്കമില്ല. കൂടാതെ സർക്കാർ വക ഫാമിനെ ആശ്രയിക്കാതെ മറ്റു ഏജൻസികളുടെ സഹായ സഹകരണത്തോടെ പന്നിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുക മാത്രമേ ഇതിനൊരു പോംവഴിയുള്ളൂ.

"അടുക്കള മുറ്റത്തെ കോഴി" എന ആശയം ഏറ്റവും അധികം പ്രാവർത്തിക മാക്കിയ നമ്മുടെ സംസ്ഥാനത്ത് നല്ലയിനം കോഴിക്കുഞ്ഞുങ്ങളുടെ ദൗർലഭ്യം വളരെയുണ്ട്. കേരളത്തിൽ മുട്ടയുടെ പ്രതിശീർഷ ഉപഭോഗം 77ഉം ലോകാരോഗ്യ സംഘടന ശുപാർശ ചെയ്തിരിക്കുന്നത് 182 ഉം ആണ്. കേരളത്തിലെ ഇന്നത്തെ മുട്ട ഉത്പാദനം ഏകദേശം ഇരുന്നൂറു കോടി ആണ്. രണ്ടായിരമാണ്ടോടെ എല്ലാവർക്കും ആരോഗ്യം എന്ന ലോകാരോഗ്യ സംഘടനയുടെ ലക്ഷ്യം കൈവരിക്കുവാൻ മുട്ട ഉല്പാദനമേഖലയിൽ നാം വളരെ അധികം ഊന്നൽ നൽകേണ്ടതാണ്. നമ്മുടെ പഞ്ചായത്തിൽ 21100 നാടൻ കോഴികളും 3891 സങ്കരയിനം കോഴികളുമുണ്ട്. കഴിഞ്ഞ പത്തു വർത്തിനുള്ളിൽ അഭൂതപൂർവ്വമായ വളർച്ച ഉണ്ടായ മേഖലയാണിത്. വളരെ ലാഭകരമായ നിരക്കിലും വലിയ തോതിലും കോഴിത്തീറ്റ ഉല്പാദിപ്പിക്കാത്തതാണ് കോഴിവളർത്തലിന്റെ ഇനിയുമുള്ള വികാസത്തിനു തടസ്സമായി നിൽക്കുന്ന സംഗതി. ഏറെ മൂലധനമില്ലാതെ തന്നെ നടത്താവുന്ന ഒരു കുടിൽ വ്യവസായമാണ് ഇത്. "ഒരു കോഴിക്കൂടും അഞ്ചാറു കോഴികളും" എന്നത് നമ്മുടെ നാടിന്റെ അഭേദ്യഭാഗമാക്കി തീർക്കണം.

ഇറച്ചിക്കോഴി വളർത്തലിൽ നാം വളരെയേറെ മുന്നോട്ട് പോയിട്ടുണ്ടെങ്കിലും ആ മേഖലയിലെ കർഷകർ അസംഘടിതരാണ്. നമ്മുടെ പഞ്ചായത്തിൽ ഏകദേശം ഇരുപത് ഇറച്ചിക്കോഴി യൂണിറ്റുകളാണുള്ളത്. പ്രാദേശിക സൊസൈറ്റികൾ രൂപീകരിച്ച്. ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി മുന്നോട്ടുപോയാൽ

മാത്രമേ ഈ മേഖല രക്ഷപ്പെടുകയുള്ളൂ. അതോടൊപ്പം തന്നെ ആവശ്യമായ കുഞ്ഞുങ്ങളെ പ്രാദേശികമായി വിരിയിച്ചെടുക്കാനുള്ള ഫാക്ടറികൾ, സഹകരണാടിസ്ഥാനത്തിൽ തീറ്റ നിർമ്മിക്കൽ, "ഗുണനിലവാരമുള്ള" പ്രതിരോധ മരുന്നു നൽകൽ, സൗജന്യ ഇൻഷ്വറൻസ് എന്നിവയുണ്ടായാൽ ഈ മേഖല ആകർഷകമാക്കാൻ സാധിക്കും. കുടുംബാംഗങ്ങളുടെ ഒഴിവു സമയം ഫലപ്രദമായി ഉപയോഗപ്പെടുത്തി കുടുംബത്തിന്റെ സാമ്പത്തിക ഭദ്രതയും മാംസത്തിന്റെ ഗാർഹിക ഉപഭോഗത്തിലെ സ്വയം പര്യാപ്തതയും ഇതുവഴി ഉണ്ടാക്കാം. വീട്ടമ്മമാർക്ക് അതിനു ആവശ്യമായ പരിശീലനവും നൽകണം. വനിതാ സഹകരണസംഘത്തിലൂടെ ഈ പദ്ധതി ബഹുമുഖ പ്രയോജനകരമാക്കി വളർത്തി എടുക്കാവുന്നതാണ്.

നമ്മുടെ പഞ്ചായത്തിലെ ചിലയിടങ്ങളിൽ താറാവുകൃഷി വൻതോതിൽ നടക്കുന്നുണ്ട്. കൂടാതെ ഏതാനും വീടുകളിൽ ചെറിയ തോതിൽ താറാവു കൃഷി നടക്കുന്നുണ്ട്. താറാവു വളർത്തൽ അനുയോജ്യമായ സ്ഥലങ്ങളിൽ വീടിനു ചുറ്റുമുള്ള പറമ്പിൽ താറാവിനെ വളർത്താൻ ഒരു കർഷകനു ഒരു മാസം പ്രായമായ ഇരുപതു കുഞ്ഞുങ്ങളെ നൽകുന്ന പദ്ധതിയനുസരിച്ച് പഞ്ചായത്തിലെ നൂറോളം കുടുംബങ്ങൾക്കു നൽകി. താറാവു കൃഷിയിൽ സംഘടിതമായ ഒരു മുന്നേറ്റം ഇല്ലാത്തതിനാലും രോഗപ്രതിരോധത്തിലും ഇൻഷ്വറൻസിലും പ്രാധാന്യം നൽകാത്തതിനാലും പലപ്പോഴും ഭീമമായ നഷ്ടത്തിൽ കലാശിക്കുന്നു. മാത്രമല്ല ഈ മേഖലയുടെ വികസനം ലക്ഷ്യമാക്കുന്ന പദ്ധതികൾ ഭൂമിശാസ്ത്രപരമായി താറാവു വളർത്തലിനു യോജിച്ച സ്ഥലങ്ങളിൽ നടപ്പിലാക്കേണ്ടതാണ്.

വാണിജ്യാടിസ്ഥാനത്തിൽ ലാഭകരമായി നടത്താവുന്ന ഒരു പരിപാടിയാണ് മുയൽ വളർത്തൽ. മുയൽ കുഞ്ഞുങ്ങളുടെ ദൗർലഭ്യം മൂലവും വിപണി കണ്ടെത്തുന്നതിലുള്ള സ്വയം പര്യാപ്തതയില്ലായ്മയും ഈ കൃഷി നടത്തുന്നതിൽ നിന്നും ആളുകൾ പിന്നോക്കം പോകുന്നു. നമ്മുടെ പഞ്ചായത്തിൽ ഏതാനും മുയൽ യൂണിറ്റുകൾ നിലവിലുണ്ട്. ബാങ്കുകൾ മുഖേന സഹായധനം ഇതിനു ലഭിക്കുന്നുണ്ടെങ്കിലും വേണ്ടത്ര രീതിയിൽ അവ പ്രയോജനപ്പെടുത്താനാവുന്നില്ല.

പഞ്ചായത്ത് രാജ് പ്രവർത്തനങ്ങൾ ഊർജ്ജിതമായതോടെ മൃഗസംരക്ഷണ രംഗത്ത് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചാൽ ഈ രംഗത്ത് കുതിച്ചു ചാട്ടമുണ്ടാകും. മൃഗാശുപത്രി വികസന സമിതികൾ രൂപീകരിച്ച് സമഗ്രമൃഗപരിപാലനം ഉറപ്പാക്കണം.

ഇക്കൂട്ടത്തിൽ ഒഴിവാക്കാനാവാത്ത ഒന്നാണ് പേ വിഷ നിയന്ത്രണം. പ്രതിവർഷം ലോക ജനസംഖ്യയിൽ 35000 പേർ പേ വിഷബാധമൂലം മരിക്കുമ്പോൾ അതിൽ 25000 മരണങ്ങൾ (72%) ഇന്ത്യയിലാണ്. ഇതുകൂടാതെ ഒൻപത് ലക്ഷത്തിലധികം പേർ പ്രതിരോധ കുത്തിവയ്പ്പിന് വിധേയമാകുന്നു. തെരുവു

നായ്ക്കളെ നശിപ്പിക്കുന്നതിനും വളർത്തു നായ്ക്കൾക്ക് ലൈസൻസ് ഏർപ്പാടാക്കുന്നതിനും തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ വേണ്ടത്ര ശുഷ്കാന്തി കാണിക്കേണ്ടതാണ്. ഗുണമേന്മയുള്ള വാക്സിന്റെ ദുർലഭ്യം, അത് വിതരണം ചെയ്യുന്നതിനും സൂക്ഷിക്കുന്നതിനുമുള്ള വൈഷമ്യങ്ങൾ എന്നിവ ഈ സംരഭത്തിന് തടസ്സമായി നില്ക്കുന്നു. കണ്ണൂർ ജില്ലയിലെ പെരിങ്ങോം, വയ്ക്കര പഞ്ചായത്തുകളുടെ സമഗ്ര പേവിഷ നിയന്ത്രണ പരിപാടി പോലെയുള്ള പ്രവർത്തന മാതൃക നമുക്കു സ്വീകരിക്കാവുന്നതാണ്. ഇതിനു സഹായകമാകുന്ന വാർഡ്, പഞ്ചായത്തു സമിതികൾ രൂപീകരിച്ച് ലക്ഷ്യം നേടേണ്ടതാണ്.

പ്രശ്നങ്ങൾ

1. കാലിത്തീറ്റയുടെ ലഭ്യതയില്ലായ്മ
2. ഗുണമേന്മ കുറഞ്ഞ കോഴിക്കുഞ്ഞുങ്ങൾ
3. കാലിത്തീറ്റയുടെ വിലക്കൂടുതൽ
4. മൃഗാശുപത്രിയിലെ ചികിത്സ
5. ഗുണമേന്മയുള്ള പ്രതിരോധമരുന്നുകൾ
6. പാൽ വിതരണ കേന്ദ്രത്തിന്റെ അഭാവം
7. പാലിന്റെ വിലക്കുറവ്
8. കന്നുകാലി, കോഴിവളർത്തൽ ലഭിക്കുന്ന ലോണിന്റെ കാലതാമസം

നിർദ്ദേശങ്ങൾ

1. സഹകരണാടിസ്ഥാനത്തിൽ കാലിത്തീറ്റയുടെയും കോഴിത്തീറ്റയുടെയും ഫാക്ടറി സ്ഥാപിച്ച് വിതരണം ചെയ്യുക
2. തരിശു പുറമ്പോക്ക് ഭൂമിയിൽ തീറ്റപ്പുൽ കൃഷി ചെയ്യുക
3. നല്ലയിനം പശുക്കളെയും ആടുകളെയും സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക
4. ഗുണമേന്മയുള്ള മുട്ടക്കോഴിയെ വിതരണം ചെയ്യുക
5. രോഗപ്രതിരോധ ചികിത്സ സൗജന്യമായി നൽകുക
6. വാക്സിൻ കുത്തിവയ്പ്പ് ജനകീയമാക്കാൻ യുവതീയുവാക്കളെ പരിശീലിപ്പിക്കുക.
7. ഇൻഷ്വറൻസ് തുകയുടെ അമ്പതുശതമാനം പഞ്ചായത്തു നൽകുക
8. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ കൊല്ലുക
9. സർക്കാർ സഹായധനങ്ങൾ കാര്യക്ഷമമായി വിതരണം ചെ

യ്യുക

10. കർഷകർക്കു കാർഷിക വിജ്ഞാനം നൽകുക

11. പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലയിൽ മൃഗാശുപത്രി സേവനം ഉറപ്പുവരുത്തുന്നതിന് സബ്സെന്റർ ആരംഭിക്കുക.

12. മുയൽ വിപണന സൗകര്യം ഏർപ്പെടുത്തുക

13. സൗജന്യമായി അത്യുല്പാദനശേഷിയുള്ള മുയൽ, ഇനങ്ങളെ വിതരണം ചെയ്യുക

14. ഗോബർഗ്യാസ് പ്ലാന്റിലൂടെ വൈദ്യുതി ഉണ്ടാക്കാനുള്ള പരിപാടി പഞ്ചായത്ത് ബ്ലോക്ക് സമിതികൾ ആവിഷ്കരിക്കുക.

15. ഇറച്ചിക്കോഴി കൃഷിക്കാർക്കുള്ള കുഞ്ഞുങ്ങളെ ഈ പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കുക.

16. കോഴികളുടെ രോഗപ്രതിരോധകുത്തിവയ്പ്പിനു തൊഴിലില്ലാത്തവർക്ക് പരിശീലനം നൽകി ഏർപ്പെടുത്തുക.

17. മൃഗാശുപത്രി വികസന സമിതി രൂപീകരിക്കുക.

18. മൃഗസംരക്ഷണ രംഗത്തെ വായ്പകളും മറ്റും ഏകീകരിക്കുക.

19. വീടുകളിലുള്ള കോഴികൾക്കു ബാധിക്കുന്ന രോഗത്തിനെതിരെ കുത്തിവയ്പ്പു നടത്താൻ എതാനും പേർക്ക് പരിശീലനം നൽകുക.

മത്സ്യബന്ധനം

കേരളത്തിന്റെ സമ്പദ്ഘടനയിൽ വളരെ പ്രധനപ്പെട്ട ഒന്നാണ് മത്സ്യമേഖലയ്ക്കുള്ളത്. ഏതാണ്ട് പത്തു ലക്ഷത്തോളം പേരുടെ ഉപജീവനമാർഗ്ഗമാണ് മത്സ്യബന്ധനം. പ്രതിവർഷം ഇരുന്നൂറ് കോടിയിലധികം രൂപാ സമുദ്രോല്പന്ന കയറ്റുമതിയിലൂടെ നാം നേടിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ നാലു പതിറ്റാണ്ടു കാലമായി ഇന്ത്യയിൽ ഏറ്റവും കൂടുതൽ മത്സ്യം ഉത്പാദിപ്പിക്കുന്ന സംസ്ഥാനമാണ് കേരളം. 1991 ലെ കണക്കുകൾ അനുസരിച്ചുള്ള കേരളത്തിലെ കടൽമത്സ്യ ഉല്പാദനം 5.65 ലക്ഷം ടൺ ആണ്. മൊത്തം സംസ്ഥാന വരുമാനത്തിന്റെ രണ്ട് ശതമാനവും ഈ മേഖലയുടെ പങ്കാണ്. സംസ്ഥാനത്തെ ജനസംഖ്യയുടെ മൂന്ന് ശതമാനത്തിന് പ്രധാന ജീവിതോപാധിയും ഈ മേഖലയാണ്.

സമൃദ്ധമായ മത്സ്യവിഭവസമ്പത്തും വൈവിദ്ധ്യമാർന്ന മത്സ്യബന്ധന സാങ്കേതിക വിദ്യകളും കേരളമുൾപ്പെടുന്ന തീരപ്രദേശത്ത് ലഭ്യമായിരുന്നു എന്ന് നൂറ്റാണ്ടുകൾക്കുമുമ്പു തന്നെ പലരും രേഖപ്പെടുത്തിയിട്ടുണ്ട്. വൻ ചാളക്കൂട്ടങ്ങളെ പിൻതുടർന്നാണ് കച്ചവടത്തിനായി വന്ന അറബികൾ മലബാറിലേക്കുള്ള വഴി കണ്ടുപിടിച്ചതെന്ന് ഫ്രാൻസിസ് ഡേ എന്ന മത്സ്യശാസ്ത്രജ്ഞൻ 1867–ൽ പ്രസിദ്ധപ്പെടുത്തിയ "മലബാറിലെ മത്സ്യങ്ങൾ" എന്ന തന്റെ ഗ്രന്ഥത്തിൽ പറയുന്നു.

മറവൻതുരുത്തു പഞ്ചായത്തിന്റെ പടിഞ്ഞാറു ഭാഗത്ത് 7,8,9 എന്നീ വാർഡുകളിലായി തെക്കുവടക്ക് മൂന്ന് കിലോമീറ്റർ നീളത്തിൽ കായലോരമുണ്ട്. പഞ്ചായത്തിന്റെ 7 8.9 വാർൾഡുകളിലെ മേക്കര, ചെമ്മനാകരി, തറവട്ടം എന്നീ പ്യലോര പ്രദേശങ്ങളാണ്. മൂവ്വാറ്റുപുഴയുടെ ഇരു കൈവഴികളും അവയുടെ ശാഖകളും ഇടത്തോടുകളും കരിനിലങ്ങളും കൂടാതെ കുളങ്ങളും മറവൻതുരുത്ത് പഞ്ചായത്തിലെ മത്സ്യ സങ്കേതങ്ങളാണ്.

നമ്മുടെ നാട്ടിലെ പ്രധാനപ്പെട്ട ഇനങ്ങളായ കരിമീൻ, തിരുത, ചെമ്പല്ലി, കട്ല തെരണ്ടി, വാള, വരാൽ, കണമ്പ്, വറ്റ, കൂറിച്ചിൽ, പള്ളത്തി, കാരി, കൂരി, മുഷി, കോല, പൂളാൻ, പുല്ലൻ, കറുപ്പ്, നന്തൻ, കയ്പ, തിലോഫിയ, ആരാൻ, കോര, കുറുവ, പരൽ, അർണിൽ, പ്രാഞ്ഞിൽ, കണിയാംപരൽ, കട്ടിയ്ക്കപൂളാൻ, കരിങ്കണ, ഊപ്പ, പൂമീൻ, നയ്യിൽ എന്നിവയ്ക്ക് പുറമെ രൂപത്തിലും ഭാവത്തിലും പാമ്പാണെന്ന് തോന്നിക്കുന്നതും വളരെയേറെ സിദ്ധൗഷധഗുണമുള്ളതുമായ 'മനഞ്ഞിലും' കൂടാതെ കൂന ചെമ്മീൻ, തെള്ളിച്ചെമ്മീൻ, കാരചെമ്മീൻ, നാരൻ ചെമ്മീൻ, ചൂടൻ ചെമ്മീൻ, കൊഞ്ച്, എന്നിവയും സുലഭമായി കാണപ്പെടുന്നുണ്ട്. ഇവ കൂടാതെ ഞണ്ടും ഞവണിക്കയും കക്കയും ഇവിടെ കൂടുതലായി കാണപ്പെടുന്നുണ്ട്.

മത്സ്യബന്ധനത്തിനു വേണ്ടി ചൂണ്ട, ഒറ്റാൽ, കൂട്, തെറ്റാലി, വിവിധതരം

വലകളായ പന്ത്രണ്ടു വടി, ഊന്നിവല, കമ്പവല, ഉടക്കുവല, അടക്കം കൊല്ലിവല, വട്ടവല, വീശുവല, കോരുവല, ഉണ്ട വല, കൂടാതെ നാടൻ മത്സ്യബന്ധനരീതികളായ പടല, വല്ലം, വള്ളി കൈകൊണ്ട് പിടിക്കൽ തുടങ്ങിയ രീതികൾ ഇന്നും നിലനിർത്തിപ്പോകുന്നുണ്ട്.

മത്സ്യബന്ധന രീതികൾ

പട്ടിക 2–5

കായൽ മത്സ്യബന്ധനം	ഉൾനാടൻ മത്സ്യബന്ധനം
പന്ത്രണ്ടുപടി	വീശുവല
കമ്പവല	വട്ടവല
അടക്കംകൊല്ലി	ഉണ്ടവല
ഊണിവല	പന്ത്രണ്ടു പടി
ഉടക്കുവല	ഒറ്റാൽ
വള്ളി	കൂട്
ആയിരം ചൂണ്ട	തെറ്റാലി
,,	ചൂണ്ട
,,	പടല
,,	വല്ലം

അവലംബം : കാരണവ ചർച്ചകൾ

നമ്മുടെ കായലോരങ്ങളിൽ പെട്ട ചെമ്മനാകരി ഭാഗത്താണ് ഏറിയ പങ്കും മത്സ്യങ്ങളുള്ളത്. ഈ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ മത്സ്യകൃഷി നടത്തുന്നത്. ചെമ്മനാകരി ഭാഗം ഉൾപ്പെടുന്ന എട്ടാം വാർഡിലാണ്. മേക്കര, ചെമ്മനാകരി, തറവട്ടം, എന്നിവിടങ്ങളിലെ നല്ലൊരു ശതമാനം കുടുംബങ്ങളും മത്സ്യബന്ധനവും, കക്കാ സംഭരണവും കൊണ്ട് ഉപജീവനം നടത്തുന്നവരാണ്. ഇതിനു പുറമേ സ്ത്രീത്തൊഴിലാളികൾ കടൽമത്സ്യവും കായൽമത്സ്യവും വിലയ്ക്കു വാങ്ങി അന്യപ്രദേശങ്ങളിൽ കൊണ്ടുപോയി വില്പന നടത്തുന്നു.

എന്നാൽ പോലും നിത്യവൃത്തി കഴിഞ്ഞിട്ട് ഒരു രൂപാ പോലും മിച്ചം വയ്ക്കുവാൻ ഇക്കൂട്ടർക്ക് സാധിക്കുന്നില്ല. വീട്, മത്സ്യബന്ധനത്തിനുള്ള വല, വള്ളം, ചരുവം, എന്നിവയ്ക്ക് ബാങ്ക് വായ്പയുള്ളതുകൊണ്ട് ഇവർ നിലനിന്നു പോകുന്നു. എന്നാൽ പോലും ഇടത്തട്ടുകാരുടെയും ബ്ലേഡുകാരുടെയും ചൂഷണത്തിൽ നിന്ന് ഇവർ ഒട്ടും മോചിതരല്ല. കാലാകാലങ്ങളിൽ നിന്ന് മത്സ്യവകുപ്പിന്റെ നേതൃത്വത്തിലുള്ള സഹായധനം യഥാകാലം സ്വീകരിച്ചിരുന്നുവെങ്കിൽ ഈ തരത്തിലുള്ള ചൂഷണത്തിൽ നിന്നും ഒരു പരിധിവരെ മോചനം ലഭിക്കുമായിരുന്നു.

മത്സ്യമേഖല ഇന്ന് പ്രശ്ന സങ്കീർണ്ണമായിരിക്കുകയാണ്. മത്സ്യ സമ്പത്ത് ശോഷണവും തൊഴിലില്ലായ്മയും ഈ മേഖലയിൽ രൂക്ഷമായിരിക്കുന്നു. കേരളത്തിന്റെ തീരക്കടൽ, ആഴക്കടൽ, ഉൾനാടൻ മത്സ്യബന്ധനമേഖലകളിലും പരമ്പരാഗത യന്ത്രവത്കൃത മത്സ്യരംഗങ്ങളിലും നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുന്ന സാമ്പത്തിക സമാഹരണ തൊഴിൽ ബന്ധപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ശക്തമായ മാനേജുമെൻറ് പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കേണ്ടിയിരിക്കുന്നു. ഇത്തരം പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനു ഫലപ്രദമായി നടപ്പിലാക്കുന്നതിനും ജനപങ്കാളിത്തം കൂടിയേ തീരൂ.

ചെമ്മനാകരി ഭാഗങ്ങളിൽ വെള്ളക്കെടുതികൾ ഉള്ള സ്ഥലം കൂടുതലുണ്ട്. ആയതിനാൽ ഉൾനാടൻ മത്സ്യകൃഷി നടത്തുന്നതിന് അനുകൂലമായ സാഹചര്യമാണുള്ളത്. അതിന് ആവശ്യമായ മത്സ്യക്കുഞ്ഞുങ്ങളെ നൽകുകയും ചെയ്യണം. കൂടാതെ പഞ്ചായത്തിന്റെ വാർഡുകളിലുള്ള പാടങ്ങൾ, കുളങ്ങൾ, എന്നിവിടങ്ങളിൽ മത്സ്യകൃഷി നടത്താവുന്നതാണ്. ഇവർ കൃഷി ചെയ്യുന്ന മത്സ്യങ്ങൾ യഥാസമയം വില്ക്കുവാനുള്ള സ്ഥലമോ അല്ലെങ്കിൽ കോൾഡ് സ്റ്റോറേജോ സ്ഥാപിച്ചു കൊടുക്കേണ്ടതാണ്.

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സഹായകരമായ പല പദ്ധതികളും ഉണ്ട്. എന്നാൽ ഫിഷറീസ് ഡിപ്പാർട്ടുമെന്റിൽ നിന്നും 500 രൂപ വീതം സഹായ ധനമായി വാങ്ങി നടത്താവുന്ന മത്സ്യക്കച്ചവടം നടത്തുന്നവരുടെ എണ്ണം വളരെ കുറവാണ്. മുടങ്ങാതെ പണം നൽകുന്നയാൾക്ക് 500 രൂപാ അടച്ചു കഴിയുമ്പോൾ 1000 രൂപയും പിന്നീട് 2000 രൂപ എന്നിങ്ങനെയുള്ള വായ്പയെക്കുറിച്ച് അറിയാവുന്നവർ വിരളമാണ്. സർക്കാർ സഹായത്തിനു പകരം സ്വകാര്യ നാടൻ ബ്ലേഡുകളിൽ നിന്നും പണം വാങ്ങിച്ച് മത്സ്യം വില്ക്കുന്ന കുടുംബങ്ങളാണധികവും. ഇതിനറുതി വരുത്തണം. അതിനു സർക്കാർ വായ്പകൾ മുഴുവൻ ആൾക്കാരും അറിയുകയും അതിനുള്ള സഹായങ്ങൾ ചെയ്തു കൊടുക്കുന്നതിൽ പഞ്ചായത്ത് ഉത്സാഹം കാണിക്കേണ്ടതാണ്.

പഞ്ചായത്തിലുടനീളം മത്സ്യ വിൽപന നടത്തുന്ന സ്ത്രീകൾ, ഇരുചക്രവാഹനങ്ങളിൽ വില്പന നടത്തുന്നവർ, കൂടാതെ തൊട്ടടുത്ത ചന്തകളായ ചെമ്പ്, നാനാടം, എന്നിവിടങ്ങളിൽ വില്പനക്കാർ എന്നിവരെയാണ് നാം മത്സ്യ

ത്തിനായി ആശ്രയിക്കുന്നത്. പുഴയോരങ്ങളിൽ വളരെ നല്ല രീതിയിൽ ചൂണ്ടയിടൽ മുഖേനയുള്ള ബന്ധനവും നടക്കുന്നുണ്ട്.

നവംബർ മുതൽ ഏപ്രിൽ മാസം വരെ വേലിയേറ്റം അനുഭവപ്പെടുന്ന മേഖലയാണ്. ആയതിനാൽ പടിഞ്ഞാറൻ പ്രദേശങ്ങളിൽ ഓരുവെള്ളം കയറുന്നു. അതിനാൽ പുറബണ്ടു കെട്ടി ശുദ്ധജല മത്സ്യകൃഷി വികസിപ്പിച്ചെടുക്കേണ്ടതാണ്. അതുപോലെ തന്നെ ചെമ്മീൻ കൃഷി ചെയ്യാവുന്ന സ്ഥലങ്ങൾ പഞ്ചായത്തിന്റെ, വിവിധ വാർഡുകളിലുണ്ട്. കൂടാതെ ഈ ഭാഗം ഒരു മത്സ്യഗ്രാമമായി അംഗീകരിക്കേണ്ടതാണ്. ഇവർക്ക് സഹായകരമാകുന്ന ഒരു ഫിഷ്‌ലാന്റിംഗ് സെന്റർ ദിക്കറിയുന്നതിന് ഒരു ഡെബിൾ ട്യൂബുലൈറ്റ് എന്നിവ ഉടനെ തന്നെ സ്ഥാപിച്ചു കൊടുക്കേണ്ടതാണ്.

പഞ്ചായത്തിലെ മിക്ക കുളങ്ങളും മറ്റും ഉപയോഗപ്പെടുത്തി മത്സ്യകൃഷി ഭംഗിയാക്കാവുന്നതാണ്. ഉൾനാടൻ മത്സ്യകൃഷിയിൽ വളരെ ഏറെ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. മത്സ്യങ്ങളുടെ അളവു പണ്ടത്തേക്കാളും വളരെയേറെ കുറഞ്ഞിട്ടുണ്ട്. ഇടയ്ക്കിടെ വന്നു ഭവിക്കുന്ന മത്സ്യരോഗങ്ങൾ തോട് മലിനപ്പെടുത്തൽ തുടങ്ങിയവ മത്സ്യങ്ങളുടെ ദൗർലഭ്യത്തിനു കാരണമാണ്. കൂടാതെ ഉൾനാടൻ ജലാശയങ്ങലെ വെള്ളത്തിന്റെ അളവു കുറയുകയും ചെയ്തു. പുഴയുടെ ആഴം കൂടുകയും അതനുസരിച്ച് ജലാശയങ്ങളിലെ വെള്ളത്തിന്റെ അളവ് കുറയുകയും ചെയ്തതോടെ മത്സ്യ ഉല്പാദനം കുറയുകയുണ്ടായി. സ്ക്കൂളുകളിലൂടെ ഒരുകൂടു മീൻ കുഞ്ഞുങ്ങൾ നൽകുന്ന പദ്ധതി വ്യാപകമാക്കുന്നതാണ് നല്ലത്.

പഞ്ചായത്തിൽ മത്സ്യത്തൊഴിലാളി സംഘങ്ങൾ ഒന്നും ഇല്ല. മേക്കര, തറവട്ടം, ചെമ്മനാകരി കേന്ദ്രമാക്കി ഒരു ലാന്റിംഗ് സെന്ററും അതോടനുബന്ധിച്ച് ഒരു സഹകരണ സംഘവും വരുന്നതിൽ ഏറെ താല്പര്യം കാണിക്കുന്നവരാണ് ഇവിടുത്തെ ജനങ്ങൾ. അതുപോലെ തന്നെ മത്സ്യസംസ്ക്കരണശാലകൾ അതിന്റെ ശരിയായ അർത്ഥത്തിൽ സ്ഥാപിക്കുന്നത് നല്ലതാണ്.

നിലവിൽ മീൻ വില്പന നടത്തുന്ന അനേകം തൊഴിലാളികളും ഇരുചക്രവാഹനത്തിൽ കച്ചവടം ചെയ്യുന്നവരുമാണുള്ളത്. ഗുണമേന്മയേറിയ മത്സ്യമാണ് അതെന്ന് വിശ്വസിക്കാൻ നമുക്കേറെ ബുദ്ധിമുട്ടാണ്. പഞ്ചായത്തിൽ സ്വന്തമായി ലാന്റിംഗ് സെന്റർ ആരംഭിച്ചാൽ ഇതിനൊരു മാറ്റം വരുത്താൻ സാധിക്കും.

പ്രശ്നങ്ങൾ

1. മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ ഉപകരണങ്ങൾ വേണ്ടത്ര ഇല്ല.
2. തോടുകളുടെ ഇന്നത്തെ അവസ്ഥ മത്സ്യബന്ധനത്തിനു തടസ്സമായി നില്ക്കുന്നു.
3. പഞ്ചായത്തിലുലുള്ള ധാരാളം പുറമ്പോക്കു കുളങ്ങളും തോടു

കളും ഉപയോഗശൂന്യമാണ്.

4. മത്സ്യക്കുഞ്ഞുങ്ങളുടെ ലഭ്യത ക്കുറവ്.
5. പുഴയ്ക്കരികിലുള്ള ചകിരിമി ല്ലിലെ അവശിഷ്ടങ്ങൾ.
6. കായൽ തീരങ്ങൾ നികത്തുന്നു.
7. മീൻ വളർത്താൻ സൗകര്യമുള്ള ധാരാളം സ്ഥലങ്ങൾ വെറുതെ കിടക്കുന്നു.


നിർദ്ദേശങ്ങൾ

1. കൃഷിയിടത്തിൽ ഒരു കൃഷിക്കു ശേഷം ഒരു മത്സ്യകൃഷി നട ത്താവുന്നതാണ്.
2. മത്സ്യങ്ങൾ സൂക്ഷിക്കാൻ ഒരു കോൾഡ് സ്റ്റോറേജ് ഒരു ഐസ്പ്ലാന്റും ഉണ്ടാക്കണം.
3. വലിയ വലക്കാർ ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യബന്ധനം നടത്തരുത്.
4. തരിശു ഭൂമിയിൽ പഞ്ചായത്തി ടപെട്ട് അവിടെ മത്സ്യകൃഷി നട ത്തണം.
5. മത്സ്യത്തൊഴിലാളികൾക്ക് ആവ ശ്യമായ സഹായങ്ങൾ ലഭിക്കാ നുള്ള നടപടിയെടുക്കണം.
6. പഞ്ചായത്തിന്റെ പടിഞ്ഞാറൻ ഭാഗത്തെ മത്സ്യഗ്രാമമായി കണ ക്കാക്കുക.
7. കായലരുകിൽ ദിശ അറിയാൻ ഡെബിൾ ട്യൂബ്ലൈറ്റ് സ്ഥാപി ക്കുക.
8. മത്സ്യത്തൊഴിലാളി സംഘത്തി ലേക്ക് അനുവദിക്കുന്ന ലോണു കൾ അംഗങ്ങൾക്ക് യഥാസമയം ലഭ്യമാക്കുക.
9. മത്സ്യത്തൊഴിലാളികൾ താമസി ക്കുന്ന കായലോരങ്ങളിൽ പുറംബണ്ടു കെട്ടി സംരക്ഷിക്കു ക.
10. തൊഴിലാളികളുടെ വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
11. മേക്കരയിൽ ലാന്റിംഗ് സെന്ററും മത്സ്യമാർക്കറ്റും നിർമ്മിക്കുക.
12. പുറമ്പോക്കു തോടുകളോ, കുള ങ്ങളോ കേന്ദ്രീകരിച്ച മാതൃകാ കൃഷിപരിശീലന കേന്ദ്രം തുട ങ്ങുക.
13. തോടുകൾ മത്സ്യബന്ധനത്തിന് ഉപയുക്തമാക്കുക.
14. പഞ്ചായത്തു തലത്തിലോ ബ്ലോക്കു തലത്തിലോ മത്സ്യക്കു ഞ്ഞുല്പാദന കേന്ദ്രം തുടങ്ങുക.
15. ചകിരിച്ചോറ് വളമാക്കി മാറ്റി മലി നീകരണം തടയുക

"ഒരാളെ മീൻ പിടിക്കുന്ന വിദ്യ പറഞ്ഞുകൊടുക്കുന്ന താണ്, മീൻപിടിച്ചു കൊടുക്കുന്നതിനേക്കാൾ നല്ലത്....."

ഒരു ചൈനീസ് പഴമൊഴി

3 വ്യവസായം



കേരളം വ്യാവസായികമായി പിന്നോക്കം നില്ക്കുന്ന സംസ്ഥാനങ്ങിലൊന്നാണ്. ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതൽ പേർ വ്യവസായത്തുറകളിൽ പണിയെടുക്കുന്നുണ്ടെങ്കിലും അവരിൽ ഭൂരിപക്ഷംപേരും തകർന്നു കൊണ്ടിരിക്കുന്ന പരമ്പരാഗത വ്യവസായങ്ങളിലും ചെറുകിട വ്യവസായങ്ങളിലുമാണ് ജോലി ചെയ്യുന്നത്. ഈ വ്യവസായത്തുറകൾ തകർച്ചയെ നേരിടുമ്പോൾത്തന്നെ ആധുനിക വ്യവസായങ്ങൾ ഉയർന്നുവരുന്നില്ലാ എന്നതും ഒരു മുഖ്യപ്രശ്നം തന്നെ.

കൃഷി കഴിഞ്ഞാൽ കേരളത്തിലെ ജനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട തൊഴിൽ മേഖലയാണ് പരമ്പരാഗത വ്യവസായങ്ങൾ. ഇവയാകട്ടെ വളർച്ചമുട്ടി നിക്കുകയുമാണ്. എന്നാൽ ഇവയെ അവഗണിച്ചുകൊണ്ട് ആധുനിക വ്യവസായങ്ങളുടേതായ ഒരു സൗധം കെട്ടിപ്പടുക്കാനുദ്ദേശിക്കുന്നത് വിഡ്ഡിത്തവുമാണ്. പുതിയ വ്യവസായങ്ങൾ എത്ര വേഗത്തിൽ വളർന്നാലും പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിലാളികളെയാകെ ഉൾക്കൊള്ളുന്നതിന് അടുത്ത ഭാവിയിലൊന്നും കഴിയുകയുമില്ല.

പരമ്പരാഗത വ്യവസായങ്ങളായ കയർ, കുട്ടനെയ്ത്ത്, മുറംനെയ്ത്ത്, പായ്നെയ്ത്ത്, കൈത്തറി തുടങ്ങിയവയ്ക്ക് ശക്തമായ വോരോട്ടമുള്ള ഒരു പഞ്ചായത്താണ് നമ്മുടേത്. കയർ വ്യവസായ സഹകരണ സംഘങ്ങൾ വ്യാപകമാകുന്നതിനുമുമ്പ് കയറിന്റെ വിപണനം നടന്നിരുന്നത് ഏറിയകൂറും പ്രാദേശികമായിത്തന്നെയാണ് മറ്റു സ്ഥങ്ങളിൽ നിന്നുള്ള ഇടനിലക്കാർ ഇവിടെ വരികയും കയർ ശേഖരിച്ചുകൊണ്ടു പോവുകയുമായിരുന്നു പതിവ്. കൂടാതെ കടകളിൽ മുടിക്കണക്കിനും തൂക്കിയും കയർ സംഭരിക്കുന്ന ഏർപ്പാടും നിലനിന്നിരുന്നു. അന്നത്തെ ആവശ്യങ്ങൾ നിറവേറ്റാൻ ഇതുവഴി സാദ്ധ്യമായിരുന്നുവെങ്കിലും നഗ്നമായ ചൂഷണമാണ് ഈ രംഗത്തു നടന്നിരുന്നത്. പ്രാദേശികമായി വില്ക്കുന്നതിനു പുറമെ തലയോലപ്പറമ്പിലെ മാർക്കറ്റിൽ കൊണ്ടുചെന്നു വില്ക്കുന്ന പതിവും പണ്ടുമുതലേ നിലനിന്നിരുന്നു. ഇപ്പോഴും ആ പതിവ് തുടരുന്നു. കയർ വ്യവസായ സഹകരണ സംഘങ്ങളുടെ ആഗമനം ഈ രംഗത്ത് പുത്തനുണർവ്വുകൾ ഉണ്ടാക്കിയിട്ടുണ്ടെങ്കിലും പ്രശ്നങ്ങളുടെ നീർച്ചുഴികളിലാണ് ഇപ്പോഴും കയർ വ്യവസായങ്ങൾ.

ഈറ്റയും, മുളയും ഉപയോഗിച്ച് കുട്ട, മുറം, തുടങ്ങിയവ നിർമ്മിക്കുന്ന കൂടിൽ വ്യവസായവും ഇവിടെയുണ്ട്. തഴപ്പായ നെയ്ത്ത്

ഉപജീവനം നടത്തിയിരുന്ന കുടുംബങ്ങളും ഇവിടെ വ്യാപകമായിരുന്നു. കിടക്കപ്പായ, ചിക്കുപായ തുടങ്ങിയ ഉല്പന്നങ്ങൾ നിർമ്മിച്ച് ചന്തകളിൽ കൊണ്ടുപോയി വില്ക്കുന്ന രീതിയായിരുന്നു നിലനിന്നിരുന്നത്. കൂടാതെ വീടുകളിലും ഇതിന് വില്പന സാദ്ധ്യതകളുണ്ടായിരുന്നു. പ്രാദേശികമായുണ്ടായിരുന്ന ഏക വിപണന കേന്ദ്രം മാറ്റപ്പറമ്പിൽ, തിരുവോണം, കന്നിയോണം, തിരുവാതിര തുടങ്ങിയ വിശേഷ ദിവസങ്ങളിൽ നടത്തുന്ന മാറ്റമായിരുന്നു. ഇന്നു പല കുടുംബങ്ങളും ഈ രംഗത്തുനിന്നു അകന്നു പോയിരിക്കുന്നു. ഈ മേഖലയെ രക്ഷപെടുത്താൻവേണ്ടി രൂപീകരിച്ച തഴപ്പായ സഹകരണസംഘവും മറ്റൊരു പ്രതിസന്ധിയിലാണെന്നു പറയാം.

ദേശീയ പ്രസ്ഥാനത്തിന്റെ പ്രതീകമെന്നു പറയുന്ന ചർക്കയും, തക്ലി, തറി തുടങ്ങിയവയും നമ്മുടെ പഞ്ചായത്തിൽ നിലനിന്നിരുന്നു. ഇടവട്ടത്ത് 90 ഓളം കുടുംബാംഗങ്ങൾ ചേർന്നുള്ള ഒരു കൈത്തറി സഹകരണ സംഘം ആദ്യകാലത്ത് പ്രവർത്തിച്ചിരുന്നു. കൂടാതെ കൊച്ചങ്ങാടിയിലും ഇതുമായി ബന്ധപ്പെട്ട സഹകരണ സംഘം പ്രവർത്തിച്ചിരുന്നതാണ്. ഇപ്പോഴും പ്രവർത്തിച്ചുവരുന്നുണ്ട്. എന്നാൽ ടെക്സ്റ്റൈൽ രംഗത്തു വന്ന ആധുനികവൽക്കരണം വിവിധ പ്രശ്നങ്ങൾ ഈ രംഗത്ത് വരുത്തിവെച്ചിട്ടുണ്ട്.

നിലവിലുള്ള വ്യവസായങ്ങൾ താഴെ പട്ടികപ്പെടുത്തുന്നു.

പട്ടിക 3-1

നമ്പർ	വ്യവസായം	എണ്ണം
1	കൊപ്രാവെട്ട്	14
2	ബ്രോയ്ലർ ചിക്കൻ	23
3	ഇഷ്ടികക്കളം	4
4	മെഴുകുതിരി	1
5	റെഡിമെയ്ഡ്വസ്ത്രങ്ങൾ	9
6	ബ്രഡ് ബേക്കറി	1
7	ഫർണിച്ചർ	7
8	വെൽഡിംഗ്	5
9	സ്വർണ്ണപ്പണി	12
10	നെല്ലുകുത്ത്	19
11	പലഹാരം	5
12	വാഹനവർക്ക്ഷോപ്പ്	2
19	ചകിരി അലിപ്പിക്കൽ യന്ത്രം	2
20	പേപ്പർ കവർ യൂണിറ്റ്	1
21	പ്രിന്റിംഗ് പ്രസ്	1

അവലംബം : ഗ്രാമസഭാ റിപ്പോർട്ടുകൾ

ഇതിൽ നിന്നും മനസ്സിലാകുന്നത് ആധുനിക വ്യവസായങ്ങളൊന്നും തന്നെ നമ്മുടെ പഞ്ചായത്തിലില്ല എന്നുള്ളതാണ്. ഇവിടെ 19 മില്ലുകളും 4 ചകിരി അലിപ്പിക്കൽ യന്ത്രങ്ങളും പ്രവർത്തിച്ചുവരുന്നു. പ്രവർത്തനസമയം ക്ലിപ്തപ്പെടുത്തിക്കൊണ്ടുള്ള ഒരു ഗവർമെന്റ് ആസൂത്രണം നടപ്പിൽ വരുത്തേണ്ടതുണ്ട്.

പട്ടിക 3-2 വ്യാപാര കച്ചവട സ്ഥാപനങ്ങൾ

1	ചായക്കട	60	4	പച്ചമരുന്ന് കട	1
2	പലചരക്ക്	49	5	മെഡിക്കൽ ഷോപ്പ്	2
3	ടാക്സി ഹൗസ്	5	6	മുറുക്കാൻ കട	86

വ്യവസായ വല്ക്കരണം ചില സമീപനങ്ങൾ

കേരളത്തിൽ വ്യവസായ സംസ്ക്കാരമു ണ്ടാകണമെന്ന് മുറവിളി കൂട്ടുന്ന ഭരണാധികാ രികളും എന്നാൽ വ്യവസായത്തിന് തികച്ചും പ്രതികൂലമായ ഭൗതിക സാഹചര്യങ്ങളുമാണ് ഇന്ന് നിലനില്ക്കുന്നത്. ഗ്രാമതലങ്ങളിലുള്ള സ്ഥിതിയും വ്യത്യസ്തമല്ല. അസംസ്കൃത സാധ നങ്ങളുടെ ദൗർലഭ്യം ഊർജ്ജം, ഇന്ധനങ്ങ ളുടെ രൂക്ഷമായ പ്രതിസന്ധി ശരിയായ പരി ശീലനം ഇല്ലായ്മ, സാങ്കേതിക വൈദഗ്ധ്യത്തി ന്റെ അഭാവം, ഇടത്തട്ടുകാരായ വ്യാപാരിക ളുടെ ചൂഷണം, ഇതിനെല്ലാമുപരി സാമ്പത്തിക സ്ഥാപനങ്ങളുടെ സമീപനം, ഗതാഗത സൗക ര്യങ്ങളുടെ അപര്യാപ്തത... ഇതെല്ലാം നമ്മുടെ പഞ്ചായത്തിലെ വ്യാവസായിക വികസനത്തിന് തടസ്സം നില്ക്കുന്ന ഘടകങ്ങളാണ്.

ആദ്യമായി വ്യവസായം തുടങ്ങാൻ ശ്രമി ക്കുന്ന ഒരാൾ, എന്തു തുടങ്ങണം എങ്ങനെ തുടങ്ങണം, ഇതിന് ആരെ സമീപിക്കണം ഇത്തരം അടിസ്ഥാന കാര്യങ്ങളെക്കുറിച്ചു യാതൊരു വിവരങ്ങുമില്ലാതെയാണ് വ്യവസായം തുടങ്ങുക. ലഭ്യമായ അസംസ്കൃതസാധ നങ്ങളെ അടിസ്ഥാനമാക്കിയാവില്ല വ്യവസായം തുടങ്ങാൻ ശ്രമിക്കുക. തുടങ്ങിക്കഴിഞ്ഞാൽ അസംസ്കൃത സാധനങ്ങൾ കിട്ടാനില്ല എന്ന റിയുമ്പോൾ അതു സംഘടിപ്പിക്കാൻ വേണ്ടി യുള്ള നെട്ടോട്ടത്തിനിടയിൽത്തന്നെ മുതൽമുട ക്കിയ തുകയ്ക്ക് ഉല്പാദനമില്ലാതെ പലിശ നല്കേണ്ടിവരുന്നു. ഇത് വ്യവസായിയുടെ ആത്മവിശ്വാസം കെടുത്തുന്നു.

ഊർജ്ജത്തിന്റേയും ഇന്ധനത്തിന്റെ യും പ്രതിസന്ധി പ്രശ്നങ്ങളെ രൂക്ഷമാക്കു ന്നു. വൈദ്യുതി പ്രധാനമായ ഒരു വ്യവസായ വും ആസന്ന ഭാവിയിൽ തുടങ്ങാൻ സാധിക്കു മെന്നു തോന്നുന്നില്ല. ഗ്രാമതല ആസൂത്രണ ത്തിനപ്പുറമാണ് ഇത്തരം പ്രശ്നങ്ങളെങ്കിലു വ്യവസായ സമീപനത്തിൽ ഇതൊരു ഘടക തന്നെയാണ് 15000 രൂപ ബാങ്ക്ലോൺ എടുത്ത ബ്രോയ്ലർ ചിക്കൻ തുടങ്ങാൻ ഒരു സംരംഭക കെട്ടിടം പണിത് ബാക്കി എല്ലാ സൗകര്യങ്ങ ളും ഒരുക്കിയിട്ട് വൈദ്യുതി കണക്ഷനുവേണ്ട നോക്കിയിരിക്കാൻ തുടങ്ങിയിട്ടു 18 മാസമായ

വ്യവസായ വകുപ്പിൽ നിന്നും ശുപാർശ ചെയ്തയയ്ക്കുന്ന പല ലോണുകളും ധനകാര സ്ഥാപനങ്ങൾ കൊടുക്കാൻ തയ്യാറാകുന്നില്ല മാത്രവുമല്ല വൻകിട വ്യവസായികളോടും ഗ്രാ തലങ്ങളിലുള്ള ചെറുകിട സംരംഭകരോടുമുള്ള ബാങ്കുകളുടെ സമീപനം വിമർശനബുദ്ധ്യാവി ലയിരുത്തേണ്ടതുമാണ്.

ഇടത്തട്ടുകാരായ വ്യാപാരികളുടെ ചൂ ഷണവും ഉത്പാദകരെ ബാധിക്കുന്ന ഒരു മുഖ്യ ഘടകമാണ്. മൊത്ത വ്യാപാര രംഗങ്ങളിൽ അമി തമായ കമ്മീഷൻ കൊടുത്തെങ്കിലേ മാർക്കറ്റി ലൂടെ ഉത്പന്നം വിറ്റഴിക്കാൻ പറ്റൂ.

പഞ്ചായത്തിലേക്ക് മറുനാടൻ മലയാളി കൾ കൊണ്ടുവരുന്ന പണം ഉത്പാദനരംഗത്ത് നിക്ഷേപിക്കാതെ. കോൺക്രീറ്റ് സൗധങ്ങൾ പടുത്തുയർത്തുന്നതിനാണ് വിനിയോഗിച്ചുകാ ണുന്നത്. ഈ സ്ഥിതിക്കും മാറ്റം വരുത്തേണ്ട തുണ്ട്.

കയർ

കയർവ്യവസായത്തിന്റെ ആരംഭകാലം മുതൽ തന്നെ വളരെയധികം പ്രശ്നങ്ങൾ അനു ഭവപ്പെട്ടിരുന്നു. മറ്റു സംസ്ഥാനങ്ങളിലെ ക യർവ്യവസായവും നമ്മുടെ ഉല്പാദനത്തിന്റെ ഗുണമേന്മക്കുറവും മാർക്കറ്റിൽ നമ്മെ പിന്നോ ട്ടടുപ്പിക്കുന്നു. കയർ പിരി രംഗത്തെ തൊഴി ലാളികളുടെ പരിശീലനമില്ലായ്മയും തൊണ്ടിന്റെ

സംസ്ക്കരണ രംഗത്തെ അശാസ്ത്രീയതയും ഇതിനു ഉദാഹരണങ്ങളാണ്. തൊഴിലാളികളുടെ വേതനക്കുറവും തൊഴിൽ ദിനങ്ങളുടെ കുറവും ഈ രംഗത്തു നിന്നും തൊഴിലാളികൾ അകന്നു പോകാൻ പ്രേരിപ്പിക്കുന്ന ഘടകങ്ങളാണ്. വിവിധ കയർ സംഘങ്ങളിലായി 5705 അംഗങ്ങൾ നിലവിലുണ്ട്. വിശദാംശങ്ങൾ പട്ടിക 2ൽ പല കയർസംഘങ്ങളും ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

പട്ടിക 3-3

നമ്പർ	സഘത്തിന്റെ പേർ	ആരംഭിച്ച വർഷം	അംഗങ്ങൾ	പിരിഞ്ഞു കിട്ടിയ ശമ്പളം	സർക്കാർ ശമ്പളം	കടം എടുത്തതുക	ക്രെഡിറ്റ് നോൺ ക്രെഡിറ്റ്
1	CVCS30056	1950	1209	91171676	626740	22811776.57	നോൺ
2	CVCSK572	1977	802	68117	533570	10ലക്ഷം	നോൺ
3	CVCSKH32	1966	797	252855	491850	10ലക്ഷം	നോൺ
4	CVCSK676	1979	769	108810	458620	10ലക്ഷം	നോൺ
5	CVCSK569	1977	924	146810	59770	10ലക്ഷം	നോൺ
6	CVCSK573	1977	1204	737690	142320	10ലക്ഷം	നോൺ

ആവലംബം : ദ്വിതീയ വിവര ശേഖരണ സർവ്വേ

പ്രശ്നങ്ങൾ

1. യഥാർത്ഥ ഉത്പാദകർക്ക് ചെയ്യുന്ന തൊഴിലിനനുസരിച്ചുള്ള വേതനം ലഭിക്കുന്നില്ല.
2. കയർസംഘങ്ങൾ നിഷ്കർഷിക്കുന്ന തുക്കം കയറിനു ലഭിക്കുന്നില്ല.
3. തൊണ്ടിന്റെ ഗുണമേന്മയില്ലായ്മയും അശാസ്ത്രീയമായ സംവിധാനവും നിലനില്ക്കുന്നു.
4. തൊണ്ടു മുടെടുപ്പു രംഗത്ത് തൊഴിലാളികൾക്കുള്ള കൂട്ടുത്തരവാദിത്വമില്ലായ്മ തൊഴിലിനെ പ്രതികൂലമായി ബാധിക്കുന്നു.
5. തൊഴിൽ പരിശീലനമില്ലായ്മ
6. മെക്കനൈസ്ഡ് റാഡുകളിൽ തൊഴിൽ ലാഭം കുറയുന്നതുകൊണ്ട് അത് ഉപേക്ഷിക്കപ്പെടുന്നു.
7. കയർ തൊഴിലാളി ക്ഷേമനിധി പോലുള്ള ആനുകൂല്യം ലഭിക്കുന്നതിന് ഹാജരാക്കുന്നതിനുള്ള രേഖകളെ സംബന്ധിച്ച് അഭിപ്രായ വ്യത്യാസമുണ്ട്.
8. ഉല്പാദിപ്പിക്കുന്ന കയറിന്റെ ഗുണപരതയിൽ വന്ന മാറ്റം കയറ്റുമതിയെ ബാധിക്കുകയും അന്താരാഷ്ട്ര തലത്തിൽ കേരളത്തിലെ കയറിന്റെ മാർക്കറ്റ് ഇടിയുകയും ചെയ്തു.
9. സ്വകാര്യ സ്ഥാപനങ്ങൾക്ക് ഉല്പാദനത്തി

ലും വിതരണത്തിലും ഉണ്ടായിരുന്ന ആധിപത്യത്തെ സഹകരണമേഖലയ്ക്ക് കീഴ്പ്പെടുത്താനായില്ല.

10. ഉത്പാദനച്ചെലവും മാർക്കറ്റു വിലയും തമ്മിൽ താരതമ്യപ്പെടുത്തുമ്പോൾ മാർക്കറ്റു വില വളരെ കുറവായതിനാൽ സംഘങ്ങൾ നഷ്ടത്തിലേക്ക് പോകുന്നു.

11. ട്രേഡ് യൂണിയനുകളുടെ പ്രവർത്തനം സ്ഥാപനങ്ങളുടെ നിലനില്പിനു വിധേയ മായി കാഴ്ചപ്പാടോടെയുള്ളതായിരിക്ക ണം.

12. ഉല്പാദിപ്പിക്കപ്പെടുന്ന കയർ സർക്കാരിന്റെ കീഴിലുള്ള കയർഫെഡിൽ യഥാകാലം എത്തിച്ച് വില്പന നടത്തുവാനുള്ള ബുദ്ധി മുട്ടുള്ളതുകൊണ്ട് സംഘത്തിന് പണവും തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങളും നഷ്ടമാകുന്നു.

13. തൊണ്ടു തല്ലുന്നതിനുള്ള മില്ലുകൾ പ്രവർത്തിക്കുന്നതിന് വൈദ്യുതി ദൗർലഭ്യം പ്രശ്നമാക്കുന്നു.

നിർദ്ദേശങ്ങൾ

1. ഗുണമേന്മയുള്ള തൊണ്ട് യഥാകാലം സംഭരിച്ച് ശാസ്ത്രീയമായി സംസ്ക്കരിക്കു കയും ഗുണമേന്മയുള്ള കയർ ഉല്പാദിപ്പി ക്കുകയും ചെയ്യുക.

2. മെക്കാനൈസ്ഡ് നാട്ടുകളിൽ ഒരേ സമയം രണ്ടോ മൂന്നോ പേർക്ക് തൊഴിൽ ചെ യ്യാനാകുന്ന രീതിയിൽ വികസിപ്പിച്ച് കയർ വ്യവസായം യന്ത്രവൽക്കരിക്കുക.

3. മറ്റു സംസ്ഥാനങ്ങളുമായി മത്സരിക്കുന്ന തിനും വിജയിക്കുന്നതിനും സാധിക്കുന്ന തരത്തിൽ കയർ വ്യവസായത്തെ നവീ കരിക്കുക.

4. ഉല്പാദന ചെലവ് ചുരുക്കുകയും മാർക്കറ്റ് വില വർദ്ധിപ്പിക്കുകയും ചെയ്യുക.

5. സംഘങ്ങളുടെ പ്രവർത്തനത്തെ കുറിച്ചും തൊഴിൽ മേഖലയെക്കുറിച്ചും പഠനം നട ത്താൻ ഒരു കമ്മറ്റിയെ നിയോഗിക്കുക.

6. സംഘങ്ങളുടെ പ്രവർത്തന നഷ്ടം പരി ശോധിച്ച് അർഹതയുള്ള സംഘങ്ങളുടെ നിലവിലുള്ള മുഴുവൻ പ്രവർത്തന നഷ്ട വും സർക്കാർ എഴുതിത്തള്ളുകയും കാര്യ ക്ഷമമായി പ്രവർത്തിക്കുവാൻ കർശന മായി ഇടപെടുകയും ചെയ്യുക.

7. കൈത്തറി സംഘങ്ങൾ, ഈ വ്യവസാ യത്തിൽ പണിയെടുക്കുന്ന മുഴുവൻ തൊഴിലാളികളെയും ചേർത്ത് വിപുലീക രിക്കുക.

8. അസംസ്കൃത വസ്തുക്കൾ ആവശ്യത്തിനു ലഭ്യമാക്കുക.

9. തഴപ്പായ് സഹകരണസംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുക.

10. ഈ വ്യവസായം ആധുനികരിക്കയും ഉല്പ ന്നങ്ങൾ പരിഷ്കരിക്കുകയും അതിനുള്ള പരിശീലനം നൽകുകയും ചെയ്യുക.

11. പഞ്ചായത്തിൽ ഒരു നാളികേര സംസ്ക്ക രണ കേന്ദ്രം ഉണ്ടാക്കുക.

12. സംസ്ക്കരിച്ചെടുക്കുന്ന കൊപ്ര എണ്ണ യാക്കുവാനും അതു വിപണനം ചെയ്യു വാനും കഴിയുന്ന ഒരു പ്ലാന്റ് 7,8,9 വാർഡുകൾ കേന്ദ്രികരിച്ച് ഉണ്ടാക്കുക.

13. കക്കാ സംഭരണ കേന്ദ്രം ഉണ്ടാക്കുക. സഹകരണ സംഘത്തിന്റെ കീഴിൽ പ്ര

വർത്തനം വിപുലപ്പെടുത്തുക.

14. പഞ്ചായത്തിൽ വനിതകളുടെ നേതൃത്വത്തിൽ ഒരു സോപ്പ് നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.


15. പഞ്ചായത്തിന്റെ വ്യാവസായിക വികസനത്തിന് ഒരു പരിപ്രേക്ഷ്യം രൂപപ്പെടുത്തിയെടുക്കുക.

സ്വാശ്രയ പഞ്ചായത്ത് എന്ന ലക്ഷ്യം മുൻ നിർത്തയായിരിക്കണം. ഇതു ചെയ്യേണ്ടത്. നമ്മുടെ പഞ്ചായത്തിന് ആവശ്യമായ ഉപഭോഗവസ്തുക്കൾ കഴിയുമെങ്കിൽ ഇവിടെ തന്നെ ഉല്പാദിപ്പിക്കുവാൻ ശ്രമിക്കണം. അതിനു വേണ്ടി ആശ്രയിക്കേണ്ടത് പ്രാദേശികമായി കിട്ടുന്ന അസംസ്കൃത പദ്ധതികളെ ഏകോപിപ്പിച്ചു കൊണ്ട് വനിതകളുടെ നേതൃത്വത്തിലായിരിക്കണം പദ്ധതികൾ ആരംഭിക്കേണ്ടത്. വിവിധ പദ്ധതികളെക്കുറിച്ചും സാദ്ധ്യതകളെക്കുറിച്ചും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തണം. പഞ്ചായത്തടിസ്ഥാനത്തിൽ ഒരു വ്യവസായ വികസന സെൽ ഉണ്ടാക്കുകയും അതിൽ പഞ്ചായത്തു കമ്മറ്റി അംഗങ്ങൾക്കു പുറമെ ബഹുജന സംഘടനകളുടെ പങ്കാളിത്തം കൂടി ഉറപ്പാക്കുകയും ഈ സെല്ലിന്റെ ആഭിമുഖ്യത്തിലായിരിക്കണം വ്യവസായവുമായി ബന്ധപ്പെട്ട തുടർപ്രവർത്തനങ്ങൾ നടത്തേണ്ടത്. വൈദ്യുതി കൂടുതലായി ഉപയോഗിക്കേണ്ടി വരുന്ന പദ്ധതികൾക്ക് മുൻഗണന കൊടുക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

"വ്യവസായവല്ക്കരിക്കുക അല്ലെങ്കിൽ മരിക്കുക....."

നെഹ്റു

4 വിദ്യാഭ്യാസം



കോട്ടയം ജില്ലയിൽ ചരിത്രപ്രസിദ്ധമായ വൈക്കത്തുനിന്ന് ഏഴു കിലോമീറ്റർ വടക്കു പടിഞ്ഞാറ് ഭാഗത്തായി മറവന്തുരുത്ത് ഗ്രാമപഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. ഇവിടുത്തെ ആദ്യ വിദ്യാലയം ആരംഭിച്ചത് കുലശേഖരമംഗലം കുട്ടുമ്മേൽ ആയിരുന്നു. 1906–ൽ ഈ സ്ക്കൂൾ നിലവിൽ വന്നു. ഒന്നുമുതൽ ആറ് വരെക്ലാസ്സുകളാണ് അന്നുണ്ടായിരുന്നത്. ഇതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്മരിക്കപ്പെടേണ്ട വ്യക്തിയാണ് ശ്രീപത്മനാഭൻ സാർ. ഇടക്കാലത്ത് ഈ സ്ക്കൂന്റെ പ്രവർത്തനം കണ്ണങ്കേരിയിലേക്ക് മാറ്റുകയുണ്ടായി. വീണ്ടും, പഴയസ്ഥലത്താണ് ഇപ്പോൾ പ്രവർത്തിച്ചു വരുന്നത്. അക്കാലത്ത് ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് വൈക്കത്തു പോകേണ്ടി യിരുന്നു. 1957ൽ മാത്രമാണ് കുട്ടുമ്മേൽ സ്ക്കൂൾ. കുലശേഖരമംഗലം ഗവൺമെന്റ് ഹൈസ്ക്കൂളായി ഉയർന്നത്. മറവന്തുരുത്തു പഞ്ചായത്തിൽ ഇന്നുള്ള ഏക ഹൈസ്ക്കൂളും ഇതുതന്നെ. ഇതിന് ആവശ്യമായ സ്ഥലം ചാണിയിൽ കുടുംബക്കാർ ഒരു രൂപക്കാണ് നൽകിയത്.

1910ൽ മറവന്തുരുത്തിൽ മറ്റൊരു വിദ്യാലയം സ്ഥാപിതമായി. എൽ.പി. സ്ക്കൂൾ ആയിരുന്നു ആദ്യം. 1962ൽ ഇത് യു.പി സ്ക്കൂളായി ഉയർത്തി. ഈ സ്ക്കൂൾ തുടങ്ങുന്നതിന് വേണ്ടി വാക്കയിൽ കുടുംബക്കാർ പതിന്നാല് സെന്റ് സ്ഥലം സൗജന്യമായി നല്കിയിരുന്നു.

1920ൽ S.N.D.P.യുടെ നേതൃത്വത്തിൽ നിർമ്മിക്കപ്പെട്ട വിദ്യാലയമാണ് ഇന്ന് വാഴേകാട് ഗവൺമെന്റ് എൽ.പി. സ്ക്കൂളായി അറിയപ്പെടുന്നത്. ഒന്നുമുതൽ അഞ്ചുവരെ ക്ലാസുകൾ ഉണ്ടായിരുന്ന ഈ സ്ക്കൂളിൽ ഇപ്പോൾ നാലു വരെ മാത്രമേ ക്ലാസുകൾ ഉള്ളു. ഇതിന്റെ പ്രവർത്തന പരിധി ഏഴ്, ഒൻപത് വാർഡുകളിൽ ഒതുങ്ങുന്നു.

1923ൽ മണത്താഴത്തു കൊച്ചുണ്ണിപ്പിള്ളയുടെ നേതൃത്വത്തിൽ 121 ാം നമ്പർ നായർ സർവ്വീസ് സൊസൈറ്റിയാണ് ഇടവട്ടത്ത് ഒരു എൽ.പി. സ്ക്കൂൾ ആരംഭിച്ചത്. ഇത് പിന്നീട് 1948ൽ ഒരു ചക്രം പ്രതിഫലം പറ്റിക്കൊണ്ട് സർക്കാരിന് നൽകുകയാണുണ്ടായത്.

അതിനുശേഷമുണ്ടായത് N.I.M. U.P. സ്ക്കൂൾ ആയിരുന്നു. 1926ൽ 7ാം വാർഡിലുള്ള മാറ്റപ്പറമ്പിൽ നസ്രത്ത് ഇക്വാൽ മെമ്മോറിയൽ സാംസ്ക്കാരിക സമിതിയാണ് ഈസ്ക്കൂൾ സ്ഥാപിച്ചത്. പ്ലാവുങ്കൽ സെയ്ദ് മുഹമ്മദ്, കാരിയിൽ വീരാവുണ്ണി എന്നിവരാണ് ഇതിനു നേതൃത്വം നൽകിയത്.

1934ൽ ഇടയത്തു ചാക്കോയുടെ നേതൃത്വത്തിൽ ഇടയത്ത് സ്ക്കൂൾ എന്ന സ്ഥാപനം നിലവിൽ വന്നു. എന്നാൽ 1938ൽ അതിന്റെ പ്രവർത്തനം നിലച്ചു. തുടർന്ന് 1951ൽ മറവന്തുരുത്ത് ശാന്തി നികേതൻ എൽ. പി. സ്ക്കൂൾ ആരംഭിച്ചു. പാലക്കത്തറ മാത്യൂ, ടി.കെ. കൃഷ്ണൻ മങ്ങണ്ടയിൽ മാധവൻ, ഗോവിന്ദൻ ഇളയത് എഴുവമ്പാട് നാരായണൻ എന്നിവരാണ് ഇതിനു മുൻകൈ എടുത്തത്.

മറവന്തുരുത്ത് പഞ്ചായത്തിലിപ്പോൾ മൂന്ന് ഗവൺമെന്റ് ലോവർ പ്രൈമറി സ്ക്കൂളും ഒരു പ്രൈവറ്റ് ലോവർ പ്രൈമറി സ്ക്കൂളും ഒരു ഗവൺമെന്റ് U.P. സ്ക്കൂളും ഒരു പ്രൈവറ്റ് യു.പി. സ്ക്കൂളും ഒരു ഹൈസ്ക്കൂളുമാണുള്ളത്. കൂടുതൽ വിവരങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

പട്ടിക 4-1

			വിദ്യാർത്ഥികൾ			അദ്ധ്യാപകർ		
നമ്പർ	സ്ക്കൂളിന്റെ പേര്	ഗവ/പ്രൈ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	ഗവ. L.P.S. ഇടവട്ടം	ഗവ.	46	55	101	1	3	4
2	S.N.L.P.S. മറവന്തുരുത്ത്	പ്രൈ.	87	72	159	2	4	6
3	Gov. L.P.S. വാഴേകാട്	ഗവ.	51	57	108	1	3	4
4	Gov. L.P.S. കുലശേഖരമംഗലം	ഗവ.	102	82	184	1	5	6
5	L.P. Gov. U.P.S. മറവന്തുരുത്ത് U.P.	ഗവ.	105 126	102 86	207 212	4	12	16
6	L.P. N.I.M.U.P.S. കുലശേഖരമംഗലം U.P.		93 130	90 128	183 258	2	14	16
7	U.P. Gov. H.S. കുലശേഖരമംഗലം H.S.	ഗവ.	88 339	63 285	151 624	11	24	35
	ആകെ		1167	1020	2187	22	65	87

അവലംബം : സെക്കന്ററി ഡേറ്റ

ആകെ അദ്ധ്യാപകരിൽ എഴുപത്തഞ്ചു ശതമാനം സ്ത്രീകളാണ്. വിദ്യാർത്ഥികളിൽ പെൺകുട്ടികളാണ് അധികമുള്ളത്. കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ കൊഴിഞ്ഞു പോയ വിദ്യാർത്ഥികൾ 25മാത്രമാണ്. മൊത്തം വിദ്യാർത്ഥികളിൽ 72.56 ശതമാനവും അദ്ധ്യാപകരിൽ 74.71 ശതമാനവും ഗവൺമെന്റു സ്ക്കൂളുകളിൽ ആണ് ഉള്ളത്. മറവന്തുരുത്ത് പഞ്ചായത്തിൽ നിന്നും വിദൂര സ്ക്കൂളുകളിലേക്ക് ധാരാളം കുട്ടികൾ പോകുന്നുണ്ട്. ഇതിൽ നല്ല ഒരു വിഭാഗം ഇംഗ്ലീഷ് മീഡിയം സ്ക്കൂളിലേക്ക് പോകുന്നവരാണ്. ഈ പ്രവണത പ്രാദേശിക സ്ക്കൂളുകളെ പ്രതികൂലമായി ബാധിച്ചു കൊണ്ടിരിക്കുന്നു.

ഈ പഞ്ചായത്തിലെ ഏക ഹൈസ്ക്കൂളാണ് കുലശേശരമംഗലം ഗവ:ഹൈസ്ക്കൂൾ. ഇതിന്റെ ഇപ്പോഴത്തെ പ്രവർത്തനത്തിൽ എല്ലാവരും അസംതൃപ്തരാണ്. ഈ സ്ക്കൂളിന്റെ സമീപത്തുള്ള കുട്ടികൾ പോലും അകലെയുള്ള മറ്റു സ്ക്കൂളുകളിൽ പോയി പഠിക്കുന്നതായി കാണാം. ഇവിടെ പഠിക്കുന്ന കുട്ടികൾ തന്നെ ടി.സി. വാങ്ങി മറ്റു സ്ക്കൂളുകളിൽ പോയി പഠിക്കുന്നതായി കാണാറുണ്ട്.

നമ്മുടെ സ്ക്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ അവയുടെ ഗുണകരമായ വളർച്ചക്ക് സഹായകരമാണോ എന്നു പരിശോധിക്കേണ്ടിയിരിക്കുന്നു.

സ്ക്കൂളുകളിൽ കുട്ടികൾക്ക് പ്രാഥമിക സൗകര്യങ്ങൾ നിറവേറ്റുന്നതിനു വേണ്ടത്ര സൗകര്യങ്ങൾ ഇല്ല. വേണ്ടത്ര കെട്ടിടങ്ങളോ പഠനോപകരണങ്ങളോ കുടിവെള്ളസൗകര്യമോ ഇല്ല. ഇത്തരം സ്ക്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ ഏറെയും സാമ്പത്തികമായ പിന്നോക്കം നില്ക്കുന്ന കുടുംബങ്ങളിൽ നിന്നും വരുന്നവരാണ്. സമ്പന്നരിൽ ഒരു വിഭാഗം ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിലേക്കാണ് തങ്ങളുടെ കുട്ടികളെ അയയ്ക്കുന്നത്.

കുട്ടികളുടെ കായിക കലാരംഗങ്ങളിലെ പിന്നോക്കാവസ്ഥ പരിഹരിക്കേണ്ടതുണ്ട്. വിദ്യാർത്ഥികളിലെ കായിക പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്നതിന് ആവശ്യമായ കളിസ്ഥലങ്ങൾ മിക്ക സ്ക്കൂളുകളിലും ഇല്ല. അല്പം കളിസ്ഥലമുള്ളത് എസ്.എൻ.എൽ.പി. സ്ക്കൂളിലും കുലശേഖരമംഗലം ഹൈസ്ക്കൂളിലും മാത്രമാണ്.

വെള്ളപ്പൊക്കവും മറ്റു പ്രകൃതിക്ഷോഭങ്ങൾ എന്നിവ ഉണ്ടാകുമ്പോൾ സ്ക്കൂളുകൾ ദുരിതാശ്വാസ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നതുമൂലം ആ കാലയളവിൽ കുട്ടികളുടെ അദ്ധ്യയനം നഷ്ടപ്പെടാറുണ്ട്.

വിദ്യാഭ്യാസരംഗത്ത് വളരെ അധികം സംഭാവന ചെയ്തിട്ടുള്ള ഏതാനും ഗ്രന്ഥശാലകൾ നമ്മുടെ നാട്ടിലുണ്ട്. സാക്ഷരതാ പ്രവർത്തനം നടന്നിട്ടില്ല. തുടർ വിദ്യാഭ്യാസം സാക്ഷരതാ പ്രവർത്തനത്തിന്റെ അവിഭാജ്യ ഘടകമാണ്.

മറവന്തുരുത്തു പഞ്ചായത്തിൽ രണ്ട് പാരലൽ കോളേജുകൾ ഉണ്ട്. അവയുടെ അദ്ധ്യയന രീതികൾ, വീടുകളിലേക്കു വികസിച്ചു വരുന്ന ട്യൂഷൻ, വ്യവസായം എന്നിവക്കെല്ലാം ഒരു "ഗൈഡ് ടെക്നോളജി എഡ്യൂക്കേഷൻ" സമ്പ്രദായമാണുള്ളത്. അത് വിദ്യാഭ്യാസ രംഗത്തെ നിലവാര താഴ്ചക്കു കാരണമാണ്. പരിശീലനം ലഭിച്ചവർ പോലും ഈ രീതിയാണ് തുടരുന്നത് എന്നകാര്യം നമ്മിൽ ഉൽഖണ്ഠ ഉണ്ടാക്കേണ്ടതാണ്. മൂന്ന് ടൈപ്പ് റൈറ്റിംഗ് സ്ഥാപനങ്ങൾ ഒഴികെ മറ്റ് യാതൊരു സാങ്കേതികവിദ്യാഭ്യാസസ്ഥാപനങ്ങളും ഈ പഞ്ചായത്തിലില്ല. ഉള്ള സ്ഥപനങ്ങളിൽ ആകെ എൺപത്തി രണ്ടു പേരാണ് പരിശീലനം നേടുന്നത്. ഷോർട്ട് ഹാൻഡ് പരിശീലനത്തിൽ പങ്കാളിത്തം വളരെ കുറവായി കാണപ്പെടുന്നു. കമ്പ്യൂട്ടർ മേഖല വ്യാപകമാകുന്നതോടെ ഇത്തരം സ്ഥാപനങ്ങൾ ഇല്ലാതാകുമോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു.

അഭ്യസ്ഥ വിദ്യരായ ഒരു ജനസമൂഹമാണ് ഒരു നാടിന്റെ സമ്പത്ത്. അതു കൊണ്ട് വികസന പ്രവർത്തനം തന്നെയാണ് വിദ്യാഭ്യാസം. ആ വികസനത്തിൽ അദ്ധ്യാപകരും വിദ്യാർത്ഥികളും മാത്രമല്ല പങ്കാളികളാകേണ്ടത്. വിദ്യാർത്ഥികൾ അദ്ധ്യാപകർ, രക്ഷിതാക്കൾ വിദ്യാഭ്യാസതൽപരർA.E.O., D.E.O. തുടങ്ങിയ ഉദ്യോഗസ്ഥർ, DIET പോലുള്ള സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവരൊക്കെ കൈ കോർക്കണം. ഇത്തരം ഒരു കൂട്ടായ്മയാണ് സ്ക്കൂൾ കോംപ്ലക്സ്. ഇതിനു നേതൃത്വം വഹിക്കേണ്ടത് പ്രാദേശിക സ്വയം ഭരണ സ്ഥാപനങ്ങളാണ്. സ്ക്കൂൾ കോംപ്ലക്സിനെ കുറിച്ച് ആവേശകരമായ ആലോചന നടത്തിയ ആദ്യത്തെ രേഖ 1966 കോത്താരി കമ്മീഷൻ റിപ്പോർട്ടാണ്. സ്ക്കൂളുകൾ തമ്മിലുള്ള ഭീമമായ അകൽച്ച അവസാനിപ്പിക്കുക, അവയെ പരസ്പരം ചേർന്നു പ്രവർത്തിക്കുന്ന ചെറു ഗ്രൂപ്പുകളാക്കി മാറ്റുക. വിദ്യാഭ്യാസ രംഗത്ത് കാര്യമായ പല മാറ്റങ്ങളും ആലോചിക്കാനും ആവിഷ്കരിക്കാനും പ്രാപ്തിയുള്ള സംവിധാനമായി ഈ ഗ്രൂപ്പുകളെ വളർത്തുക. ഫലപ്രദമായ ഇടപെടൽ ഇക്കാര്യത്തിൽ ആവശ്യമാണ്.

60–കളിലും 70–കളിലും മിക്ക സംസ്ഥാനങ്ങളും സ്ക്കൂൾ കോംപ്ലക്സ് നടപ്പിലാക്കിയെങ്കിലും അധികം താമസിയാതെ അത് പ്രവർത്തന രഹിതമായി. ഫലപ്രദമായ ജനകീയ ഇടപെടലുകളിലൂടെ എങ്ങനെ സ്ക്കൂൾ കോംപ്ലക്സ് ലഭ്യപ്രാപ്തിയിൽ എത്തിക്കാമെന്ന് 1992ൽ കണ്ണൂർ ജില്ലലെ കല്ല്യാശ്ശേരി, കാസർകോട്ടെ മടിക്കൈ എന്നിവിടങ്ങളിൽ നടത്തിയ പരീക്ഷണങ്ങൾ തെളിയിച്ചിരിക്കുന്നു. ഈ പ്രോജക്ടുകൾക്ക് മുൻകൈ എടുത്ത ശാസ്ത്രസാഹിത്യ പരിഷത്തിനേയും പ്രത്യേകം എടുത്തു പറയേണ്ടതാണ്. ഇത്തരം ജനകീയ ഇടപെടലുകൾ നമ്മുടെ പഞ്ചായത്തിലും ആവശ്യമാണ്.

വിദ്യാഭ്യാസ മേഖലയെ കുറിച്ചു വിലയിരുത്തുമ്പോൾ നമ്മുടെ പഞ്ചായത്തിലെ നിലത്തെഴുത്തു കളരികളെ ഓർമ്മിക്കാതെ

സ്ക്കൂൾ കുട്ടികളുടെ വിവരം 1995-96 (ദ്വിതീയ വിവരം)

പട്ടിക III-2

L.P.S.				U.P.S.				H.S.				മൊത്തം				
ആകെ കുട്ടികൾ	ആൺ	പെൺ	പെൺകുട്ടികളുടെ ശരാശരി ശതമാനം	ആകെ കുട്ടികൾ	ആൺ	പെൺ	പെൺകുട്ടികളുടെ ശരാശരി ശതമാനം	ആകെ കുട്ടികൾ	ആൺ	പെൺ	പെൺകുട്ടികളുടെ ശരാശരി ശതമാനം	ആകെ കുട്ടികൾ	ആൺ	പെൺ	ആൺകുട്ടികളുടെ ശരാശരി ശതമാനം	പെൺകുട്ടികളുടെ ശരാശരി ശതമാനം
942	484	458	48.46	621	344	277	44.6	624	339	285	45.67	2187	1167	1020	53.4	46.6

പട്ടിക ജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ വിവരം 1995-96 (ദ്വിതീയ വിവരം)

പട്ടിക III-3

L.P.S.			U.P.S.			H.S.			മൊത്തം		
ആകെ കുട്ടികൾ	പട്ടികജാതി പട്ടികവർഗ്ഗം	പട്ടികജാതി പട്ടികവർഗ്ഗം ശതമാനം	ആകെ കുട്ടികൾ	പട്ടികജാതി പട്ടികവർഗ്ഗം	പട്ടികജാതി പട്ടികവർഗ്ഗം ശതമാനം	ആകെ കുട്ടികൾ	പട്ടികജാതി പട്ടികവർഗ്ഗം	പട്ടികജാതി പട്ടികവർഗ്ഗം ശതമാനം	ആകെ കുട്ടികൾ	പട്ടികജാതി പട്ടികവർഗ്ഗം	പട്ടികജാതി പട്ടികവർഗ്ഗം ശതമാനം
492	81	8.57	621	75	12	624	67	10.73	2187	223	10.2

വയ്യ. 8 ആശാൻ കളരികളാണ് ഇന്ന് ഇവിടെ നിലവിലുള്ളത്.

ജയിക്കുന്നവനെ അഭിനന്ദിക്കുകയും തോൽക്കുന്നവനെ അവഗണിക്കുകയും ചെയ്യുന്ന ഒരു വിദ്യാഭ്യാസരീതിയാണ് ഉള്ളത്. ഓർമ്മ ശക്തിയിൽ മാത്രം ഒതുങ്ങി നില്ക്കുന്ന പരീക്ഷാ രീതിക്ക് ഒരു വെല്ലുവിളി തന്നെയാണ് ശാസ്ത്ര ആഹിത്യപരിഷത്തും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി നടത്തി വരുന്ന യൂറീക്ക, ശാസ്ത്ര കേരളം വിജ്ഞാനോത്സവങ്ങൾ. സ്വന്തം ജ്ഞാനേന്ദ്രിയങ്ങളുടെ കഴിവുകൾ ഉപയോഗിച്ച് സഹജവാസനകളെ തട്ടിയുണർത്തുന്ന മാനസികോല്ലാസപ്രദമായ ഒന്നാണ് വിജ്ഞാനോത്സവം. ഈ സ്ക്കൂൾ വർഷം 175 കുട്ടികളും 12 അദ്ധ്യാപകരും ഇതിൽ പങ്കാളികളായി. ബഹുജനപങ്കാളിത്തത്തോടെ കൂടുതൽ ഭംഗിയായി ഇത് നടത്തുവാൻ നമുക്ക് കഴിയണം.

പട്ടിക 4-4 കൊഴിഞ്ഞുപോയ വിദ്യാർത്ഥികളുടെ കണക്ക് 95:96

പട്ടികജാതി പട്ടിക വർഗ്ഗം			മറ്റുള്ളവർ		
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	–	1	20	4	24

അവലംബം : ദ്വിതീയ വിവരശേഖരണം

പട്ടിക 4-5 സ്ക്കൂൾ അദ്ധ്യാപകരുടെ വിവരം 95:96

ആകെ അദ്ധ്യാപകർ			ഗവൺമെന്റ് സ്ക്കൂൾ അദ്ധ്യാപകർ				പ്രൈവറ്റ് സ്ക്കൂൾ അദ്ധ്യാപകർ			
ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ശതമാനം	ആകെ	ആൺ	പെൺ	ശതമാനം
87	22	65	65	18	47	74.71	22	18	4	25.29

അവലംബം : ദ്വിതീയ വിവരശേഖരണം

പട്ടിക 4-6 അക്കാഡമിക് സൗകര്യങ്ങൾ, പി.ടി.എ. മാതൃസംഗമം

		ആകെ സ്ക്കൂളുകൾ
4	ഉള്ളത്	പ്രവർത്തിക്കുന്ന ലൈബ്രറികൾ
3	ഇല്ലാത്തത്	
2	ഉള്ളത്	ലാബ്
5	ഇല്ലാത്തത്	
3	ഉള്ളത്	പഠനോപകരണങ്ങൾ
4	ഇല്ലാത്തത്	
1	ഉള്ളത്	റേഡിയോ
6	ഇല്ലാത്തത്	
–	ഉള്ളത്	ടെലിവിഷൻ
7	ഇല്ലാത്തത്	
2	ഉള്ളത്	ടേപ്പ് റിക്കോർഡർ
5	ഇല്ലാത്തത്	
1	ഉള്ളത്	സിനിമാ പ്രോജക്ട്
6	ഇല്ലാത്തത്	
–	ഉള്ളത്	സ്ലൈഡ് പ്രൊജക്ടർ
7	ഇല്ലാത്തത്	
6	ഉള്ളത്	ബ്ലാക് ബോർഡ് ആവശ്യത്തിനുള്ളത്
1	ഇല്ലാത്തത്	
2	ഉള്ളത്	കളിസ്ഥലം
5	ഇല്ലാത്തത്	
2	ഉള്ളത്	പി.ടി.എ.
5	ഇല്ലാത്തത്	
7	ഉള്ളത്	മാതൃ സംഗമം
–	ഇല്ലാത്തത്	

അവലംബം : ദ്വിതീയ വിവരശേഖരണം

പട്ടിക 4-7 ഭൗതിക സാഹചര്യങ്ങൾ

ക്രമനമ്പർ	വിദ്യാലയത്തിന്റെ പേര്	മൂത്രപ്പുര	കക്കൂസ്	കുടിവെള്ളം	വൈദ്യുതി	കെട്ടിടങ്ങൾ			പാചകപ്പുര താല്ക്കാലികം
						സ്ഥിരം	അസ്ഥിരം	താല്ക്കാലികം	
1	ഗവ എൽ.പി.എസ് ഇടവട്ടം	1	1	ഇല്ല	ഇല്ല	1	1	1	1
2	ഗവ എൽ.പി.എസ്വാഴേകാട്	1	1	ഇല്ല	ഇല്ല	1	–	–	1
3	,, കുലശേഖരമംഗലം	—	2	ഉണ്ട്	ഇല്ല	–	1	–	1
4	എസ്.എൻ.എൽ.പി.എസ് മറവന്തുരുത്ത്	—	1	ഉണ്ട്	ഉണ്ട്	1	1	–	1
5	ഗവ യു.പി.എസ് മറവന്തുരുത്ത്	2	1	ഉണ്ട്	ഉണ്ട്	3	1	–	1
6	എൻ.എ.എം.യു.പി.എസ് കുലശേഖരമംഗലം	1	1	ഉണ്ട്	ഉണ്ട്	2	4	–	1
7	ഗവ എച്ച്.എസ് കുലശേഖരമംഗലം	2	1	ഉണ്ട്	ഉണ്ട്	4	3	1	1

അവലംബം : ദ്വിതീയ വിവരശേഖരണം

പട്ടിക 4-8 95–96 ലെ ഒന്നാം പാദ വാർഷിക പരീക്ഷാവിവരം

ക്ലാസ്	ആകെ കുട്ടികൾ	30% ൽ താഴെ മാർക്ക് ലഭിച്ചവർ	30% ൽ നും 40% ൽ താഴെ മാർക്ക് ലഭിച്ചവർ	40% ൽ നും 50% ൽ താഴെ മാർക്ക് ലഭിച്ചവർ	50% ൽ നും 60% ൽ താഴെ മാർക്ക് ലഭിച്ചവർ	60% ൽ മേൽ മാർക്ക് ലഭിച്ചവർ
III	236	69	25	29	23	90
IV	239	39	36	37	49	78
V	195	25	37	30	34	69
VI	204	65	52	29	17	41
VII	227	61	45	39	33	49
VIII	193	66	67	38	10	12
IX	228	81	82	40	13	12
X	239	61	81	80	8	9
ആകെ	1761	467	425	322	187	360

അവലംബം : ദ്വിതീയ വിവരശേഖരണം

പട്ടിക 4-9 എസ്.എസ്.എൽ.സി വിജയശതമാനം

91-92	92-93	93-94	94-95	95-96
21	35	26	24.3	22.3

അവലംബം : ദ്വിതീയ വിവരശേഖരണം

മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിൽ പതിനഞ്ച് അംഗൻവാടികളുണ്ട്. ശുചിത്വ ബോധവും ആരോഗ്യശീലങ്ങളും സാമൂഹ്യബോധവും ലഭിക്കുന്ന പ്രാഥമിക സ്ഥാപനങ്ങളാണ് അംഗൻവാടികൾ. മാതൃ ശിശു സംരക്ഷണ പ്രവർത്തനവും അതിന്റെ പ്രധാന മേഖലകളാണ്. അതു കൊണ്ട് അംഗൻ വാടികൾ കൂടുതൽ ലക്ഷ്യ ബോധത്തോടെ പ്രവർത്തിക്കുന്ന വയുമാക്കി മാറ്റേണ്ടത് മുതിർന്ന തലമുറ യുടെ കടമയായിമാറണം.

വിദ്യാഭ്യാസ നിലവാരം തൃപ്തികരമ ല്ലാത്ത സാഹചര്യത്തിൽ എല്ലാ സ്ക്കൂളു കൾക്കും വിദ്യാഭ്യാസ സമിതികൾ രൂപീക രിക്കേണ്ടിയിരിക്കുന്നു. ഇത്തരം സമിതി കളിൽ പ്രധാന അദ്ധ്യാപക, പി.ടി.എ. പ്രസിഡന്റ്, മാതൃസംഗമത്തിന്റെ പ്രതിനി ധിയും വിദ്യാഭ്യാസ തല്പരനായ ഒരു പൊതു പ്രവർത്തകൻ, ഒരു പൂർവ്വ വിദ്യാർത്ഥി, സന്നദ്ധസംഘടനകളുടെ പ്രതിനിധികൾ എന്നിവർ ഉണ്ടായിരിക്കണം. സ്ക്കൂൾ വിദ്യാഭ്യാസ സമിതികളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി പഞ്ചായത്തു തല സമിതി രൂപീകരിക്കേണ്ടതാണ്.

മറവൻതുരുത്തു ഗ്രാമപഞ്ചായ ത്തിലെ ഗ്രാമസഭകളിൽ നിന്നും വിദ്യാ ഭ്യാസത്തെക്കുറിച്ച് ഉയർന്നു വന്ന പ്രശ്ന ങ്ങൾ താഴെ കൊടുത്തിരിക്കുന്നു. ഇവ യെ പഞ്ചായത്തു തലത്തിൽ പൊതു വായ വാർഡുതലത്തിലുള്ളവ എന്നിങ്ങനെ വേർതിരിച്ചു കൊടുത്തി രിക്കുന്നു.

പ്രശ്നങ്ങൾ

1. മറവന്തുരുത്തു പഞ്ചായത്തിൽ 3,5,8,9,10 വാർഡുകളിൽ സ്ക്കൂളുകൾ ഇല്ല.
2. സ്ക്കൂളുകളിലെ പഠന നിലവാരം പൊതുവേ മോശമാണ്.
3. അദ്ധ്യാപക രക്ഷാകർത്തൃ സംഘടന, മാതൃസംഗമം ഇവയുടെ പ്രവർത്തനം തൃപ്തികരമല്ല.
4. പഞ്ചായത്തിൽ നേഴ്സറി സ്ക്കൂളു കൾ വേണ്ടത്ര ഇല്ല.
5. തുടർ സാക്ഷരതാ പ്രവർത്തനം നട ന്നിട്ടില്ല.
6. എല്ലാ സ്ക്കൂളുകൾക്കും മൂത്രപ്പുര യും കക്കൂസുകളും ഇല്ല. ഉള്ള വതന്നെ ശുചിത്വമില്ലാത്തവയാണ്.
7. കുടിവെള്ളം എല്ലാസ്ക്കൂളുകളിലും ലഭിക്കുന്നില്ല.
8. അച്ചടക്കരാഹിത്യം വർദ്ധിച്ചുവരുന്നു.
9. സാങ്കേതിക വിദ്യാഭ്യാസത്തിനുള്ള സ്ഥാപനങ്ങൾ (ഐ.ടി.സി. പോളിടെക്നിക്, മുതലായവ) ഇല്ല.
10. സ്ക്കൂളുകളിലെ ഗ്രന്ഥശാലകൾ ന ന്നായി പ്രവർത്തിക്കുന്നില്ല.
11. അദ്ധ്യാപകരുടെ ഒഴുവുകൾ യഥാസ മയം നികത്തപ്പെടുന്നില്ല.
12. കലാകായിക രംഗങ്ങൾക്ക് വേണ്ട പ്രാധാന്യം നൽകുന്നില്ല.
13. മിക്ക സ്ക്കൂൾ കോമ്പൗണ്ടുകൾക്കു ചുറ്റുമതിലുകൾ ഇല്ലാത്തതിനാൽ നാശനഷ്ടങ്ങൾ നേരിടുന്നു.

14. മിക്ക അംഗൻവാടികൾക്കും സ്വന്തം സ്ഥലമോ കെട്ടിടമോ ഇല്ല. തികച്ചും അനാരോഗ്യകരമായ ചുറ്റുപാടിലാണ് അവ പ്രവർത്തിക്കുന്നത്.
15. അംഗൻവാടികൾക്കുള്ള പോഷകാഹാര വസ്തുക്കൾ യഥാസമയം എത്തിക്കുന്നില്ല.

വാർഡ് തല പ്രശ്നങ്ങൾ

വാർഡ്–I

1. മറവന്തുരുത്ത് യു.പി. സ്ക്കൂളിന് കളിസ്ഥലമില്ല
2. ഫർണീച്ചറുകളും പഠനോപകരണങ്ങളും വേണ്ടത്രയില്ല.
3. സ്ക്കൂൾ കവാടത്തിൽ നാമഫലകം ഇല്ല.

വാർഡ്–II

1. എടവട്ടം എൽ.പി. സ്ക്കൂൾ കെട്ടിടത്തിന്റെ അറ്റകുറ്റ പ്പണി യഥാസമയം നടക്കുന്നില്ല.
2. സ്ക്കൂൾ പരിസരം മലിനീകരിക്കുന്നു.
3. യു.പി. സ്ക്കൂളോ ഹൈസ്ക്കൂളോ ഈ വാർഡിൽ ഇല്ല.
4. ഈ സ്ക്കൂളിന്റെ പരിസരത്തു നിന്നും ദൂരെയുള്ള ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിൽ പോയി കുട്ടികൾ പഠനം നടത്തുന്നു.
5. പാഠപുസ്തകങ്ങൾ യഥാസമയം ലഭിക്കുന്നില്ല.
6. പാചകപ്പുരയില്ല.
7. പാചകക്കാർക്ക് സ്ഥിരമായ വേതനവും ജോലിസ്ഥിരതയും ഇല്ല.
8. അറ്റകുറ്റപ്പണികളുടെ തുക കൃത്യ സമയത്ത് ലഭിക്കുന്നില്ല.
9. അനൗപചാരിക വിദ്യാഭ്യാസത്തിന് ജനശിക്ഷണനിലയം ഇല്ല.
10. എടവട്ടം സ്ക്കൂളിൽ വൈദ്യുതിയില്ല.
11. ആവശ്യത്തിന് അദ്ധ്യാപകരില്ല.
12. വാർഡിലെ ഏക നിലത്തെഴുത്തു കളരി ആശാട്ടിക്ക് മറ്റുള്ളവർക്ക് ലഭിക്കുന്ന ഗ്രാന്റ് ലഭിക്കുന്നില്ല.

വാർഡ് V

13. അംഗൻവാടി ടീച്ചർ ഭവനസന്ദർശനം വേണ്ടത്ര നടത്തുന്നില്ല.
14. കുട്ടികൾക്ക് സ്ക്കൂളുകളിൽ എത്തുന്നതിന് ആവശ്യമായ യാത്രാ സൗകര്യമില്ല.

വാർഡ് VI

16. സ്ക്കൂൾ പരിസരങ്ങൾ, ക്ലാസുമുറികൾ ഇവ വൃത്തിയുള്ളതും വെടിപ്പുള്ളതുമല്ല.

വാർഡ് VII

17. വാഴേക്കാട് എൽ.പി. സ്ക്കൂളിലേക്ക് പ്രവേശിക്കാൻ ആവശ്യമായ പാതയില്ല.
18. ഈ സ്ക്കൂളിലെ പഠന നിലവാരം ശരാശരിയിൽ താഴെയാണ്.

വാർഡ് IX

19. വിദ്യാഭ്യാസസ്ഥാപനങ്ങളില്ല.

വാർഡ് X

20. തുരുത്തമ്മ ഒറ്റപ്പെട്ടു കിടക്കുന്ന പ്രദേശമാണ്. ഇവിടെ വിദ്യാലയങ്ങളില്ല.

നിർദ്ദേശങ്ങൾ:

1) സ്കൂൾ കോംപ്ലക്സുകൾ, പി.ടി.എ., മാതൃസംഗമം ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. ക്ലാസുകളുടെ അടിസ്ഥാനത്തിൽ പി.ടി.എ. മാതൃസംഗമം ഇവ രൂപീകരിക്കണം. വിദ്യാഭ്യാസ സമിതികൾ രൂപീകരിച്ച് വിദ്യാഭ്യാസ നിലവാരം ഉയർത്താൻ പി.ടി.എ., മാതൃസംഗമം സ്കൂൾ കോംപ്ലക്സ് ഇവയെ സഹായിക്കാവുന്നതാണ്. അദ്ധ്യാപക വിദ്യർത്ഥി അനുപാതം കുറക്കുന്നതും നിലവാരം മെച്ചപ്പെടുത്താൻ ഉപകരിക്കും. എല്ലാ പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകളോടും ചേർന്ന് നഴ്സറി സ്കൂളുകൾ തുടങ്ങുക.

3. തുടർ സാക്ഷരത പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക. വായനശാലകളുടെ പ്രവർത്തനം സജീവമാക്കുകയും അവയെ വിജ്ഞാന കേന്ദ്രങ്ങളാക്കുകയും ചെയ്യുക.

4. മൂത്രപ്പുരകളും കക്കൂസുകളും ഇല്ലാത്ത സ്കൂളുകളിൽ അവ അടിയന്തിരമായി നിർമ്മിച്ചു നൽകുക.

5. കുടിവെള്ളം ലഭ്യമല്ലാത്ത വിദ്യാലയങ്ങളിൽ ജലം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ ഉടൻ ചെയ്യുക. കിണറുകൾ ഉള്ള സ്കൂളുകളിൽ അവ ശുചീകരിച്ചും പൈപ്പുവെള്ളം ലഭിക്കുന്നിടത്ത് ആവിധത്തിലും ശുദ്ധ ജല ലഭ്യത ഉറപ്പാക്കാവുന്നതാണ്. പൈപ്പുജലം ഉപയോഗിക്കുന്ന സ്കൂളുകളിലെ വാട്ടർചാർജ് പൂർണ്ണമായും സർക്കാർ വഹിക്കേണ്ടതാണ്.

6. സാങ്കേതിക വിദ്യാഭ്യാസത്തിന്റെപ്രാധാന്യം ഏറി വരുന്നു. പഞ്ചായത്തിന്റെ പരിധിക്കുള്ളിൽ ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് അല്ലാതെ മറ്റ് സാങ്കേതിക പരിശീലന കേന്ദ്രങ്ങൾ ഇല്ല. അതിനാൽ സാങ്കേതിക വിദ്യാലയങ്ങൾ സ്ഥാപിക്കേണ്ടതാണ്

7. കുലശേഖരമംഗലം ഹൈസ്ക്കൂളിൽ പ്ലസ് ടൂ കോഴ്സ് തുടങ്ങാനുള്ള നടപടി ഉണ്ടാകണം.

8. സ്കൂൾ ലൈബ്രറികൾ കാര്യക്ഷമമാക്കണം. കുട്ടികളുടെ പഠനത്തെയും വായനാശീലത്തെയും സഹായിക്കുന്ന പുസ്തകങ്ങൾ ഉൾക്കൊള്ളുന്ന റീഡിംഗ് റൂമുകൾ ഉണ്ടാക്കുക.

9. കുട്ടികളുടെ കായികവും കലാപരവുമായ കഴിവുകൾ ഉയർത്താൻ എല്ലാ സ്കൂളുകളിലും കായികാദ്ധ്യാപകരേയും കലാ അദ്ധ്യാപകരേയും നിയമിക്കുക. ആവശ്യമായ കളിസ്ഥലങ്ങൾ നിർമ്മിക്കുക. സ്കൂൾ കോംപ്ലസിലെ ന്യൂക്ലിയർ സ്കൂൾകേന്ദ്രമാക്കി അതിന്റെ കീഴിലുള്ള സ്കൂളുകളിലെ കുട്ടികളെ പരമാവധി പങ്കെടുപ്പിച്ച് കലാ കായിക മത്സരങ്ങൾ നടത്തുക.

10. ചുറ്റുമതിലില്ലാത്ത സ്കൂളുകൾക്ക്

ചുറ്റുമതിലുണ്ടാക്കി പുരയിടവും സ്ക്കൂളും സംരക്ഷിക്കുക. ഇങ്ങനെ ചെയ്താൽ സ്ക്കൂൾ കൃഷിത്തോട്ടങ്ങൾ നിർമ്മിക്കാവുന്നതാണ്.

11. വൈദ്യുതി ലഭിച്ചിട്ടില്ലാത്ത സ്ക്കൂളുകളിൽ അത് ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക. ഇന്ന് ഇതൊരാവശ്യമാണ്. വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന റിക്കാർഡർ ഇവ ഇല്ലാത്ത സ്ക്കൂളുകൾക്ക് നൽകുക.

12. അംഗൻ വാടികൾ ഇപ്പോൾ പ്രവർത്തിക്കുന്നത് മിക്കവാറും വേണ്ടത്ര സൗകര്യമുള്ള കെട്ടിടങ്ങളിലോ സ്വന്തം കെട്ടിടത്തിലോ അല്ല. അവയ്ക്ക് കെട്ടിടങ്ങൾ നിർമ്മിക്കുക. മുത്രപ്പുര അത്യാവശ്യമാണ്. കളിക്കോപ്പുകൾ നൽകുക.

13. അംഗൻവാടി അദ്ധ്യാപികമാർ അവരുടെ പ്രവർത്തന പരിധിയിലുള്ള എല്ലാ വീടുകളും സന്ദർശിച്ച് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് സാഹചര്യം ഒരുക്കുക.

14. ഇടവട്ടം എൽ.പി. സ്ക്കൂളിന്റെ പഴകിയ കെട്ടിടം പുതുക്കി പണിയേണ്ടതാണ്.

15. സ്ക്കൂൾ അറ്റകുറ്റപണികൾ നടത്തിയതിന്റെ തുക അടിയന്തിരമായി കൊടുത്തു തീർക്കേണ്ടതാണ്.

16. അഭ്യസ്തവിദ്യരായ യുവാക്കൾക്ക് സഹകരണടിസ്ഥാനത്തിൽ കംപ്യൂട്ടർ, ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായം നല്കുക.

17. വാഴേകാട് എൽ.പി. സ്ക്കൂളിലേക്ക് റോഡുനിർമ്മിക്കുക.

18. എട്ടാം വാർഡിൽ സമീപസ്ക്കൂളുകൾ ഇല്ലാത്തതിനാൽ ഒരു എൽ.പി. സ്ക്കൂൾ സ്ഥാപിക്കേണ്ടതാണ്.

19. അഞ്ച് കിലോമീറ്റർ നടന്നു വേണം ഒമ്പതാം വാർഡിലെ കായലോര പ്രദേശങ്ങളിലെ കുട്ടികൾക്ക് യു.പി. സ്ക്കൂളിൽ എത്താൻ. അതുകൊണ്ട് ഒമ്പതാം വാർഡ് കേന്ദ്രികരിച്ച് ഒരു യു.പി. സ്ക്കൂൾ തുടങ്ങുക.

20. വളരെ ദൂരം നടന്ന് പുഴ കടന്ന് ദൂരെ പ്രദേശങ്ങളിൽ പോയി പഠിക്കേണ്ടതുകൊണ്ട് ചെറുപ്രായത്തിൽ തന്നെ തുരുത്തുമ്മയിലെ കുട്ടികൾ പഠനം നിർത്തുന്ന അവസ്ഥ ഉള്ളതിനാൽ അവിടെ ഒരു എൽ.പി.സ്ക്കൂൾ സ്ഥാപിക്കുക.

"പഠിപ്പുള്ളവർ പഠിപ്പില്ലാത്തവനെ പഠിപ്പിച്ചില്ലായെങ്കിൽ
അവനെ ജനദ്രോഹിഎന്നു വിളിക്കണം"

വിവേകാനന്ദൻ

5 ആരോഗ്യം കുടിവെള്ളം



ആരോഗ്യം = ആശുപത്രി + ~~ഡോക്ടർ~~ + മരുന്ന്.....

ആരോഗ്യം = കുടിവെള്ളം + പരിസരശുചിത്വം + ആഹാരം

നമ്മുടെ പഞ്ചായത്തിന്റെ ആകെ ജനസംഖ്യ 20532 ആണ്. ഈ നൂറ്റാണ്ടിന്റെ ആദ്യം ഇവിടെ ആരോഗ്യ സ്ഥാപനങ്ങൾ ഒന്നും തന്നെ ഇല്ലായിരുന്നു എന്നു പറയാം. ജനങ്ങൾ പൂർണ്ണമായും ആശ്രയിച്ചിരുന്നത് പരമ്പരാഗത വൈദ്യന്മാരേയും നാട്ടുവൈദ്യന്മാരേയുമാണ്. നാരായണ കണിയാൻ ഇടവട്ടം, രാമകണിയാൻ ഇടവട്ടം, വാക്കയിഎഴെൽ ഭാസ്കരവൈദ്യർ (വൈദ്യകലാനിധി), മാതുവൈദ്യൻ കുലശേഖരമംഗലം, കളപ്പുരയ്ക്കൽ നാരായണൻ വൈദ്യൻ, നാരായണൻ വൈദ്യൻ പൂന്തുറ, അങ്കൻ വൈദ്യൻ കുലശേഖരമംഗലം തുടങ്ങിയവരായിരുന്നു ആ കാലഘട്ടത്തിലെ പ്രധാന വൈദ്യന്മാർ. അന്ന് ഈ പഞ്ചായത്തിലുണ്ടായിരുന്ന ഏകവിഷകാരി മാറ്റപറമ്പിലുള്ള കുഞ്ഞൻ വൈദ്യൻ ആയിരുന്നു. ശ്രീ. കളപ്പുരക്കൽ കൃഷ്ണൻ ആയിരുന്നു ഇവിടെ നിന്നുള്ള ആദ്യത്തെ മെഡിക്കൽ ബിരുദധാരി. ശ്രീമതി. സാറാമ്മ വർഗ്ഗീസ് ആയിരുന്നു ആദ്യത്തെ വനിതാ ഡോക്ടർ. 1946 മുതൽ കുലശേഖരമംഗലത്തു പ്രവർത്തിച്ചുവരുന്ന ഹാനിമാൻസ് ഹോമിയോ ഡിസ്പൻസറിയാണ് പഞ്ചായത്തിലുണ്ടായ ആദ്യത്തെ ആരോഗ്യസ്ഥാപനം. 22-11-1972 ലാണ് മറവൻതുരുത്തിൽ

ഒരു ആലോപ്പൊതി ആശുപത്രി സ്ഥാപിതമാകുന്നത്. സ്വന്തമായി കെട്ടിടസൗകര്യം ഇല്ലാതിരുന്നതുമൂലം കുലശേഖരമംഗലത്തു എസ്. എൻ. ഡി. പി. കെട്ടിടത്തിലാണ് പ്രസ്തുത ഡിസ്പൻസറി പ്രവർത്തനമാരഭിച്ചത്. ഇപ്പോൾ മറവൻതുരുത്തിലുള്ള സ്വന്തം കെട്ടിടത്തിൻ തന്നെയാണ് ആശുപത്രി പ്രവർത്തിച്ചുവരുന്നത്. ഈ ഡിസ്പൻസറി ഇപ്പോൾ പ്രൈമറി ഹെൽത്ത് സെന്ററായി ഉയർത്തുകയും 10 ബെഡുകൾ അനുവദിച്ചിട്ടുമുണ്ട്. ആരോഗ്യപരിപാലനരംഗത്ത് കഴിഞ്ഞ മൂന്നുപതിറ്റാണ്ടിനുള്ളിൽ വലിയ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ഇപ്പോൾ 3 അലോപ്പതി ആശുപത്രികളും 6 ഹോമിയോ ക്ലിനിക്കുകളും ഉൾപ്പെടെ 9 ആരോഗ്യ സ്ഥാപ

പട്ടിക – 5-1 ആരോഗ്യസ്ഥാപനങ്ങളുടെ വിവരം

നമ്പർ	വാർഡ്	സ്ഥാപനത്തിന്റെ പേര്	ഇനം	കെട്ടിടം സ്വന്തം/ വാടക	സ്ഥാപിച്ച വർഷം	ഉദ്യോഗസ്ഥരുടെ എണ്ണം
1	2	3	4	5	6	7
1	VII	ഗവ: ഹോമിയോ ആശുപത്രി	ഹോമിയോ	വാടക	30-3-89	4
		കുലശേഖരമംഗലം				
2	II	കണ്ണൻസ് ഹോമിയോ	ഹോമിയോ	സ്വന്തം	1964	1
		ക്ലിനിക്ക്, ചുങ്കം				
3	VII	ശിവദാസ് ഹോമിയോ ക്ലിനിക്ക്	ഹോമിയോ	വാടക	1994	1
		കുലശേഖരമംഗലം				
4	VII	ഹാനിമാൻസ്	ഹോമിയോ	വാടക	1946	1
		കുലശേഖരമംഗലം				
5	I	പി.എച്ച്. സെന്റർ	അലോപ്പതി	സ്വന്തം	22-11-72	15
		മറവൻതുരുത്ത്				
6	II	കൊണത്തുകാട്,	ഹോമിയോ	വാടക	1972	1
		പാലങ്കടവ്				
7.	VI	ഗീതാസ് ക്ലിനിക്ക്	ഹോമിയോ	സ്വന്തം	1982	1
		കുലശേഖരമംഗലം				
8	VII	സന്ധു ക്ലിനിക്ക്	അലോപ്പതി	വിവരം	തരാൻ മടിച്ചു	
		കുലശേഖരമംഗലം				
9	VIII	ഇന്ത്യാ അമേരിക്കൻ,	അലോപ്പതി			
		ചെമ്മനാകരി				
10	I	FWC മറവൻതുരുത്ത്	അലോപ്പതി			
11	IX	FWC കൊച്ചങ്ങാടി	അലോപ്പതി			

അവലംബം :- ദ്വിതീയ ശേഖരണ സർവ്വേ

നങ്ങൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇതിൽ ചെമ്മനകരിയിൽ പ്രവർത്തിക്കുന്ന ഇന്തോ അമേരിക്കൻ ആശുപത്രി സംസ്ഥാനതലത്തിൽ തന്നെ ശ്രദ്ധിക്കപ്പെടുന്ന ഒന്നാണ്. ഇപ്പോൾ കുലശേഖരമംഗലത്ത് എസ്. എൻ. ഡി. പി. കെട്ടടത്തിൽ പ്രവർത്തിക്കുന്ന ഹോമിയോ ആശുപത്രിക്കുവേണ്ടി സ്ഥലം വാങ്ങാനുള്ള പണം സർക്കാർ അനുവദിച്ചിട്ടുണ്ട്. ആരോഗ്യരക്ഷാ സംവിധാനങ്ങൾക്കുവേണ്ടിയുള്ള സ്ഥാപനങ്ങളും മനുഷ്യവിഭവശേഷിയും വർദ്ധിച്ചിട്ടുണ്ട് എങ്കിലും സേവനരംഗത്ത് പ്രവർത്തനം തൃപ്തികരമല്ല എന്നുള്ളതാണ് അഭിപ്രായം.

രണ്ടു ഫാമിലി വെൽഫെയർ സെൻററുകളിലേയും സ്റ്റാഫുകളുടെ എണ്ണം PHC യോടൊപ്പം കൊടുത്തിട്ടുണ്ട്. ഇവകൂടാതെ മൂന്നു സ്വകാര്യ പരമ്പരാഗത ചികിത്സാലയങ്ങളും 2 ആയുർവ്വേദ വൈദ്യശാലകളും പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. മറവൻതുരുത്തിലും കുലശേഖരമംഗലത്തുമായി ഓരോ മെഡിക്കൽ ഷോപ്പും മറവൻതുരുത്തിൽ ഒരു സ്വകാര്യ ക്ലിനിക്കും ലബോറട്ടറിയും പ്രവർത്തിച്ചുവരുന്നു. ആരോഗ്യ സ്ഥാപനങ്ങൾ വർദ്ധിച്ചുവെങ്കിലും മറ്റു സ്ഥലങ്ങളിലുള്ള സ്ഥാപനങ്ങളെയാണ് ജനങ്ങൾ ഇപ്പോഴും കൂടുതലായി ആശ്രയിക്കുന്നത്.

രോഗാതുരത : കുറഞ്ഞ മരണ നിരക്കും ഉയർന്ന രോഗാതുരതയും – ഇതാണ് കേരളത്തിൽ ആരോഗ്യാവസ്ഥ എന്നു പറയുന്നുത്. ഏതാണ്ട് സമാന സ്വഭാവം തന്നെ നമ്മുടെ പഞ്ചായത്തിലെ ആരോഗ്യ ചിത്രത്തിലും ദർശിക്കാം. രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നതായി വിവിധ സ്ഥാപനങ്ങളിൽ നിന്നു കിട്ടിയ വിവരങ്ങൾ തെളിയിക്കുന്നു. 7,8,9,10 വാർഡുകളിൽ ഛർദ്ദി, അതിസാരം, വയറുകടി, ക്ഷയരോഗം, വസൂരി, തൊക്ക്രോഗങ്ങൾ നേത്രരോഗങ്ങൾ, വില്ലൻചുമ എന്നിവ വ്യാപകമായി കാണുന്നുണ്ട്.

പട്ടിക – 5-2 രോഗങ്ങൾ സംബന്ധിച്ച വിവരം

വർഷം	ഇൻ പെഷ്യൻറ്	ഔട്ട് പേഷ്യൻറ്	തൊക്ക് രോഗങ്ങൾ	വാത രോഗങ്ങൾ	പകർച്ച വ്യാധി	വിഷ ചികിത്സ	മറ്റു രോഗങ്ങൾ	ആകെ
1992-93	വിവരം ലഭ്യമല്ല	43737	6228	6870	14555	വിവരം ലഭ്യമല്ല	16084	43737
1993-94	"	50159	6490	6645	15375	"	21649	50159
1994-95	"	54412	6968	7661	17126	"	22651	54412
1995-96	"	57866	6771	8481	18200	"	24414	57866

അവലംബം :- ദ്വിതീയ ശേഖരണ സർവ്വേ

കഴിഞ്ഞ 4 വർഷങ്ങളായി നമ്മുടെ പഞ്ചായത്തിൽ പകർച്ചവ്യാധികളുടെയും മറ്റു രോഗങ്ങളുടെയും മാരകമായ വർദ്ധനവാണ് പട്ടികസൂചിപ്പിക്കുന്നത്. ത്വക്ക് രോഗങ്ങളും പകർച്ച വ്യാധികളും പെരുകാനുള്ള സാഹചര്യങ്ങൾ നിലനിൽക്കുന്നുവെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു.

വിഷ ചികിത്സയ്ക്കായി കടുത്തുരുത്തിയിലുള്ള തുരുത്തിപ്പള്ളി വിഷവൈദ്യശാല, കാരിത്താസ് എന്നീ സ്ഥാപനങ്ങളെയാണ് ആശ്രയിക്കുന്നത്. അതുപോലെ നാനാടത്തുള്ള മണി മെമ്മോറിയൽ ആശുപത്രി, വൈക്കം ഗവ: ആശുപത്രി, വൈക്കം ഇന്തോ അമേരിക്കൻ ആശുരപത്രി, തലയോലപ്പറമ്പ് പൈമറി ഹെൽത്ത് സെൻറർ, പുത്തൻകാവ് ഗവ: ആശുപത്രി എന്നിവിടങ്ങളിലും നമ്മുടെ പഞ്ചായത്തിൽ നിന്നും ജനങ്ങൾ ചികിത്സയ്ക്കായി പോകുന്നുണ്ട്. ഈ സ്ഥാപനങ്ങളിലേക്കു കൂടി നമ്മുടെ പഠനം വ്യാപിപ്പിച്ചാലെ പഞ്ചായത്തിൻെറ യഥാർത്ഥ ആരോഗ്യ ചിത്രം ലഭിക്കൂ.

പൊതുമരണനിരക്ക് സംസ്ഥാന ശരാശരിക്കും താഴെയാണ്. മൊത്തം ജനസംഖ്യയിൽ 300 പേർ 1 നും 5 നും ഇടയ്ക്ക് പ്രായമുള്ള വരുമാണ്. ഈ കുട്ടികൾക്ക് വിവിധ പ്രതിരോധകുത്തിവെയ്പ്പുകൾ നടത്തുന്നുണ്ട്. 504 കുട്ടികൾക്ക് അനുപൂരക പോഷകാഹാരം നൽകുന്നു.

നമ്മുടെ പഞ്ചായത്തിൽ 4670 വീടുള്ളതിൽ 1851 വീടുകളിലും കക്കൂസുകളില്ല. വീടില്ലാത്ത 670 കുടുബങ്ങളുണ്ട്. ആരോഗ്യ പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കണമെങ്കിൽ ഈ പ്രശ്നം പ്രധാനമായും പരിഹരിക്കേണ്ടതുണ്ട്.

പട്ടിക – 5-3 ചില ആരോഗ്യസൂചികകൾ :-

വിഷയം		ഇന്ത്യ	കേരളം	മറവന്തുരുത്ത്	ലക്ഷ്യം 2000- ാമാണ്ട്
പൊതുമരണനിരക്ക്		10.5	5.9	4.77	9
ശിശുമരണനിരക്ക്		94	16		60
ജനന നിരക്ക്		33.6	17	6.1	21
ആയുർ ദൈർഘ്യം	(സ്ത്രീ)	56	67		64
	(പു)	57	70		64

അവലംബം :- ദ്വിതീയ ശേഖരണ സർവ്വേ

പട്ടിക – 5-4 പാർപ്പിട — സാനിറ്റേഷൻ സൗകര്യങ്ങൾ

വാർഡ്	ആകെ വീടുകൾ	സാനിറ്ററി കക്കൂസ് ഇല്ലാത്ത വീടുകൾ	വീടും സ്ഥലവും ഉണ്ട് കക്കൂസ് ഇല്ല		വീടില്ലാത്തവർ			
					സ്ഥലം ഉണ്ട്		സ്ഥലം ഇല്ല	
			മുള്ളുവർ	SC/ST	മുള്ളുവർ	SC/ST	മുള്ളുവർ	SC/ST
I	736	191	94	15	74	4	1	3
II	538	260	192	12	56	-	-	3
III	432	163	104	7	47	2	3	-
IV	367	134	68	6	54	4	2	-
V	368	143	93	10	36	4	-	-
VI	533	210	135	ലഭ്യമല്ല	75	-	-	-
VII	680	143	88	"	55	-	-	-
VIII	874	250	107	19	134	-	9	9
IX	535	269	172	ലഭ്യമല്ല	97	-	-	-
X	462	94	66	"	28	-	-	-
ആകെ	5635	1857	1119	69	656	14	15	12

അവലംബം :- സെക്കണ്ടറി ഡാറ്റാ കളക്ഷൻ VEO ഓഫീസ്

ഈ കണക്കുകൾ പൂർണ്ണമാണ് എന്നു പറയാനാവില്ല. കാരണം മറ്റു ചില രേഖകളിൽ 5002 വീടുകളുണ്ടെന്നും അതിൽ 2793 വീടുകൾക്ക് കക്കൂസുകൾ ഇല്ല എന്നും കാണുന്നു. കൂടുതൽ വ്യക്തത കൈവരുത്തണമെങ്കിൽ പ്രാഥമിക വിവരശേഖരണത്തിത്തിലൂടെയേ സാദ്ധ്യമാകൂ.

ആരോഗ്യ സ്ഥാപനങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല എന്നതാണ് ഗ്രാമസഭകളിൽ പൊന്തിവന്ന മുഖ്യപ്രശ്നം. ജനങ്ങൾ കൂടുതലായും ആശ്രയിക്കുന്നത് മറ്റുള്ളിടത്തെ സ്വകാര്യ സ്ഥാപനങ്ങളെയാണ്. പ്രവർത്തനങ്ങഴിലെ കാര്യക്ഷമതയില്ലായ്മയും മറ്റു സൗകര്യങ്ങളുടെ അപര്യാപ്തതയുമാണ് ഇതിനു കാരണം.

ആരോഗ്യരംഗം ഒരവലോകനം

താരതമ്യേന ശക്തമായൊരു പൊതുമേഖലാ ആരോഗ്യസംവിധാനമാണ് കേരളത്തിനുള്ളത്. ബജറ്റിന്റെ 17% വും ഈ സ്ഥാപനങ്ങൾക്കുവേണ്ടിയാണ് വിനിയോഗിക്കുന്നതും. എന്നാൽ വിവിധകാരണങ്ങളാൽ ജനങ്ങൾക്ക് ഈ വ്യവസ്ഥയിൽ നിന്ന് അകലുന്നതായാണ് കാണുന്നത്. ഈ പൊതുസ്ഥിതി തന്നെയാണ് പഞ്ചായത്തിലും കാണുന്നത്. രണ്ടായികരാമാണ്ടിൽ രാഷ്ട്രം കൈവരിക്കാനുദ്ദേശിക്കുന്ന ആരോഗ്യലക്ഷ്യങ്ങൾ കേരളം പലവർഷങ്ങൾക്കുമുമ്പേ കൈവരിച്ചുകഴിഞ്ഞുവെന്നത് പ്രസിദ്ധമാണ്. എന്നാൽ നാനാവിധ ആരോഗ്യപ്രശ്നങ്ങൾ ഇനിയും അവശേഷിക്കുന്നുണ്ട്. അവ നേരിടുന്നതിനും നിലവിലുള്ള ആരോഗ്യ പരി

പാടികളെ സംയോജിപ്പിച്ച് ഗ്രാമതലത്തിൽ ഒരു സമഗ്രപരിപാടി തയ്യാറാക്കുന്നതിനും പഞ്ചായത്തിനു കഴിയണം.

പഞ്ചയത്തിലെ സമഗ്ര ആരോഗ്യ പരിപാടിക്ക് രൂപം കൊടുക്കുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ ചെയ്യണം.

1. ആരോഗ്യ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും വ്യത്യസ്ത വൈദ്യശാസ്ത്രശാഖകളെയും ഏകോപിപ്പിക്കുന്നതിനും ആരോഗ്യ പ്രവർത്തനങ്ങളിലേക്ക് നേതൃത്വം നൽകുന്നതിനും പഞ്ചായത്തിൽ ഒരു ജനകീയ കമ്മിറ്റി ഉണ്ടാക്കണം. ആരോഗ്യ കൺവെൻഷൻ വിളിച്ചുചേർത്ത് അവിടെ വെച്ചായിരിക്കണം കമ്മിറ്റി രൂപീകരിക്കേണ്ടത്. പഞ്ചായത്ത് പ്രസിഡണ്ടായിരിക്കണം ഈ കമ്മിറ്റിയുടേയും അദ്ധ്യക്ഷൻ. ആരോഗ്യപ്രവർത്തനങ്ങളിൽ താത്പര്യമുള്ള വ്യക്തികളും പഞ്ചായത്ത് അംഗങ്ങളും ഉദ്യോഗസ്ഥരും ചേർന്നതായിരിക്കണം കമ്മിറ്റി. പഞ്ചായത്തിലെ സമഗ്ര ആരോഗ്യപരിപാടിക്ക് നേതൃത്വം നൽകുക എന്നതാണ് കമ്മിറ്റിയുടെ ധർമ്മം.

2. ആരോഗ്യവകുപ്പ്, സാമൂഹ്യക്ഷേമവകുപ്പ്, കുടുംബക്ഷേമവകുപ്പ്, കേന്ദ്രസർക്കാർ തുടങ്ങിയ വിവിധ ഏജൻസികളുടെ കീഴിൽ ഇന്ന് ശിശുക്കൾക്കും, ഗർഭിണികളായ സ്ത്രീകൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും സ്കൂൾ വിദ്യാർത്ഥികൾക്കും വേണ്ടി നടപ്പാക്കുന്ന വിവിധ ആരോഗ്യ പദ്ധതികൾ വിമർശനപരമായി അവലോകനം ചെയ്ത് അവ പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾക്ക് നേതൃത്വം നൽകണം.

ഈ നടപ്പുപദ്ധതികൾ തന്നെയായിരിക്കും പഞ്ചായത്തിലെ ആരോഗ്യപരിപാടിയിലെ മുഖ്യ ഇനങ്ങൾ.

3. പ്രാഥമിക ആരോഗ്യകേന്ദ്രം കേന്ദ്രമാക്കിയാണ് സമഗ്ര ആരോഗ്യ പരിപാടി നടപ്പാക്കേണ്ടത്. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുക എന്നത് പ്രഥമ പ്രവർത്തനമായിരിക്കണം.

4. ജൂനുയർ ഹെൽത്ത് ഇൻസ്പെക്ടർ -5000 ജനസംഖ്യയ്ക്ക് ഒരു ആരോഗ്യപ്രവർത്തകൻ വീതമുണ്ട്. ഒരാളുടെ പ്രവർത്തനപരിധിയെ 20 ആയി തിരിച്ച് ഓരോ ദിവസവും ഒരു Day Block ലുള്ള വീടുകൾ സന്ദർശിക്കുക, ആ വീടുകളിലെ എല്ലാവിധ ആരോഗ്യപ്രശ്നങ്ങളേയും പഠിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും, ഹോട്ടൽ, ചായക്കട തുടങ്ങിയ ഭക്ഷണ വിതരണ കേന്ദ്രങ്ങൾ പരിശോധിച്ച് ആരോഗ്യപൂർണ്ണമായ നിലയിൽ പ്രവർത്തിപ്പിക്കുക തുടങ്ങിയവയാണ് ആരോഗ്യ പ്രവർത്തകന്റെ കർത്തവ്യം.

ആരോഗ്യ പ്രവർത്തകൻ ഈ കടമ ഇപ്പോൾ പൂർണ്ണമായി നിറവേറ്റുന്നില്ല. അതു നിർവ്വഹിക്കേണ്ടതുണ്ട്.

5. ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സ് – 5000 ജനസംഖ്യയ്ക്ക് ഒരാൾ. ഇവരുടെ പ്രവർത്തനവും കാര്യക്ഷമമാക്കണം.

6. എല്ലാവീടുകളിലും ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുകയും അതിൽ ആരോഗ്യപ്രവർത്തകൻ സന്ദർശനസമയത്ത് ഒപ്പ് രേഖപ്പെടുത്തുകയും വേണം.

7. സ്കൂൾ വർഷാരംഭത്തിൽ പ്രത്യേക സ്കൂൾ ആരോഗ്യ പരിപാടി ആരംഭിക്കണം–

   a) കുട്ടികൾക്ക് പ്രത്യേക മെഡിക്കൽ ചെക്കപ്പും രോഗ നിർണ്ണയവും.

   b) പോഷകാഹാരനില മെച്ചപ്പെടുത്താൻ ഉച്ചക്കഞ്ഞിവിതരണം കാര്യക്ഷമമാക്കലും തുടങ്ങിയവയാണ് പ്രവർത്തനങ്ങൾ.

8. പുതിയ പഞ്ചായത്തുനിയമത്തിൽ പ്രൈവറ്റ് ആശുപത്രി ലബോറട്ടറി എന്നിവയ്ക്ക് ലൈസൻസ് കൊടുക്കുവാൻ അധികാരമുണ്ട്. ഈ അവസരം ഉപയോഗിച്ചുകൊണ്ട് പ്രൈവറ്റ് ആശുപത്രി രംഗത്ത് ചില സാമൂഹ്യ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ കഴിയണം.

9. പ്രൈമറി ഹെൽത്ത് സെന്ററിൽ ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം ഗൈനക്കോളജിസ്റ്റിനേയും ശിശു രോഗ വിദഗ്ധനേയും സിറ്റിംഗ് ഏർപ്പെടുത്തണം.

10. പ്രൈമറി ഹെൽത്ത് സെന്ററിനു മുകളിലുള്ള ആശുപത്രികളിൽ റെഫറൽ സമ്പ്രദായം കർശനമാക്കണം. ഇതു സാദ്ധ്യമാക്കണമെങ്കിൽ പ്രാഥമിക കേന്ദ്രത്തിൽനിന്നു തന്നെ ഒട്ടുമുക്കാൽ രോഗങ്ങൾക്കും ശമനം കണ്ടെത്താനാകും എന്നു വരണം.

11. ആരോഗ്യ രംഗത്തെ പ്രശ്നങ്ങൾ പഠിക്കുന്നതിന് വിശദമായ ആരോഗ്യ പഠനം പഞ്ചായത്തിൽ നടത്തണം. അതിന്റെ അടിസ്ഥാനത്തിൽ തുടർ പ്രവർത്തനം നടത്തണം.

12. പഞ്ചായത്തിൽ ഒരു ആയുർവ്വേദ ആശുപത്രി സ്ഥാപിക്കണം.

13. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ലബോറട്ടറി സൗകര്യം ഏർപ്പെടുത്തണം.

14. ഔഷധ സസ്യങ്ങൾ വെച്ചുപിടിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ഒരു പരിപാടി കൃഷിഭവനുമായി ബന്ധപ്പെടുത്തി തയ്യാറാക്കണം. സ്കൂളുകളിലെ ഹെൽത്ത് ക്ലബ്ബിന്റേയും പഞ്ചായത്തിലെ വനിതാ സംഘടനകളുടേയും ഒരു പ്രവർത്തനമായി ഔഷധസസ്യതോട്ടനിർമ്മാണം മാറ്റണം.

കുടിവെള്ളം

നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ കുടിവെള്ളത്തിനായി മുഖ്യമായും കിണറുകൾ, പൊതുപൈപ്പുകൾ എന്നിവയെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിൽ 150 കുളങ്ങളുണ്ട് ഇതിൽ ഒമ്പത് എണ്ണം പൊതുകുളങ്ങളാണ്. മുഖ്യജലലഭ്യത മുവാറ്റുപുഴയാറും അതിനോടനുബന്ധിച്ചുള്ള 13 തോടുകളുമാണ്. മുവാറ്റുപുഴയാറ്റിലെ വെള്ളം ഒരു കാലത്ത് കുടിതക്കാൻ വേണ്ടി ഉപയോഗിച്ചിരുന്നതാണ്. എന്നാൽ ഇപ്പോൾ വിവിധ കാരണങ്ങളാൽ ഉപയോഗിക്കുന്നില്ല.

കുളങ്ങളിലേയും തോടുകളിലേയും ജലം കുടിവെള്ളത്തിന് ഉപയോഗിക്കാൻ പറ്റിയതല്ല. മൊത്തം കിണറുകളുടെ എണ്ണം ലഭ്യമല്ല.

ഇപ്പോൾ പഞ്ചായത്തിൽ 40 കി. മീറ്റർ നീളത്തിൽ പൈപ്പുകളും 600 പ്രൈവറ്റ് വാട്ടർ കണക്ഷനുകളുമുണ്ട്. കൂടാതെ 6km പൈപ്പ് ലൈനുകൾ സ്ഥാപിക്കാൻ എസ്റ്റിമേറ്റ് തയ്യാറാക്കി അയച്ചിട്ടുമുണ്ട്.

ശുദ്ധജല ക്ഷാമം അനുഭവപ്പെടുന്നത് പഞ്ചായത്തിന്റെ പടിഞ്ഞാറൻ വാർഡുകളിലും പുഴയോരപ്രദേശങ്ങളിലുമാണ്.

വേനൽക്കാലത്ത് ജലസ്രോതസ്സുകൾ വറ്റുന്നതുമൂലം പ്രശ്നം രൂക്ഷമാകുന്നു.

ജനങ്ങളിൽ നല്ലൊരുഭാഗം പൊതുപൈപ്പുകളെ ആശ്രയിക്കുന്നതിനാൽ ശുദ്ധജലവിതരണം കൂടുതൽ കാര്യക്ഷമമാകാറുണ്ട്. ഇതിനുവേണ്ടി വൃത്തിയാക്കി ഉപയോഗിക്കാവുന്ന കുളങ്ങളും കിണറുകളും ജനപങ്കാളിത്തത്തോടുകൂടി വൃത്തിയാക്കണം.

മറവന്തുരത്ത് പഞ്ചായത്തിൽ ഒന്നിടവിട്ട ദിവസങ്ങളിൽ മാത്രം വൈകിട്ട് 6 മണിമുതൽ അടുത്തദിവസം രാവിലെ 11 മണിവരെ മാത്രമേ ജല വിതരണം നടത്തുന്നുള്ളൂ. ഇപ്പോഴുള്ള ശുദ്ധജലക്ഷാമത്തിനു കാരണം വാട്ടർ അതോറിറ്റി ചൂണ്ടിക്കാണിക്കുന്നത്:-

വൈക്കം മുനിസിപ്പാലിറ്റിക്കും 12 സമീപപഞ്ചായത്തുകൾക്കും വേണ്ടി LIC യിൽ നിന്നും പണം കടമെടുത്തുനടപ്പാക്കിയ ശുദ്ധജലപദ്ധതി, ഇപ്പോൾ എറണാകുളം ജില്ലയുടെ നിയന്ത്രണത്തിലാണ്. വൈക്കത്തേക്കും സമീപ പ്രദേശത്തേക്കും ലഭിക്കേണ്ട വെള്ളത്തിന്റെ 2/3 ഭാഗവും പിറവം മുനിസിപ്പാലിറ്റിക്കും സമീപപഞ്ചായത്തുൾക്കും വിതരണം ചെയ്തുകൊണ്ടിരിക്കുന്നു. ഇതു നിറുത്തുകയും വൈക്കത്തേക്ക് ജല വിതരണം സാദ്ധ്യമാവുകയും ചെയ്യണമെങ്കിൽ കോട്ടയം ജില്ലയുടെ അധീനതയിലും വൈക്കം വാട്ടർ അതോറിറ്റി സബ് ഡിവിഷന്റെ നിയന്ത്രണത്തിലും തിരികെ കൊണ്ടുവരികയും വേണം.

പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിന് ഉതകുന്ന ഒരു സംയോജിത പദ്ധതിയുണ്ടാക്കണം. വിഭവ ഭൂപട നിർമ്മാണം, ജലഉപയോഗം– മിച്ച ജല പഠനം, ഗുണനിലവാര പഠനം തുടങ്ങിയ പഠന പ്രവർത്തനങ്ങൾ ഇതിന് ആവശ്യമാണ്. ഭൂഗർഭ ജല വകുപ്പ്, ജല അതോറിട്ടി തുടങ്ങിയ സ്ഥാപനങ്ങളുടെ സഹായം ഇതിലേക്ക് പ്രയോജനപ്പെടുത്താം.

കുടിവെള്ളവുമായി ബന്ധപ്പെട്ട പ്രവർത്തനത്തിലേക്ക് ഉപയോഗപ്പെടുത്താൻ പറ്റുന്ന വിവിധ സർക്കാർ പദ്ധതികൾ ചുവടെ.

I സംസ്ഥാന ഗവൺമെൻറിന്റെ മിനിമം നീഡഡ് പ്രോഗ്രാം.

a) കേരള വാട്ടർ അതോറിട്ടി നടപ്പാക്കുന്ന സാമൂഹ്യ ജല വിതരണ പദ്ധതി.

b) ഗ്രാമവികസന വകുപ്പ് ഗ്രാമപഞ്ചായത്തുവഴി നടപ്പാക്കുന്ന, പുതിയ കിണർ കുഴിക്കുന്നതിനും ഉപയോഗമല്ലാത്ത കിണറുകൾ പുനരുദ്ധരിക്കുന്നതിനുമുള്ള പദ്ധതികൾ.

c) ഭൂഗർഭ ജലവകുപ്പു നടത്തുന്ന കുഴൽകിണർ പദ്ധതി.

d) മേൽപ്പറഞ്ഞ വകുപ്പുകളിലൂടെ പട്ടികജാതി/വർഗ്ഗ സങ്കേതങ്ങളിൽ നടപ്പാക്കുന്ന പ്രത്യേക ഘടക പദ്ധതികൾ.

II കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികൾ.

a) കേരള വാട്ടർ അതോറിട്ടി നടപ്പാക്കുന്ന ഗ്രാമീണ ശുദ്ധജല വിതരണ പദ്ധിതി.

b) കുടിവെള്ള ജലസേചന കാര്യങ്ങൾക്കായുള്ള ദശലക്ഷം കിണർ പദ്ധതി.

ഇവകൂടാതെ ഗ്രാമ പഞ്ചായത്തിനു്

ലഭ്യമാകുന്ന JRY, അൺടൈഡ്ഫണ്ടും ഇതിലേക്ക് ഉപയോഗിക്കാവുന്നതാണ്.

ഇന്ന് കുടിവെള്ള പദ്ധതികളുടെ ആസൂത്രണത്തിലും നടത്തിപ്പിലും ഒട്ടേറെ പരിമിതികളുണ്ട്. കാരണം മേൽസൂചിപ്പിച്ച മിക്ക പദ്ധതികളും നടപ്പാക്കാനുള്ള അധികാരം വാട്ടർ അതോറിട്ടിയിൽ നിക്ഷിപ്തമാണ്. പുതിയ പഞ്ചായത്ത്രാജ് നിയമം, ത്രിതല പഞ്ചായത്തുകളിൽ ഒന്നിനും വാട്ടർ അതോറിട്ടി കൈകാര്യം ചെയ്തിരുന്ന ഒരധികാരവും വിട്ടുകൊടുത്തിട്ടില്ല. വാട്ടർ അതോറിട്ടിയുടെ അധികാരങ്ങൾ വികേന്ദ്രീകരിച്ചുകൊണ്ടേ ഈ പരിമിതികളെ മറികടക്കാനാകൂ.

മലിനീകരണ പ്രശ്നങ്ങൾ

പഞ്ചായത്തിലെ മുഖ്യ ജലസ്രോതസ്സ് മുവാറ്റുപുഴയാറാണ്. വെള്ളൂർ HPC ഫാക്ടറി വന്നതിൽ പിന്നെ മുവാറ്റുപുഴയാർ മലിനമായിട്ടുണ്ട്. മാത്രവുമല്ല ഇതോടൊപ്പം പുഴയോരത്തുള്ള മറ്റു ജലസ്രോതസുകളും മലിനീകരണത്തിനു വിധേയമാകുന്നുണ്ട്. മത്സ്യങ്ങളുടെ ലഭ്യതയിൽ വന്ന വ്യതിയാനം, വിവിധത്വക്ക് രോഗങ്ങളുടേയും പകർച്ചവ്യാധികളുടെയും ആധിക്യം തുടങ്ങിയവ മലിനീകരണത്തിന്റെ സൃഷ്ടികളാണ്.

ഫാക്ടറിയിൽ നിന്നുള്ള വായുമലിനീകരണവും പഞ്ചായത്തിൽ അനുഭവപ്പെടുന്നുണ്ട്.

വെട്ടിക്കാട്ടുമുക്കുനിന്നും കനാലു നിർമ്മിച്ച് കുട്ടനാട്ടേക്ക് മുവാറ്റുപുഴയാറ്റിൽനിന്ന് ജലം കൊണ്ടുപോകാനുള്ള ഒരു സ്കീം കുട്ടനാടുവികസനത്തിന്റെ ഭാഗമായിട്ടുവന്നിട്ടുണ്ട്. ഇതുമൂലം മുവാറ്റുപുഴയാറ്റിലെ ജലലഭ്യതയും ഒഴുക്കും കുറയുകയും ഓരുകയറ്റം ഉണ്ടാകുകയും ചെയ്യും. ഇത് നമ്മുടെ കൃഷിയെ ബാധിക്കാൻ സാദ്ധ്യതയുണ്ട്.

ഇത്തിപ്പുഴയിലുള്ള ചകിരി അലിപ്പിക്കുന്ന യന്ത്രത്തിൽ നിന്നുള്ള ചകിരിച്ചേർ പുഴയിലേക്കൊഴുക്കിവിടുന്നത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. പടിഞ്ഞാറ് കായലോരപ്രദേശത്തുള്ള തോട്ടുകക്കൂസുകൾ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളാണ് വരുത്തിവയ്ക്കുന്നത്. തൊഴിൽ സബന്ധമായ കാര്യങ്ങൾക്ക് കക്ക കൂട്ടിയിട്ടിരിക്കുന്നതിൽ ഈച്ചകൾ ക്രമാതീതമായിത്തന്നെ പെരുകുന്നു. കൊതുകുകളുടെ ആധിക്യവും ഈ പ്രദേശങ്ങളിലെ ആരോഗ്യ പ്രശ്നങ്ങളാണ്.

പഞ്ചായത്തിൽ പാലാംകടവിൽ 2, ടോൾ -1, ചാലുങ്കടവ് -1 എന്നീ ക്രമത്തിൽ അറവുശാലകളുണ്ട്. ഈ അറവുശാലകൾ വേണ്ടത്ര വൃത്തിയായ സാഹചര്യങ്ങളിലല്ല പ്രവർത്തിക്കുന്നത്. മാത്രവുമല്ല അറവുമൃഗങ്ങളുടെ അവശിഷ്ടങ്ങൾ തുറസ്സായ സ്ഥലങ്ങളിൽ നിക്ഷേപിക്കുന്നുമുണ്ട്. ഈ സ്ഥിതി മാറ്റുകയും കൂടുതൽ സൗകര്യങ്ങൾ അറവുശാലകളിലുണ്ടാക്കുകയും വേണം.

നിർദ്ദേശങ്ങൾ

1. പാലാംകടവിലും ടോളിലും പൊതുകക്കൂസും മൂത്രപ്പുരയും പണിയുക.
2. എട്ടാം വാർഡിലെ പൊതുശ്മശാനത്തിന്റെ കൈവശപ്പെടുത്തിയ സ്ഥലം ഒഴിപ്പിച്ച്, മതിൽ കെട്ടി സംരക്ഷിക്കുക.
3. ആരോഗ്യ വിദ്യാഭ്യാസക്ലാസ് എല്ലാ വാർഡുകളിലും ക്രമമായി നടത്തുക.
4. റോഡുകളുടെ ഇരു വശവും ഓടകൾ നിർമ്മിച്ച് വെള്ളം കെട്ടിക്കിടക്കുന്നതു തടയുക.

5. മലമ്പനി, മസ്തിഷ്ക്കജ്വരം, ഡെംഗിപനി തുടങ്ങിയ കൊതുകുമൂലം പകരുന്ന മാരകമായ പകർച്ചവ്യാധികൾ വീണ്ടും ശക്തി പ്രാപിച്ചിരിക്കുന്നതിനാൽ കൊതുകുനിവാരണ പ്രവർത്തനങ്ങൾ വിപുലമാക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക.

6. കേരളത്തിൽ 200 പേരിൽ ഒരാൾക്ക് AIDS വൈറസ്ബാധ ഉണ്ടന്നാണ് ഔദ്യോഗിക കണക്ക്. ആയതിനാൽ AIDS നിർണ്ണയത്തിനുള്ള സൗകര്യങ്ങൾ താലൂക്കു തലത്തിലേക്കും വ്യാപിപ്പിക്കുക. രോഗികളെ പരിചരിക്കുന്ന എല്ലാ ആശുപത്രി ജീവനക്കാർക്കും ഇതുസംബന്ധിച്ചു ബോധവൽക്കരണം നടത്തുക. സമൂഹത്തിൽ ഇന്ന് AIDS രോഗികളും മറ്റു രോഗികളെപ്പോലെ പരിചരണം കിട്ടുവാൻ അവകാശമുള്ളവരാണെന്നുള്ള ബോധം ഉണ്ടാക്കാനാവശ്യമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തണം.

7. പേപ്പട്ടിവിഷബാധ ഒഴിവാക്കുന്നതിനു് അലഞ്ഞുനടക്കുന്ന നായ്ക്കളെ കൊല്ലുകയും അല്ലാത്തവയ്ക്ക് പ്രതിരോധ കുത്തിവെയ്പ്പ് നിർബന്ധമാക്കുകയും ചെയ്യുക.

8. പുകവലി, വെറ്റിലമുറുക്ക്, മദ്യപാനം, മയക്കുമരുന്ന് തുടങ്ങിയ ആരോഗ്യ ദുശ്ശീലങ്ങൾക്കെതിരെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക.

9. മാറ്റപ്പറമ്പ് - ചെമ്മനാകരി റോഡിൽ ഇപ്പോൾ കിടക്കുന്ന 2" പൈപ്പ്ലൈൻ മാറ്റി 4" പൈപ്പ്ലൈൻ സ്ഥാപിക്കുക.

പൈപ്പ്ലൈൻ സ്ഥാപിക്കണമെന്ന ആവശ്യങ്ങൾ വാർഡു തിരിച്ച്.

വാർഡ് I പഞ്ചിപ്പാലത്തിന്റെ തെക്കുഭാഗത്തേക്കും വടക്കുഭാഗത്തേക്കും പൈപ്പ് ലൈൻ നീട്ടുക.

വാർഡ് II പാലാങ്കടവു - പുത്തൻതോപ്പു റോഡ്, കോളാറാ ഇടയത്ത് റോഡ്, ചിറയ്ക്കകം ഭാഗങ്ങളിൽ.

വാർഡ് III തോട്ടുവേലിൽ മുതൽ പറയക്കോണം വരെയും, തേരക്കൽ പടിഞ്ഞാറുഭാഗത്ത്, മേലേക്കുറ്റിക്കാട് കോളനിയിൽ, പോഴവേലിൽ മദ്ധ്യഭാഗത്ത്, ഇല്ലത്ത് പടിഞ്ഞാറുഭാഗത്ത്, മണലേൽ കോളനി, കുളങ്ങര കോളനി എന്നിവിടങ്ങളിലും.

വാർഡ് IV മണമേൽകടവ്, പെരുംകറുക, ആലുംചുവട്, വഞ്ചിപ്പുറം എന്നിവിടങ്ങളിൽ.

വാർഡ് V സദാനന്ദന്റെ കടയുടെ പരിസരത്തുനിന്ന് വടക്കോട്ടുപുതുക്കരി ഭാഗത്തേക്ക്, പേരേപ്പറമ്പ് ക്ഷേത്രത്തിന്റെ വടക്കുഭാഗത്തേക്കും തെക്കുഭാഗത്തേക്കും, കുളച്ചേരി മുതൽ വടയാഴത്തു വരേയും മണിയത്ര മുട്ടിന്റെ ഭാഗത്തുനിന്ന് പടിഞ്ഞാറെ ഭാഗത്തേക്ക്, ആറ്റുവേലക്കടവിൽ നിന്നു തെക്കോട്ടു അർത്തിത്തോടുവരെ, ചന്ദ്രാഴത്തു പടിക്കൽ നിന്നു പടിഞ്ഞാറുഭാഗത്തേക്ക്, പൊതുചിറഭാഗത്തുനിന്ന് തെക്കോട്ടു ചീപ്പുവരെയും മട്ടോറപ്പുറവേലി വരെയും.

വാർഡ് VI കല്ലറയ്ക്കൽ ഭാഗത്തുനിന്ന് കിഴക്കോട്ട് തുരുത്തേൽ ഭാഗത്തേക്ക്. പുൽപ്പറത്താഴത്തുനിന്ന് കിഴക്കോട്ട് കണ്ണങ്കേരി ഭാഗത്തേക്ക്, കളത്തിപ്പറമ്പ് കോളനി ഭാഗത്തേക്ക് മുട്ടപ്പള്ളി തെക്കുഭാഗത്തുനിന്ന് തേവർതടം വഴി കരിവേലിക്കുന്നിലേക്ക്

കണ്ണങ്കേരിയിൽനിന്നു പുഴയോരം വരെ, പാരേപ്പാടം കോളനി വരെയും.

വാർഡ് VII മേക്കര ഷൺമുഖ വിലാസം ക്ഷേത്രത്തിന്റെ പടിഞ്ഞാറു ഭാഗത്തേക്ക്, വാഴേക്കാട് LPS ന്റെ സമീപത്തുനിന്ന് കമ്പിവേലിക്കകംവരെ, കൂട്ടുമ്മേൽ മണിമല ഭാഗത്തുനിന്ന് പടിഞ്ഞാറേക്ക്, മാറ്റപ്പറമ്പിൽ നിന്നു പടിഞ്ഞാറേക്ക്, കൊച്ചങ്ങോടിയിൽ നിന്ന് ഓണിയേഴത്തേക്ക്.

വാർഡ് VIII ഇത്തിപ്പുഴനിന്ന് കൊട്ടുരത്തിൽ കടവുഭാഗത്തേക്ക്, ചാലുങ്കടവുഭാഗത്തേക്ക്, തേവടിപ്പാലത്തിന്റെ കിഴക്കുഭാഗത്തേക്ക്, മംഗലഭാഗത്തുനിന്ന് മാടക്കൽ ഇടക്കരി ഭാഗത്തേക്ക്, കുളങ്കര ഭാഗത്തുനിന്ന് മാടക്കൽ ഇടക്കരി ഭാഗത്തേക്ക്, കുളങ്ങര ഭാഗത്തുനിന്ന് തെക്കോട്ട് നാട്ടുതോടുവരെ, വടക്കോട്ട് വാഴേകാട് നാട്ടുതോടുവരെ, ശ്മശാനത്തിന്റെ വടക്കുഭാഗത്തേക്ക്, അഴിക്കകത്തു ഭാഗത്തുനിന്ന് പടിഞ്ഞാറോട്ട് പടന്നയിൽ കരിയിലേക്ക്, അംഗൻവാടിയിലേക്ക്, താമരക്കാട്ടുനിന്നു വടക്കുഭാഗത്തേക്ക്, പറങ്കിത്തുരുത്ത് കടത്തുകടവു ഭാഗത്തുനിന്നു വടക്കോട്ടു ഇത്തിത്തറ ഭാഗത്തേക്ക്, വലിയ പറമ്പിൽ മഠത്തിന്റെ വടക്കു ഭാഗത്തേക്ക്.

വാർഡ് IX ചാത്തനാട്, ഗുരുമന്ദിരം, തറവട്ടം, ഗുരുമന്ദിരത്തിനു വടക്കുഭാഗത്തേക്ക്, തെക്കുഭാഗത്തേക്ക് കൊച്ചങ്ങാടി മേക്കര റോഡിലേക്ക്, മേക്കര കടത്തുകടവിൽ നിന്നു കക്കാത്തോടു ഭാഗത്തേക്ക്, വാടച്ചിറനിന്ന് കിഴക്കോട്ട് കോരാട്ടുഭാഗത്തേക്ക്, തറവട്ടം അംഗൻവാടി പരിസരത്തേക്ക്, ലക്ഷം വീട് ഭാഗത്തേക്ക്, അവിടെനിന്ന് പടിഞ്ഞാറുഭാഗത്തേക്ക്. മത്തുങ്കൽ ഭാഗത്തുള്ള പൈപ്പു താഴ്ത്തി തോടിന്റെ അടിഭാഗത്തുകൂടി സ്ഥാപിക്കണം.

വാർഡ് X കണ്ണംകുളത്തു കടവിൽ നിന്ന് വടക്കോട്ടു അങ്ങാടിക്കടവുവരെ, ചാത്തനാട്ട് ക്ഷേത്ര പരിസരത്തുനിന്ന് കിഴക്കോട്ട് പുഴത്തീരം വരെ, ചെമ്പ് കയർ സൊസൈറ്റിയുടെ സമീപത്തു, ചിറ്റിയാപള്ളി പ്രദേശത്ത്.

കുടിലോരോന്നിനുമോരോ—
നല്ലൊരു കക്കൂസുണ്ടായ്ത്തീരട്ടെ
കൊട്ടാരത്തിലെയർ കണ്ടീഷൻ
പിന്നെമതി, മെല്ലെമതി !

ഗതാഗതം ഊർജ്ജം മാർക്കറ്റ്



ഗതാഗതം

ഭൂവിഭാഗങ്ങളുടെ പ്രത്യേകത കൊണ്ട് മോട്ടോർ വാഹനഗതാഗതത്തിന് പ്രാധാന്യം ന മ്മുടെ പഞ്ചായത്തിൽ ഇല്ലായിരുന്നു. തോടും പുഴകളും കൊണ്ട് അനുഗ്രഹീതമായ ഈ പ്രദേ ശത്തുള്ളവർ ജലഗതാഗതമാർഗ്ഗമാണ് അവ ലംബിച്ചിരുന്നത്. സാധാരണ ജനസമൂഹം ജീവി ച്ചിരുന്ന ഈ പ്രദേശത്തുള്ളവർ ഭൂപ്രകൃതിയെ ആശ്രയിച്ച് ആണ് സഞ്ചരിച്ചിരുന്നത്. ഒരാൾക്കുമാത്രം സഞ്ചരിക്കുവാൻ കഴിയുന്ന തര ത്തിലുള്ള ചെറുവള്ളങ്ങൾ ഇന്നും ചില പഴയ കുടുംബങ്ങളിൽ കാണാം. പഴയ രീതിയിലുള്ള യാത്രാ വള്ളങ്ങളും വള്ളങ്ങളുടെ യാത്രോപ കരണങ്ങളും പല വീടുകളും കാണുന്നത് അന്ന് ഇന്ധന വാഹനങ്ങളുടെ അപര്യാപ്തതയും ഉപ യോഗക്കുറവും എടുത്തു കാണിക്കുന്നു. പഞ്ചാ യത്തിന്റെ ചില ഭാഗങ്ങൾ വെള്ളത്താൽ ചുറ്റ പ്പെട്ടു കിടക്കുന്നതിനാൽ റോഡു ഗതാഗതം അസാധ്യമായിരുന്നു എങ്കിലും കാലത്തിന്റെ പുരോഗമന സാഹചര്യം ഈ രംഗത്ത് വളരെ മാറ്റമുണ്ടാക്കി.

ഈ പഞ്ചായത്തിൽ ഉണ്ടായിരുന്ന ആദ്യ കാല റോഡുകൾ P.W.D. യുടെ കീഴിലായിരുന്നു. ഇത്തിപ്പുഴയിൽ നിന്നും ടോളു വഴി കടന്നു പോകുന്ന വൈക്കം എറണാകുളം റോഡും ടോൾ മുതൽ പാലാം കടവു വരെയും ഉള്ള ഒരു റോഡും നമ്മുടെ പഞ്ചായത്തിൽ നിലവിൽ മേൽ ഉദ്ധരിച്ച റോഡു കൾ കൂടി കൂട്ടിയാൽ $12^{1}/_{2}$ കിലോമീറ്റർ റോഡാണ് ടാറ് ചെയ്തിട്ടുള്ളത്. [പട്ടിക നോക്കുക]

പട്ടിക 6.1 നമ്മുടെ പഞ്ചായത്തിലെ ടാർ റോഡുകൾ

പേര്	ഉടമസ്ഥത	ദൂരം
വൈക്കം എറണാകുളം റൂട്ട്		
ഇത്തിപ്പുഴ – ചെമ്പ്	P.W.D.	2.500 കി.
ടോൾ – പാലാം കടവ്	P.W.D.	4.500 കി.
മാറ്റപ്പറമ്പ് – ചെമ്മനാകരി	പഞ്ചായത്ത്	3.500 കി.
മേക്കര – കൊച്ചങ്ങാടി റോട്ടിൽ	,,	0.400 കി.
മറവൻ തുരുത്ത്–ഹരിജൻ കോളനി	,,	0.500 കി.
വാളം പള്ളി – മുലേക്കടവ്	,,	0.600 കി.
	ആകെ	12.000 കി.

അവലംബം: ദ്വിതീയ ശേഖരണ വിവരം

നാടിന്റെ പുരോഗതിയും വികനവും വർദ്ധിക്കുകയും വാഹനഗതാഗതത്തിന് സാദ്ധ്യത ഏറുകയും ചെയ്തപ്പോൾ നമ്മുടെ പഞ്ചായത്തിലും വളരെ വേഗം ഈ രംഗത്ത് മാറ്റങ്ങൾ ഉണ്ടായി. ഏതാണ്ട് ഇരുപത്തി അഞ്ച് വർഷളിൽ കൂടുതൽ പഴക്കമുള്ള ഗ്രാമീണ റോഡുകൾ നമ്മുടെ പഞ്ചായത്തിൽ ഒന്നോ രണ്ടോ മാത്രമേ ഉള്ളൂ. നിലവിലുള്ള പൂഴിയിട്ട ഗ്രാമീണ റോഡുകൾ[പട്ടിക II നോക്കുക] എല്ലാം അതിനു ശേഷം ഉണ്ടാക്കിയതാണ്. സന്നദ്ധ പ്രവർത്തനങ്ങളും ബഹുജന പങ്കാളിത്തവും പല റോഡുകളുടെയും നിർമ്മാണ ചരിത്രത്തിൽ ഉണ്ട്.

പട്ടിക 6–2 പൂഴി റോഡുകളും അവസ്ഥയും

വാർഡ്	റോഡുകളുടെ പേര്	വീതി	നീളം	അവസ്ഥ
I	പഞ്ചായത്തു ___ ഇടമനത്തൊണ്ട് (അപ്പക്കോട്ട് കോളനി)	3 മീറ്റർ	,,	തൃപ്തികരമല്ല
I	കൊയ്പ്പൂറത്ത് ___ അപ്പക്കോട്ട് കോളനി	3 മീറ്റർ	,,	ശോചനീയം
I	മണിയശ്ശേരി ___ കാട്ടിത്തറക്കടവ്	$2^1/_2$ മീറ്റർ	,,	ശോചനീയം
II	തുമ്പേത്തുരുത്ത് ___ പാലാംകടവവ്	3 മീറ്റർ	,,	ശോചനീയം
II	പാറേക്കടവ്___പാലാംകടവ്	3 മീറ്റർ	,,	ശോചനീയം
II	ആലുംചുവട്___തട്ടാവേലി	$3^1/_2$ മീറ്റർ	,,	ശോചനീയം
II	പാറക്കൽ___തുമ്പേതുരുത്ത്	$2^1/_2$ മീറ്റർ	,,	ശോചനീയം
III	തച്ചാറപ്പടി___അരങ്ങത്താനം പള്ളിയറക്കാവവ്	4 മീറ്റർ	,,	ശോചനീയം
III	ചുങ്കം___121 സഹകരണ സംഘം	3 മീറ്റർ	,,	ശോചനീയം
III	ആലുംചുവട്___ചിറേക്കടവ്	3 മീറ്റർ	,,	ശോചനീയം
III	ചുങ്കം___പള്ളിയറക്കാവ്	6 മീറ്റർ	,,	ശോചനീയം
IV	വാളോർമംഗലം___പൊട്ടച്ചിറ P.W.D.	8 മീറ്റർ	2.750മീ.	പണി നടക്കുന്നു
V	ആറ്റുവേലക്കടവ്___മുഴിക്കൽ	3 മീറ്റർ	1.500	തൃപ്തികരമല്ല
VI	മുഴിക്കൽ ___കുട്ടുംമ്മേൽ	3 മീറ്റർ	2.000	ശോചനീയം
VII	കുട്ടുംമ്മേൽ___കൊട്ടപ്പള്ളി ചാലുങ്കടവവ്	3 മീറ്റർ	0.300	ശോചനീയം
VII	കൊച്ചങ്ങോടി___മേക്കര	3 മീറ്റർ	3 മീറ്റർ	ശോചനീയം
VII	മേക്കര___വാടച്ചിറ	3 മീറ്റർ	0.400 മീ.	ശോചനീയം
VII	മേക്കരക്ഷേത്രം വഴി___കടവില്	3 മീറ്റർ	0.300 മീ	ശോചനീയം
VIII	ആശുപത്രി ജംഗ്ഷൻ___ചെമ്മനാകരി കടത്ത്	4 മീറ്റർ	0.7007	ശോചനീയം
VIII	വാടച്ചിറ___അക്കരപ്പാടം (IHDP)	4 മീറ്റർ	1.500	ശോചനീയം
VIII	കുളങ്ങര___ഹോസ്പിറ്റൽ (മെറ്റൽ)	4 മീറ്റർ	1.000 മീ.	(സോളിംഗ്)
VIII	ഹോസ്പിറ്റൽ___ജെട്ടി	3 മീറ്റർ	1.000 മീ.	പണിതുടങ്ങണം
VIII	മംഗലം പാലം___ശാരദാമഠം	,,	,,	പണിനടക്കുന്നു
VIII	കുട്ടുംമേൽ___ശാരദാമഠം	500മീ.	പൂർത്തിയാക്കി ടാറിംഗ് പണി തുടങ്ങണം	
IX	ചാത്തനാട്ട്___തറവട്ടം	3 മീ.	3.500	ശോചനീയം
IX	മത്തുംകൽ___മേക്കരതിരദേശം	4 മീറ്റർ	1.500	ശോചനീയം
X	കൊച്ചങ്ങാടി___കണ്ണംകുളം	3 മീറ്റർ	0.100	തൃപ്തികരമല്ല
X	കണ്ണംകുളം___മൂന്നുകണ്ടം	$1^1/_2$ മീറ്റർ	1.500	തൃപ്തികരമല്ല
VI	കണ്ണംകേരിക്കുന്ന്___ഫുറ്റിനാൽ ചിറ	2 മീ.	0.500	ശോചനീയം

അതിനുശേഷം ജനപങ്കാളിത്തത്തോടെ ഇരുപത്താറോളം റോഡുകൾ ഗ്രാമീണതലത്തിൽ നിർമ്മാണം ആരംഭിക്കുകയും ഭൂരിഭാഗം പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്. ഏതാനും ചെറിയ റോഡുകൾ മാത്രമേ ഇനി പൂർത്തിയാവാനുള്ളൂ. എന്നാൽ ഗ്രാമീണ റോഡുകളത്രയും വളരെ ശോചനീയമാണ്. പഞ്ചായത്തിൽ ഒട്ടാകെ കിലോമീറ്റർ പൂഴി റോഡുകളാണ് നിലവിലുള്ളത്. ഈ റോഡുകൾ അത്രയും പുനർനിർമ്മാണത്തിന് അർഹതയുണ്ട്. റോഡുകൾ നിർമ്മിക്കുമ്പോൾ സംരക്ഷിക്കാൻ കഴിയുന്ന തരത്തിൽ ഓടകളും ഓവുചാലുകളും ഉണ്ടാവണം. നിർമ്മിച്ചിരിക്കുന്ന പൂഴിറോഡുകൾ ജനപങ്കാളിത്തത്തോടെ സംരക്ഷിക്കണം. വർഷകാലങ്ങളിൽ റോഡു പണി നടത്തുന്നത് പ്രയോജനരഹിതമാണ്. വെള്ളം ഒഴുകിപോകുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. തോടുകൾ നികത്തി റോഡാക്കുമ്പോൾ വളരെ അധികം ദോഷങ്ങൾ പ്രത്യക്ഷത്തിൽ ഉണ്ടാകുന്നു. ഒന്ന്, ടി. റോഡുകൾ കാരണം സമീപ പ്രദേശങ്ങളിൽ ജലസ്തംഭനം ഉണ്ടാകുന്നു. രണ്ട് വർഷകാലത്ത് ഭൂമിയുടെ ഉപരിതലത്തിൽ വീഴുന്ന വെള്ളം നേരിട്ട് ജലാശയങ്ങളിലേക്ക് പോകുന്നതുകൊണ്ട് നീരൊഴുക്ക് ഇല്ലാതാവുകയും ജലദൗർലഭ്യം ഉണ്ടാകുകയും ചെയ്യുന്നു. റോഡ് പണിക്ക് വളരെയധികം പണം ചിലവാകുന്നുണ്ട്. കൂടെ പരിസ്ഥിതി പ്രശ്നങ്ങളും അതുകൊണ്ട് ഈ പ്രവണത തടയണം.

മറ്റൊരു ഗതാഗതമാർഗമാണ് ജലമാർഗ്ഗം. വെള്ളത്താൽ ചുറ്റപ്പെട്ടുകിടക്കുന്ന നമ്മുടെ പഞ്ചായത്തിന് ഒരിക്കലും കടത്തുവള്ളങ്ങളെ ഒഴിവാക്കാനാവില്ല. അവയെക്കുറിച്ച് പിന്നീട് പ്രതിപാദിക്കാം.

പൂഴി റോഡുകൾ കഴിഞ്ഞാൽ നമ്മുടെ ഒരു സഞ്ചാരമാർഗ്ഗം നടപ്പാതകൾ ആണ്. പല നടപ്പാതകളും റോഡുകൾ ആക്കി രൂപാന്തരപ്പെടുത്തേണ്ടതുണ്ട്. [പട്ടിക III നോക്കുക] നടപ്പാതകളിൽ ഉള്ളതോടുകൾ കഴിഞ്ഞ കാലങ്ങളിൽ തെങ്ങിൻ തടിപാലങ്ങളാണ് ഉപയോഗിച്ചിരുന്നത്. ഇന്ന് തെങ്ങ് തടിയുടെ വർദ്ധനവും ഗുണമേന്മ ഇല്ലായ്മയും സ്ലാബുകൾ നിർമ്മിച്ച് സ്ഥാപിക്കുവാൻ ഇടയാക്കുന്നു. ആയതു നമ്മുടെ പഞ്ചായത്തിന്റെ മിക്ക വാർഡുകളിലും അത്യാവശ്യമാണ്.

പട്ടിക 6-3 പുരോഗമനം അർഹിക്കുന്ന നടപ്പാതകൾ

No.	വാർഡ്	പേര്	ദൂരം
1	I	കുഞ്ഞക്കാട്ട് പാടം മൂന്നാം ബ്ലോക്ക് വഴി ഈരപ്പാറ പഞ്ചിപ്പാലം റോഡ് കം ബണ്ട്	1.500 മീ.
2	I	കുന്നക്കാട്ട് വേലി മൂലേക്കോണം	350 മീ.
3	II	പാറയ്ക്കൽ ചക്കം റോഡ് കം ബണ്ട്	1.500 മീ.
4	II	പാറയ്ക്കൽ ഇരുത്തേൻ	1.000 മീ.
5.	III	ചുങ്കം, പടിഞ്ഞാറ് വശത്ത് നിന്നും നാഗമ്പലം ക്ഷേത്രം	0.200 മീ.

6.	V	പൊട്ടൻചിറ, അർത്തിത്തോട്, ആറ്റുവേലക്കടവ്, ആറ്റുതീര നടപ്പാത	1.00 മീ.
7	VI	കൂട്ടുംമ്മേൽ–മുഴിക്കൽ. റോഡായി മാറിക്കൊണ്ടിരിക്കുന്നു	1.500
8	VI	കരിവേലി പുളിക്കാപ്പറമ്പ്	0.500
9	VI	ഇത്തിപ്പുഴപ്പാലം–പുറ്റിനാൽ ചിറ	0.500
10	VII	കാരിപ്പടി കളപ്പുരയ്ക്കൽ	0.400
11	VII	മംഗലത്ത് കുന്നുവേലി	0.300
12	VIII	ചാലുംകടവ് കള്ളുകടവ്	0.200
13	VIII	കള്ളുകടവ്–പുത്തൻപുര, കൊച്ചാറ്റുവൈപ്പ്–തേവടിപ്പാലം	0.300
14	VIII	ശാരദാമഠം–പുത്തൻകരി	250
15	VIII	മംഗലത്ത് കൊടുപ്പാടം–ശാരദാമഠം	500
16	VIII	മുല്ലത്തുരുത്ത്–വാഴേകാട്	800
17	VIII	ചെമ്മനാകരി കയർസംഘം–കുളങ്ങര	200
18	VIII	ചെമ്മനാകരി കടത്ത്–പാട്ടപ്പറമ്പ്	500
19	VIII	ചുണ്ടങ്ങാകരി ബണ്ട്	300
20	VIII	കള്ളുകടവ്—മംഗലത്ത് പുതിയ പാലം S.N.D.P. വഴി	300
21	VII	കള്ളുകടവ്–ആലുംതുരുത്ത്	100
22	IX	വാടച്ചിറ—ഗുരുമന്ദിരം	600
23	IX	ചെമ്പ് മത്തുംകൽ റോട്ടിൽ നിന്ന്, കാട്ടിപ്പറമ്പ് ലക്ഷംവീട്, വാഴേക്കാട്	1 കി. മീ
24	IX	കരിപ്പായിൽ—കുന്നുവേലി	300
25	X	ചാത്തനാട്ട് നമ്പാട്ട്	300
26	X	പഞ്ഞിപ്പാലം പുളിമൂട്ട്	600
27	X	കഴുത്തു വീട്ടിൽ പുത്തൻ കരി	500
28	X	കണ്ണംകുളത്തു നിന്നും വടക്കോട്ട്. ചെമ്പങ്ങാടി കടവ്	500
29	X	കണ്ണം കുളങ്ങര റോഡിനു, ചെറിയാന്റെ പുരയിടത്തിൽ നിന്നും വടക്കോട്ട്	600
30	II	അയ്മനം—പൂത്തോപ്പ്	1500
31	III	ചുങ്കം പാട്ടശ്ശേരി റോഡ്	1600

നമ്മുടെ സ്ലാബുകൾ പലതും കുറുകേ ഇടേണ്ടതിനാൽ സ്ലാബ് വലിയ തോടുകളിൽ (വീതി കൂടിയ) നിർമ്മാണം കൂറ്റ വിമുക്തമാക്കണം

പട്ടിക 6–4

വാർഡ്	നിലവിലുള്ളത്	ആവശ്യമുള്ളത്
1	6	13
2	16	17
3	14	15
4	11	44
5	9	23
6	32	100
7	4	20
8	23	67
9	36	9
10	17	24

അവലംബം: ദ്വിതീയ ശേഖരണം

വാഹനഗതാഗതത്തിന് പ്രാധാന്യം ഉണ്ടെങ്കിലും ജലഗതാഗതത്തിന്റെ അവശ്യകത തള്ളിക്കളയാനാവില്ല. അതുകൊണ്ട് തോടുകൾ സഞ്ചാരയോഗ്യമാക്കുകയും ആവശ്യമുള്ളിടത്ത് കലുങ്കുകൾ നിർമ്മിക്കുകയും വേണം. നമ്മുടെ പഞ്ചായത്തിലെ കലുങ്കു പാലങ്ങളിൽ പലതും പുതിയവയാണ്. പഴയപാലങ്ങൾ ഒന്നു മാത്രമേ ഉള്ളൂ. [പട്ടിക നോക്കുക] "പഞ്ഞിപ്പാലം" ഈ പാലം 1912–ൽ പണി പൂർത്തിയാക്കിയതാണ്. ജീർണ്ണിച്ചു ബലഹീനമായിരിക്കുന്ന ഈ പാലം പൊളിച്ചു നീക്കി അടിയന്തിരമായി പുതിയ പാലം പണിയേണ്ടതാണ്.

പട്ടിക 6–5 പഞ്ചായത്തിലെ തീർന്നിട്ടുള്ള കലുങ്കുകളും ആവശ്യമുള്ളതും

വാർഡ്	പേര്	നീളം മീറ്റർ	വീതി മീറ്റർ	ആവശ്യമുള്ളവ
1	അപ്പക്കോട്ട്	4	3	3
2	—	—	—	1
3	തേരേയ്ക്കൽ			2
4	ചൊള്ളംതറ			1
5	മൂഴിക്കൽ	4	4	3
6	മൂഴിക്കൽ കൂട്ടുമ്മേൽ			2
7	തച്ചാട്ടുമ്മേൽ മേക്കര			3
8	തേവടി	5	4	5

അവലംബം: ദ്വിതീയ വിവര ശേഖരണം

അഞ്ചു വാർഡുകൾ പഞ്ഞിപ്പാലത്തിനു കിഴക്കും ബാക്കി അഞ്ചു വാർഡുകൾ പടിഞ്ഞാറു വശത്തും സ്ഥിതി ചെയ്യുന്നു. കിഴക്കൻ മേഖലയിൽ സ്ഥിതി ചെയ്യുന്ന സർക്കാർ സ്ഥാപനങ്ങളിലേക്ക് (ആശുപത്രി, പഞ്ചായത്ത്, വില്ലേജ്, കൃഷി, മൃഗാശുപത്രി തുടങ്ങിയ ആഫീസുകൾ മുഴുവൻ) വരുന്ന മുഴുവൻ ജനവിഭാഗങ്ങൾക്കും ഈ പാലം വലിയ പ്രശ്നം തന്നെയാണ്. സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി, കഴിഞ്ഞ ഇരുപത് വർഷങ്ങളായി അറ്റകുറ്റ പണിയുമായി പോകുന്ന ഈ പാലം അടിയന്തിര പ്രാധാന്യത്തോടെ പൊളിച്ചു മാറ്റി പകരം കോൺക്രീറ്റ് പാലം തീർക്കാൻ ബന്ധപ്പെട്ടവർ ഗൗരവമായി ഇടപെടണം.

മറ്റൊരു പാലം, നമ്മുടെ പഞ്ചായത്തിന്റെ കിഴക്കൻ മേഖലയായ പാലാംകടവ് തലയോലപ്പറമ്പുമായി ബന്ധിപ്പിക്കുന്ന "പാലാം കടവ്" പാലമാണ്. വർഷങ്ങളായി ആവശ്യപ്പെട്ട് അംഗീകാരം ലഭിച്ച പാലം പണി തുടങ്ങാൻ ഇതു വരെ കഴിഞ്ഞിട്ടില്ല. തലയോലപ്പറമ്പ് മാർക്കറ്റ്, H.P.C., കോട്ടയം മെഡിക്കൽക്കോളേജ് എന്നിവിടങ്ങളിലേക്ക് പോകുന്നതിന് ഈ പാലം വളരെ അധികം പ്രയോജനം ലഭിക്കും. വൈക്കത്ത് എത്താതെ 10 കിലോമീറ്റർ ലാഭിച്ച് കോട്ടയം ഭാഗത്തേക്ക് യാത്ര ചെയ്യാൻ കഴിയും. എന്തുകൊണ്ടും പ്രാധാന്യമേറിയ ഈ പാലം പൂർത്തിയാക്കിയാൽ നമ്മുടെ പഞ്ചായത്തിന്റെ മുഖച്ഛായ തന്നെ മാറും. എന്നതിൽ സംശയമില്ല.

പട്ടിക 6–6 P.W.D. പാലങ്ങൾ

നിലവിലുള്ളത്	ആവശ്യമുള്ളത്	നീളം (ഉദ്ദേശം)
പഞ്ഞിപ്പാലം		10 മീ
വളോർ മംഗലം		15 മീ
	അർത്തിത്തോട്	10 മീ
	പാലാം കടവ്	30 മീ

മേൽ പട്ടികയിൽ പറയുന്ന പാലങ്ങൾ നമ്മുടെ പഞ്ചായത്തിൽ പൂർത്തിക്കണം

കടത്തു വള്ളങ്ങൾ

കടത്തു വള്ളങ്ങളെ കുറിച്ച് മുൻപ് പറഞ്ഞിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിന്റെ തീരപ്രദേശങ്ങളിലെ സ്ക്കൂൾ വിദ്യാർത്ഥികളിൽ ഭൂരിഭാഗവും, ചേർത്തല താലൂക്കിൽ പൂച്ചക്കൽ മണപ്പുറം തുടങ്ങിയ സ്ഥലങ്ങളിലുള്ള സ്ക്കൂളുകളിലും ചേർത്തലയിലുള്ള കോളേജുകളിലും പഠിക്കുവാൻ പോകുന്നുണ്ട്. അവരും മറ്റു ജനവിഭാഗങ്ങളും എളുപ്പമാർഗ്ഗമായി സ്വീകരിച്ചിരിക്കുന്നത് ചെമ്മനാകരി മണപ്പുറം കടത്തു വള്ളങ്ങളാണ്. അയൽപഞ്ചായത്ത് രണ്ട് കടത്ത് വള്ളം ഏർപ്പാട് ചെയ്തിട്ടുണ്ട്. എങ്കിലും അത് വളരെ അപര്യാപ്തമാണ്. എത്രയും വേഗം രണ്ട് കടത്തു വള്ളങ്ങൾ നമ്മുടെ പഞ്ചായത്തിൽ നിന്നും ഏർപ്പെടുത്തുകയും ജോലി കൃത്യതയോടെ നടപ്പാക്കുന്നവരെ ഏൽപ്പിക്കുകയും തൃപ്തികരമായി സേവനം പൂർത്തീകരിക്കുന്നുണ്ടോ എന്ന് വിലയിരുത്തുകയും വേണം. കൂടാതെ ബോട്ടു സർവ്വീസ് തുടങ്ങാനുള്ള നടപടിയും ഉണ്ടാകണം.

പട്ടിക 6–7 കടത്ത് കടവും വള്ളങ്ങളുടെ ഉടമസ്ഥതയും

പേര്	പഞ്ചായത്ത്	P.W.D.	വ്യക്തികൾ
ചെമ്മനാകരി മണപ്പുറം	—	—	12
തട്ടാവേലി	—	1	—
മേക്കര പൂച്ചാക്കൽ	—	—	4
പൊട്ടൻചിറ	—	1	—
കണ്ണം കുളത്ത് കടവ്	—	2	—
ചെമ്മനാകരിജട്ടിപൂച്ചാക്കൽ	—	—	4
മൂലേക്കടത്ത് ഏനാദി	[P.W.D.ജങ്കാർ1]	2	—
തുമ്പേതുരുത്ത്	1	—	—
കാട്ടിത്തറ	1	—	—
ഇളംകാവ്	—	—	1
ചിറേക്കടവിൽ	വാർഷിക കൂട്ടേഷൻ സ്വീകരിച്ച ഒരു കടത്തുവള്ളം ഉണ്ട്		

ഇവകളിൽ തുരുത്തുമ്മയിലും (കണ്ണംകുളത്ത്) പാലാംകടവിലു ഓരോ രാത്രികാല വള്ളങ്ങൾ ഏർപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. ഇളംകാവ് കടത്ത് പഞ്ചായത്തിൽ നിന്നും ഏർപ്പെടുത്തണം. നാല്, അഞ്ച് വാർഡുകളിലെ ഗ്രാമസഭക

ളുടെ കൂട്ടായ ആവശ്യം ഈ കടത്ത് P.W.D. ആക്കണം എന്നും, മുൻ ഉത്തരവുകളുടെ കോപ്പി പരിശോധിച്ച് നിയമനം നടത്തണം എന്നുമാണ്.

പഞ്ചായത്തിൽ ടാക്സി, ആട്ടോ, ടെമ്പോവാൻ മുതലായലവയ്ക്ക് പാർക്കു ചെയ്യുവാൻ യാതൊരു വിധ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിന്റെ മദ്ധ്യഭാഗത്ത് സൗകര്യം കുറഞ്ഞ സാഹചര്യത്തിൽ അവയെല്ലാം ഒതുങ്ങിക്കൂടുന്നു.

ഏകദേശം അൻപതോളം വാഹനങ്ങൾ പാർക്കു ചെയ്യുന്ന ടോൾ ജംഗ്ഷനിൽ വാഹനക്കുരുക്ക് ഉണ്ടാവുക സസ്വാഭാവികമാണ്. ജീപ്പുകളും കാറുകളും സൗകര്യപ്രദമായ ഒരിടത്താണ് പാർക്ക് ചെയ്യുന്നത്. ആട്ടോറിക്ഷകളും ടെമ്പോവാനുകളും വഴിയാത്രക്കാരെ വരെ ബുദ്ധിമുട്ടിപ്പിക്കുന്നു. സൗകര്യപ്രദമായ ഒരിടം കണ്ടെത്തി ഇവർക്ക് പാർക്കിഗ് സൗകര്യം ഉണ്ടാക്കി, പാർക്ക് ചെയ്യുവാൻ നിഷ്കർഷിക്കണം.

വിശ്രമകേന്ദ്രങ്ങൾ

നമ്മുടെ പഞ്ചായത്തിൽ സ്റ്റോപ്പുകളെ കുറിച്ച് മുഴുവൻ യാത്രക്കാർക്കും പരാതികൾ ഉണ്ട്. എല്ലാ സ്റ്റോപ്പുകളിലും വിശ്രമകേന്ദ്രങ്ങൾ ആവശ്യമാണെങ്കിലും അതെല്ലാം പഞ്ചായത്തിന്റെയോ മറ്റു ബന്ധപ്പെട്ടവരുടെയോ ചുമതലയിൽ നിർമ്മിക്കുവാൻ സാധിക്കുകയില്ല. സന്നദ്ധ സംഘടനകളും മറ്റു യുവജന സംഘടനകളും നിർമ്മിച്ച് സംഭാവന ചെയ്തിട്ടുള്ള നിരവധി ഷെൽട്ടറുകൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. ഇനിയും പ്രാദേശികമായി പലയിടത്തും അത്തരം ഷെൽട്ടറുകൾ ഉണ്ടാവണം. അതിനുള്ള സൗകര്യം പഞ്ചായത്ത് ഏൻപ്പിച്ചു കൊടുക്കുകയും മേൽവരിച്ച സംഘടനകൾ സ്ഥിരമായ ഷെൽട്ടർ ജനപങ്കാളിത്തത്തോടെ നിർമ്മിക്കുകയും വേണം.

എന്നാൽ പ്രധാന ബസ്സ്റ്റോപ്പുകളായ പാലാം കടവിലും ടോളിലും അടിയന്തിരമായി വിശ്രമകേന്ദ്രങ്ങൾ ഉണ്ടാവണം. വളരെയധികം യാത്രക്കാർ വന്നുപോകുന്ന ഈ സ്റ്റോപ്പുകളിൽ വിശ്രമകേന്ദ്രങ്ങളോടൊപ്പം മൂത്രപ്പുരകളും അത്യാവശ്യമാണ് ഈ രണ്ടു കേന്ദ്രങ്ങളും അടിയന്തിരമായി പണിയുന്നതിനുള്ള നടപടികൾ എടുക്കുകയും പൂർത്തിയാക്കുകയും വേണം.

നമ്മുടെ പഞ്ചായത്തിലൂടെ ഏതാനും വർഷങ്ങൾ മുമ്പ് K.S.R.T.C. ബസ് സർവ്വീസ് ഉണ്ടായിരുന്നു. വൈക്കം പാലംകടവ് കാക്കനാട് റൂട്ടിൽ ഓടിക്കൊണ്ടിരുന്ന കെ.എസ്. ആർ.ടി.സി. ബസ് ഈ നാടിന്റെ അഭിമാനമായിരുന്നു. തുടർന്നു സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ടവർ എടുക്കണം.

പ്രശ്നങ്ങൾ

റോഡ് നിർമ്മാണ രംഗത്ത് ഇന്ന് നിലവിലുള്ള പ്രശ്നങ്ങൾ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൽ നിർമ്മാണപ്രക്രിയക്കുണ്ടാകുന്ന പ്രശ്നങ്ങൾ

1. ഭൂമിശാസ്ത്ര പരമായി പ്രത്യേകതകൾ കൊണ്ട് പഞ്ചായത്തിന്റെ പടിഞ്ഞാറൻ

പ്രദേശങ്ങളിൽ റോഡു നിർമ്മാണം വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നു.

2. സംരക്ഷിക്കുന്നതലുള്ള വീഴ്ചയും അനാസ്ഥയും റോഡുകളെയും തോടുകളെയും ഉപയോഗശൂന്യമാക്കുന്നു.
3. പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ തോടുകൾ നികത്തുന്നു.
4. റോഡും ഭൂമിയും തമ്മിലുള്ള ഉയരമില്ലായ്മ വെള്ളം കെട്ടിനിന്ന് റോഡുകളിൽ കുഴികൾ ഉണ്ടാക്കുന്നു.
5. കൃത്യമായി അറ്റകുറ്റപണികൾ നടക്കാതിരിക്കുന്നത് കൂടുതൽ അറ്റ കുറ്റപണികൾക്ക് ഇടയാക്കുന്നു.
6. റോഡുകൾക്കൊപ്പം കലുങ്കുകളും ആവശ്യമാണ്.
7. നടപ്പാതകളിൽ സ്ലാബുകൾ ഇല്ലാത്തതുമൂലം തെങ്ങിൻ തടികൾ ഉപയോഗിക്കുന്നു.
8. തോടുകൾ സംരക്ഷണമില്ലാതെ കാടും ചെടികളും പിടിച്ച് ചേറ് നിറയുന്നു.
9. പൊതുതോട് വ്യക്തികൾ നികത്തി വീതികുറയ്ക്കുന്നു.
10. തോടുകളിൽ തെങ്ങിൻ തടികളും മറ്റും ഇട്ട് മാർഗ്ഗ തടസ്സം സൃഷ്ടിക്കുന്നു.
11. റോഡ് കയ്യേറ്റം റോഡുകളുടെ വീതി കുറയ്ക്കുന്നു.
12. നിലവിലുള്ള റോഡുകളിൽ അപ്രോച്ച് റോഡിനു തുല്യമായ റോഡുകൾ അടിയന്തിരമായി പുനരുദ്ധരിക്കുക.

നിർദ്ദേശങ്ങൾ

1. നിലവിലുള്ള പൂഴിറോഡുകൾ വീതികൂട്ടി വാഹനഗതാഗതത്തിന് ഉതകുന്ന രീതിയിൽ പണി പൂർത്തിയാക്കുക.
2. നിലവിലുള്ളതും പൂർത്തീകരിക്കുന്നതുമായ എല്ലാ റോഡുകൾക്കും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ ചെയ്തു സംരക്ഷിക്കുക.
3. പടിഞ്ഞാറൻ മേഖലയിൽ റോഡുകൾ നിർമ്മിക്കുമ്പോൾ അത്യാവശ്യമായ തോടുകൾ ഒഴിവാക്കി നികത്തി റോഡുകളാക്കാതിരിക്കുക.
4. ഭൂതലത്തിൽ നിന്നും ഒരടിയെങ്കിലും ഉയരം റോഡുകൾക്ക് ഉണ്ടായിരിക്കണം.
5. റോഡുകൾക്ക് കുറുകെയുള്ള കലുങ്കുകൾ അടിയന്തിരമായി പണി തീർക്കണം.
6. ജനപങ്കാളിത്തത്തോടെ തോടുകൾ തീർക്കുകയും സാധനങ്ങൾ ജലഗതാഗതമാർഗ്ഗം കൊണ്ടുവരുന്നതിനും കൊണ്ടുപോകുന്നതിനും ബോധവൽക്കരണം ഏർപ്പെടുത്തുക.
7. വ്യക്തികൾ കയ്യേറ്റം ചെയ്യുന്ന തോടുകളും റോഡുകളും മോചിപ്പിച്ച് നിലനിർത്തുക.
8. ഓടകളും ചാലുകളും നിർമ്മിച്ച് റോഡുകൾ സംരക്ഷിക്കുക.
9. നടപ്പാതകൾ കുറഞ്ഞത് രണ്ട് മീറ്റർ വീതിയിൽ നിർമ്മിച്ച് പുനരുദ്ധരിക്കുക
10. റോഡുകളാക്കി മാറ്റേണ്ടതായ നടപ്പാതകൾ ജനപങ്കാളിത്തത്തോടെ റോഡുകളാക്കുക
11. റോഡുകളുടെ അരികിലൂടെ പോകുന്ന തോടുകളുടെ കരകൾ കരിങ്കൽ ഭിത്തികെട്ടി സംരക്ഷിക്കുകയും അതിൽകുളിക്കടവുകൾ സജ്ജമാക്കുകയും ചെയ്യണം.

ഊർജ്ജം

സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷമാണ് പഞ്ചായത്തിൽ വൈദ്യുതി വ്യാപകമാകാൻ തുടങ്ങിയത്. അതിനു മുമ്പ് ഇന്ധനത്തിനായി ജനങ്ങൾ പൂർണ്ണമായും വിറകിനെയും എണ്ണയെയുമാണ് ആശ്രയിച്ചിരുന്നത്. 1958ൽ മറവൻതുരുത്തിൽ 30 വഴിവിളക്കുകളും 1960 ൽ എൺപത്തിരണ്ട് വഴിവിളക്കുകളും ഉണ്ടായിരുന്നതായി രേഖകളിൽ കാണുന്നു.

ഇപ്പോൾ ആകെ 207 വഴിവിളക്കുകൾ പഞ്ചായത്തിലുണ്ട്. പാചകാവശ്യത്തിനായി വൈദ്യുതിയുടെയും മണ്ണെണ്ണയുടെയും ഉപയോഗം വർദ്ധിച്ചിരിക്കുന്നു. പാചകവാതക ഉപഭോഗവും വ്യാപകമായിത്തുടങ്ങിയിട്ടുണ്ട്. ഈ സ്രോതസ്സുകളൊക്കെയുണ്ടെങ്കിലും പാചകാവശ്യത്തിനായി ഇപ്പോഴും വിറകിനെത്തന്നെയാണ് ആശ്രയിക്കുന്നത്.

വൈദ്യുതി

നമ്മുടെ പഞ്ചായത്തിലെ മൊത്തം വൈദ്യുത ഉപഭോഗത്തിന്റെ ചിത്രമാണ് താഴെ കൊടുത്തിരിക്കുന്നത്

1. നിലവിലുള്ള ഉപഭോക്താക്കൾ
   - : ഗാർഹികം : 2450
   - : വ്യവസായം : 264
   - : വാണിജ്യം : 37
   - : കൃഷി : 101

2. കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകർ
   - : ഓർഡിനറി : 146
   - : ഓ.റ്റി.പി. : 8
   - : ഓ. വൈ.ഇ.സി : 24

3. സ്ട്രീറ്റ് ലൈറ്റ് (എ)
   - :ബൾബ്25W : 00
   - 40W : 207
   - 60W : 00
   - 100W : 4

   (ബി)
   - : ട്യൂബ് : 7

പട്ടിക 6–8 വൈദ്യുതീകരിച്ച കോളനികൾ

വാർഡ്	പേര്	വൈദ്യുതീകരിച്ച വീട്	N & G	പണം അടയ്ക്കുന്ന കണ്‍സ്യൂമേഴ്സ്
I	മറവന്തുരുത്ത് ഹരിജൻ കോളനി	13	3	10
I	അപ്പക്കോട്ട് കോളനി	15	—	15
III	മണലേൽ കോളനി	16	15	1
IV	കുളങ്ങര കോളനി	12	10	2
IV	ലക്ഷംവീട് കോളനി	6	6	—
IV	കൊച്ചുപുരയ്ക്കൽ കോളനി	10	9	1
V	കരുവേലി കോളനി	6	6	—
VI	കടുക്കര കോളനി	4	2	2
VIII	ഹരിജൻ കോളനി	6	6	6
X	തുരുത്തുമ്മ	6	6	—

അവലംബം: KSEB സബ് ഡിവിഷൻ ഓഫീസുകൾ

നമ്മുടെ പല വാർഡുകളിലും ലക്ഷംവീടുകളിലും കോളനികളിലുമായി ഇനിയും വൈദ്യുതീകരിക്കാത്ത വീടുകളുണ്ട്. അതിനു പരിഹാരം കാണണം.

ഉപഭോക്താക്കളുടെ എണ്ണം വർദ്ധിക്കുമ്പോൾ വോൾട്ടേജ് ക്ഷാമം ഉണ്ടാവുക സ്വാഭാവികമാണ്. ഉത്പാദന ശേഷി വർദ്ധിപ്പിക്കുക എന്നതാണ് ഇതു പരിഹരിക്കാനുള്ള മാർഗ്ഗം. പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ ലോഡു കുറച്ചു കൊണ്ടും ഇതിന് കുറച്ചു പരിഹാരം കാണാനാകും.

പട്ടിക 6–9 നിലവിലുള്ള ട്രാൻസ്ഫോർമറുകൾ

നമ്പർ	പേര്	വാർഡ്	ശേഷി
1	തുരുത്തുമ്മ നം.1	X	63KV
2	ചെമ്മനാകരി	VIII	100KV
3	ശാരദാമഠം	VIII	100KV
4	പുതുക്കുളങ്ങര	VII	100KV
5	കണ്ണങ്കേരിൽ	VI	100KV
6	കടുക്കര നം. 1	VI	100KV
7	ടോൾ (ചാണിപ്പാടം)	VI	163KV
8	ചുങ്കം	II	100KV
9	മണകുന്നം	II	100KV
10	കടുക്കര ജംഗ്ഷൻ	1	100KV

അവലംബം: KSEB സബ് ഡിവിഷൻ ഓഫീസുകൾ

പുതുതായി നാലു ട്രാൻസ്ഫോർമറുകൾ കൂടി സ്ഥാപിക്കണം

വൈദ്യുതബോർഡിന്റെ ഓഫീസുകളുടെ പ്രവർത്തനങ്ങളെകുറിച്ചും ലഭിക്കുന്ന സേവനങ്ങളെ കുറിച്ചും വ്യാപകമായ പരാതികളാണുള്ളത്. കാര്യക്ഷമതയോടു കൂടിയ പ്രവർത്തനം ഇവിടെ ലഭിച്ചേ മതിയാകൂ.

വിറക്, മണ്ണെണ്ണ, പാചകവാതകങ്ങൾ

നമ്മുടെ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന പാചക ഇന്ധനം വിറകു തന്നെയാണ്. വൈദ്യുതി എത്താത്ത വീടുകളിൽ വിളക്കു കത്തിക്കുന്നതിനായാണ് മണ്ണെണ്ണ കൂടുതലായും വിനിയോഗിക്കുന്നത്. പാചക വാതകങ്ങളുടെ ഉപയോഗം വ്യാപകമാകാൻ തുടങ്ങിയിട്ടെയുള്ളൂ. ബയോഗ്യാസ് പ്ലാന്റുകൾ വിരലിലെണ്ണാൻ മാത്രമേ ഇവിടെയുള്ളൂ. മണ്ണെണ്ണയുടെയും വിറകിന്റെയും ലഭ്യതക്കുറവ് ഭൂരിപക്ഷം പേർക്കും പ്രശ്നമായി മാറിയിരിക്കുന്നു.

പട്ടിക 6–8 പൊതുവിതരണ കേന്ദ്രത്തിലൂടെ വിതരണം ചെയ്യുന്ന മണ്ണെണ്ണയുടെ വിവരം

വർഷം	കാർഡുടമകൾ			മണ്ണെണ്ണ		
	NE	E	ആകെ	പെർമിറ്റുകളുടെ എണ്ണം	പെർമിറ്റുണം വഴി വിതരണം ചെയ്തത്	കാർഡ് വഴി വിതരണം ചെയ്തത്
91-92	2166	2222	4438	453	57618	173076
92-93	2081	2024	4105	473	57792	173436
93-94	2061	2103	4164	500	59220	174132
94-95	1969	2151	4120	511	60311	170416
95-96	2166	2272	4438	577	33033	103162

അവലംബം: ദ്വിതീയ വിവര ശേഖരണം, റേഷൻ കടകൾ

റേഷൻ കടകൾ വഴിയും പൊതു കമ്പോളത്തിലൂടെയും മണ്ണെണ്ണ ഇന്ന് ലഭ്യമാണ്. പൊതു മാർക്കറ്റിൽ മണ്ണെണ്ണയ്ക്ക് ഏകീകൃത വിലയല്ല ഈടാക്കി വരുന്നത്. വിറകിന്റെ ലഭ്യത അനുദിനം പഞ്ചായത്തിൽ കുറഞ്ഞു വരികയാണ്. കായലോര പ്രദേശത്തുള്ളവർ രൂക്ഷമായ വിറകുക്ഷാമാണ് അനുഭവിച്ചുകൊണ്ടിരിക്കുന്നത്.

സമഗ്ര ഊർജ്ജ ആസൂത്രണ പരിപാടി

വൈദ്യുതിയും വൈദ്യുതേതര ഊർജ്ജസ്രോതസ്സുകളായ വിറക്, മണ്ണെണ്ണ, പാചകവാതകം, എണ്ണ തുടങ്ങിയവയെല്ലാം അടിസ്ഥാനമാക്കിയുള്ള ഊർജ്ജാസൂത്രണമാണ് സമ്പൂർണ്ണ ഊർജ്ജാസൂത്രണം എന്നു വിവക്ഷിക്കുന്നത്. ഇതിൽ വിറക്, വിറകുല്പന്നങ്ങൾ കാർഷികാവശിഷ്ടങ്ങൾ, മറ്റു ജൈവ സ്രോതസ്സുകൾ ഗാർഹിക വാണിജ്യ മേഖലകളിലെ ഊർജ്ജ സംരക്ഷണം. ചെറുകിട ജലവൈദ്യുത പദ്ധതികൾ തുടങ്ങിയവയെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങളെ പഞ്ചായത്തു തലത്തിൽ വരുന്നുള്ളു. അതുകൊണ്ട് ഈ ചട്ടക്കൂടിൽ നിന്നു വേണം ഗ്രാമതലത്തിൽ ഊർജ്ജാസൂത്രണം നടത്തേണ്ടതും.

നിർദ്ദേശങ്ങൾ

I 1) വൈദ്യുതാസൂത്രണത്തിൽ പ്രേഷണ വിതരണ ശൃംഖലയുടെ പ്രശ്നങ്ങൾ വിലയിരുത്തുക. ബോർഡിന്റെ കണക്കു പ്രകാരം കേരളത്തിലെ പ്രേഷണ വിതരണ നഷ്ടം 27.5% ആണ്. (ഇപ്പോൾ 21% ആണെന്ന് പറയപ്പെടുന്നു) പ്രേഷണ വിതരണ നഷ്ടം 15% ആയി കുറച്ചാൽ അത് 80 കോടി യൂണിറ്റിനു സമമായി മാറുന്നു. ഇതിനായി

(എ) വൈദ്യുത കമ്പികളിലെ ജംബറുകൾ ശരിയായി സ്ഥാപിക്കുക

(ബി) ലൈനിൽ തട്ടിക്കളിക്കുന്ന മരക്കൊമ്പുകൾ മുറിച്ചു മാറ്റുക

2 അടുത്ത പത്തു വർഷത്തേക്കു വേണ്ടി വരുന്ന വിവിധ ആവശ്യങ്ങൾക്കായുള്ള വൈദ്യുതിയുടെ ഏകദേശ കണക്കെടുക്കുക.

3 ശാസ്ത്രീയമായ രീതിയിൽ ലാമ്പുകൾ പ്രചരിപ്പിക്കുക. ഇതിനു പ്രോത്സാഹനമായി പഞ്ചായത്തിൽ നിന്ന് സബ്സിഡി വിതരണം ചെയ്യുക.

5 ഇലക്ട്രോണിക് ചോക്ക് ഘടിപ്പിച്ച് 18W Slimtube കൾ വ്യാപകമാക്കുക.

II ഇപ്പോൾ പഞ്ചായത്തുകളിലെ ഭൂരിപക്ഷം വീടുകളിലും വിറകടുപ്പുകളാണ് ഉപയോഗിച്ചു വരുന്നത്. വിറകിന്റെ ലഭ്യതയാകട്ടെ ദൈനം ദിനം കുറഞ്ഞു വരികയും ചെയ്യുന്നു. വീടുകളിൽ ഇപ്പോൾ ഉപയോഗിക്കുന്ന അടുപ്പുകൾക്കു പകരം ദക്ഷത കൂടിയ അടുപ്പുകൾ ഉപയോഗിച്ചാൽ വിറകിന്റെ ഉപഭോഗം മൂന്നിലൊന്നായി കുറയ്ക്കാം.

ജനങ്ങൾക്കിടയിൽ വ്യാപകമായ പ്രചരണ പ്രവർത്തനങ്ങൾ നടത്തിയും സർക്കാരിൽ നിന്നും ANERT ൽ നിന്നും കിട്ടുന്ന സഹായങ്ങൾ പൂർണ്ണമായി വിനിയോഗിച്ചും ജനപങ്കാളിത്തത്തോടെ അടുപ്പു വ്യാപന മേളകൾ സംഘടിപ്പിക്കണം. ഇതിനു വേണ്ടി ജനകീയ സമിതികളുടെ രൂപീകരണം, സർവ്വേ, പ്രോജക്ട് രൂപീകരണം, ബോധവൽക്കരണ പ്രവർത്തനങ്ങൾ, അടുപ്പു സ്ഥാപിക്കാനുള്ള പരിശീലനം തുടങ്ങിയ വിവിധ ഘട്ടങ്ങളിലുള്ള പ്രവർത്തനങ്ങൾ ആവശ്യമായി വരും.

III ANERT പ്രചരിപ്പിക്കുന്ന മറ്റു സൗരോർജ്ജ ഉപകരണങ്ങൾ പ്രചരിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവീഷ്കരിക്കുക.

(എ) സോളാർ കുക്കർ:പാചകത്തിന്

(ബി) സോളാർ ഡ്രയർ: ധാന്യം ഉണക്കാൻ

(സി)സോളാർ വാട്ടർ ഹീറ്റർ : വെള്ളം ചൂടാക്കാൻ

(ഡി)സോളാർ വിളക്കുകൾ തുടങ്ങിയ സൗരോർജ്ജ ഉപകരണങ്ങളാണ് ANERT പ്രചരിപ്പിച്ചു വരുന്നത്

IV വിറകുല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മരങ്ങൾ വച്ചു പിടിപ്പിക്കാനുള്ള ഒരു പദ്ധതിക്ക് രൂപം നൽകണം. മാത്രവുമല്ല ഈ സസ്യങ്ങളിലേയും മരങ്ങളിലേയും ഇലകൾ ഉപയോഗിച്ച് കാർഷിക മേഖലയിൽ

കമ്പോസ്റ്റു നിർമ്മാണത്തിന് പ്രയോജനപ്പെടുത്തുകയുമാകാം. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ക്ലബ്ബുകൾ, സ്കൂളുകളിലെ ഫോറസ്ട്രി ക്ലബ്ബുകൾ എന്നിവയുമായി ഈ പ്രവർത്തനങ്ങളെ ബന്ധപ്പെടുത്തണം.

V 1. ഒന്ന് മുതൽ അഞ്ചുവരെ വാർഡുകളിലെ ഉപഭോക്താക്കൾ വൈദ്യുതി ചാർജ്ജ് ഒടുക്കേണ്ടതിന് ഇപ്പോൾ ചെമ്പു സെക്ഷൻ ഓഫീസു വരെ പോകേണ്ടി വരുന്നു. ഈ വാർഡിലെ ഉപഭോക്താക്കളെ ഉദ്ദേശിച്ച് പഞ്ചായത്തിൽ ഒരു ദിവസം വൈദ്യുതി ചാർജ്ജ് വാങ്ങുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സേവനം ലഭ്യമാക്കുക. (ഇപ്പോൾ ചെമ്പു പഞ്ചായത്തിൽ ചെയ്തു വരുന്നതു പോലെ). ഈ സംവിധാനം ഏതാനും വർഷങ്ങൾ മുമ്പു വരെ നില നിന്നിരുന്നതാണ്.

2. ആർഭാടങ്ങൾക്കു വേണ്ടി വൈദ്യുതി ദുരുപയോഗം ചെയ്യും മീറ്റർ കേടു വരുത്തി റീഡിംഗ് കുറച്ചു കാണിച്ചും നഷ്ടമുണ്ടാക്കുന്നവർക്കെതിരെ കർശന നടപടികളെടുക്കുക.

3 വൈദ്യുതി കണക്ഷന് അപേക്ഷിച്ചാൽ നാലു വർഷം വരെ കാത്തിരിക്കേണ്ട അവസ്ഥയാണ് ഇപ്പോഴുള്ളത്. ഇതിനു മാറ്റം വരുത്തണം.

4 നിലവിലുള്ള സ്ലാബ് സമ്പ്രദായം നിർത്തലാക്കി "സ്പോട്ട് ബില്ലിംഗ്" രീതി നടപ്പിലാക്കണം. ബോർഡിന്റെ ഉദ്യോഗസ്ഥർ മീറ്റർ സ്പോട്ടിൽ പോയി റീഡിംഗ് നോക്കി ഉപയോഗിച്ചിട്ടുള്ള വൈദ്യുതിക്ക് അപ്പോൾ തന്നെ ബില്ലു കൊടുത്ത് പണം വാങ്ങുന്ന സമ്പ്രദായം നടപ്പിലാക്കിയാൽ പരാതിയും ചൂഷണവും അവസാനിപ്പിക്കാൻ കഴിയും.

5 പാചകവാതകത്തിന്റെ ഉപഭോഗം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ അത് ലഭ്യമാക്കാനുള്ള അവസരം ഉണ്ടാകണം. ഇതിനായി നിലവിലുള്ള പാചകവാതക ഏജൻസിയുടെ പ്രവർത്തന പരിധി പഞ്ചായത്തിലേക്കു കൂടി വ്യാപിപ്പിക്കുകയോ ഒരു പുതിയ ഏജൻസി അനുവദിക്കുകയോ ചെയ്യണം.

6 പഞ്ചായത്തിന് വൈദ്യുത ഓഫീസുകളുമായി ബന്ധപ്പെട്ട പരാതികളിന്മേൽ ഇടപെടാനും പരിഹാരം കാണുന്നതിനും അധികാരം കൂടി ലഭിക്കണം.

7 ചെറുകിട ജലവൈദ്യുത കോർപ്പറേഷൻ (Small Hydro Power Corporation) രൂപീകരിക്കുക.

ചെറുകിട പദ്ധതികൾ അഭികല്പന ചെയ്ത് നിർമ്മിക്കുന്നതിനാണിത്. നിർമ്മാണ ശേഷം അവയെ അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വിട്ടു കൊടുക്കണം. 33KVയും അതിനു താഴെയുമുള്ള വിതരണത്തിന്റെ ചുമതല പൂർണ്ണമായും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ ഏല്പിക്കുക. വിതരണം കൂടുതൽ കാര്യക്ഷമമാക്കാൻ ഇതു സഹായിക്കും.

മാർക്കറ്റ്

ഈ പഞ്ചായത്തിൽ ഒരു മൊത്ത വില കടകമ്പോളം ഇല്ല. പടിഞ്ഞാറൻ മേഖലകളിലെ ജനങ്ങൾ ചെമ്പ്, നാനാടം മുതലായ ചന്തകളിൽ നിന്നും സാധനങ്ങൾ വാങ്ങുന്നു. കിഴക്കൻ മേഖലകളിലെ ആളുകൾ തലയോലപ്പറമ്പ് മാർക്കറ്റിനെയും ആശ്രയിക്കുന്നു. കാർഷിക പ്രാധാന്യമുള്ള ഗ്രാമങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന പ്രധാനവിളകളായ നാളികേരത്തിന്റെ ഒരു കേന്ദ്രീകൃത സ്വഭാവത്തിലുള്ള വിൽപന മാർക്കറ്റുകളിൽ നടക്കാറില്ല. നാളികേരം ഒട്ടുമുക്കാലും കൊപ്രാ വ്യാവസായികൾ ഉടമസ്ഥരിൽ നിന്ന് നേരിട്ടു സംഭരിക്കപ്പെടുന്നു. ഏത്തക്കായ്, അടയ്ക്ക, ഇടവിളകളായ പച്ചക്കറികൾ നെല്ല്, പായ്, കായലിലെ വിവിധതരം മത്സ്യങ്ങൾ കയറ് മുതലായവ നമ്മുടെ നാട്ടിൽ ഉൽപാദിപ്പിക്കപ്പെടുന്നവയാണ്. ഇവയെല്ലാം ഇടനിലക്കാരുടെ ചൂഷണത്തിന് വിധേയമായാണ് ഇപ്പോൾ വില്പന നടക്കുന്നത്. അതുകൊണ്ട് യഥാർത്ഥ ഉല്പാദകന് മാർക്കറ്റ് വിലയുടെ 30% എങ്കിലും നഷ്ടപ്പെടുന്നു. സമീപ പ്രദേശങ്ങളിൽ ഒരു മാർക്കറ്റ് ഉണ്ടെങ്കിൽ ഉൽപാദകന് തങ്ങളുടെ ഉൽപ്പന്നം നേരിട്ടു കച്ചവടം ചെയ്യുന്നതിനും നഷ്ടം വരാതിരിക്കുന്നതിനും സാധിക്കും.

നമ്മുടെ പഞ്ചായത്തിൽ ഒരു കേന്ദ്രീകൃത മാർക്കറ്റ് അത്യാവശ്യമാണ്. പഞ്ചിപ്പാലം കേന്ദ്രീകരിച്ച് ഒരു മാർക്കറ്റ് സ്ഥാപിച്ചാൽ ജലഗതാഗതവും റോഡുഗതാഗതവും ഉപയോഗിക്കാം. വളരെയധികം തൊഴിൽ സാദ്ധ്യതകളും ഉണ്ടാകും. ഭൂരിപക്ഷം ഗ്രാമസഭകളും തങ്ങളുടെ വാർഡുകൾ കേന്ദ്രീകരിച്ച് മാർക്കറ്റുകൾ ഉണ്ടാവണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു പൊതുമാർക്കറ്റും മറ്റുള്ള സ്ഥലങ്ങളിൽ സൗകര്യങ്ങൾ പരിഗണിച്ച് പ്രാദേശികമായി അന്തി ചന്തകളും ലാന്റിംഗ് കൂടാം.

"എട്ടാം പദ്ധതിയുടെ ആമുഖ രേഖയിൽ ഇങ്ങനെ പറയുന്നു: "വികസനമെന്നാൽ റോഡുകളോ പാലങ്ങളോ നിർമ്മിക്കലല്ല, അടിസ്ഥാനപരമായി അത് സർവ്വതോമുഖമായ മനുഷ്യന്റെ വികസനമാണ്"

7 പാർപ്പിടവും സാമൂഹ്യക്ഷേമവും



വാസയോഗ്യമായ ഒരു വീട് എന്നുള്ളത് ഏവരുടേയും ഒരു സ്വപ്നമാണ്. മെച്ചപ്പെട്ട പാർപ്പിടസൗകര്യങ്ങൾ ലഭ്യമാക്കുക എന്നുള്ളത് ഒരു ആരോഗ്യപ്രശ്നവും. നമ്മുടെ പഞ്ചായത്തിൽ ആദ്യകാലമുണ്ടായിരുന്ന പാർപ്പിടാവബോധം ഇന്നുള്ളതിൽ നിന്നും തികച്ചും ഭിന്നമായിരുന്നു. സ്വന്തമായി ഭവനം നിർമ്മിക്കാനായി പണം മുടക്കാൻ ശേഷിയുണ്ടായിരുന്നയാളുകൾ നാട്ടിൽ ലഭ്യമായിരുന്ന ഏതാണ്ട് ഒട്ടുമിക്ക അസംസ്കൃതവസ്തുക്കളെയും ആശാരിമാരുടെ ശില്പ ചാതുരികളെയും പൂർണ്ണമായും വിനിയോഗിച്ചിരുന്നു. പുരാതന കുടുംബങ്ങളിൽ കാണുന്ന പലകകൾകൊണ്ടുള്ള ചുമരുകളും അതിലുള്ള കൊത്തുപണികളും അതാണ് ചൂണ്ടിക്കാണിക്കുന്നത്. പാർപ്പിട സൗകര്യങ്ങൾ വ്യാപകമാകാൻ തുടങ്ങിയപ്പോഴും അടച്ചുകെട്ടും സുരക്ഷിതത്വവും ഉള്ള ഒരു വീട് എന്നതിനപ്പുറം ഇന്നു കാണുന്ന ഉപഭോഗതൃഷ്ണയുടെ അഭിനിവേശം ഉണ്ടായിരുന്നില്ലതാനും. ഇപ്പോഴാകട്ടെ നമുക്ക് ലഭ്യമാകുന്ന വരുമാനത്തിന്റെ സിംഹഭാഗവും കോൺക്രീറ്റ് സൗധങ്ങിലേക്ക് നിക്ഷേപിക്കാനുള്ള ത്വര ദൈനംദിനം വർദ്ധിച്ചു വരുന്ന അപകടകരമായ സ്ഥിതിയാണുള്ളത്. കോൺക്രീറ്റ് കെട്ടിടങ്ങൾ പണിയുക എന്ന ഒരു പ്രവണത കൂടുകയും അതുവഴി ആർഭാടവും ധൂർത്തും കാണിക്കുന്ന ഒരു രീതിയും ഇന്നുകണ്ടുവരുന്നു. നിർമാണ രംഗത്ത് അടിക്കിടിയുണ്ടാകുന്ന കൂലി വർധനവ്, അസംസ്കൃതസാധനങ്ങളുടെ വിലക്കയറ്റം, എന്നിവ കെട്ടിട നിർമാണ രംഗത്തെ പ്രശ്നങ്ങളാണെങ്കിലും ഇന്നും നമ്മുടെ നാട്ടിൽ ഉയർന്നുവരുന്ന "കെട്ടിടവിളകൾ"എണ്ണത്തിലും രൂപത്തിലും വളരെ കൂടുതലാണ്. മിനിമം പാർപ്പിട സൗകര്യത്തോടെയുള്ള ഒരു വീട് ഉണ്ടാവുക എന്നതു താഴ്ന്നവരുമാനക്കാരുടേയും ആഗ്രഹമായി മാറിയതോടെ ഈ രംഗത്ത് ഒരു കുതിച്ചുകയറ്റം തന്നെ ഉണ്ടായി. മാത്രമല്ല സാധാരണക്കാർപോലും കോൺക്രീറ്റു സൗധം എന്ന ലക്ഷ്യത്തിലേക്ക നീങ്ങിയപ്പോൾ പൂർണ അർഥത്തിൽ ഒരു "കെട്ടിടവിള വിപ്ലവം" തന്നെ ഉണ്ടായി. മൈതാനമായും വെറും പുരയിടമായും കിടന്നിരുന്ന സ്ഥലങ്ങൾ ഇന്നു വീടുകളുടെ സങ്കേതമായി മാറി.

പട്ടിക 7- 1 വീടുകളുടെ സ്ഥിതിയും എണ്ണവും

വാർഡു	എണ്ണം	നിലകൾ ഉള്ളത്	കോൺക്രീറ്റ്	ഓട്	ഓല	മറ്റിനം
I	746	7	76	450	170	50
II	598	8	56	406	102	31
III	457	2	41	301	99	16
IV	380	2	31	113	96	140
V	381	4	11	234	132	04
VI	607	6	33	372	176	26
VII	699	11	76	412	170	41
VIII	904	5	43	527	186	45
IX	548	8	44	341	185	69
X	478	8	51	323	16	
	5749	61	462	3479	1372	377

അവലംബം :- ദ്വിതീയ വിവര ശേഖരണം

കമ്പിയും സിമിന്റും മെറ്റലും ഉപയോഗിച്ചുള്ള നവീന വീടുകളും ഇരുനിലമാളികകളും നമ്മുടെ പഞ്ചായത്തിൽ കുറച്ചുകാലങ്ങൾക്കുള്ളിൽ ഉയർന്നുവന്നിട്ടുണ്ട്. പഴയ വീടുകൾ പൊളിച്ചുമാറ്റി കോൺക്രീറ്റ് സൗധങ്ങൾ ഉയർത്തുന്ന ഒരു പ്രവണത ഇടക്കാലത്ത് ഉണ്ടായി എങ്കിലും, ഇന്ന് വാസ്തുശില്പമാതൃകയിലുള്ള പഴയവീടുകൾ സംരക്ഷിക്കുന്നതിൽ താൽപര്യം കാണിക്കുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിൽ മിനിമം പാർപ്പിട സൗകര്യം ഇല്ലാത്തവരേറെയുണ്ട്. ഒന്നിൽ കൂടുതൽ കുടുംബങ്ങൾ താമസിക്കുന്ന വീടുകളും നമ്മുടെ പഞ്ചായത്തിലുണ്ട്. ഒരു കാലത്ത്, ഓലക്കെട്ടിടങ്ങളായവ ഓടുകളായും, പിന്നീട് ആസ്ബസ്റ്റോസ്, കോൺക്രീറ്റ് എന്നീ അവസ്ഥകളിലേക്കും തിരിഞ്ഞു. ഈ മാറ്റം സാധനസാമഗ്രികളുടെ ലഭ്യതകൊണ്ടുമാത്രമല്ല, നല്ല വീട് കോൺക്രീറ്റ് വീടാണെന്ന ദുരഭിമാനം അറിയാതെ മനസ്സിലുള്ളതുകൊണ്ടുണ്ടായതാണ്. ഒരുകാലത്ത് ഈ രംഗത്ത് മതിയായ തൊഴിലാളികളെ കിട്ടാനില്ലാതിരുന്നെങ്കിൽ ഇന്ന് ചെറുപ്പക്കാർ ഈ മേഖലയിലേക്ക് കടന്നുകയറ്റം നടത്തിയിട്ടുണ്ട്. എങ്കിൽ കൂടിയും നമ്മുടെ പഞ്ചായത്തിൽ വീടുപണിക്കാരുടെ ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്.

ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്ന രീതികളോ സാങ്കേതിക വൈദഗ്ധ്യമോ പഞ്ചായത്തിൽ ആരും അവലംബിക്കാറില്ല.

നിർമ്മിത പോലുള്ള കേന്ദ്രങ്ങളുടെ സഹായത്തോടെ ചെലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുവാൻ ബോധവൽക്കരണം ആവശ്യമാണ്. ഓലമേയുന്ന വീടുകൾ ഒരു വർഷത്തിൽ രണ്ടു പ്രാവശ്യം മേച്ചിൽ നടത്തേണ്ടിവരുന്നതുകൊണ്ട് പലരും പുതിയ ഷീറ്റ്കളാണ് ഇപ്പോൾ ഉപയോഗിക്കുന്നത്. പലവീടുകളും

പട്ടിക 7- 2 നിർമ്മാണ രംഗത്തെ കൂലിനിരക്ക്

ഇനം	1991_93	94-95
നിർമ്മാണത്തൊഴിലാളി	70_80 രൂപ	100-125 രൂപ
മൈക്കാഡ്(പുരുഷൻ)	50_60 രൂപ	80-100 രൂപ
മൈക്കാഡ്(സ്ത്രീ)	45_50 രൂപ	75-80 രൂപ
സിമന്റ്	140_150 രൂപ	180-190 രൂപ
മണൽ(ലോഡ്)	250_260 രൂപ	340-380 രൂപ
കമ്പി	12_15 രൂപ	20-25 രൂപ

അവലംബം : ഗ്രാമസഭാചർച്ചകൾ

മേൽക്കൂരമാത്രം ഓടിട്ടതും ചുമരുകൾ ഓലയും പലകയും കൊണ്ടുണ്ടാക്കിയവയുമാണ്. ഓലമേഞ്ഞതും മേൽവിവരിച്ചരീതിയിലുള്ളതും ആയവിടുകൾക്ക് പുനർനിർമ്മാണവുമായി ബന്ധപ്പെടുന്ന അവസരത്തിൽ മുൻഗണന കൊടുക്കുവാൻ കഴിയണം.

വിവിധ ഏജൻസികൾ മുഖേന വായ്പയെടുത്താണ് ഭൂരിഭാഗം പേരും വീട് നിർമ്മിക്കുന്നത്.

നമ്മുടെ പഞ്ചായത്തിൽ ഹൗസിംഗ് സൊസൈറ്റികൾ ഇല്ല. വൈക്കം കേന്ദ്രീകരിച്ച് ഒരു ഹൗസിംഗ് സൊസൈറ്റി പ്രവർത്തിക്കുന്നുണ്ട്. സാധാരണക്കാർക്ക് ഇവിടം ഒരു "ബാലികേറാമലയാണ്".

J.R.Y., രാജീവ്ദശലക്ഷം, തുടങ്ങിയസർക്കാർ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്ത് വീടുവയ്ക്കുന്നവർ വളരെയധികം ഈ പഞ്ചായത്തിൽ ഉണ്ട്. എന്നാൽ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിന് വളരെയേറേ സാങ്കേതികത്വങ്ങൾ മറികടക്കണം. വായ്പ എടുത്ത് മറ്റു പല കാര്യസാധ്യതകളും നടത്തി വീടുവയ്ക്കാതിരിക്കുന്ന പ്രവണതയും ഉണ്ട് പട്ടിക 7 - 3 നോക്കുക. വീടു പൂർത്തിയാക്കിയതാവർ റിക്കാർഡുകളിൽ പൂർത്തിയാക്കിയനായാണ് കാണുന്നത്. പലരും വീടുപണി പരിപൂർണ്ണമായി തീർക്കാതെ താമസിക്കുന്നത് കാണാം.

പൂർണ്ണമായ സൗകര്യങ്ങളോടുകൂടിയ പാർപ്പിടങ്ങൾ ഉള്ളവർ 36% മാത്രമാണ്. ബാക്കിയുള്ളവ കുറച്ച് ഭാഗികവും ബാക്കി പൂർണ്ണമായി സൗകര്യങ്ങൾ ഇല്ലാത്തവയുമാണ്.

വായ്പരംഗത്ത് അനർഹർ കടന്നുകൂടുന്നുണ്ട്. സ്വന്തമായി ഒരു കെട്ടിടം നിർമ്മിയ്ക്കാൻ കഴിയുന്നവരും ഒരുവരുമാനവും ഇല്ലെങ്കിലും വായ്പയെടുത്ത് മറ്റു കാര്യങ്ങൾക്ക് വിനിയോഗിക്കുന്നവരും ഉണ്ട്.

നമ്മുടെ പഞ്ചായത്തിൽ സെറ്റിൽമെന്റ് കോളനിയുൾപ്പെടെ 13 കോളനികൾ ഉണ്ട്. ഒരുകോളനിയിൽപോലും മിനിമം പാർപ്പിട സൗകര്യങ്ങൾ ഇല്ല. വൃത്തിഹീനങ്ങളായ പരി

പട്ടിക 7-3 വിവിധ പദ്ധതികളിൽ നിന്നും വായ്പ എടുത്ത് വീട്നിർമ്മിക്കുന്നവർ

ഇനം	മൊത്തം വായ്പക്കാർ	വീട്പൂർത്തിയാക്കിയവർ	പൂർത്തിയാക്കാത്തവർ
രാജീവ് ദശലക്ഷം	209	194	15
J.R.Y	113	108	5
ഫിഷറീസ്	107	99	8
റവന്യൂ	89	87	2
ആകെ	518	489	30

അവലംബം : ദ്വിതീയ വിഷ്വ ശേഖരണം

സരം, മറ്റ് ആരോഗ്യപ്രശ്നങ്ങളും അവർക്ക് ഉണ്ട്. ഇവകൾ നവീകരിക്കുന്നതിന് നടപടി യുണ്ടാവണം.

പഞ്ചായത്തിലെ മുഴുവനാളുകൾക്കും വീട് ആവശ്യമാണ്. അതുകൊണ്ട് യഥാർഥ ത്തിൽ വീടില്ലാത്തവർ ആരൊക്കെയാണെന്നു ഒരു സർവെയിലൂടെ കണ്ടെത്തി അവർക്കു വീട് വച്ചു കൊടുക്കാനുള്ള ഒരു ശ്രമം പഞ്ചാ യത്തിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഇന്ന് കയർ, സഹകരണസംഘം, മത്സ്യഫെഡ്, J.R.Y. കൈത്തറി, തുടങ്ങി എല്ലാ വിഭാഗങ്ങ ളും വീട് വായ്പ നൽകുന്നുണ്ട്. ഇതെല്ലാം കൂടി പഞ്ചായത്തിന്റെ കീഴിലാക്കി അർഹത പ്പെട്ട ഉപഭോക്താക്കൾക്കു നൽകണം. മാത്രമ ല്ല. അങ്ങനെ അനുവദിക്കുന്ന വീടുകൾ പണി മുഴുവൻ തീർത്തു എന്നു ബോധ്യം വരുത്തേണ്ട ചുമതലയും പഞ്ചായത്തിനായിരിക്കണം.

വീടു വയ്ക്കുക എന്നത് സ്വന്തം താല്പ ര്യമാണ്. അതിനുള്ള പണം ഏത് ഏജൻസി യുടേതുമാകാം. എന്നിരുന്നാലും ഒന്നരലക്ഷം രൂപയിൽ കൂടുതൽ മതിപ്പുവിലയുള്ള വീടു കൾ പണിയുന്നത് നിരുത്സാഹപ്പെടുത്തേണ്ട താണ്. അങ്ങനെയുള്ള കെട്ടിടങ്ങൾ പണിയു ന്നതിനുമുമ്പ് പഞ്ചായത്തിന്റെ അംഗീകാരം വാങ്ങിച്ചിരിക്കേണ്ടതാണ്.

പ്രശ്നങ്ങൾ

1. പഴയവാസ്തുശില്പമാതൃകയിലുള്ള കെട്ടിട ങ്ങൾ ഇല്ലാതാകുന്നു.
2. ബഹുനിലകെട്ടിടങ്ങൾ പണിയുന്ന പ്രവ ണതകൂടുന്നു.
3. ഒരേവീട്ടിൽ തന്നെ രണ്ടും മൂന്നും കുടുംബങ്ങൾ കഴിയുന്നു.
4. മണൽ ഒഴിച്ചുള്ള കെട്ടിടനിർമാണ വസ്തുക്കൾ ഒന്നും നമ്മുടെ പഞ്ചായത്തിൽ ഇല്ല.
5. ഭവനവായ്പ ദുരുപയോഗപ്പെടുത്തുന്നു.
6. ഹൗസിംഗ് സ്കീമുകൾക്ക് ഹാജരാക്കു ന്നതിന് രേഖകളില്ലാതെ ഗുണഭോക്താക്കൾ വിഷമിക്കുന്നു.
7. വായ്പത്തുകയുടെ പോരായ്മ.
8. കൃത്യമായി ഗഡു അടയ്ക്കാനാവാതെ സബ്സിഡി നഷ്ടപ്പെടുന്നു.
9. വീടുകൾ പൂർത്തിയാക്കുന്നു എന്നുറപ്പുവ രുത്താത്തതുകൊണ്ട് വീടുപണി ഇടയ്ക്കു നിർത്തി വയ്ക്കുന്നു.
10. വീടുപണിയുടെ ചെലവുകൂടുന്നു.

11. ദുർചെലവുകൾ കൂടുന്നു.
12. വായ്പകൾ കൃത്യമായി ലഭിക്കുന്നില്ല.

നിർദ്ദേശങ്ങൾ

1. പഴയ മാതൃകയിലുള്ള വാസ്തുശില്പമോഡൽ കെട്ടിടങ്ങളുടെ സർവ്വേപൂർത്തിയാക്കി അവ കളെ സംരക്ഷിക്കുക.
2. മിനിമം പാർപ്പിട സൗകര്യങ്ങളും ആധു നിക സൗകര്യങ്ങളും അനുവദിക്കുക. ബഹുനിലകെട്ടിടങ്ങൾക്കും അനാവശ്യമായ ആഡംബരങ്ങൾക്കും അധികനികുതി ഏർ പ്പെടുത്തി നിരുത്സാഹപ്പെടുത്തുക.
3. ഒരേ വീട്ടിൽ കഴിയുന്ന അധിക കുടുംബങ്ങളെ മാറ്റി പാർപ്പിക്കുവാൻ നട പടികൾ എടുക്കുക അവർക്ക് സ്ഥലം നൽകി വീടുവയ്ക്കുവാൻ വായ്പ നൽകു ന്നു. വയ്ക്കുന്നവീട് പഞ്ചായത്തിന് ഈടു വച്ച്വായ്പ നൽകുക. വായ്പ അടച്ചുതീ രുംവരെ പൊളിച്ചുമാറ്റത്തിനോ വിപുലീക രിക്കുന്നതിനോ അനുവദിക്കാതിരിക്കുക. വെള്ളം വെളിച്ചം ഇവ പഞ്ചായത്തിന്റെ അനുമതിയോടെ നടപ്പാക്കാം. വായ്പതീ രുംവരെ വീട് പഞ്ചായത്തിന്റേതാണെന്ന ബോർഡ് വയ്ക്കുകയും വായ്പതിരുമ്പോൾ നീക്കംചെയ്യുകയും ചെയ്യാം.
4 സ്വന്തമായി ഭൂമിയുണ്ടായിട്ടും അതിനു മതി യായ രേഖകളില്ലാതെ വിഷമിക്കുന്ന വീട്ടു ടമസ്ഥർക്ക് താമസവും കൈവശവും ഉറ പ്പുവരുത്തി പണിതീർക്കുന്ന വീട് ഈടായി സ്വീകരിച്ച് വായ്പനൽകുക.
5. ഭവനനിർമാണ സഹകരണസംഘം നിർ മിച്ച് അതുവഴി അസംസ്കൃത വസ്തുക്കൾ വിൽപന നടത്തുക.
6. വായ്പയെടുക്കുന്നവർ കൃത്യതയോടെ വീട് പണി പൂർത്തിയാക്കുന്നു എന്ന് ഉറപ്പുവ രുത്തുക.
7. അനർഹരെ ഒഴിവാക്കുന്നതിന് പഞ്ചായത്ത് N.O.C. കൊടുക്കുക.
8. അസംസ്കൃത സാധനങ്ങളുടെ വില വർ ദ്ധനവ് കണക്കിലെടുത്ത് മിനിമം വായ്പതുക 40000 രൂപ ആയി ഉയർത്തുക.
9. പഞ്ചായത്ത് കേന്ദ്രമാക്കി ഒരു ഹൗസിംഗ് സഹകരണ സ്ഥാപനം രൂപീകരിക്കുക.
10. സ്വന്തം അദ്ധ്വാനഭാരം മുടക്കി ചെലവ് കുറ യ്ക്കുന്നതിന് വായ്പക്കാരെ ബോധവൽ ക്കരിക്കുക.
11. വായ്പതിരിച്ചടക്കുവാനും സബ്സിഡി ആനുകൂല്യം ലഭിക്കുന്നതിനും വായ്പക്കാരെ സഹായിക്കുന്നതിനും വായ്പ ഏജൻസി ബോധപൂർവ്വം ശ്രമി ക്കുക.
12. നിർമ്മിതി പോലുള്ള സ്ഥാപനത്തിന്റെ സേവനം ലഭിക്കുവാനുള്ള സാഹചര്യം ഉണ്ടാക്കുക.

സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമപ്രവർത്തനം നമ്മുടെ പഞ്ചായത്തിന്റെ പഴയകാല ചരിത്രത്തിൽ വളരെ ചെറിയതോതിൽ മാത്രമേ നടന്നിട്ടുള്ളൂ. പഞ്ചായത്തിന് തനതായ പാരമ്പര്യം ഒന്നും ഇല്ലെന്ന പറയാനാവില്ല. സാമൂഹ്യമാറ്റത്തിന് വേണ്ടിപ്രവർത്തിച്ചിരുന്ന വളരെയധികം വ്യക്തി കളും കുടുംബങ്ങളും നമ്മുടെ പഞ്ചായത്തിൽ ജീവിച്ചിരുന്നു. എന്നാൽ സാധാരണ ജനസമൂ ഹത്തിന് സാമൂഹ്യമാറ്റത്തിന്റെ അറിവുതുട ങ്ങിയിട്ട് കുറച്ചുകാലങ്ങളെ ആയിട്ടുള്ളൂ. ഏതാ ണ്ട് നാലുദശാബ്ദങ്ങളായി കുറച്ചുകൂടി ഈ രംഗത്ത് മാറ്റംവന്നു എന്നു കാണാം. എൺപ തുകളുടെ ആരംഭത്തിൽ സർക്കാർ തലത്തിൽ സാമൂഹ്യക്ഷേമം നടപ്പാക്കി തുടങ്ങുകയും സാർ വ്വത്രികമായി പ്രചരിപ്പിക്കുകയും ചെയ്തപ്പോൾ

പട്ടിക 7-4 അംഗൻവാടിയിലെ കെട്ടിട, കളിപ്പാട്ട വിവരങ്ങൾ

വാർഡ് നമ്പർ	കെട്ടിടം		കളിപ്പാട്ടം		ആകെ
	ഉള്ളത്	ഇല്ലാത്തത്	ഉള്ളത്	ഇല്ലാത്തത്	
1	1	1	1	-	2
2	-	1	-	-	1
3	-	1	-	-	1
4	-	1	-	-	1
5	0	1	-	-	1
6	0	-	-	-	1
7	0	-1	-	-	1
8	0	2	-	-	2
9	-	1	-	-	1
10	-	1	-	-	1

അവലംബം : ദ്വിതീയ വിവര ശേഖരണം

വളരെ സജീവതയുണ്ടായി. എന്നാൽ നിലവിൽ നമ്മുടെ പ്രതീക്ഷയ്ക്ക് ഒത്ത് ഈ രംഗത്തെ പ്രവർത്തനം തൃപ്തികരമല്ല. ബോധവൽക്കരണരംഗത്ത് വേണ്ടത്ര പ്ലാനിംഗ് ഇല്ല. നല്ല രീതിയിൽ പ്ലാൻ ചെയ്തുബോധവൽക്കരണം നടപ്പാക്കണം. നമ്മുടെ പഞ്ചായത്തിലെ സന്നദ്ധസംഘടനകളുടെ പ്രവർത്തനം തൃപ്തികരമാക്കുവാനുള്ള നടപടികളിലൂടെ അവയുടെ പ്രവർത്തനം ക്രോഡീകരിക്കുകയും നിയന്ത്രണവിധേയവും ആക്കണം. വേണ്ടത്ര ധനസഹായവും പ്രോത്സാഹനവും ഉപദേശങ്ങളും നൽകണം. നമ്മുടെ പഞ്ചായത്തിൽ വീണ്ടും സാക്ഷരത പ്രവർത്തനം തുടരണം. അതോടൊപ്പം സാമൂഹ്യബോധവൽക്കരണവും നടക്കണം.

സർക്കാർ തലത്തിൽ നടപ്പാക്കികൊണ്ടിരിക്കുന്ന സാമൂഹ്യപ്രവർത്തനങ്ങളിൽ ക്രമക്കേടുകൾ ഉണ്ട് അംഗൻവാടികളുടെ പ്രവർത്തനം ഒന്നാകെ പരിശോധിച്ച് അവയ്ക്കു വേണ്ട ഭൗതിക സാഹചര്യം ഒരുക്കി അവയുടെ പ്രവർത്തനം കുറ്റമറ്റതാക്കേണ്ടതാണ്.

സാമൂഹ്യക്ഷേമ പ്രവർത്തന രംഗത്ത് കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയുന്ന വിഭാഗമാണ് അംഗൻവാടികളും ബാലവാടികളും. അഞ്ചുവയസ്സിനു മുമ്പുള്ള കുട്ടികളുടെ മാനസികമായ വളർച്ചയെ ഊന്നിക്കൊണ്ടുള്ളതാണ അംഗൻവാടികൾ. കുട്ടികൾ നാടിന്റെ സമ്പത്താണല്ലോ? അവരെ നല്ല പൗരന്മാരായി രൂപപ്പെടുത്തിയെടുക്കണമെങ്കിൽ മാനസികമായ കഴിവ് വളർത്തിയെടുക്കേണ്ടത് ആവശ്യമാണ്.

ഈ വിധത്തിലുള്ള ഒരു പ്രവർത്തനമാകണം അംഗൻവാടിയിലുണ്ടാകേണ്ടത്. കളിപാട്ട്, തുടങ്ങി അവരുടെ മനസ്സിനെ ഹൃദ്യപ്പെടുത്തുന്ന അനുഭവത്തിലൂടെയാവണം അത് നേടേണ്ടത്. അതിനുപറ്റുന്ന സാമൂഹ്യസാഹ

പട്ടിക 7.5 റേഷൻ കടകളുടെ വിവരങ്ങൾ

റേഷൻകട No.	കാർഡ്	മേജർ	മൈനർ	യൂണിറ്റ്
38	242	1239	174	2642
39	291	1191	194	2576
42	378	1448	267	3163
43	506	1987	341	4315
44	328	1340	200	2880
45	422	1569	274	3412
46	237	1007	144	2158
47	438	1772	276	3720
48	281	1148	173	2469
49	223	932	143	2007
50	287	1122	203	2447
51	284	1112	195	2419
204	159	608	92	1308
205/47	124	536	63	1135
215	199	738	124	1600

അവലംബം :- ദ്വിതീയ വിവര ശേഖരണം

പട്ടിക 7.6 ബ്ലോക്കുവഴി പഞ്ചായത്തിൽ വിതരണം ചെയ്ത തുക

വർഷം	SC	ST	OC	Total	Subsidy	Lones
1992-93	23	-	26	49	1.23 laks	1.77 laks
93-94	73	-	30	103	3.18 laks	3.73 laks
94-95	29	-	15	44	2.38 laks	4.10 laks
95-96	33	-	19	52	2.51	7.85 laks
1.4.96		SCB 3850		6	0.25670	0.79830
1.4.96		SCB 121		12	0.56375	1.84170 laks

അവലംബം :- ദ്വിതീയ വിവര ശേഖരണം

ചര്യങ്ങൾ ഓരോ അംഗൻവാടിയ്ക്കും ഉണ്ടാകേണ്ടതാണ്. അംഗൻവാടിയിലെ പ്രവർത്തനത്തിന്റെ അണിക്കല്ലാണല്ലോ അവിടുത്തെ പ്രവർത്തകർ. അവരുടെ പ്രവർത്തനങ്ങൾ ഒരളവുവരെ ഗുണകരമായിഭവിക്കുന്നുണ്ട്. ശിശുസേവനത്തോടൊപ്പം മാതൃസേവനംകൂടി ഉംഗിയാക്കിയാൽ ഈ മേഖല ആശാവഹമുള്ളതായിത്തീരും.

അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങളും കളിപ്പാട്ടങ്ങളും നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള ഒറ്റ സ്ഥാപനത്തിലും ഇല്ല. (പട്ടിക I നോക്കുക) ഉള്ള കെട്ടിടങ്ങൾ തന്നെ കാറ്റും വെളിച്ചവും കടക്കാതെ അശാസ്ത്രീയമായി നിർമ്മിച്ചതാണ്. ആരോഗ്യകരമായ പരിസരവും പാചകസൗകര്യവും ഉള്ള ശാസ്ത്രീയമായ കെട്ടിടങ്ങൾ ഉണ്ടാവണം.

മാതാപിതാക്കന്മാരും അംഗൻവാടിജീവനക്കാരും സൗഹാർദ്ദപരമായി ഇടപെടണം. പോരായ്മ പരിഹരിക്കാവുന്നവ കൂട്ടായി പരിഹരിക്കുകയും സർക്കാർ തലത്തിൽ പരിഹരിക്കേണ്ടവ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുകയും വേണം.

ഓരോ അംഗൻവാടിയോടും ചേർന്ന് ഒരു ജനകീയ സമിതി രൂപീകരിച്ച് പ്രവർത്തനംകുറ്റമറ്റതാക്കണം.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പൊതുവിതരണ കേന്ദ്രങ്ങളെകുറിച്ചുള്ള വിവർശനം അർത്ഥവത്താണ്. കേന്ദ്രങ്ങളെ കുറ്റമറ്റതാക്കി പ്രവർത്തിപ്പിക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം. ജനകീയ കമ്മറ്റികളുടെ പ്രവർത്തനം ഈ രംഗത്തേയ്ക്കുകൂടി വ്യാപിപ്പിക്കണം. അതിനുവേണ്ടി ഓരോ റേഷൻകടകളോടും അനുബന്ധിച്ച് വാർഡുമെമ്പറിന്റെ നേതൃത്വത്തിൽ ഒരു ജനകീയ കമ്മറ്റി ഉണ്ടാക്കുകയും അവരുടെ നേതൃത്വത്തിൽ ആഴ്ചതോറും പരിശോധന നടത്തേണ്ടതുമാണ്. അതോടൊപ്പം റേഷൻകടവഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ അളവിലും ഗുണത്തിലും പരിശോധന നടത്തേണ്ടതും കുറ്റമറ്റതാക്കേണ്ടതുമാണ്.

I.R.D.P. G.B.S. J.RY. തുടങ്ങിയ സ്കീമുകളിൽ നിന്നും സാമൂഹ്യക്ഷേമരംഗത്ത് നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ വിവരം രേഖപ്പെടുത്തുന്നു. (പട്ടിക III നോക്കുക)

ആനുകൂല്യം ലഭിച്ചുകഴിഞ്ഞ വളരെയധികം കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. വിനിയോഗം കൃത്യതയില്ലാത്തതും തിരിച്ചടക്കാതെ സ്ബസിഡിക്ക് അർഹതയില്ലാതാവുകയും ചെയ്യുന്ന സ്ഥിതിയാണ് നിലവിലുള്ളത്. വായ്പതുകയും പലിശയും കൂടി താങ്ങാനാവാതെ വരുമ്പോൾ വായ്പകൊടുത്ത സ്ഥാപനങ്ങൾ നടപടികളെടുക്കുന്നു. എന്നാൽ വായ്പകൊടുക്കുന്ന സമയത്തുതന്നെ വേണ്ടത്ര ബോധവൽക്കരണം നടത്തിയശേഷം, നിർബ്ബന്ധബുദ്ധിയോടെ തിരിച്ചടക്കൽ നടപടിക്ക് മാനസ്സികമായി സമീപിക്കണം.

ഈ രംഗത്ത് അനർഹർകടന്നുകൂടുന്നത്, തടയണം. മിശ്രവിവാഹിതർക്കും അപകടമരണംസഭ്വിച്ചവരുടെ ആശ്രിതർക്കും നൽകുന്ന ധനസഹായത്തിന് അപേക്ഷയോടൊപ്പം ഹാജരാകുന്ന രേഖകളുടെ സാങ്കേതികത്വവും കാലതാമസവും ഒഴിവാക്കി കഴിയുന്നത്രനേരത്തെ അതു വിതരണം ചെയ്യണം.

വിവിധ തരത്തിലുള്ള പെൻഷനുകൾ ഈ പഞ്ചായത്തിൽ വിതരണം ചെയ്യുന്നുണ്ട്. (പട്ടിക IV നോക്കുക) ആനുകൂല്യങ്ങൾ പഞ്ചായത്തിലെ അർഹതയുള്ള മുഴുവൻ പേർക്കും

വിതരണം ചെയ്യണം. പഞ്ചായത്ത് മെമ്പർമാർ ഈ ഉത്തരവാദിത്വം കൃത്യമായി പാലിക്കണം. വിവിധ പെൻഷനുകൾക്ക് ഒരാൾ തന്നെ അപേക്ഷിക്കുന്ന സമ്പ്രദായം കർശനമായി തടയണം. അപേക്ഷയോടൊപ്പം ഹാജരാകുന്ന രേഖകളുടെ സൂക്ഷ്മത നിലനിർത്തി സാങ്കേതികത്വം ഒഴിവാക്കണം.

വിധവകളുടെ പെൺമക്കളുടെ വിവാഹാനുകൂല്യം അവശകലാകാരന്മാരുടെ പെൻഷൻ എന്നിവ പഞ്ചായത്തിലേയ്ക്ക് ലഭിച്ചിട്ടില്ലെന്ന് അറിയുന്നു. SC\ST വിഭാഗത്തിന് പുരകെട്ടി മേയുന്നതിനുള്ള ധനസഹായം വാർഡ് മെമ്പറന്മാരുടെ ശുപാർശ അനുസരിച്ച്, സർക്കാർ ഫണ്ടിൽ നിന്നും പഞ്ചായത്തുവഴി 500 രൂപ വിതരണം ചെയ്യുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്.

സാമൂഹ്യമാറ്റത്തിന് തൊഴിലില്ലായ്മ ഒരു വിലങ്ങുതടിയായിത്തീരുന്നു. കൂട്ടായ സംരംഭത്തിലൂടെ വളർത്താവുന്ന കൊച്ചു കൊച്ചു വ്യവസായങ്ങൾ ഉണ്ടാവണം. ചെറിയ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ഒരു പരിശീലനകേന്ദ്രം രണ്ടുമൂന്നു പഞ്ചായത്തുകൾ ചേർന്നു ബ്ലോക്ക് തലത്തിൽ ആരംഭിക്കണം.

പ്രശ്നങ്ങൾ

1. I.R.D.P. ലിസ്റ്റിൽപെടാത്തവർ അനവധി ഉണ്ട്.
2. തൊഴിൽ രഹിതരായ വനിതകൾ ധാരളമുണ്ട്
3. ധനസഹായത്തിനു കാലതാമസം ഉണ്ടാകുന്നു.
4. അർഹതയുള്ളവർക്കു ധനസഹായം ലഭിക്കുന്നില്ല.
5. നിർധനരായ കുട്ടികൾ പഠിക്കാൻ മടികാണിക്കുന്നു.
6. അംഗൻവാടികൾ അനാകർഷകങ്ങളായിമാറുന്നു.
7. റേഷൻകടയിൽനിന്നും നല്ല രീതിയിലുള്ള സേവനം ലഭിക്കുന്നില്ല.
8. സ്കൂളുകളിലൂടെയുള്ള ക്ഷേമപ്രവർത്തനങ്ങൾ പി.റ്റി.എ. അറിയുന്നില്ല.
9. പെൻഷൻ കൃത്യമായും ലഭിക്കുന്നില്ല.
10. പെൻഷനു അർഹതയുള്ളവർക്ക് കിട്ടുന്നില്ല.

പട്ടിക 7.7 സർക്കാർ തല ആനുകൂല്യങ്ങൾ ലഭിക്കുന്നവരും അപേക്ഷകരും.

കഴിഞ്ഞ് അഞ്ച്വർഷങ്ങൾ	1991	1992	1993	1994	1995	1996	
വർദ്ധക്യകാലപെൻഷൻ	0018	021	0024	026	0.29	038	107
വിധവാ പെൻഷൻ	048	082	097	099	121	132	13
വികലാംഗ പെൻഷൻ	18	19	23	24	26	33	13
T.B. പെൻഷൻ	1	1	4	1	-	7	-
കയർത്തൊഴിലാളി	68	72	74	81	86	92	146
കർഷകത്തൊഴിലാളി	148	169	196	199	268	325	132
അവശകലാകാരന്മാർ							7
പ്രസവാനുകൂല്യം							098
300 ൽ പരം പുതിയ വിവിധതരം ആനുകൂല്യങ്ങൾക്ക് പഞ്ചായത്ത് അപേക്ഷകർക്ക് അനുവദിച്ചിട്ടുണ്ട്.							

പട്ടിക 7.8 പെൻഷൻ വിവരങ്ങൾ


പേര്	പുതിയ അപേക്ഷ	നിലവിൽ കൊടുക്കുന്നത്	ആകെ
വാർദ്ധക്യകാലം	107	45	152
വിധവ	5	128	133
വികലാംഗർ	13	-	13
പ്രസവാനുകൂല്യം	98	-	98

നിർദ്ദേശങ്ങൾ

1. I.R.D.P. സർവെ സത്യസന്ധമായി പൂർത്തിയാക്കുക.
2. വനിതകളുടെ ക്ഷേമത്തിന് ചെറിയവ്യവസായ യൂണിറ്റുകൾ ഉണ്ടാവണം.
3. ധനസഹായ പദ്ധതി പഞ്ചായത്തിന്റെ കീഴിൽ ആക്കുക. അനർഹരെയും ഇടത്തട്ടുകാരെയും ഒഴിവാക്കണം.
4. അർഹതയുള്ളവരെ കണ്ടെത്താൻ ജനകീയ സമിതിയെ നിയമിക്കുക.
5. നിർധനരായ കുട്ടികൾക്കു ഒരു സർവെയുടെ അടിസ്ഥാനത്തിൽ സഹായധനം അനുവദിക്കുക.
6. അംഗൻവാടിയുടെ കെട്ടിടം, കുട്ടികൾക്കുവേണ്ടിയുള്ള കളിക്കോപ്പുകൾ എന്നീ ഭൗതികസാഹചര്യം ഉറപ്പാക്കുക. അംഗൻവാടി വർക്കർമാർ അതാതു വാർഡുകളിലോ പഞ്ചായത്തിലോ ഉള്ളവരായിരിക്കണം.
7. റേഷൻകടയിലെ സാധനങ്ങൾ ഗുണമേന്മയുള്ളതാണോ എന്നറിയാൻ ജനകീയ കമ്മറ്റി രൂപീകരിക്കുക.
8. കുട്ടികൾക്കുള്ള ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ച് PTA യെ ബോധവൽക്കരണം നടത്തുക.
9. പെൻഷൻ വിതരണം പഞ്ചായത്തിന്റെ കീഴിലാക്കുക.
10. പെൻഷനു അർഹതയുള്ളവരെ ഒരു സർവെയിലൂടെ കണ്ടെത്തുക.
11. വനിതകൾക്കുവേണ്ടി സഹകരണ സംഘങ്ങൾ രൂപീകരിക്കുക.
12. വഴിയോരങ്ങളിൽ വിശ്രമകേന്ദ്രങ്ങൾ പണിയണം.
13. പാലാംകടവ്, ടോൾ എന്നീ പ്രധാന സ്ഥലങ്ങളിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം പ്രത്യേകം മൂത്രപ്പുരയും വിശ്രമകേന്ദ്രവും പണിയുക.
14. സ്വന്തമായി കെട്ടിടം ഇല്ലാത്ത അംഗൻവാടിക്ക് കെട്ടിടം ഉണ്ടാക്കുക.
15. സ്ഥലം സ്വന്തമായില്ലാത്ത അംഗൻവാടികൾ ജനങ്ങളുടെ നേതൃത്വത്തിൽ സ്ഥലം ഉണ്ടാക്കിക്കൊടുക്കുക.
16. അംഗൻവാടികളിലൂടെ ഗുണമേന്മയുള്ള ആഹാരം വിതരണം ചെയ്യുക.
17. അംഗൻവാടിയുടെ അറ്റകുറ്റപണികൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടത്തുക.
18. അംഗൻവാടിയിൽ സമയനിഷ്ഠപാലിക്കുക.
19. കുട്ടികളുടെ അമ്മമാർക്ക് വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ക്ലാസ്സുകൾ നടത്തുക.
20. ഗർഭിണികൾക്കു വേണ്ട ആരോഗ്യസംരക്ഷണം അംഗൻവാടിയിലൂടെ നടത്തുക.
21. അംഗൻവാടിയോട് ചേർന്ന് ജനകീയസമിതി ഉണ്ടാക്കുക.

***

8. സംസ്ക്കാരം



സാഹിത്യകലകളും അവയെ ആസ്വദിക്കാനുള്ള കഴിവും ആചാരവിശ്വാസാദികളും ഒക്കെ കൂടി കലർന്നതാണ് സംസ്ക്കാരം. വൈവിധ്യമാർന്ന സംസ്ക്കാരത്തിന്റെയും ജീവിതരീതികളുടേയും കളിത്തൊട്ടിലാണല്ലോ കേരളം. വൈക്കത്തിന്റെ സാംസ്ക്കാരികത്തനിമയെ ആശ്ലേഷിച്ച്, ബേപ്പൂർ സുൽത്താന് ജന്മമേകിയ, വൈക്കം സത്യാഗ്രഹത്തിന്റെ നിറമേകിയ സ്വപ്നങ്ങൾ കരുതിവെച്ചിരിക്കുന്ന മറവൻതുരുത്ത് പഞ്ചായത്തിനും തനതായ സാംസ്ക്കാരിക പൈതൃകം ഉണ്ട്. അക്കൂട്ടത്തിൽ എടുത്തുപറയത്തക്ക ഒന്നാണ് ആറ്റുവേലയുടെ ചരിത്രം. സി. കേശവന്റേയും, ടി.കെ. മാധവന്റേയും, സി.കെ. വിശ്വനാഥന്റെയും കർമ്മപഥത്തിനു സാക്ഷ്യംവഹിക്കുവാൻ നമ്മുടെ പഞ്ചായത്തിനു കഴിഞ്ഞു എന്നത് ചാരിതാർത്ഥ്യജനകമാണ്.

നമ്മുടെ പഞ്ചായത്തിൽ ഉള്ള 4134 കുടുബങ്ങളിൽ 3739 ഹിന്ദു കുടുംബങ്ങളും 260 ക്രിസ്ത്യൻ കുടുംബങ്ങളും 135 മുസ്ലീം കുടുബങ്ങളും ആണുള്ളത്. ഇവിടെ 22 അമ്പലങ്ങളാണുള്ളത്, കൂടാതെ 4 ക്രിസ്ത്യൻ പള്ളികളും 2 മുസ്ലീം പള്ളികളുമുണ്ട്.

മറവൻതുരുത്ത് ശ്രീകൃഷ്ണ ക്ഷേത്രത്തിലെ അഷ്ടമിരോഹിണി, മേൽപ്പറമ്പത്തു ഭഗവതീക്ഷേത്രത്തിലെ ഉത്സവം, സുബ്രഹ്മണ്യക്ഷേത്രത്തിലെ കാവടി മഹോത്സവം, വാതക്കയിൽ ശ്രീ ധർമ്മശാസ്താ ക്ഷേത്രത്തിലെ ഉത്സവം, ഇടവട്ടം പള്ളിയറക്കാവിലെ നാൽപ്പത്തിയൊന്നു മഹോത്സവം, ചിറ്റേഴത്തു ഭഗവതീ ക്ഷേത്രത്തിലെ കുംഭഭരണി, കടുക്കര പെരേപ്പുറമ്പ് ക്ഷേത്രത്തിലെ നാൽപ്പത്തിയൊന്നുത്സവം, കൂട്ടുമ്മേൽ ദേവീക്ഷേത്രത്തിലെ ഒന്നരമാസം നീണ്ടുനിൽക്കുന്ന തീയാട്ടുമഹോത്സവും കുംഭഭരണിയുത്സവവും എടുത്തു പറയേണ്ടവയാണ്. കൂടാതെ മിക്ക അമ്പലങ്ങളിലും താലപ്പൊലി വളരെ നന്നായിത്തന്നെ നടത്തുണ്ട്. ഇക്കൂട്ടത്തിൽ വളരെയേറെ ഉന്നിപ്പറയേണ്ട ഉത്സവമാണ് ആറ്റുവേല അഞ്ചാം വാർഡിലെ ആറ്റുവേലക്കടവിൽ രാത്രി ഒന്നരമണിയോടെ ആരംഭിക്കുന്ന ആറ്റുവേല പുഴയിലൂടെ സഞ്ചരിച്ച് രാവിലെ 5 മണിയോടെ പുഴയോരത്ത് സ്ഥിതിചെയ്യുന്ന ഇളംകാവ് ദേവീക്ഷേത്രത്തിലെത്തുന്നതോടെ ഉത്സവത്തിന്റെ ചടങ്ങുകൾ അവസാനിക്കുന്നു. ടിപ്പുവിന്റെ ആക്രമണകാലത്ത് കൊടുങ്ങല്ലൂരിൽ നിന്നും തിരുവിതാകൂറിൽ നിന്നും എത്തിയ ദേവി വടക്കൂർ മഹാരാജാവിന്റെ അനുവാദത്തോടെ

ഇളംകോവിൽ ഇരിപ്പിടം ഉറപ്പിച്ചുവെന്നും, നാട്ടുകാർ സംഘടിപ്പിച്ചുകൊടുത്ത വഞ്ചിയിൽ ആറ്റുവേലക്കടവിൽ നിന്ന് സഞ്ചരിച്ചാണ് പുഴയോരത്തെ വടക്കുംകൂർ മഹാരാജാവിന്റെ കൊട്ടാരത്തിൽ എത്തിയതെന്നും ആദിവസത്തെ അനുസ്മരിപ്പിക്കുന്ന ചടങ്ങായിട്ടാണ് ആറ്റുവേല നടക്കുന്നതെന്നും വിശ്വസിച്ചുവരുന്നു. 1830 ലാണ് ആറ്റുവേല ചടങ്ങ് ആരംഭിക്കുന്നത്. വാളേളാരമംഗലം പ്രദേശത്തുള്ള 15 കുടിയാന്മാരും 15 ഈഴവന്മാരുടേയും പൂർവ്വികന്മാരുടെ നേതൃത്വത്തിലായിരുന്നു ആറ്റുവേല ചടങ്ങ് സംഘടിപ്പിച്ചിട്ടുള്ളത് എന്നു പറയുന്നു. നായർവെളിച്ചപ്പാട് കണ്ടെത്തുന്ന പാലമരം വെട്ടി ആറ്റുവേല സൗധം പണിയുന്നരീതിയായിരുന്നു ആദ്യമൊക്കെ നടത്തിയിരുനത്. മരത്തിന്റെ ദൗർലഭ്യം ഈ രീതിമാറ്റി. 1942 ൽ ആറ്റുവേല സൗധത്തിന്റെയും ചടങ്ങിന്റെയും ഉത്തരവാദിത്തം ദേവസ്വംബോർഡ് ഏറ്റെടുത്തു. ആറ്റുവേല സൗധത്തിന്റെ പണി ആരംഭിക്കുന്ന ചടങ്ങിനെ പിണ്ടിപ്പൊഴുത് എന്നും പണിപൂർത്തിയാക്കുന്ന ചടങ്ങിനെ കടവിൽപൊഴുത് എന്നും പറയുന്നു. മതജാതിസൗഹാർദത്തിന്റെ പ്രതീകമെന്നനിയിൽ ഈ ഉത്സവത്തെ സംഘടിപ്പിക്കുവാനും കൂടുതൽ ഭംഗിയായിതീർക്കാനും ദേവസ്വംബോർഡ് വിനോദസഞ്ചാരവകുപ്പുമായി ബന്ധപ്പെട്ട് ചെയ്യേണ്ടതാണ്.

മറവത്തുരുത്തിലെ നാല് ക്രിസ്ത്യൻ പള്ളികളിലും പെരുന്നാൾ ഉത്സവം കൊണ്ടാടാറുണ്ട്. ടോളിൽ വർഷങ്ങൾക്കുമുമ്പ് ഒരു ക്രിസ്ത്യൻ പള്ളി നിലനിന്നരുന്നുവെന്നും അത് ചെമ്പിലേക്ക് മാറ്റിയെന്നും പറയപ്പെടുന്നുണ്ട്. പഞ്ചായത്തിലെ 3 മുസ്ലിം ടോളിലേതിന് ഏതാണ്ട് 300-400 വർഷത്തെ പഴക്കമുണ്ട്. ഈ പള്ളിയോടനുബന്ധിച്ച് അന്ന് ഒരു സാംസ്ക്കാരിക സമിതി ഉണ്ടായിരുന്നു. മുസ്ലിങ്ങൾക്ക് വിദ്യാഭ്യാസം ഉണ്ടാക്കണമെന്നു 1921 ൽ കൊടുങ്ങല്ലൂരിൽ ചേർന്ന ഐക്യസംഘത്തിന്റെ പ്രചോദനം ഉൾക്കൊണ്ടാണ് ഈ സാംസ്ക്കാരിക സമിതിയുടെ നേതൃത്വത്തിൽ സ്ക്കൂൾ ഉണ്ടായത്. അന്ന് അതിന്റെ പ്രധാനപ്രവർത്തകനായിരുന്നു പ്ലാവുങ്കൽ സെയ്ദു മുഹമ്മദ് അൽ അമീൻ പത്രത്തിന്റെ പത്രാധിപരായും കോൺഗ്രസിന്റെ സെക്രട്ടറിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

വിവിധജാതികൾ ചേർന്നുകിടക്കുന്ന ഒരു സമ്മിശ്ര ഭൂവിഭാഗമാണ് നമ്മുടേത്. വൈക്കം സത്യാഗ്രഹം ജനങ്ങൾ ഇന്ന നല്ല സ്മരണയോടെത്തന്നെ ഓർക്കുന്നുണ്ട്. 1940 കാലഘട്ടത്തിൽ സ്റ്റേറ്റ്കോൺഗ്രസിന്റെയും പിന്നീട് കമ്മ്യൂണിസ്റ്റ് പാർട്ടിയുടേയും പ്രവർത്തനങ്ങൾക്കായി മുൻഗണന. ജാതിസംഘടനകൾക്ക് നമ്മുടെ പഞ്ചായത്തിൽ പ്രാമുഖ്യം വരുന്നത് ഇതിനുശേഷമാണ്. കോൺഗ്രസ്, സി.പി.എം, സി.പി.ഐ, എന്നിയുടെ പ്രവർത്തനങ്ങളാണ് കൂടുതൽ നടക്കുന്നത്. ഇവയുടെ നേതൃത്വത്തിലുള്ള യുവജനസംഘടനകളും, വനിതാസംഘടനകളും, തൊഴിലാളിസംഘടനകളും പഞ്ചായത്തിന്റെ വിവിധപ്രവർത്തനങ്ങളുമായി ബന്ധപ്പെടുന്നുണ്ട്. കൂടാതെ മുസ്ലീംലീഗ്. ബി.ജെ.പി, ജനജാദൾ എന്നവയുടെ ചെറിയ പ്രവർത്തനങ്ങളും ഉണ്ട്. സന്നദ്ധസംഘടനയായ ശാസ്ത്രസാഹിത്യപരിഷത്തിന്റെ സാന്നദ്ധ്യം ഈ പഞ്ചായത്തിലുണ്ട്. ഉപഭോക്തൃസംരക്ഷണസമിതി, ഗ്രാമീണ സ്ത്രീ ഉന്നമന ക്ഷേമസമാജം എന്നിവയുടെയും പ്രവർത്തനം നമ്മുടെ പഞ്ചായത്തിലുണ്ട്. SNDP യുടെ പ്രവർത്തനങ്ങൾ ഈ നാട്ടിൽ വളരെമുമ്പ് തന്നെ ആരംഭിച്ചിരുന്നു. ഈ നൂറ്റാണ്ടിന്റെ ആദ്യകാലത്ത് വാഴക്കാട് എൽ.പി.സ്ക്കൂൾ നടത്തിക്കൊണ്ടുപോയിരുന്നത് അവിടുത്തെ SNDP ശാഖയായിരുന്നു. ഇതിന്റെ വനിതാ യുവജനവിഭാഗങ്ങളും നിലവിലുണ്ട്. NSS, K.P.M.S, പത്മാശാലയെസ,

ഭട്ടാര്യസമാജം തുടങ്ങി ഓരോ ജാതിയുടേയും പേരിലുള്ള സംഘടനകൾ നിലനിന്നു പോരുന്നു. ഇവ കൂടാതെ സ്വതന്ത്രമായി പ്രവർത്തിക്കുന്ന ചില മഹിളാസമാജങ്ങളും പഞ്ചായത്തിൽ വിവിധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

നാമിന്നു എത്തിനിൽക്കുന്ന ദിശയിൽ നിന്നുകൊണ്ട് പിന്നിലേക്ക് നോക്കിയാൽ നമ്മുടെ പഞ്ചായത്തിന്റെ നാംസ്ക്കാരിക രംഗത്തെ ഊർജസ്വലമാക്കാൻ സാധിച്ച പ്രവർത്തനങ്ങളിൽ എന്തുകൊണ്ടും മുന്നിലുള്ളതാണ് വിദ്യാഭ്യാസത്തിന്റേറത്. വിദ്യകൊണ്ട് പ്രബുദ്ധരാകാൻ പറഞ്ഞ ഗുരുദേവന്റെ വചനം സാർഥമാക്കാനുള്ള പ്രവർത്തനങ്ങൾ ആദ്യകാലത്തുതന്നെ ധാരാളം നടന്നു. ഇന്ന് പഞ്ചായത്തിൽ പ്രവർത്തനം നടത്തുന്ന ഏഴു സ്ക്കൂളുകൾക്കും ഒട്ടേറെ പാരമ്പര്യം അവകാശപ്പെടാവുന്നവയാണ്.

വിദ്യാലയങ്ങൾക്കു ശേഷം കൂടുതൽ പ്രാധാന്യം കൊടുത്ത ഒരു മേഘലയായിരുന്ന വായനശാലയ്ക്കുള്ളത്. നമ്മുടെ പഞ്ചായത്തിൽ 1950 നോടുകൂടി ഏതാനും നിശാപാഠശാലകൾ വായനാശാലയോടനുബന്ധിച്ചു നടന്നിരുന്നു.

പഞ്ചായത്തിൽ നിലവിൽ 3 വായനശാലയാണ് പ്രവർത്തിനത്തിലുള്ളത്. 3 എണ്ണം പ്രവൾത്തനം ഇല്ലാത്തവയാണ്. പഞ്ചായത്ത് നിലവിൽ വരുന്നതിനു മുമ്പുതന്നെ ഇവിടെ മൂന്നു വായനശാലകൾ ഉണ്ടായിരുന്നു. പഞ്ചായത്തുലൈബ്രറിയുടെപ്രവർത്തനം ഇടക്കാലം കൊണ്ട് നിന്നിരുക്കുകയാണ്. ഉടനെ തന്നെ പ്രവർത്തിക്കാനുള്ള നടപടികൾ പഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ നടന്നു വ

പട്ടിക 8-1 ഗ്രന്ഥലയങ്ങളുടെ വിവരം

പേര്	രജിസ്ട്രേഷൻ	വാർഡ്	സ്ഥാപിച്ച വർഷം	ഗ്രേഡ്	പുസ്തകങ്ങൾ	പ്രതിമാസ വിതരണം	അനുകാലികങ്ങൾ	T.V
1. വിജ്ഞാനപ്രദായിനി								
കടുക്കര	ഉണ്ട്	VI	1950	B	6842	630	1	ഉണ്ട്
2. സന്മാർഗപ്രദായനി								
ഇടവട്ടം	ഉണ്ട്	IV	1958	B	4797	960	2	ഉണ്ട്
3. കുലശേഖരമംഗലം								
പബ്ലിക്ക് ലൈബ്രറി								
റീഡിംഗ് റൂം	ഇല്ല	VII	1992	B	785	410	4	ഇല്ല
4. പഞ്ചായത്തു								
ലൈബ്രറി	ഇല്ല	I	1962	പ്രവർത്തനം ഇല്ല				
5. ചുങ്കം ഗ്രാമീണ								
വായനശാല	ഇല്ല	III	1990	പ്രവർത്തനം ഇല്ല				
6 വികാസ് ലൈബ്രറി								
പാലാംകടവ്	ഇല്ല	II	1992	പ്രവർത്തനം ഇല്ല				

രുന്നുണ്ട്. പാലാംകടവ് കേന്ദ്രമാക്കിയുള്ള വികാസ് ലൈബ്രറിയും ചുങ്കം കേന്ദ്രമാക്കിയുള്ള ഗ്രാമീണവായനശാലയും പ്രവർത്തനമില്ലാതെ കിടക്കുന്നവയാണ്. നിലവിലുള്ള വായനശാലകളിൽ രണ്ടെണ്ണം അഫിലിയേഷനുള്ളതാണ്.

പഞ്ചായത്തിലെ ആദ്യത്തെ വായനശാല എന്നവകാശപ്പെടാവുന്നത് കടുക്കയിലെ വിജ്ഞാനപ്രദായിനിക്കാണ്. 1949 ൽ കുഞ്ഞുപണിക്കന്റെ ചായക്കടയിലാണ് പ്രവർത്തനം ആരംഭിച്ചത്. കാഞ്ഞിരത്തുംകുഴിയിൽ ആർ. ശ്രീധരന്റെ നേതൃത്വം ഇവിടെ സ്മരണീയമാണ്. കുളച്ചേരിൽ നാരായണൻ വൈദ്യൻ, പാലക്കത്തറ പത്മനാഭൻ, തുരുത്തേൽ ദിവാകരപണിക്കർ, കൊറ്റങ്കേരിൽ ചെല്ലപ്പൻ, മരങ്ങാട്ടുത്തറ പ്രഭാകരൻ, പണിക്കംകുറ്റ് വേലായുധൻ, പാലക്കത്തറ പി.കെ. കുമാരൻ, മാനംമൂട്ടിൽ സദാനന്ദപണിക്കർ എന്നിവർ ആ പ്രവർത്തനത്തിൽ പങ്കാളികളായിരുന്നു. ഇടവട്ടത്തെ സന്മാർഗ പ്രദായനി വായനശാല 1958 ലാണ് അഫിലിയേറ്റ് ചെയ്തതെങ്കിലും അതിന്റെ പ്രവർത്തനം നേരത്തേതന്നെയുണ്ടായിരുന്നു. മുണ്ടക്കൽ ശിവശങ്കരപണിക്കർ, മണ്ണാത്തറയിൽ എം.എൻ. ഗോപാലപണിക്കർ, എം.ആർ. കുമാരപണിക്കർ, വരയിൽ കൃഷ്ണൻ നായർ എന്നിവരുടെ നേതൃത്വത്തിലാണ് ഇടവട്ടത്തെ വായനശാല രൂപംകൊണ്ടത്. കടുക്കരവായനശാലയുടെ ബ്രാഞ്ചുകൾ തട്ടാന്റെ തറയിൽ സതീദേവിയുടെ ചുമതലയിലും ടോളിൽ രാഘവുണ്ണിപ്പിള്ളയുടെ കെട്ടടത്തിൽ ടി.വി. തോമസിന്റെ ചുമതലയിലും പ്രവർത്തിച്ചിരുന്നു. അക്കാലത്ത് ഈ വായനശാലയോടനുബന്ധിച്ച് വയോജനവിദ്യാഭ്യാസം, കലാസമിതി, ഡാൻസ് ക്ലാസ്, പുസ്തകവായന ക്ലാസ് എന്നവയും നടന്നിരുന്നു.

കുലശേഖരമംഗലത്തുള്ള വായനശാല യ്ക്ക് അഫിലിയേഷൻ ഇല്ലെങ്കിലും നന്നായിട്ട് പ്രവർത്തിക്കുന്ന ഒന്നാണ്. ഈ വായനശാല SNDP യുടെ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇടവട്ടത്തും കടുക്കരയിലും ഉള്ള വായനശാലയ്ക്ക് സ്വന്തമായി കെട്ടടമുണ്ട് ഇതേ കാലഘട്ടത്തിൽത്തന്നെ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ വായനശാലയുണ്ടാക്കാനുള്ള സംരംഭങ്ങൾ നടക്കുകയും രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കുളങ്ങര കേന്ദ്രമാക്കിയുണ്ടായിരുന്ന ലിംവിംഗ് ബുക്ക് ക്ലബ്, ഈ വിധത്തിൽ സ്മരിക്കേണ്ടതാണ്.

ജനങ്ങളിൽ സാംസ്ക്കാരികമായ ഉണർവുണ്ടാക്കുന്നതിന് സാമൂഹിക സാംസ്ക്കാരിക സാഹിത്യ പ്രസ്ഥാനങ്ങൾക്ക് നിർവഹിക്കാൻ കഴിയുന്ന പങ്ക് വളരെവലുതാണ്. മറവന്തുരുത്ത് പഞ്ചായത്തിന്റെ സാംസ്ക്കാരിക ചരിത്രത്തിന് നിറം പകരുന്ന പ്രവർത്തനങ്ങൾ സംഭാവന ചെയ്യാൻ തക്കശേഷിയോടെ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ കലാസമിതികൾ ഉയർന്നു വന്നു. നാടകം, ഡാൻസ്, കലാകായിക പ്രവർത്തനങ്ങൾ എന്നിവയ്ക്കുപ്രോത്സാഹനം നൽകാനായിരുന്നു ഈ സമിതികൾ നിലവിൽ വന്നത്. ഏറെക്കുറെ ഈ പ്രഖ്യാപിതലക്ഷങ്ങൾ നേടിയെങ്കിലും ഇന്നത്തെകലാസമിതികൾ ആലക്ഷ്യത്തിൽ എത്തുന്ന പ്രവർത്തനമല്ല ചെയ്യുന്നത്. വാർഷികസമയത്ത് ഉയർന്നുവരികയും അതിനുശേഷം പിരിഞ്ഞുപോവുകയും ചെയ്യുന്ന ഈ സ്വഭാവം പാടെ മാറ്റേണ്ടതാണ്. മാത്രമല്ല പഞ്ചായത്തിലെ വിവിധ സമിതികളെ ഏകോപിപ്പിച്ച് പഞ്ചയത്തുസമിതി ഉണ്ടാക്കുകയും അതിന്റെ നേതൃത്വത്തിൽ പഞ്ചായത്തിലെ വിവിധമേളകൾ നടത്തുകയും വേണം.

കുലശേഖരമംഗലം മാറ്റപ്പുറമ്പ് ഭാഗത്തുണ്ടായിരുന്ന NIM സാംസ്ക്കാരിക സമിതി ഈ നൂറ്റാണ്ടിന്റെ ആദ്യകാലം മുതൽ തന്നെ പ്രവർത്തനം തുടങ്ങിയിരുന്നു. 1956 ൽ

ഇടവട്ടം കേന്ദ്രമായി ജ്യോതി ആർട്ട്സ് ക്ലബ് പ്രവർത്തനം തുടങ്ങിയിരുന്നു. കൂടാതെ കടുക്കര കേന്ദ്രമാക്കിയുണ്ടായിരുന്ന ദീപ്തി തീയറ്റേഴ്സ് നാടക ഡാൻസ് രംഗങ്ങളിൽ ശോഭിച്ചുനിന്നിരുന്നു.

ഇന്നു പഞ്ചായത്തിൽ രജിസ്ട്രേഷനില്ലാത്ത അനേകം സമിതികൾ ഉണ്ട്. പാലാംകടവിലുള്ള അജന്ത കലാവേദി 1977 ൽ ആരംഭിച്ചതും സ്വന്തമായി കെട്ടടമുള്ളതും സംഗീതനാടക അക്കാദമിയുടെ അഫിലിയേഷനുള്ളതുമാണ്. മറവൻതുരുത്തിലുള്ള രാഗം 1980 ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം നടത്തുന്നു. ഇതിന് നെന്മയുവക് കേന്ദ്രയുടെയും സംഗീതനാടകഅക്കാദമിയുടേയും രജിസ്ട്രേഷനുണ്ട്. കടുക്കരയിലുള്ള അക്ഷയ ബാലസംഘം കുട്ടികൾക്ക് നൽകുന്ന സൗജന്യ ട്യൂഷൻ, തൊഴിൽ പരിശീലനം എന്നിങ്ങനെ വിവിധ പ്രവർത്തനരംഗങ്ങളിൽ മുഴുകിയിരിക്കുന്നു. കൂടാതെ പഞ്ചായത്തിന്റെ വിവധ ഭാഗങ്ങളിൽ ചില സമിതികളുണ്ടെങ്കിലും അവയുടെ പ്രവർത്തനം ഇടയ്ക്കു നിൽക്കുകയോ, വാർഷികത്രംമാത്രം നടത്തുകയോ ചെയ്യുന്നവയാണ്.

ഇവകൂടാതെ ആഘോഷസമിതികളായി രംഗത്തുവരുന്നവയും ഉണ്ട്. ഇവയുടെ പ്രവർത്തനങ്ങളിലൊന്നിലും സ്ത്രീപങ്കാളിത്തമില്ല എന്നത് എടുത്തുപറയേണ്ടതാണ്. അക്ഷയബാലസംഘത്തിന്റെ കീഴിൽ ഒരു കൈയ്യെഴുത്തുമാസിക പ്രസിദ്ധീകരിക്കുന്നുണ്ട്. 1979 ൽ കുലശേഖരമംഗലം കേന്ദ്രമാക്കി നെഹ്രു യൂത്ത് സെന്ററിന്റെ ആഭിമുഖ്യത്തിൽ തത്വമസി എന്നൊരു കൈയ്യെഴുത്തുമാസിക നടത്തിയിരുന്നു എന്നത് ഈദൃശപ്രവയർത്തനങ്ങൾ നടന്നിരുന്നു എന്നതിന് തെളിവാണ്.

സാംസ്ക്കാരിക രംഗത്ത് വളരെയധികം ഗുണകരമായ അവസ്ഥ ഉണ്ടാക്കാൻ സഹായിക്കുവാൻ കഴിയുന്ന ഒന്നാണ് പത്രങ്ങൾ. നമ്മുടെ പഞ്ചായത്തിൽ നിലവിൽ ഉള്ള പത്രങ്ങളുടെ വിവരം താഴെ ചേർക്കുന്നു. ടെലിവിഷന്റെ കടന്നുകയറ്റം വാർത്താവിനിമയരംഗത്ത് കൂടുതൽ സ്വാധീനമുണ്ടാക്കിയതോടെ പത്രപാരായണത്തിലും പത്രംവരുത്തുന്നതിലും ആളുകൾ പിന്നോക്കം വന്നോ എന്നു കരുതേണ്ടിയിരിക്കുന്നു. അതുപോലെതന്നെ കുട്ടികളുടെ മാസികാരംഗവും കൂടുതൽ ഫലപ്രദമാക്കേണ്ടിയിരിക്കുന്നു. വായന ഉണ്ടെങ്കിലേ കുട്ടികൾ വളരൂ എന്ന ആശയം നാം വേരുറപ്പിക്കണം. യൂറീക്കാ, ശാസ്ത്രകേരളം പോലുള്ള പ്രസിദ്ധീകരണങ്ങളുടെ വിതരണം പുനരാരംഭിക്കേണ്ടിയിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ ഒരു സിനിമാശാലയാണുള്ളത്. ആദ്യകാലത്ത് കൃഷ്ണ, ശ്രീലക്ഷ്മി, ന്യൂ, കൈലാസ്, ജ്യോതി... ഇങ്ങനെ വിവിധ പേരുകളിലുണ്ടായിരുന്നസ്ഥാനത്ത് ഇന്ന് ദേവി തീയറ്റർ എന്നസ്ഥാപനമാണുള്ളത്. നമ്മുടെ കുലശേഖരമംഗലം ഹൈസ്ക്കൂളിലാണ് മലയാള സിനിമയിലെ താരമായ ഭരത് മമ്മൂട്ടി വിദ്യാഭ്യാസകാലം കഴിച്ചുകൂട്ടിയത്. സിനിമാശാലകൾ എല്ലാവിധ ജനങ്ങൾക്കും ഒരുമിച്ചുകാണാൻ സാധിക്കുന്ന സാഹചര്യം തീയറ്റർ ഉടമ ഒരുക്കേണ്ടതാണ്.

പഞ്ചായത്തിൽ പ്രധാനപ്പെട്ട നാടൻ കലകൾ എന്ന നിലയിൽ കണക്കാക്കപ്പെടുന്ന ഒരിനമില്ല. എന്നിരുന്നാലും ചവിട്ടുകളി, കൈകൊട്ടിക്കളി, ഗരുഡൻതൂക്കം, എന്നിവ എടുത്തുപറയേണ്ടതാണ്. കുടുബിസമുദായക്കാരുടെ മഞ്ഞുതുള്ളൽ ഉത്സവം പ്രത്യേകം പരാമാർശിക്കപ്പെടുന്നതാരാണ്.

ലോകത്തിലെ ഏതുസംഭവവും ഒരു മുറിക്കകത്തിരുന്നു കാണാവുന്ന തരത്തിൽ ശാസ്ത്രം വികസിച്ചപ്പോൾ അതിനെ സ്വീകരിക്കാൻ ജനങ്ങൾ മത്സരം തന്നെയാണ്. നാടിന്റെ മുക്കി

പട്ടിക 8-2 നിലവിലുള്ള കലാസാംസ്ക്കാരിക സമിതിയുടെ വിവരങ്ങൾ

	പേര്	വാർഡ്	സ്ഥാപന വർഷം	മെമ്പർ മാർ	അഫിലിയേഷൻ വിവരം	കെട്ടിടം വിവരം	പ്രവർത്തനം
1	അജന്ത കലാവേദി പാലാംകടവ്	II	1973	58	സംഗീതനാടക അക്കാദമി	ഉണ്ട്	കലാസാമൂഹ്യ സാംസ്ക്കാരിക പ്രവർത്തനം
2	രാഗം, മറവന്തുരുത്ത്	I	1980	59	" നെഹ്രുയുവജനകേന്ദ്ര	ഉണ്ട്	കലാകായിക സാമൂഹ്യ പ്രവർത്തനം
3	ജ്യോതി, ഇടവട്ടം	IV	1956	ഇടയ്ക്കു നിന്നുപോയപ്രവർത്തനം പുനരാരംഭിച്ചു.			
4	അക്ഷയഗ്രന്ഥശാല കടുക്കര	V	1991	160	ഉണ്ട്	ഇല്ല	കലാകായികപ്രവർത്തനം സൗജന്യ ട്യൂഷൻ തൊഴിൽ പരിശീലനം
5	ഉത്രാടം, മറവന്തുരുത്ത്	I	1991	65	ഉണ്ട്	ഇല്ല	കലാകായിക സാമൂഹ്യ പ്രവർത്തനം
6	ഭാവനാവേദി	VII	1991	30	ഉണ്ട്	ഇല്ല	സാംസ്ക്കാരിക പ്രവർത്തനം
7	സിംഹണി പാലാംകടവ്	II	1992	45	ഇല്ല	ഇല്ല	സാമൂഹ്യ പ്രവർത്തനം
8	റെഡ് സ്റ്റാർ ചെമ്മനാകരി	VIII	1992		ഉണ്ട്	ഇല്ല	കലാസാംസ്ക്കാരിക പ്രവർത്തനം
9	യുവസാഗര ചെമ്മനാകരി	VIII	1994	25	ഉണ്ട്	ഇല്ല	കലാകായികരംഗം
10	അനുപമ കെ. എസ്. മംഗലം	VI					വോളിബോൾ
11	എ. കെ. ജി. ആർട്ടസ് ക്ലബ് കെ. എസ്. മംഗലം	VI	1977				കലാകായികരംഗം
12	ആരാധന കെ. എസ്. മംഗലം	VI					കലാകായികരംഗം
13	തിരുവോണം ചൂള	III					കലാകായിക സാംസ്ക്കാരികരംഗം

ലും മൂലയിലും ടെലിവിഷൻ ഉയർന്നുനിൽക്കുന്നതു കാണാം. കക്കൂസിനേക്കാളും പ്രാധാന്യം നാം റ്റി.വിക്കു നൽകിയിരിക്കുന്നു. പുത്തൻ ഉപഭോഗസംസ്ക്കാരവും മറഡോക്കുമാരുടെ മായാജാലവും നാം സ്വീകരുച്ചുരകഴിഞ്ഞിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ വിനോദസഞ്ചാരത്തെപ്പറ്റി അൽപ്പമെങ്കിലും പറയേണ്ടിയിരിക്കുന്നു. ഇത്തിപ്പുഴഭാഗത്തുനിന്നും ആറ്റുവേലക്കടവ് വരെ ഭാഗത്തുള്ള ജലദൃശ്യങ്ങൾ കാണാനെത്തുന്ന സഞ്ചാരികളുടെ എണ്ണം ഓരോ

ദിനംചെല്ലുന്തോറും കൂടിവരികയാണ്. മിക്കരാജ്യങ്ങളും കാശുണ്ടാക്കാനാണ് ടൂറിസം നടത്തുന്നത്. എന്നാൽ നമ്മുടെ പഞ്ചായത്തിൽ ടൂറിസത്തെക്കുറിച്ചാലോചിക്കുമ്പോൾ നമ്മുടെ തനതായ സംസ്ക്കാരത്തെ നിലനിർത്തിക്കോണ്ടുള്ള ആഭ്യന്തരടൂറിസമാക്കണം. നമ്മുടെ ആറ്റുവേലയുടെ തനിമ നിലനിർത്തി, ടൂറിസ്റ്റ് കേന്ദ്രമാക്കി ഉയർത്താനുള്ള ഒരു ശ്രമംനല്ലതാണ്. ഇത്തിപ്പുഴ മുഴിക്കൽ ജലയാത്ര നല്ലരീതിയിൽ നടത്തുന്നതിന് സഹായകമാക്കുന്ന നീക്കം പഞ്ചായത്തിൽനിന്ന് ഉണ്ടാകേണ്ടതാണ്.

കായികരംഗം

സമ്പുഷ്ടമായ ഒരു കായികസംസ്ക്കാരത്തിന്റെ വികാസം ഏതോരു രാജ്യത്തിന്റെയും സാംസ്കാരികവളർച്ചയുടെ ഒരവിഭാജ്യഘടകമാണ്. അതിനാൽ കായികകേരളത്തിന്റെ വികാസപ്രശ്നങ്ങൾ ആസൂത്രണവിദഗ്ധരുടെ അടിയന്തിരസ്രദ്ധയിൽ കൊണ്ടുവരേണ്ടതും നമ്മുടെ സമൂഹത്തിൽ മേന്മയേറിയ ഒരു കായികവികസനനയത്തിന് ജന്മം നൽകേണ്ടതും അത്യാവശ്യമായിത്തീർന്നിരിക്കുന്നു. മത്സരത്തിലൂടെ വിദ്വേഷം

പട്ടിക 8-2 അനുകാലികങ്ങളുടെ കണക്കു വിവരം

ക്ര.ന	പത്രങ്ങൾ	എണ്ണം	വാരികകൾ, മാസികകൾ	എണ്ണം
1	മലയാള മനോരമ	381	മനോരമ	450
2	മാതൃഭൂമി	94	മംഗളം	400
3	ദേശാഭിമാനി	90	മാതൃഭൂമി	32
4	കേരള കൗമുദി	78	കലാകൗമുദി	28
5	മംഗളം	48	കേരളശബ്ധം	18
6	മാധ്യമം	1	കർഷകൻ	12
7	ഇന്ത്യൻ എക്സ്പ്രസ്	29	വനിത	43
8	ഹിന്ദു	4	ഭാഷാപോഷിണി	5
9	ദീപിക	24	സ്ത്രീ	20
10	രാഷ്ട്രദീപിക	21	ഗൃഹലക്ഷ്മി	18
			ബാലരമ	40
			ബാലമംഗളം	60
			ഉണ്ണിക്കുട്ടൻ	45
			കളിക്കുടുക്ക	32
			മുത്തശ്ശി	18
			കുട്ടികളുടെ ദീപിക	15
	ആകെ	770		1281

വളർത്താനല്ല സംഘപ്രവർത്തനത്തിലൂടെ ആത്മ ബന്ധം വളർത്താനായിരിക്കണം കായികപ്ര വർത്തനത്തിലൂടെ ചെയ്യേണ്ടത്.

നമ്മുടെ ഔപചാരിക വിദ്യാഭ്യാസവും കായിക രംഗവും കൂട്ടിയിണക്കുന്നതിന് ഇതുവ രെയും സാധിച്ചിട്ടില്ല. നമ്മുടെ വിദ്യാഭ്യസാ പ്രക്യയ രൂപകൊടുത്തിരിക്കുച ചട്ടക്കൂടിനകത്ത് കായിക പ്രവർത്തനത്തിന് ഒരു സ്ഥാനവും നൽകിയിട്ടില്ല.

നമ്മുടെ പഞ്ചായത്തിൽ ഒരു കായിക സംസ്ക്കാരം വളർന്നുവരാത്തതിലുള്ള ഉത്തര വാദിത്വം കുറെയൊക്കെ ഇവിടെയുള്ള ബഹു ജന മാധ്യമങ്ങൾക്കുണ്ട്. കായികപ്രവർത്തനങ്ങ ളെ വെറും കച്ചവടച്ചരക്കാക്കാനുള്ള മാധ്യമങ്ങ ളുടെ വീക്ഷണം മാറ്റേണ്ടിയിരിക്കുന്നു. നമ്മുടെ ഗ്രാമങ്ങളിൽ കഴിഞ്ഞ കാലങ്ങളിൽ ധാരാളം ജനങ്ങൾ പങ്കെടുത്തിരുന്ന പല നാടൻ കളിക ളും ഇന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. മുമ്പൊക്കെ നാടൻ പന്തുകളി, കിളിത്തട്ടുകളി, കുടുകുടുക്കളി തുടങ്ങിയവയിൽ പങ്കാളിയായി രുന്നവർ ഇന്ന് മറ്റുള്ളവരുടെ കായികവിനോദം കാണുകയും ടെലിവിഷനിലൂടെ ഭാരതത്തിന്റെ കായികമത്സരങ്ങൾ വീക്ഷിക്കുകയുമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. പണ്ടുകാലത്തുണ്ടാ യിരുന്ന ജിംഖാനകൾ നമ്മിടെ പഞ്ചായത്തിൽ നിന്ന് അപ്രത്യക്ഷമായികഴിഞ്ഞിരിക്കുന്നു.

പഞ്ചായത്തിനു പൊതുവായി ഒരു കളി സ്ഥലമില്ല. പഞ്ചായത്താഫീസിനോട് ചേർന്നു കിടക്കുന്ന സ്ഥലം കളിസ്ഥലമായി ഉപയൊഗി ക്കുന്നുണ്ടെങ്കിലും സ്വകാര്യവ്യക്തികൾ എതിർത്താൽ ആ കളിസ്ഥലവും നഷ്ടമാകും. ബന്ധപ്പെട്ടസ്ഥലം പഞ്ചായത്തിന്റെ കീഴിലാക്കി ഒരു നല്ല കളിസ്ഥലമാക്കി മാറ്റാൻ ഉത്സാഹം കാണിക്കണം. അതുപോലെ നിലവിൽ കളി സ്ഥലമുള്ള വിദ്യാലയങ്ങൾ കായികപ്രവർത്ത നത്തിനുവേണ്ടി കൊടുക്കുക എന്ന തത്വം പാലി ക്കുന്നത് നല്ലതാണ്.

പ്രശ്നങ്ങൾ

1. 5-8-9-10 വാർഡുകളിൽ വായനശാല ഇല്ല. 1-2-3 വാർഡുകളിലെ വായനശാ ലകൾ നിർജീവങ്ങളാണ്.
2. 7- ാം വാർഡിലെ വായനശാല വാടക ക്കെട്ടടത്തിലാണ് പ്രവർത്തിക്കുന്നത്.
3. സാംസ്ക്കാരികകേന്ദ്രമാക്കിമാറ്റിയ വായ നശാലകളിൽ മുഖ്യമായും റ്റി.വി യെ ആശ്രയിക്കുന്നു.
4. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലെ പൊതുനിരത്തുകളിൽ പണം വച്ചുള്ള ചീട്ടുകളി കൂടുതലാണ്.
5. പഞ്ചായത്തുമേളകളുടെ നടത്തിപ്പും പങ്കാളിത്തവും കുറ്റമറ്റതാക്കണം.
6. സ്ത്രീകൾക്കു പ്രത്യേകം വായനശാലയി ല്ല.
7. പ്രവർത്തിക്കുന്ന ക്ലബുകക്കു പഞ്ചായ ത്ത് ഗ്രാൻറ് നൽകുന്നില്ല.
8. പഞ്ചായത്തിനു പൊതു കളിസ്ഥലമില്ല.
9. നവസാക്ഷരർക്ക് ജനവിദ്യാകേന്ദ്രങ്ങളി ല്ല.

പരിഹാരങ്ങളും നിർദ്ദേശങ്ങളും


1. 5-8-9-10 എന്നീ വാർഡുകളിൽ ജന കീയസംരംഭത്തോടെ വായനശാലകൾ സന്നദ്ധസംഘടനളുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുക 7 -ാ0 വാർഡിലുള്ള വായനശാലക്ക് പൊതുസ്ഥലം ക ണ്ടെത്തുക.
2. പഞ്ചായത്തിലെ വിവിധവായനശാലകൾ വിവരഗ്രഹണകേന്ദ്രമാക്കുക.
3. എല്ലാവായനശാലയേയും കൂട്ടിയിണക്കി പഞ്ചായത്തുസമിതി ഉണ്ടാക്കുക.
4. പഞ്ചായത്തു കലാകായികസമിതി രൂപീകരിക്കുക.

5. പഞ്ചായത്തിന്റെ പുറമ്പോക്കു സ്ഥലങ്ങൾ കമ്യൂണിറ്റിഹാൾ പണിയുകയും അതിനോടുചേർന്ന് വായനശാല ഉണ്ടാക്കുകയും ചെയ്യുക.
6. പഞ്ചായത്തിൽ ഒരു ഡൊക്കുമെന്റേഷൻ സെന്റർ ആരംഭിക്കുക.
7. ഇത്തിപ്പുഴയിൽ നിന്നും യാത്രയ്ക്കെത്തുന്ന വിദേശികൾക്ക് സൗകര്യപ്രദമായി ഒരു വിശ്രമ കേന്ദ്രം മുഴിക്കൽ ഭാഗത്ത് ഒരുക്കുക.
8. പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ ക്ലബിനും വായനശാലയ്ക്കും പഞ്ചായത്തു ഗ്രാന്റ് നൽകുക.
9. പഞ്ചായത്തുമേളകൾ പഞ്ചായത്തുകലാസമിതിയുടെ മേൽനോട്ടത്തിൽ നടത്തുക.
10. സാക്ഷരതാ പ്രവർത്തനങ്ങൾ സജീവമാക്കുക.
11. കുട്ടികൾക്കുവേണ്ടിയുള്ള കലാസാഹിത്യ പരിശീലനകളരികൾ ആരംഭിക്കുക.
12. മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരിപദാർത്ഥങ്ങൾക്കെതിരെയുള്ള ബോധവൽക്കരണം നടത്തുക.
13. നാടൻ കലാരൂപങ്ങളേയും കലാകാരന്മാരേയും പ്രോത്സാഹിപ്പിക്കുക.
14. ആറ്റുവേലക്കടവ് ടൂറിസ്റ്റ് കേന്ദ്രമാക്കണം.
15. നാടൻ കലാകാരന്മാർക്ക് പെൻഷൻ അനുവദിക്കുക.
16. പഞ്ചായത്തിനു സ്വന്തമായി ഒരു കളിസ്ഥലം ഉണ്ടാക്കുക.
17. അശ്ലീലസിനിമകൾക്കെതിരെ പഞ്ചായത്തുസമിതി നടപടിയെടുക്കണം.
18. അശ്ലീല സിനിമാ പോസ്റ്ററികൾക്കെതിര പഞ്ചായത്തു സമിതി നടപടിയെടുക്കണം.
19. വില്ലേജ് ഓഫീസിനു സമീപത്ത് തറകെട്ടിയിട്ടിരിക്കുന്ന സ്ഥലത്ത് പഞ്ചായത്തിനു വേണ്ടി ഡോക്കുമെന്റേഷൻ സെന്റർ സ്ഥാപിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുക.

" എനിക്കു ബഹുദൂരം മുന്നോട്ടു കാണാൻ
സാധിച്ചത് എന്റെ മുൻഗാമിയുടെ തോളിൽ
കയറിയിരുന്നതുകൊണ്ടാണ്....."

____ആൽബർട്ട് ഐൻസ്റ്റൈൻ

9. വനിത



വനിതാ വിമോചന പ്രസ്ഥാനങ്ങൾ ലോകത്താകെ പ്രവർത്തിക്കുമ്പോഴും യഥാർത്ഥ സ്ത്രീ സമത്വം ഒരു മരീചികയാവുന്നു. 1995-ൽ ലണ്ടനിൽ ലോകവനിതാ സമ്മേളനം നടന്നു. ആ സമ്മേളനത്തിലെ മുഖ്യചർച്ചാവിഷയം സ്ത്രീസമത്വം തന്നെയായിരുന്നു. ഈ സംഭവം പ്രകടമാക്കുന്ന ഒരു വസ്തുത സ്ത്രീ സമത്വം ഇന്നും ഒരാശയം മാത്രമായി നിലകൊള്ളുന്നു എന്നും അതു യാഥാർത്ഥ്യമാവാൻ ഇനിയും അടിസ്ഥാനപരമായ പ്രവർത്തനങ്ങൾ വേണ്ടിവരുന്നു എന്നതുമാണ്. വനിതകൾ സാർവ്വദേശീയ തലത്തിൽത്തന്നെ ഇന്നു രണ്ടാംകിട പൗരത്വത്തിൽ ഒതുങ്ങുന്നു, ഇന്നും ഒരു പരിഹരിക്കപ്പെടാത്ത പ്രശ്നമായി തുടരുന്നു.

ഇന്ത്യയിലെ സ്ഥിതിയും വ്യത്യസ്തമല്ല. ഇന്ത്യൻ പാർലമെൻറിൽത്തന്നെ വനിതകളുടെ പ്രാതിനിധ്യം 8 ശതമാനത്തിൽ കൂടുതൽ ഇതുവരെയുണ്ടായിട്ടില്ല. സ്വാതന്ത്ര്യസമരകാലത്തും, അതിനുമുമ്പും സ്ത്രീകൾ സാമൂഹ്യരംഗത്ത് ശക്തമായി ഉണ്ടായിരുന്നു. എങ്കിലും സ്വാതന്ത്ര്യത്തിനു ശേഷം പുരുഷമേധാവിത്വത്തിൻെറ കൈപ്പിടിയിലൊതുങ്ങി എല്ലാം. ഇന്നിപ്പോൾ സതി എന്ന ദുരാചാരത്തിനെതിരെ കോടതിയിൽ ഫയൽ ചെയ്തിരുന്ന കേസ് പോലും തള്ളിപ്പോയി എന്നത് ഇന്ത്യൻ സ്ത്രീയുടെ ജീവിക്കാനുള്ള അവകാശം ഇന്ത്യൻ ഭരണഘടന ഏതൊരു പൗരനും ഉറപ്പുതരുന്നത് - നിഷേധിക്കുന്നതിനു തുല്യമാണ്.

നമ്മുടെ സംസ്ഥാനത്തിലും സ്ത്രീയുടെ ദുരിതങ്ങളുടെ വലിയൊരു പട്ടിക തന്നെ നിരത്താനുണ്ടാവും. പുരോഗമന പ്രസ്ഥാനങ്ങൾക്ക് ഏറെ സ്വാധീനമുള്ള കേരളത്തിലും വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിലൊഴികെ സ്ത്രീയുടെ പൊതുസാമൂഹ്യ പദ്ധതി അധമമായി തുടരുന്നു. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഏറ്റവും കൂടുതലുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം. നമ്മുടെ നിയമസഭയിലെ 141 സീറ്റുകളിൽ 10-ൽ കൂടുതൽ വനിതാ അംഗങ്ങൾ ഒരു കാലത്തും ഉണ്ടായിട്ടില്ല. കേരളത്തിലെ സ്ത്രീകളുടെ ജീവിതം മെച്ചപ്പെട്ടതാണെന്ന് ബോധപൂർവ്വമായ പ്രചാരണം ഉണ്ട്. എന്നാൽ ദുരിതങ്ങളുടെ ഒരു നീണ്ട പട്ടികതന്നെയുണ്ട്. കാണാപ്പണിയുടെ ആധിക്യം അവഗണിക്കപ്പെടുന്നതുകൊണ്ട് പുറമെ നിന്നു നോക്കുമ്പോൾ മെച്ചപ്പെട്ടതായി തോന്നുന്നു.

തൊഴിൽ മേഖലയിലെ സ്ത്രീ പങ്കാളിത്തം അഖിലേന്ത്യാടിസ്ഥാനത്തിൽ 22.73 ശതമാനവും, കേരളത്തിൽ 15.85 ശതമാന

വും ആണ് എന്നത് ഒരു വിരോധാഭാസമാണ്. നമ്മുടെ പഞ്ചായത്തിൽ അത് 1.2 ശതമാനം ആണ്. അതുപോലെതന്നെ സ്ത്രീയുടെ സാക്ഷരതാ നിരക്ക് അഖിലേന്ത്യാടിസ്ഥാനത്തിൽ 39.29 ശതമാനവും, കേരളത്തിൽ 75.25 ശതമാനവുമാണ്. നമ്മുടെ പഞ്ചായത്തുതലത്തിലാകട്ടെ 89 ശതമാനവും ആണ്.

നമ്മൾ ഇത്രയും കാലം തുടർന്നുപോന്ന വികസന പ്രക്രിയയുടെ ഏറ്റവും വലിയ ദൗർബല്യം സ്ത്രീകളോടുള്ള അവഗണനയാണ്. 9-ാം പദ്ധതിയുടെ ആസൂത്രകർ ഈ പോരായ്മ തിരുത്തുന്നതിനുവേണ്ടി സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലെയും വനിതാ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് പാലക്കാടു ജില്ലയിലെ മുണ്ടൂർ ഐ. ആർ. ടി. സി. യിൽ മൂന്നു ദിവസത്തെ ഒരു വനിതാ ക്യാമ്പ് സംഘടിപ്പിച്ചിരുന്നു. കേരളത്തിന്റെ വികസനത്തിന്റെ വിവിധ രംഗങ്ങളിലെ പ്രവർത്തനങ്ങളെ സ്ത്രീ പക്ഷത്തുനിന്ന് നോക്കിക്കാണാനും, വിമർശന പൂർവ്വം വിലയിരുത്താനും കഴിഞ്ഞ, പ്രസ്തുത ക്യാമ്പിലെ വനിതകൾ, ആസൂത്രണ പ്രക്രിയയിൽ വനിതകളുടെ പങ്കാളിത്തം 50 ശതമാനം ആക്കുന്നതിനും സാമൂഹ്യരംഗത്ത് സ്ത്രീയുടെ അദൃശ്യതയെക്കുറിച്ചും, രണ്ടാംകിട പൗരത്വത്തെക്കുറിച്ചും തുറന്ന ചർച്ച നടത്തി.

ഭരണരംഗത്തും, മറ്റെല്ലാ തരത്തിലും വനിതകളോടുള്ള അവഗണന, അവളിലെ നൈസർഗികമായ വ്യക്തിഗുണങ്ങളേയും, വാസനകളേയും സുഷുപ്തിയിലാക്കുന്നു. ഉദാഹരണത്തിന് കോട്ടയം ജില്ലയിലെ ജനകീയാസൂത്രണത്തിന്റെ ഒന്നാം ഘട്ട പരിശീലനം ജില്ലാതലത്തിൽ നടത്തിയപ്പോൾ ആകെ പരിശീലകരായ 150 പേരിൽ 10 പേർ മാത്രമേ വനിതകളായി ഉണ്ടായിരുന്നുള്ളൂ. പരിശീലകരിൽ 1/3 പേർ വനിതകളായിരിക്കണം എന്ന നിർദ്ദേശം ഉണ്ടായിട്ടുകൂടി ഈ സാഹചര്യം ഉണ്ടായത് ചിന്തനീയമാണ്.

മറവന്തുരുത്തു പഞ്ചായത്തിലെ ആകെ ജനസംഖ്യ 20,532 ആണ്. ഇതിൽ 10,449 സ്ത്രീകളും, 10,083 പുരുഷന്മാരുമാണ്. ആകെ ജനസംഖ്യയുടെ 50 ശതമാനത്തിനുമേൽ സ്ത്രീകളാണ്.

ജനസംഖ്യയും സാക്ഷരതയും

പട്ടിക 9 – I

	മറവന്തുരുത്ത്	വൈക്കം	കോട്ടയം	കേരളം
ജനസംഖ്യ	20,532	1,17,754	18,28,271	2,90,98,518
സ്ത്രീ	10,449	59,326	9,15,411	1,48,09,523
പുരുഷൻ	10,083	58,421	9,12,860	1,42,88,995
,, സ്ത്രീ	89%	81.39%	94%	86.17%
സാക്ഷരത: പുരുഷൻ	97%	86.56%	97.46%	93.62%
	1000/1044	1000/1010	1000/1003	1000/1036

അവലംബം – 1991 –ലെ സെൻസസ് റിപ്പോർട്ട്

എങ്കിലും സ്ത്രീകളുടെ പങ്കാളിത്തം എല്ലാ രംഗങ്ങളിലും ഏറെ മോശമാണ്. കഴിഞ്ഞ കാലം വിലയിരുത്തുമ്പോൾ ഈ പഞ്ചായത്തിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്താൽ ഇവിടെ കാർഷിക മേഖലയിലും, കയർ വ്യവസായ മേഖലയിലും ധാരാളം സ്ത്രീ തൊഴിലാളികൾ പണിയെടുത്തിരുന്നു. വിദ്യാഭ്യാസരംഗത്ത് 50 വർഷം മുമ്പുള്ള ചരിത്രം പരിശോധിച്ചാൽ സ്ത്രീകൾക്ക് പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള സൗകര്യം പോലുമുണ്ടായിരുന്നില്ല. നിലത്തെഴുത്ത് ആശാന്മാരുടെ കുടിപ്പള്ളിക്കൂടങ്ങളിൽ ഒതുങ്ങിനിന്നു മിക്കവരുടെയും വിദ്യാഭ്യാസം. പലർക്കും അതുപോലും ലഭിച്ചിരുന്നില്ല. ആരോഗ്യസംരക്ഷണത്തിനുള്ള യാതൊരു ഉപാധികളും അന്നുണ്ടായിരുന്നില്ല. സാമൂഹ്യ രംഗത്ത് സ്ത്രീ ഏറെ പിന്നിലായിരുന്നു. 1948-ൽ എം. കെ. ദേവകിയമ്മ ഗ്രാമോദ്ധാരണക്കമ്മറ്റിയിൽ അംഗമായിരുന്നു. ചിറ്റ എന്നറിയപ്പെട്ടിരുന്ന പത്മാവതിയമ്മ ശ്രദ്ധേയയായ ഒരു സാമൂഹ്യ പ്രവർത്തക ആയിരുന്നു. 1964-ൽ അവർ പഞ്ചായത്തുമെമ്പർ ആയി നോമിനേറ്റു ചെയ്യപ്പെട്ടു.

എന്നാൽ ഗ്രാമീണ വനിതകളുടെ ഭാഗത്തുനിന്ന് പൊതുപരിപാടികളിൽ യാതൊരു പങ്കാളിത്തവും ഉണ്ടായിരുന്നില്ല. അറിവില്ലായ്മയും അന്ധവിശ്വാസങ്ങൾക്കു വിധേയരാവുന്നതിനു കാരണമായി. ദുരാചാരങ്ങളായ കെട്ടുകല്യാണം, വിധവാ ബഹിഷ്ക്കരണം തുടങ്ങിയ എല്ലാത്തിനും വിധേയരായി അടുക്കളയിലെ ഒരുപകരണം മാത്രമായിത്തീർന്നു വീട്ടമ്മ. കർഷകത്തൊഴിലാളി സ്ത്രീകളാണെങ്കിൽ, കാർഷിക മേഖലയിലെ അദ്ധ്വാനത്തിന്റെ വലിയൊരു ഭാഗം പണ്ടു നിർവഹിച്ചിരുന്നു എങ്കിലും, അവർക്കു കൽപ്പിച്ചിരുന്ന സ്ഥാനം കാർഷികോപകരണങ്ങൾക്കു തുല്യമായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ പണ്ടു സ്ത്രീകൾ കുടുംബങ്ങളിലും, കാർഷിക കയർ മേഖലകളിലും വെറും തൊഴിൽ യന്ത്രങ്ങൾ മാത്രമായിരുന്നു. അവരുടെ വികാരങ്ങളോ, വിചാരങ്ങളോ ആരും മാനിച്ചിരുന്നില്ല.

ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് മറവന്തുരുത്തു പഞ്ചായത്തിൽ വനിതകളുടെ പങ്കാളിത്തം പ്രോൽസാഹജനകമായിരുന്നു. ഏതാണ്ട് എല്ലാ ഗ്രാമസഭകളിലും വനിതകളുടെ പങ്കാളിത്തം ശരാശരി 42% ആണ്. ചർച്ചകളിൽ സജീവമായും ക്രിയാത്മകമായും പങ്കെടുത്തു. സത്യസന്ധവും, തുറന്നതും, വനിതകളുടെ ചിന്താശേഷിയും, സ്വാശ്രയ ബോധവും, സാംസ്കാരികമായ ഉയർച്ചയും പ്രകടമാക്കുന്നതായിരുന്നു ചർച്ചകൾ.

നിലവിലുള്ള സ്ഥിതി

ഈ പഞ്ചായത്തിലാകെ 220 കുടുംബങ്ങൾ വനിതാ നിയന്ത്രണത്തിലുള്ളവയാണ്. സാമൂഹ്യ രംഗത്ത് പുരുഷന്മാർക്കൊപ്പം സ്ത്രീകളും വരാൻ തൽപ്പരരാണ്. എന്നാൽ ചില സാമൂഹ്യ പ്രശ്നങ്ങൾ - പുരുഷ മേധാവിത്തിന്റെ കീഴിൽ സ്ത്രീ സംഘാടനം പാഴ്വേ

യാകുന്നു. അവളുടെ നൈസർഗിക വാസനകളെ അവഗണിച്ചുകൊണ്ട് പുരുഷ നേതൃത്വത്തിന്റെ നിർദ്ദേശങ്ങൾ അനുസരിക്കാനുള്ള ഉപകരണം മാത്രമാവുന്നു. എൻ. എസ്. എസ്., എസ്. എൻ. ഡി. പി. തുടങ്ങിയ സാമുദായിക സംഘടനകളിലെ സ്ത്രീ സംഘാടനവും വ്യത്യസ്തമല്ല. വിവിധ രാഷ്ട്രീയ പാർട്ടികളുടെ നേതൃത്വത്തിലുള്ള വനിതാ സംഘടനകളും നാമമാത്രമാണെങ്കിലും നിലവിലുണ്ട്. പൂർണ്ണമായും വനിതാ നേതൃത്വത്തിലുള്ള വനിതാ രംഗത്തു നിറഞ്ഞുനിൽക്കുന്ന പ്രവർത്തനം ഈ പഞ്ചായത്തിലൊരിടത്തും അനുഭവപ്പെടുന്നില്ല. രാഷ്ട്രീയത്തിനും, സാമുദായിക പരിഗണനകൾക്കും അതീതമായി, വനിതകളുടെ ക്ഷേമം, വികസനം, സ്വാശ്രയം, ഉയർന്ന സംസ്ക്കാരം എന്നിവ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഒരു സംഘടന വേണമെന്ന് എല്ലാ വനിതാ ഗ്രൂപ്പും ശക്തിയായി ആവശ്യപ്പെട്ടു. വനിതകൾക്കു വേണ്ടി തൊഴിൽ പരിശീലന കേന്ദ്രം, തൊഴിൽ സംരംഭങ്ങൾ, സഹകരണ സംഘങ്ങൾ, പൊതുജംഗ്ഷനുകളിൽ വനിതകൾക്ക് പ്രാഥമിക സൗകര്യങ്ങൾ നിറവേറ്റുന്നതിനുള്ള കംഫർട്ട് സ്റ്റേഷനുകൾ ഇവ പൊതുചർച്ചയിൽ ഉയർന്നുവന്നു.

വിദ്യാഭ്യാസരംഗം

പെൺകുട്ടികൾക്കു മാത്രമായ സ്കൂൾ ഈ പഞ്ചായത്തിലില്ല. കലാകായിക രംഗങ്ങളിൽ പെൺകുട്ടികൾക്ക് കൂടുതൽ അവസരങ്ങൾ ലഭിക്കുന്നതിന് വനിതാ സ്കൂൾ പ്രയോജനകരമാണ്. സാക്ഷരതാ നിരക്ക്, പുരുഷൻ - 97; സ്ത്രീ-89. സ്ത്രീയുടെ സാക്ഷരതാ നിരക്ക് കുറവാണ്. ആകെ 7 സ്കൂളുകൾ, ഒരു ഹൈസ്കൂൾ, 2 യു. പി. സ്കൂൾ, 4 എൽ. പി. സ്കൂൾ, 15 അംഗനവാടികൾ എന്നിവ നിലവിലുണ്ട്.

സ്കൂളുകളും, പെൺകുട്ടികളുടെ എണ്ണവും

പട്ടിക 9 - 2

സ്കൂൾ	പെൺ	ആകെ	ശതമാനം
എൽ. പി. എസ്. ഇടവട്ടം	55	101	54
എൽ. പി. എസ്. വാഴേകാട്	57	108	53
എൽ. പി. എസ്., കുലശേഖരമംഗലം	82	184	45
എസ്. എൻ. എൽ. പി. എസ്. മറവന്തുരുത്ത് (കടായി)	72	159	45
യു. പി. എസ്. മറവന്തുരുത്ത്	188	419	45
എൻ. ഐ. എം. യു. പി. എസ്. കുലശേഖരമംഗലം	218	441	49
എച്ച്. എസ്. കുലശേഖര മംഗലം	348	775	45
ആകെ	1020	2187	47

അവലംബം - ദ്വിതീയ വിവരശേഖരണം

വിദ്യാഭ്യാസങ്ങളിൽ പെൺകുട്ടികൾക്ക് വൃത്തിയുള്ള മൂത്രപ്പുര, കക്കൂസ് എന്നിവ ആവശ്യമായത്രയും ഉണ്ടാവണം. കുടിവെള്ളവും ഒപ്പം തന്നെ പ്രാധാന്യമർഹിക്കുന്നു. പഠന നിലവാരം മെച്ചപ്പെടുത്താൻ പ്രത്യേക ശ്രദ്ധ മാതൃസംഗമത്തിൽ നിന്നും പി. ടി. എ. യിൽ നിന്നുമുണ്ടാവണം. സാമ്പത്തികമായി മോശമായ പെൺകുട്ടികൾക്ക് പഠിക്കാൻ സാമ്പത്തിക സഹായം നൽകണം. പി. ടി. എ. യുടെയും, മാതൃസംഗമത്തിന്റെയും പ്രവർത്തനം ശക്തിപ്പെടുത്തണം.

പ്രീ-പ്രൈമറി തലം

ഇവിടെ ആകെ 15 അംഗനവാടികളുണ്ട്. 15 വർക്കർമാരും, 15 ഹെൽപ്പർമാർമാരും അതിൽ ജോലി ചെയ്യുന്നു. ഗർഭിണികളുടെയും, മുലയൂട്ടുന്ന അമ്മമാരുടെയും, 6 വയസ്സിനു താഴെയുള്ള കുട്ടികളുടെയും പ്രത്യേക പരി

5 വയസ്സു വരെയുള്ള കുട്ടികളുടെ എണ്ണം

പട്ടിക - 9 -3

A

വയസ്സ്	1-ൽ താഴെ	1-2	2-3	3-5	ആകെ
കുട്ടികൾ	300	127	233	523	1283

അനുപൂരക പോഷകാഹാരം ലഭിക്കുന്ന കുട്ടികൾ

B

വയസ്സ്	ആകെ കുട്ടികൾ	അനുപൂരക പോഷകാഹാരം ലഭിക്കുന്ന കുട്ടികൾ
6 മാസം മുതൽ 5 വയസ് വരെ	1283	504

ജനന നിരക്ക്

C

	ആകെ ജനനം	ജനനനിരക്ക്
മറവന്തുരുത്ത്	145	7.1
കോട്ടയം	"	"
കേരളം	"	17

മുലയൂട്ടുന്ന അമ്മമാരും ഗർഭിണികളും

D

സ്ത്രീകൾ	ആകെ	അനുപൂരക പോഷകാഹാരം ലഭിക്കുന്നവർ
ഗർഭിണികൾ	85	85
മുലയൂട്ടുന്ന അമ്മമാർ	85	75

അവലംബം – ദ്വിതീയ വിവരശേഖരണ സർവെ

ചരണമാണ് അംഗനവാടികളിൽ നിന്നു ലഭിക്കുന്നത്. പോഷകാഹാര വിതരണം, പ്രതിരോധ കുത്തിവയ്പ്, ശിശുമരണ നിരക്കു കുറയ്ക്കുക, പ്രീ സ്കൂൾ വിദ്യാഭ്യാസം എന്നീ സേവനങ്ങളാണ് അംഗനവാടിയിലൂടെ നടത്തുന്നത്. ആയിരം ജനസംഖ്യക്ക് ഒരു അംഗനവാടി എന്ന നിരക്കിലാണ് 1980-ൽ അംഗനവാടി തുടങ്ങിയത്. 6 വയസ്സിനു താഴെ പ്രായമുള്ള കുട്ടികളുടെ മാനസീകവും, ശാരീരികവുമായ വളർച്ചയ്ക്ക് അനുസൃതമായ രീതിയിലാണ് അംഗനവാടികളുടെ പ്രവർത്തനം. പ്രതിരോധ കുത്തിവയ്പുകൾ അമ്മമാരെ ആരോഗ്യരംഗത്തു ബോധവൽക്കരണം നടത്തുക എന്നിവയും അംഗനവാടികളുടെ പ്രവർത്തനങ്ങളാണ്.

പ്രീ പ്രൈമറി വിദ്യാഭ്യാസ രംഗത്ത് അംഗനവാടികളുടെ പ്രവർത്തനം ശ്രദ്ധേയമാണ്. എന്നാൽ എല്ലാ അംഗനവാടികളുടെയും ഭൗതിക സാഹചര്യം ഏറെ മോശമാണ്. എല്ലാ അംഗനവാടികൾക്കും സ്വന്തം കെട്ടിടം, കുടിവെള്ളം, കക്കൂസ്, കളിപ്പാട്ടം, വൃത്തിയുള്ളതും വർണ്ണ ശബളവുമായ അന്തരീക്ഷം എന്നിവയുണ്ടാവണം. അംഗനവാടി പ്രവർത്തന നിലവാരം മെച്ചപ്പെടുത്തുകയും വേണം. ഇതിനായി മുഴുവൻ അംഗനവാടി പ്രവർത്തകരെയും പഞ്ചായത്തുസമിതി വിളിച്ചുകൂട്ടി ചർച്ച ചെയ്യണം. സുഗമമായ നടത്തിപ്പിനു വേണ്ടി വാർഡുതലത്തിൽ; വാർഡുമെമ്പർ, അമ്മമാർ, അംഗനവാടി പ്രവർത്തകർ എന്നിവരുൾപ്പെടുന്ന പ്രവർത്തക കമ്മിറ്റി ഉണ്ടാവണം. പഞ്ചായത്തുതലത്തിൽ സമിതിയുടെ നേതൃത്വത്തിൽ വനിതാ മെമ്പർമാർ ഉൾപ്പെട്ട ഒരു സൂപ്പർ കമ്മിറ്റിയുമുണ്ടാവണം. മാസത്തിലൊരിക്കൽ ഈ കമ്മിറ്റി കൂടി പ്രവർത്തനങ്ങൾ മോണിട്ടർ ചെയ്യണം.

ആരോഗ്യരംഗം

ആരോഗ്യരംഗത്ത് സ്ത്രീകളുടെ നിലവാരം വളരെ മോശമാണ്. രോഗാതുരത ശക്തമാണ്. 40 ശതമാനം സ്ത്രീകളും വിളർച്ച ബാധിച്ചവരാണ്. കുടുംബത്തിലെ മുഴുവൻ അംഗങ്ങളുടെയും ആരോഗ്യം ശ്രദ്ധിക്കുമ്പോൾതന്നെ സ്ത്രീ സ്വന്തം ആരോഗ്യം അവഗണിക്കുന്നു. ഇതിനു പരിഹാരമായി ചെയ്യാൻ കഴിയുന്നത് ഇവയാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തണം. താലൂക്ക് ആശുപത്രികളിൽ സ്ത്രീരോഗവിദഗ്ദ്ധർ ഉണ്ടാവണം. ഇവരുടെ സിറ്റിംഗ് പഞ്ചായത്തുതലത്തിൽ പീരിയോഡിക്കലായി ഉണ്ടാവണം. ശിശുരോഗ വിദഗ്ദ്ധർ, സ്കൂൾ തലത്തിലും, അംഗനവാടി കേന്ദ്രീകരിച്ചും ബോധവൽക്കരണ ക്ലാസുകൾ നടത്തണം. ലൈംഗിക വിദ്യാഭ്യാസം പ്രോൽസാഹിപ്പിക്കണം. പി. എച്ച്. സി. യിലെ ഹെൽത്ത് വിസിറ്റർന്റെയും മിഡ്വൈഫിന്റെയും പ്രവർത്തനം ഫലപ്രദമാകണം. മുലയൂട്ടൽ പ്രോൽസാഹിപ്പിക്കണം. കുഞ്ഞിന്റെ ആരോഗ്യത്തിന്റെയും, പ്രതിരോധ ശേഷിയുടെയും അടിസ്ഥാനം മുലയൂട്ടൽ ആണ്.

തൊഴിൽ രംഗം

തൊഴിൽ രംഗത്തു വിവേചനരഹിതവും ക്രൂരവുമായ അവഗണന സ്ത്രീകൾക്കനുഭവപ്പെടുന്നു. കൂടുതൽ സ്ത്രീകളും, കയർ, കൃഷി, കെട്ടിട നിർമ്മാണം, ചുമട്, തഴപ്പായ നെയ്ത്ത്, തുണി നെയ്ത്ത് ഈ മേഖലകളിൽ തൊഴിൽ ചെയ്യുന്നു. വ്യത്യസ്ത തൊഴിൽ മേഖലകളിൽ വളരെ പ്രകടമായ വേതന വ്യത്യാസം ഉണ്ട്. ഒരേ സമയം ഒരേ തൊഴിൽ ചെയ്യുന്ന പുരുഷന് കൊടുക്കുന്നതിന്റെ പകുതി മാത്രമേ സ്ത്രീക്ക് വേതനമായി നൽകുന്നുള്ളൂ. ഇതിനെതിരെ പ്രതികരിക്കാൻ പുരുഷമേധാവിത്വമുള്ള തൊഴിൽ സംഘടനകൾക്കും കഴിയുന്നില്ല.

ഉദ്യോഗസ്ഥ തലത്തിൽ സ്ത്രീകൾ കൂടുതലും അദ്ധ്യാപന രംഗത്തും, പിന്നെ ആതുര സേവന രംഗത്തുമായി ഒതുങ്ങി നിൽക്കുന്നു. മറ്റു മേഖലകളിലെ വനിതാ പങ്കാളിത്തം അപൂർവ്വമാണ്.

രൂക്ഷമായ തൊഴിലില്ലായ്മയാണ് ഈ പഞ്ചായത്തിലെ വനിതകളുടെ ഏറ്റവും പ്രധാന പ്രശ്നം. ഇതിനു പല കാരണങ്ങളുമുണ്ട്. തൊഴിലിനെക്കുറിച്ച് അറിവില്ലായ്മ, വ്യക്തമായ സംഘാടനത്തിന്റെ അഭാവം എന്നിവ. ഐ. ആർ. ഡി. പി. വായ്പാ പദ്ധതികൾ അർഹരായവർക്കു ലഭിക്കുന്നില്ല. കൈക്കൂലി കൊടുക്കുന്നവരും, സ്വാധീനിക്കുന്നവരും ഇത്തരം പദ്ധതികളുടെ ഉപഭോക്താക്കളാകുമ്പോൾ യഥാർത്ഥത്തിൽ അർഹരായവർ പിന്തള്ളപ്പെടുന്നു. ഗ്രാമീണ യുവജനങ്ങൾക്കുള്ള തൊഴിൽ പരിശീലന പരിപാടി ഫലപ്രദമാകുന്നില്ല. പരിശീലനം കിട്ടിയ മുഴുവൻ ആളുകളും നിർദ്ദിഷ്ട തൊഴിലിൽ ഏർപ്പെടുന്നില്ല എന്നത് ഈ പരിപാടിയുടെ ഏറ്റവും വലിയ പരാജയമാണ്. ഈ പരിശീലന പദ്ധതിപ്രകാരം 18 നും 35 നും ഇടയ്ക്കുള്ള യുവജനങ്ങൾക്ക് സാങ്കേതിക വൈദഗ്ദ്ധ്യം നൽകുന്നു. 40 ശതമാനം സ്ത്രീകൾ, 50 ശതമാനം എസ്. സി. ആൻറ് എസ്. ടി., 3 ശതമാനം വികലാംഗർ. പരിശീലന കാലത്ത് സ്റ്റൈപ്പൻറും, ശേഷം പണിയായുധങ്ങളും നൽകുന്നു.

വനിതകളുടെ പങ്കാളിത്തത്തോടെ പഞ്ചായത്തുതലത്തിൽ വനിതാ വികസന സമിതികൾ രൂപീകരിക്കണം. വാർഡുതലത്തിൽ പ്രാദേശിക വികസന സമിതികളും അവയ്ക്കു കീഴിൽ അയൽകൂട്ടങ്ങളും പഞ്ചായത്ത് ഒട്ടാകെ സംഘടിപ്പിക്കണം. പഞ്ചായത്തുതലത്തിൽ നടക്കുന്ന വനിതകളുടെ എല്ലാ വികസന പ്രവർത്തനങ്ങളും പഞ്ചായത്ത് വനിതാ വികസന സമിതിയുടെ നേതൃത്വത്തിലാവണം നടത്തേണ്ടത്. നിലവിലുള്ള വനിതാ വ്യവസായ പദ്ധതികൾ ഫലപ്രദമാകാനും, പുതിയവ ഇപ്പോഴുള്ള സ്കീമുകൾ ഉപയോഗിച്ചുതന്നെ കാര്യക്ഷമമാക്കാനും ശ്രമിക്കണം.

വനിതാ വ്യവസായ സഹകരണ സംഘങ്ങളും ആവാം. വനിതകളുടെ നേതൃത്വത്തിൽ ഫലപ്രദമായി സംഘടിപ്പിക്കുകയും, വനിതാ മെമ്പർമാരുടെ മേൽനോട്ടം ഉണ്ടാവുകയും വേണം. കെട്ടിട നിർമ്മാണ രംഗത്ത് നൂതനവും, ചെലവുകുറഞ്ഞതുമായ സാങ്കേതിക വിദ്യ പരിശീലിപ്പിച്ച് വനിതകളുടെ തന്നെ നിർമ്മാണ യൂണിറ്റുകൾ ഉണ്ടാവണം. പഞ്ചായത്തിലെ മുഴുവൻ നിർമ്മാണത്തൊഴിലും ഈ യൂണിറ്റുകൾ മുഖേന മാത്രമേ ചെയ്യിക്കാവൂ. ഇതുമൂലം ഇടനിലക്കാരന്റെ ചൂഷണം ഒഴിവാക്കാം. ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനവും ലഭ്യമാകും. സർവ്വോപരി പഞ്ചായത്തിലെ വനിതകൾക്കു തൊഴിലുമാകും.

കയർ, തഴപ്പായ, തുണിനെയ്ത്ത്, റെഡിമെയ്ഡ് ഗാർമെൻറ്സ് എന്നീ രംഗങ്ങളിൽ സഹകരണാടിസ്ഥാനത്തിൽ തൊഴിൽ സംരംഭങ്ങൾ ആകാം. ഇതിനു വ്യക്തമായ പരിശീലനവും പഞ്ചായത്തുസമിതിയുടെ മോണിട്ടറിംഗും അത്യാവശ്യമാണ്. സാമ്പത്തിക സഹായം ഇത്തരം സംരംഭങ്ങൾക്ക് നിർബന്ധമായും ലഭ്യമാക്കണം.

തൊഴിൽ മേഖലയിലെ വേതന നിരക്ക്

പട്ടിക -9-4

തൊഴിൽ മേഖല	വേതന നിരക്ക്	
	സ്ത്രീ	പുരുഷൻ
കൃഷി 8 മണി മുതൽ 1 വരെ	35.00	75.00
നിർമ്മാണം	70.00	120.00
കയർ	20.00 to 30.00	60.00
ചുമട്	50.00	75.00

പട്ടിക 9 - 5 സ്ഥാപനങ്ങളും ജീവനക്കാരും

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	തോലിക്കാർ പെണ്ണ്	ആണ്	ആകെ
1.	മറവന്തുരുത്ത് ഗ്രാമപഞ്ചായത്ത്	3	6	9
2.	ഗവ. എച്ച്. എസ്. കുലശേഖര മംഗലം	31	8	39
3.	എൽ. പി. എസ്. കുലശേഖര മംഗലം	5	2	7
4.	യു. പി. എസ്. മറവന്തുരുത്ത്	12	5	17
5.	എൻ. ഐ. എം. യു. പി. എസ്. മാറ്റപ്പറമ്പ്	14	2	16
6.	എൽ. പി. എസ്. ഇടവട്ടം	3	2	5
7.	എൽ. പി. എസ്. വാഴേകാട്	3	2	5
8.	എസ്. എൻ. എൽ. പി. എസ്. മറവന്തുരുത്ത് (കടയിൽ)	4	2	6
9.	കൃഷിഭവൻ	2	3	5
10.	ഐ. സി. ഡി. പി. വൈക്കം സബ് സെന്റർ	1	1	2
11.	കടത്തുകാർ	-	8	8
12.	വില്ലേജ് എക്റ്റെൻഷൻ ഓഫീസ്	1	1	2
13.	വാട്ടർ അതോറിറ്റി	-	1	1
14.	പോസ്റ്റാഫീസ്, മറവന്തുരുത്ത്	-	3	3
15.	പോസ്റ്റാഫീസ് - എടവട്ടം	1	2	3
16.	പോസ്റ്റാഫീസ് - കുലശേഖര മംഗലം	1	3	4
17.	എസ്. ബി. ടി. കുലശേഖരമംഗലം	3	8	11
18.	എസ്. സി. ബി. 3850 കുലശേഖരമംഗലം	-	6	6

പട്ടിക 96

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	ജോലിക്കാർ പെണ്ണ്	ആണ്	ആകെ
19.	എസ്. സി. ബി. 121 ഇടവട്ടം	1	8	9
20.	സി. വി. സി. എസ്. 569 ചുങ്കം	–	3	3
21.	സി. വി. സി. എസ്. 432 KS മംഗലം	1	1	2
22.	സി. വി. സി. എസ്. 676 പാലാംകടവ്	–	2	2
23.	പി. എച്ച്. സി. മറവന്തുരുത്ത്	7	6	13
24.	എച്ച്. ഡബ്ല്യു. സി. എസ്. നമ്പർ 3504	–	2	2
25.	മൃഗാശുപത്രി	–	4	4
26.	വില്ലേജ് ഓഫീസ്	1	4	5
27.	മിൽക്ക് സൊസൈറ്റി പാലാംകടവ്	–	3	3
28.	മിൽക്ക് സൊസൈറ്റി KS മംഗലം	–	3	3
29.	ഹോമിയോ ആശുപത്രി	2	2	4
30.	ദേവിക്ഷേത്രം കൂട്ടുമ്മൽ	1	5	6
31.	കള്ളുഷാപ്പുകൾ	–	33	33
32.	അംഗനവാടി ജീവനക്കാർ	30	–	30
	ആകെ	137	141	278

അവലംബം – ദ്വിതീയ വിവരശേഖരണം

മൃഗസംരക്ഷണം

മിൽമയുടെ വരവും, യന്ത്രവൽക്കരണവും സ്ത്രീകളെ ഈ രംഗത്തുനിന്ന് അന്യവൽക്കരിച്ചിരിക്കുന്നു. ഈ മേഖലയിൽ ഡയറി ഉദ്യോഗസ്ഥരുടെയും, മൃഗാശുപത്രിയിലെ വെറ്റെറിനറി സർജന്റെയും സഹായത്തോടുകൂടി ബ്രോയിലർ ചിക്കൻഫാം, ഡയറി ഫാം, പാലുൽപ്പന്ന യൂണിറ്റ്, ഡക്ക് - ലെറ്റ്സ് ഫാം എന്നിവയും ഇതിന്റെ ഉപോൽപ്പന്നമായ കോഴിത്തീറ്റ, കാലിത്തീറ്റ, ജൈവവളം ഇവയുടെ നിർമ്മാണവും ആവാം. ഈ തൊഴിൽ രംഗങ്ങൾ സ്ത്രീകൾക്കായി സംവരണം ചെയ്യണം. സംഭരണവും, വിതരണവും സ്ത്രീകൾ തന്നെ ചെയ്യണം.

കാർഷിക രംഗം

കാർഷിക രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം തീരെ ഇല്ലാതായിക്കൊണ്ടിരിക്കുന്നു. നെൽക്കൃഷിയിൽ നിന്നും നാണ്യവിളയിലേക്കുള്ള മാറ്റം, കൃഷിഭൂമിയുടെ വിസ്തൃതി കുറഞ്ഞത്, വിവേചന രഹിതമായ കൂലിവ്യത്യാസം എന്നീ കാരണങ്ങൾ കൊണ്ട് സ്ത്രീയുടെ പങ്കാളിത്തം കാർഷിക മേഖലയിൽ ഏറെ കുറഞ്ഞിട്ടുണ്ട്. സ്ത്രീകളെ ബോധപൂർവ്വം കാർഷിക വൃത്തിയിലേക്കു തിരിച്ചുവിടുന്നത് രണ്ടുതരത്തിൽ പ്രയോജനകരമാണ്. ഒന്നാമതായി കാർഷിക മേഖല അഭിവൃദ്ധിപ്പെടുന്നു. പ്രസ്തുത മേഖലയിൽ തൊഴിൽ ശേഷി ലഭ്യമാകുന്നു. രണ്ടാമതായി സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കാനാകുന്നു.

ചില നിർദ്ദേശങ്ങൾ

1. പച്ചക്കറി കൃഷി-സ്വന്തമായി ഭൂമിയുള്ളവർ, ഭൂമി പാട്ടത്തിനെടുത്തു ചെയ്യുന്നവർ. കൂടാതെ പഞ്ചായത്തു വക പുറമ്പോക്കിലും, വീടുകൾക്ക് ഒരടുക്കളത്തോട്ടം എന്നിങ്ങനെയുമാവാം. പരിശീലനം, വിത്ത്, വളം, കീടനാശിനി തുടങ്ങിയവ ലഭിക്കാനുള്ള സാഹചര്യം പഞ്ചായത്തിലെ കൃഷിഭവനിൽ പ്രവർത്തിക്കുന്ന കാർഷിക വികസന സമിതി മുഖേന ചെയ്യാം. പരസ്പര സഹായ പദ്ധതിയിലും പ്രവർത്തിക്കാം. പഞ്ചായത്തിലെ പൊതുജംഗ്ഷനുകളിൽ സ്ത്രീകളുടെ പച്ചക്കറി തട്ടുകൾ ഉണ്ടാവണം.
2. ഔഷധത്തോട്ടം – തിപ്പലി, കച്ചോലം, ചിറ്റ ലോടകം, കുറുന്തോട്ടി, തുളസി, ആടലോടകം തുടങ്ങിയവയുടെ കൃഷി.
3. പുഷ്പകൃഷി – കുറ്റിമുല്ല, അരളി, ജമന്തി, ഓർക്കിഡ്, ആന്തൂറിയം, പിച്ചി തുടങ്ങിയവ.
4. കൂൺ കൃഷി.
5. ഫലവർഗ്ഗ കൃഷി – കൈത, വാഴ, പപ്പായ, നാരകം തുടങ്ങിയവയുടെ കൃഷി. ക്രമേണ ഒരു ഭക്ഷ്യസംസ്ക്കരണ യൂണിറ്റുമാവാം.

ഭക്ഷ്യ സംസ്ക്കരണത്തിൽ വനിതകൾക്ക് ബ്ലോക്ക്തല പരിശീലനം നൽകണം. പരിശീലനത്തിനുശേഷം സഹകരണ സംഘം രൂപീകരിക്കണം. ഉപഭോക്താക്കളെ പഞ്ചായത്തു മുഖേന തെരഞ്ഞെടുക്കണം. (ഇതിനായി കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ ബ്ലോക്കിൽ പരിശീലന കേന്ദ്രം നിലവിലുണ്ട്.).

ഗ്രാമീണ വനിതാ ശിശുവികസന പരിപാടി പ്രകാരം ഡി. ഡബ്ല്യു. സി. ആർ. എ. യൂണിറ്റുകൾ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ശക്തമായ മോണിട്ടറിംഗോടുകൂടി സംഘടിപ്പിക്കണം. നിലവിലുള്ള യൂണിറ്റുകൾ പലതും നിർജ്ജീവങ്ങളാണ്. സാമ്പത്തിക ബാദ്ധ്യത, ശക്തമായ നേതൃത്വത്തിന്റെ അഭാവം, മോണിട്ടറിംഗ് ഇല്ലായ്മ – ഇവയാണ് ഇതിന്റെ പ്രധാനമായ കാരണങ്ങൾ. നിർജ്ജീവമായവ പുനസംഘടിപ്പിക്കണം. പുതിയവ ശരിയായ രീതിയിൽ സംഘടിപ്പിക്കണം. പല സ്കീമുകളിലായി കെട്ടിക്കിടക്കുന്ന ഫണ്ടുകൾ ഫലപ്രദമായി ഗ്രാമീണ വനിതകളിലെത്തിക്കുവാനും, അവരെ സ്വാശ്രയരാക്കാനും ഈ പരിപാടികൾ സഹായിക്കും. ശരിയായ സാങ്കേതിക വിദഗ്ദ്ധരുടെ സേവനം ഉപയോഗിച്ച് നന്നായി പ്രവർത്തിപ്പിക്കാൻ സാധിച്ചാൽ, നല്ല രീതിയിൽ നേതൃത്വവും സംഘാടനവും ഉണ്ടായാൽ, വേണ്ട സാമ്പത്തിക സഹായവും ലഭ്യമാക്കുകയാണെങ്കിൽ ഗ്രാമീണ വനിതകളെ സ്വാശ്രയരാക്കാൻ പറ്റിയ നല്ല പദ്ധതിയാണ് ഡി. ഡബ്ല്യു. സി. ആർ. എ.

സാമൂഹ്യ ക്ഷേമ രംഗത്തു നടപ്പിലാക്കുന്ന വിവിധ പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മമൂലം ഒരു പരിധിവരെ വനിതകൾ ചൂഷണത്തിനിരയാവുന്നു. അതതു വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ മോശമായ പെരുമാറ്റത്തിനു വിധേയരാകുന്നതും, അർഹമായ പല ക്ഷേമപദ്ധതികളുടെയും സാമ്പത്തിക സഹായം വനിതകൾക്കു ലഭിക്കാതെ പോകുന്നതും ഈ പദ്ധതികളുടെ വിശദാംശങ്ങളെക്കുറിച്ച് അറിവില്ലാത്തതുകൊണ്ടാണ്. വിവിധ സാമൂഹ്യ ക്ഷേമ പദ്ധതികളായ വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, മിശ്രവിവാഹിതർക്കുള്ള സാമ്പത്തിക സഹായം, വിധവകൾക്കു തൊഴിൽ കണ്ടെത്തുന്നതിനുള്ള സാമൂഹ്യ ക്ഷേമ വകുപ്പിൽ നിന്നു ലഭിക്കുന്ന ധനസഹായം, കർഷകത്തൊഴിലാളി പെൻഷൻ, കയർത്തൊഴിലാളി പെൻഷൻ തുടങ്ങിയ എല്ലാ പദ്ധതികളും ഈ പഞ്ചായത്തിലെ അർഹരായ മുഴുവൻ ആളുകൾക്കും ലഭ്യമാവണം. പല വകുപ്പുകളിലും ചെലവഴിയാതെ കിടക്കുന്ന ഫണ്ട് സാധാരണ ജനങ്ങളിലേക്ക് എത്തി

ക്കാൻ സാധിക്കണം.

കുടുംബത്തിലെ ചുമതലകൾ ഏറെയും സ്ത്രീയുടെ ചുമലിലാണ്. കുടുംബത്തിന്റെ മുഴുവൻ ക്ഷേമത്തിലും സ്ത്രീയുടെ പങ്ക് നിർണ്ണായകമാണ്. പല പ്രതിസന്ധികളിലും പുരുഷനേക്കാൾ ആത്മസംയമനം പാലിക്കുകയും, ധീരമായി നേരിടുകയും ചെയ്യാറുണ്ടെങ്കിൽപ്പോലും ആകെ വിലയിരുത്തുമ്പോൾ സ്ത്രീയെ ഏറ്റവും ദുർബ്ബലയും, അബലയും, പിൻബുദ്ധിക്കാരിയും ആയിട്ടാണ് എല്ലാവരും ചിത്രീകരിക്കാറ്. സാഹിത്യകാരന്മാരും, ചിന്തകരും, സാംസ്കാരിക നേതാക്കളുമൊക്കെ അവസരം കിട്ടുമ്പോഴൊക്കെ സ്ത്രീയെ മോശമായി ചിത്രീകരിക്കാൻ ബോധപൂർവ്വം ശ്രമിക്കുന്നു. എന്നാൽ സ്ത്രീ, സമൂഹത്തിന്റെ ശക്തിയും, ഓജസ്സുമാണ്. അവളിലെ നൈസർഗിക കഴിവുകളെയും, ക്രിയാശേഷിയേയും അവഗണിച്ച് ശാരീരിക സൗന്ദര്യത്തിനുമാത്രം ഊന്നൽ കൊടുത്ത് ഉപഭോഗത്തിനുള്ള ഒരുപകരണം മാത്രമായി കാണുന്ന കാഴ്ചപ്പാടിന്റെ ഒരു പ്രകടനമാണ് സ്ത്രീകൾക്കു നേരെയുള്ള അക്രമങ്ങളും ബലാൽസംഗങ്ങളും പെൺവാണിഭവും സ്ത്രീയെ വാണിജ്യവൽക്കരിക്കുന്ന അശ്ലീല പോസ്റ്ററുകളും, മാദ്ധ്യമങ്ങളിലെ പരസ്യങ്ങളും എല്ലാം. സ്ത്രീകൾ തന്നെ തങ്ങളുടെ ഇന്നത്തെ ഈ രണ്ടാംകിട പൗരത്വം തിരിച്ചറിയുകയും, ചുറ്റുമുള്ള കാര്യങ്ങളെക്കുറിച്ചു പഠിക്കാൻ തയ്യാറാവുകയും വേണം. സ്വന്തമായി ആരോഗ്യം, വ്യക്തിത്വം, ചിന്താശേഷി എന്നിവ വർദ്ധിപ്പിക്കുന്നതിന്, വായന ഒരു ശീലമാക്കണം.

പട്ടികജാതി – പട്ടികവർഗ്ഗ ക്ഷേമം

ഈ വിഭാഗത്തിൽ 411 കുടുംബങ്ങളും, 1032 വനിതകളുമുണ്ട്. 90 ശതമാനം പേരും തൊഴിൽ ചെയ്യുന്നത് കൃഷി, മൽസ്യബന്ധനം, തഴപ്പായനെയ്ത്ത് തുടങ്ങിയവയാണ്. എന്നാൽ യന്ത്രവൽക്കരണവും, കൃഷി ഭൂമിയുടെ വിസ്തൃതിയിൽ ഗണ്യമായുണ്ടായ കുറവും അവരുടെ തൊഴിൽ ലഭ്യതയെ ഗണ്യമായി ബാധിച്ചിട്ടുണ്ട്.

പെൺകുട്ടികളിൽ വിദ്യാഭ്യാസം ലഭിക്കുവാൻ വേണ്ട സൗകര്യങ്ങൾ പദ്ധതികളായിത്തന്നെ നടപ്പാക്കണം. ഈ വിഭാഗത്തിലെ പെൺകുട്ടികൾ എല്ലാം തന്നെ പ്രീഡിഗ്രി വരെ പഠിച്ചും, തോറ്റും നിർത്തുന്നു. ഇതിനു പരിഹാരമായി ഈ വിഭാഗത്തിലെ പെൺകുട്ടികൾക്ക് അക്കാഡമിക് തലത്തിലും, ബൗദ്ധിക തലത്തിലും വളരെ ചിട്ടപ്പെടുത്തിയ പരിശീലനം ഏറെ അത്യാവശ്യമാണ്. ഈ പ്രവർത്തനങ്ങൾക്കായി വിദ്യാഭ്യാസ വകുപ്പിൽ നിന്നും കോളേജുകൾക്കും, ഹൈസ്കൂളുകൾക്കും ഫണ്ട് അനുവദിക്കുന്നുണ്ടെങ്കിലും അവ യഥാർത്ഥ ഉപഭോക്താക്കൾക്കു പ്രയോജനം ലഭിക്കാതെ നഷ്ടപ്പെടുന്നു. ഈ പ്രവർത്തനം ജില്ലാതലത്തിൽ പുനസംഘടിപ്പിക്കയും ജില്ലാതലത്തിൽ മോണിട്ടറിംഗും വേണം.

തൊഴിൽ രംഗത്താണെങ്കിൽ, ധാരാളം സ്വയം തൊഴിൽ പദ്ധതികൾ നിലവിലുണ്ട്. ഇവ ഫലപ്രദമായി ഉപയോഗിക്കാൻ ഇവർക്ക് കഴിയുന്നില്ല. സഹകരണാടിസ്ഥാനത്തിൽ തൊഴിൽ സംരംഭങ്ങൾ സംഘടിപ്പിക്കുകയും പഞ്ചായത്തു സമിതി മോണിട്ടർ ചെയ്യുകയുമാണ് നല്ലത്.

സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഈ വിഭാഗത്തെ മുഴുവനും നയിക്കുന്നതിന് വനിതകൾക്ക് പ്രത്യേക പങ്കു വഹിക്കുവാൻ സാധിക്കും. എല്ലാ വിഭാഗത്തിലുള്ളവരും ഈ വിഭാഗത്തെക്കൂടി ഒപ്പം നിർത്താൻ ബോധപൂർവ്വം ശ്രമിക്കുകയും വേണം.

സഹകരണ മേഖല

സഹകരണ സംഘങ്ങൾ നമ്മുടെ ഗ്രാമങ്ങളിൽ നൈസർഗികമായ രീതിയിൽ ഉണ്ടായവേണ്ടതാണ്. പുരുഷ – രാഷ്ട്രീയ ആധിപത്യ

ത്തിൽ അവയുടെ സംഘാടനം നടക്കുമ്പോൾ യഥാർത്ഥത്തിൽ അംഗങ്ങളാകേണ്ടവർ പുറന്തള്ളപ്പെടുകയും സഹകരണത്തിന്റെ അന്തസത്ത അറിയാത്തവർക്ക് സംഘങ്ങൾ വിധേയമാവുകയും ചെയ്യുന്നു. ഉദാഹരണത്തിന് പാലുൽപ്പാദക രംഗത്ത് മിൽമയുടെ ആധിപത്യം.

വനിതകളുടെ സജീവ പങ്കാളിത്തത്തോടെ ഗുജറാത്തിലെ ഗ്രാമങ്ങളിൽ നൈസർഗികമായി രൂപം കൊണ്ട സഹകരണ സംഘമാണ് മിൽമ. എന്നാൽ അതു കേരളത്തിൽ ഇളക്കി പ്രതിഷ്ഠിച്ചപ്പോൾ രാഷ്ട്രീയാധിപത്യത്തിൻ കീഴിൽ, കൃത്രിമവും, വനിതകളെ അന്യവൽക്കരിച്ചുകൊണ്ടുമായി. പാലുൽപ്പാദന രംഗത്ത് അദ്ധ്വാനിക്കുന്നതും, അലയുന്നതും വനിതകളും; സംഘങ്ങളിലെ അംഗത്വം പുരുഷനുമാകുമ്പോൾ, സഹകരണത്തിന്റെ അന്തസത്ത നഷ്ടപ്പെടുന്നു. ഡയറക്ടർ ബോർഡിൽപ്പോലും ഒരു വനിതയില്ല. എന്നാൽ മകാതമംഗലത്ത് കീരമ്പാറയിൽ നിർമ്മൽ മിൽക്ക് എന്ന പേരിൽ വനിതകളുടെ നേതൃത്വത്തിലുള്ള പാലുൽപ്പാദക സഹകരണ സംഘം ഏറെ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. 350 വനിതകൾക്കു തൊഴിൽ നൽകുന്ന, 10,000 വനിതകൾ അംഗങ്ങളായുള്ള പ്രസ്തുത സംഘത്തിന് എറണാകുളം ഇടുക്കി ജില്ലകളിൽ പ്രാഥമിക ഭരണ രംഗത്തു നിന്നും അകറ്റി നിർത്തപ്പെടുന്നു എന്നാണ്.

സഹകരണ സംഘങ്ങളിലെ വനിതകളുടെ എണ്ണം

പട്ടിക 9-6

നമ്പർ	സംഘത്തിന്റെ പേര്	ഓഹരി ഉടമകൾ		ഭരണ സമിതി	
		വനിത	ആകെ	വനിത	ആകെ
1.	അപ്കോസ്, പാലാംകടവ്	74	413	0	9
2.	അപ്കോസ്, കുലശേഖരമംഗലം	18	500	0	9
3.	കയർ, ചുങ്കം	545	924	1	7
4.	കയർ, പാലാങ്കടവ്	346	734	0	7
5.	കയർ, കുലശേഖര മംഗലം	382	797	0	7
6.	കയർ തുരുത്തുമ്മ	-	-	-	-
7.	കയർ ചെമ്മനാകരി	650	1200	0	6
8.	സർവ്വീസ് സഹകരണ ബാങ്ക് 121	2792	5741	1	7
9.	സർവ്വീസ് സഹകരണ ബാങ്ക് 3850	3296	6864	2	8

അവലംബം : ദ്വിതീയ വിവരശേഖരണ സർവ്വേ

ഇതിൽ നിന്നു മനസ്സിലാകുന്നത് വനിതകൾക്ക് കൂടുതൽ പ്രാതിനിധ്യമുള്ള സഹകരണ സംഘങ്ങളിൽപ്പോലും

മിക സംഘങ്ങളുടെ ശൃംഖല തന്നെയുണ്ട്. മിൽമക്കു ബദലായി വളർന്നുവന്ന പ്രസ്തുത സംഘം വനിതാ നേതൃത്വത്തിന്റെ മേന്മ - അഴിമതി ഇല്ല, ഭരണച്ചെലവ് കുറവ് - പ്രകടമാക്കുന്നു. അനുദിനം അഭിവൃദ്ധിയിലേക്കു കടക്കുന്ന പ്രസ്തുത സംഘം കേരളത്തിനു മുഴുവൻ ഒരു മാതൃകയാണ്.

കയർ മേഖലയിലും 90 ശതമാനം തൊഴിലാളികളും സ്ത്രീകളാണ്. അംഗത്വം പുരുഷന്മാരുടെ പേരിലും. കയർ വ്യവസായത്തെക്കുറിച്ചു യഥാർത്ഥത്തിൽ അഭിപ്രായം പറയാൻ കഴിയുന്ന തൊഴിലാളി സ്ത്രീകൾക്ക് ഡയറക്ടർ ബോർഡിലും സ്ഥാനമില്ല.

എന്നാൽ സഹകരണാടിസ്ഥാനത്തിലുള്ള ബാങ്കുകളിൽ ഹരിജൻ, വനിത സംവരണം നിലവിലുണ്ട് എന്നതും ഓർക്കേണ്ടതാണ്.

സാംസ്കാരിക രംഗം

സാംസ്കാരിക രംഗത്ത് വായനയിലൂടെ മാത്രമേ സ്ത്രീകൾക്കു വളരാൻ കഴിയൂ. സാംസ്കാരിക, ശാരീരിക ചൂഷണത്തിനെതിരെ സംഘടിക്കുകയും, തങ്ങളുടെ ഇടയിൽ കൂട്ടായ്മ വളർത്തുകയും വേണം. സ്ത്രീയിലെ വായനാശീലവും, നേതൃത്വഗുണവും, വ്യക്തിത്വവും, പൊതുരംഗത്തെ പങ്കാളിത്തവും വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ, അഖിലേന്ത്യാ തലത്തിൽ ഭാരതജ്ഞാൻ വിജ്ഞാൻ സമിതിയുടെ 'സമത' എന്ന സ്ത്രീ സംഘടന ദേശീയതലത്തിൽ ക്യാമ്പുകൾ നടത്തുന്നുണ്ട്. ജില്ലാതലത്തിൽ അത്തരം ഒരു ക്യാമ്പ് മറവന്തുരുത്തു പഞ്ചായത്തിലും നടക്കുകയുണ്ടായി. ഇത്തരം പരിപാടികൾ സ്ത്രീകളെ ബോധവൽക്കരിക്കാനും, വിവിധ വിഷയങ്ങളിൽ തുറന്ന സംവാദങ്ങൾക്കു വേദിയൊരുക്കാനും ഏറെ നല്ലതാണ്.

വനിതകൾ ശക്തിമതികളും സ്വയം രക്ഷയ്ക്കു പ്രാപ്തിയുള്ളവരും ആകണം. സാംസ്കാരിക ശുദ്ധിക്ക് വായന അത്യാവശ്യമാണ്. സ്വയരക്ഷയ്ക്ക് ആയോധനമുറകൾ അഭ്യസിക്കേണ്ടത് ഇന്നത്തെ സാമൂഹ്യ പാശ്ചാത്തലത്തിൽ അത്യാവശ്യമായി വന്നിരിക്കുന്നു. മൃഗീയമെന്നു പറഞ്ഞാൽ മൃഗങ്ങൾക്കുപോലും അപമാനകരമായ രീതിയിലാണ് സമൂഹത്തിലെ കുറെ പുരുഷാധമന്മാർ ഇടപെടുന്നത്. നിത്യേനയുള്ള പത്രവാർത്തകൾക്കുമപ്പുറം സത്യം എത്രയോ നിഷ്ഠൂരവും, വിശേഷബുദ്ധിയുണ്ടെന്ന് അഹങ്കരിക്കുന്ന മനുഷ്യവംശത്തിനു തന്നെ അപമാനകരവുമാണ്.

ഈ പഞ്ചായത്തിൽ സ്ത്രീധനമരണം റിപ്പോർട്ടുകൾ ചെയ്യപ്പെട്ടിട്ടില്ലെങ്കിലും സ്ത്രീധനം മൂലം ദുരിതമനുഭവിക്കുന്ന സ്ത്രീകൾ ഉണ്ട്. അതുപോലെ മദ്യം കൊണ്ടും ദുരിതമനുഭവിക്കുന്ന കുടുംബങ്ങളും ഏറെയുണ്ട്. ചാരായ നിരോധനം ഫലപ്രദമല്ലെന്നും, സമ്പൂർണ്ണ മദ്യനിരോധനം അത്യാവശ്യമാണെന്നും വനിതാ ഗ്രൂപ്പുകൾക്ക് ശക്തമായ അഭിപ്രായമുണ്ട്. സമ്പൂർണ്ണ മദ്യനിരോധനം പഞ്ചായത്തു സമിതി ഒരു നയമായി അംഗീകരിക്കുമെങ്കിൽ മുഴുവൻ വനിതാ ഗ്രൂപ്പിന്റെയും പിന്തുണയും ക്രിയാത്മകമായ സഹകരണവും പഞ്ചായത്തു സമിതിക്ക് ഉണ്ടാവും. ലഹരിമോചന കൗൺസിലിംഗ്, ബോധവൽക്കരണ ക്ലാസുകൾ എന്നിവ പഞ്ചായത്തിൽ നടത്തണം.

നിയമവും വനിതകളും

നിയമവും വനിതകളുമായി യാതൊരു ബന്ധവും ഇതുവരെയില്ല. ഇനിയുള്ള കാലത്ത് വനിതകളുടെ സംരക്ഷണത്തിന് നിയമസഹായം ആവശ്യമാണ്. അവൾക്ക്; തങ്ങൾക്കു സംരക്ഷണം നൽകുന്ന നിയമത്തെക്കുറിച്ച്, എതിരാളിക്കു രക്ഷപ്പെടാനുള്ള പഴുതുകളെക്കുറിച്ച്, പഴുതില്ലായ്മയെക്കുറിച്ച്, നിലവിലുള്ള നിയമങ്ങൾ സ്വന്തം രക്ഷയ്ക്ക് എങ്ങനെ

ഉപയോഗിക്കാം എന്ന്, നിയമത്തിന്റെ പ്രായോഗികതയെക്കുറിച്ച് വ്യക്തമായ അറിവു ലഭിക്കുന്നതിനുവേണ്ടി ഒരു തുടർബോധവൽക്കരണ പരിശീലനവും, ഗ്രൂപ്പു ചർച്ചയും ആവശ്യമാണ്.

ഗ്രന്ഥശാലകൾ

വനിതകളെ ബോധവൽക്കരിക്കുന്നതിൽ ഗ്രന്ഥശാലകൾക്കും, വായനശാലകൾക്കും ഏറെ പങ്കുണ്ട്. നിലവിൽ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകളും, വായനശാലകളും പുനരുജ്ജീവിപ്പിക്കണം. ഇത്തരം സമഗ്ര പരിപാടികളിലൂടെയേ പഞ്ചായത്തിലെ ജനങ്ങൾ ചിന്താപരമായി വികസിച്ചവരും ക്രിയാശേഷിയെ ഉല്പാദനപരമായി ഉപയോഗിക്കുന്നവരും ആകുകയുള്ളൂ.

വനിതകളുടെ വായനയെ പ്രോൽസാഹിപ്പിക്കുന്നതിന്, ഗ്രന്ഥശാലകളിൽ വനിതകൾക്ക് പ്രത്യേകസമയം പുസ്തകം എടുക്കുന്നതിനായി കൊടുക്കുകയും, റഫറൽ ഗ്രന്ഥങ്ങൾ പരിശോധിക്കുന്നതിന് വേണ്ട സൗകര്യങ്ങളും ഉണ്ടാകണം. സ്ത്രീകൾ ഈ സൗകര്യം വിനിയോഗിക്കാനും തയ്യാറാവണം.

വനിതകൾ സ്വയമറിയാതെ, മാധ്യമങ്ങൾ - വനിതകളെ വാണിജ്യവൽക്കരിക്കുന്ന, അവളുടെ ശാരീരിക സൗന്ദര്യത്തെ ഉയർത്തിക്കാട്ടുന്ന, അവളുടെ ശക്തിയെ അവഗണിക്കുന്ന - ഇലക്ട്രോണിക് മാധ്യമങ്ങളുടെ മായിക പ്രപഞ്ചത്തിൽ മുഴുകിയിരിക്കുമ്പോൾ, തങ്ങളുടെ വർഗ്ഗം നിഷ്ക്കരുണം ഹോമിക്കപ്പെടുന്നതറിയാതെ നിഷ്ക്രിയരായി, വിമോഹിതരായി കഴിയുന്നു. കൃത്രിമമായ ഈ മായിക, മാധ്യമ പ്രപഞ്ചത്തിൽ നിന്നും സ്ത്രീ പുറത്തുവരികയും, തങ്ങളുടെ നൈസർഗീക ശക്തിയെ സംഭരിച്ച് സംഘടിച്ച് സമൂഹത്തിലെ ദുഷ്ടതയ്ക്കും, ജീർണ്ണതയ്ക്കുമെതിരെ ഒന്നായി നിന്നു പൊരുതാൻ തയ്യാറാവണം. അങ്ങനെ അവളുടെ യഥാർത്ഥമായ വ്യക്തിപ്രഭാവം സമൂഹത്തിനു പ്രകടമാക്കുകയും, സമൂഹത്തിലെ ഉയർന്ന നേതൃത്വം സ്ത്രീയുടെ കൈകളിലാവുകയും വേണം.

വനിതകളുടെ വ്യക്തിത്വ വികസനത്തിനുവേണ്ടി കായിക പരിശീലനം, കലാകായാമ്പുകൾ - സംഗീതം, ചിത്രകല, തിയേറ്റർ, നൃത്തം, നാടൻ കലകൾ, സാഹിത്യ ക്യാമ്പുകൾ - കഥകൾ, കവിത, സാംസ്കാരിക ചർച്ചകൾ, വായനോൽസവങ്ങൾ, വാഹനങ്ങൾ സ്വതന്ത്രമായി കൈകാര്യം ചെയ്യുവാൻ കഴിവുണ്ടാകുംവിധം ഡ്രൈവിംഗ് പരിശീലനം, ഊർജ്ജ സംരക്ഷണത്തിനും, പുകയിൽ നിന്നുള്ള മോചനത്തിനും വേണ്ടി പുകയില്ലാത്ത, ദക്ഷത കൂടിയ വിറകടുപ്പുകളുടെ വ്യാപനം തുടങ്ങിയ പ്രവർത്തനങ്ങൾ ആവർത്തന സ്വഭാവത്തിൽ നടത്തണം.

ചുരുക്കിപ്പറഞ്ഞാൽ അധികാരം ജനങ്ങളിലേക്കെത്തിക്കുന്ന ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ നെടുംതൂണായി പ്രവർത്തിക്കാൻ കഴിവുള്ള മനുഷ്യവിഭവ ശേഷിയുടെ 50 ശതമാനത്തിലേറെ വരുന്ന ഗ്രാമീണ സ്ത്രീകളെ അവഗണിച്ചുള്ള ആസൂത്രണം ഒരു കാലിനു മുടന്തുള്ളതുപോലെ വികലമായിരിക്കും. 33 ശതമാനം സംവരണത്തിന്റെ ബലത്തിൽ ജനപ്രതിനിധികളായി വന്ന വനിതകളെ വേണ്ടത്ര പരിശീലനം നൽകി, അവരിലെ കഴിവുകൾ പൂർണ്ണമായും ജനങ്ങൾക്കും പഞ്ചായത്തിനും പ്രയോജനകരമാവത്തക്ക രീതിയിൽ ഉപയോഗിക്കാൻ കഴിയണം. വിദ്യാഭ്യാസം, ആരോഗ്യം, കൃഷി, മൃഗസംരക്ഷണം, വ്യവസായം, സഹകരണം, സംസ്ക്കാരം തുടങ്ങിയ വികസനത്തിന്റെ എല്ലാ മേഖലകളിലും നമ്മുടെ ഗ്രാമീണ വനിതകൾക്ക് നിർണ്ണായക പങ്കുവഹിക്കാൻ കഴിയും എന്നത് നിസ്തർക്കമാണ്.

വനിതകളുടെ ഭാഗത്തുനിന്ന് ജനകീയാസൂത്രണത്തെ നോക്കിക്കാണുമ്പോൾ അടി

സ്ഥാനപരമായി ഒന്നുണ്ട്. മനുഷ്യസമൂഹത്തിന് പ്രകൃതി നൽകിയ നിയമമനുസരിച്ച് എല്ലാവരും സ്വതന്ത്രരും, സഹോദരരും, സമന്മാരുമാണ്. ലിംഗഭേദങ്ങൾ പരസ്പരപൂരകവും. മാറ്റം എപ്പോഴും അനിവാര്യമാണ്. സ്വാധീനിക്കപ്പെടുന്ന ആശയങ്ങൾ, ബോംബിനേക്കാൾ ശക്തിയേറിയ സ്പോടക വസ്തുക്കളായി മാറുന്നു എന്നത് ചരിത്രത്തിലെ അനിഷേധ്യ വസ്തുതയാണ്. ശുഭാപ്തി വിശ്വാസത്തോടെ പറയട്ടെ, ഭാവി ഒരു ദാനമല്ല, നേട്ടമാണ്. ഓരോ തലമുറയും അതിന്റെ ഭാവി നിർമ്മിക്കുന്നു. ഭാവി, വർത്തമാനകാലത്തോടുള്ള വെല്ലുവിളിയാണ്.

"അടുക്കള പുകക്കുടുക്കയിൽ കുടുങ്ങി
വെന്തുരുകി നീറിടുന്ന സോദരിമാരെ..
നനഞ്ഞു വീർത്ത കൺതുടച്ചുയർത്തെഴു
ന്നേല്ക്കുവാൻ നമുക്ക് നേരമായ്... നേരമായ്..."

10 സഹകരണ മേഘല



വികേന്ദ്രീകരണത്തിനു ഇടത്തട്ടുകാരുടെ അനിയന്ത്രിതമായ ചൂഷണത്തിനുമുള്ള പ്രതിവിധിയായി വിഭാവനം ചെയ്യപ്പെട്ട ഒരു സംഘടനാ സംവിധാനമാണ് സഹകരണപ്രസ്ഥാനം കൈത്തറിയിൽ അഖിലേന്ത്യാ ആസൂത്രണത്തിന്റെ ഭാഗമായും കയർ വ്യാവസായത്തിൽ അറുപതുകളുടെ അവസാനം രൂപംകൊണ്ട പുനഃസംഘടനാസ്ക്കീമിനു ശേഷവും ബീഡി വ്യവസായത്തിൽ ദിനേശ് ബീഡിയുടെ ആവിർഭാവത്തോടെയും സഹകരണമേഖല ഒരടിസ്ഥാനവ്യവസായികസംഘടനാ രൂപമായിത്തീർന്നു. പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിന് സഹകരണാടിസ്ഥാനത്തിലുള്ള വ്യവസായ പുനഃസംഘടന അത്യന്താപേക്ഷിതമാണ്.

മറവന്തുരുത്ത് പഞ്ചായത്തിൽ ഈ നൂറ്റാണ്ടിന്റെ ആദ്യകാലത്ത് തന്നെ സഹകരണമേഖലയെക്കുറിച്ച് ചിന്തിച്ചിരുന്നു എന്നുള്ളതിന് തെളിവാണ് മറവന്തുരുത്ത് 121-ാംനമ്പർ സഹകരണസംഘത്തിന്റെ രൂപീകരണം. കൊല്ലവർഷം 1095 മീനമാസം 20-ാം തീയതിയിലാണ് നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ സഹകരണസംഘം എന്ന ഖ്യാതി നേടിയിട്ടുള്ള ഈ സംഘം രജിസ്റ്റർ ചെയ്തത്. അതിനുമുമ്പ് N.S.S. സഹകരണസംഘം എന്ന പേരിലായിരുന്നു ഇത് പ്രവർത്തിച്ചുവന്നിരുന്നത്. പഞ്ചായത്തുരൂപീകരണത്തിനുമുമ്പുണ്ടായിരുന്ന ഗ്രാമോദ്ധാരണ സമിതിയുടെ ആഭിമുഖ്യത്തിൽ വിവിധോദ്ദേശ സഹകരണ സംഘം എന്ന ലക്ഷ്യത്തിൽ ആരംഭിക്കുവാൻ തീരുമാനിക്കുകയും അതനുസരിച്ച് 1-6-1949 ൽ 2968-ാം നമ്പർ മറവന്തുരുത്ത് ഗ്രാമോദ്ധാരണ കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന പേരിൽ ഉത്ഘാടനം ചെയ്യപ്പെടുകയും ചെയ്തു. പഞ്ചായത്തു നിലവിൽ വന്നതോടെ ഇതിന്റെ പ്രാധാന്യം നഷ്ടപ്പെടുകയും ചെയ്തു. 1956 മാർച്ച് 18 നു കുലശേഖരമംഗലത്ത് 3850-ാം നമ്പർ സഹകരണബാങ്ക് നിലവിൽവന്നു. ഇതേസമയത്ത് നമ്മുടെ പഞ്ചായത്തിലേയും ചെമ്പിലേയും ഏതാനും ഉപഭോക്താക്കൾ ചേർന്ന് രൂപീകരിച്ച കയർ വ്യവസായസഹകരണസംഘം 1956 ലും നിലവിൽ വന്നു. പിന്നീടങ്ങോട്ടുള്ള കാലഘട്ടങ്ങളിലായി വിവിധ കയർ സംഘങ്ങൾ, കൈത്തറിസംഘങ്ങൾ, ക്ഷീരോൽപ്പന്ന സഹകരണസംഘങ്ങൾ, സ്ക്കൂൾ സംഘങ്ങൾ,

പട്ടിക 10.1 സഹകരണ സംഘങ്ങളുടെ വിവരം

പേര്	സ്ഥാപിച്ച വർഷം	ജീവനക്കാർ	ഓഹരി മൂലധനം	വാർഷിക ടേൺ ഓവർ	അംഗങ്ങളുടെ എണ്ണം	ലാഭം/നഷ്ടം	പ്രവർത്തന പരിധി
SCB 121 ഇടവട്ടം	1919	9	1725840	..	5699	..	1 വാർഡ് 5 വരെ
SCB 3850 KS മംഗലം	1956	6	1000000	..	..	..	6,7,8,9,10വാർഡ്
CVCS K 572 തുരുത്തുമ്മ	1977	2	1000000	..	803	നഷ്ടം	10-ാം വാർഡ്
CVCS K 432 KSമംഗലം	1966	2	1000000	..	798	നഷ്ടം	5,6,7,8 വാർഡ്
CVCS K569 ചൂരം	1977	3	1000000	..	924	നഷ്ടം	1,2,3 വാർഡ്
CVCS K 676 പാലാംകടവ്	1979	2	1000000	..	770	നഷ്ടം	2,3 വാർഡ്
CVCS K 573 ചെമ്മനാക്കരി	1977	3	1000000	..	1204	നഷ്ടം	8-ാംവാർഡ്
APCOS K 85(D) KS മംഗലം	1984	3	5480	..	548	നഷ്ടം	6,7,8 ഉം 10,5 ഭാഗികം
APCOS K 43 (D) പാലാംകടവ്	1977	3	4650	..	405	നഷ്ടം	2,3,4 ഉം 1,5 ഭാഗികം
KHWCS 3504 KS മംഗലം	1955	2	25 ലക്ഷം	..	280	ലാഭം	മുഴുവൻവാർഡ്
KS മംഗലം HS Co-op-87	1959	..	5968	..	1421	ലാഭം	
മറവൻതുരുത്ത് G.UPS Co-op-K642	1977	..	2889	..	1595	ലാഭം	
CVCS 3056 ചെമ്പ്	1950	3	1000000	..	1209	നഷ്ടം	വൈക്കം മുഴുവൻ

അവലംബം :- ദ്വിതീയ വിവരശേഖരണ സർവ്വേ

തഴപ്പായ് സഹകരണസംഘം കൂടാതെ കെട്ടുതെങ്ങു സംഘങ്ങൾ എന്നിങ്ങനെ വിവിധ സഹകരണസംഘങ്ങൾ പഞ്ചായത്തിന്റെ പലഭാഗങ്ങളിലായി രൂപംകൊണ്ടു.

സ്വാതന്ത്ര്യത്തിനു മുമ്പുതന്നെ സഹകരണസംഘം ഉണ്ടായിരുന്നുവെങ്കിലും സ്വാതന്ത്ര്യത്തിനു ശേഷം 1950 - 60 കാലഘട്ടത്തിലാണ് സഹകരണസംഘങ്ങൾ കൂടുതൽ രൂപംകൊണ്ടത്. അതിനുശേഷം 1970-80 കാലഘട്ടങ്ങളിലും ഇതു പോലൊരു മുന്നേറ്റം നമ്മുടെ പഞ്ചായത്തിൽ ഉണ്ടായി. സ്വതന്ത്ര്യാനന്തരമുണ്ടായ ബഹുജനപ്രസ്ഥാനങ്ങളുടെ താൽപ്പര്യമാണ് ഈ വിധത്തിലുള്ള സഹകരണ സംഘങ്ങളുടെ രൂപീകരണത്തിനും വഴി തെളിച്ചത്.

സഹകരണ സംഘങ്ങളുടെ ഇന്നത്തെ അവസ്ഥ

കാർഷികമേഖലയിൽ കുലശേഖരമംഗലം സർവ്വീസ് സഹകരണ ബാങ്കും ഇടവട്ടം സർവ്വീസ് സഹകരണബാങ്കും സാമാന്യം ഭേദപ്പെട്ടനിലയിൽത്തന്നെ പ്രവർത്തിക്കുന്നവയാണ്. മറവന്തുരുത്ത് പഞ്ചായത്തിലെ മുഴുവൻ പഞ്ചായത്തിലും ഈ രണ്ടു ബാങ്കുകളുടേയും സേവനംലഭിക്കുന്നുണ്ട്. ഇടവട്ടം സഹകരണ സംഘത്തിന്റെ ഒരു ശാഖ മറവൻതുരുത്ത് വാളമ്പള്ളിൽ പ്രവർത്തിക്കുന്നുണ്ട്. കൃഷിയ്ക്കുവേണ്ടിയുള്ള വിവധവായ്പകൾ, വിവാഹം, കച്ചവടം തുടങ്ങിയ വായ്പകൾ, വ്യവസായം, ഭവനനിർമ്മാണം കക്കൂസ് നിർമ്മാണം ഇങ്ങനെ

വിവിധതരത്തിലുള്ള വായ്പകൾ ഈ സംഘത്തിൽനിന്നും വിതരണം ചെയ്യുന്നുണ്ട്. കൂടാതെ, വെള്ളം, കീടനാശിനികൾ, മാവേലിസ്റ്റോറുകൾ, ചിട്ടികൾ, കെട്ടുതെങ്ങുസംഘം തുടങ്ങി മറ്റു ചില പ്രവർത്തനങ്ങൾകൂടി സംഘത്തിന്റെ ഉത്തരവാദിത്വത്തിൽ നടത്തുന്നുണ്ട്. കുലശേഖരമംഗലം സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും കാർഷിക വായ്പയും മധ്യകാലവായ്പയും മറ്റു വായ്പകളായ ഭവനപുനരുദ്ധാരണം, വിവാഹം, IRDP എന്നീ ഇനങ്ങളിൽ വിതരണം ചെയ്യുന്നുണ്ട്. കൂടാതെ ചിട്ടികൾ, വളം, കീടനാശിനി, ഓണച്ചന്ത, സ്വർണപണയം തുടങ്ങിയ പ്രവർത്തനങ്ങളും ഇപ്പോൾ നിലവിലുണ്ട്. ഈ രണ്ടു സഹകരണ സംഘങ്ങൾ യുവജനങ്ങളിൽ കാർഷികാവൃദ്ധി തുടങ്ങുവാൻ സഹായിക്കുന്നതരത്തിലുള്ള വായ്പകളും മറ്റും വിതരണംചെയ്യേണ്ടതാണ്.

മറവൻതുരുത്തിലെ അഞ്ച് കയർ വ്യവസായസഹകരണ സംഘങ്ങളും ലാഭംലക്ഷ്യമാക്കി പ്രവർത്തിക്കുന്നവയാണ്. ചുങ്കം, പാലാംകടവ്, കുലശേഖരമംഗലം, ചെമ്മനാകരി, തുരുത്തുമ്മ എന്നീ അഞ്ചു കയർ സംഘങ്ങളും കൂടുതൽ പ്രാവർത്തനങ്ങളിലൂടെ ജനങ്ങളുടെ വിശ്വാസ്യത നേടണം. കയർ മേഖല ഇന്ന് അനുഭവിക്കുന്ന ശോചനീയാവസ്ഥയ്ക്കു പരിഹാരം കണ്ടെത്തേണ്ടതാണ്. കയറുൽപ്പന്നങ്ങൾ വ്യാപകമാക്കിയും കയറുകൊണ്ടുണ്ടാക്കാവുന്ന മറ്റുൽപ്പന്നങ്ങളുടെ സാധ്യതകൾ വിനിയോഗിക്കുകയും ചെയ്താൽ ഈ മേഖല രക്ഷപെടാൻ സാധ്യതയുണ്ട്. വൈക്കം താലൂക്ക് മൊത്തത്തിൽ 600 നു മേൽ അംഗങ്ങളുള്ള വൈക്കം താലൂക്ക് കയർ വ്യവസായസഹകരണ സംഘത്തിന്റെ പ്രധാനപ്രവർത്തനങ്ങൾ തോണ്ട് സംഭരിക്കുകയും അംഗങ്ങൾക്ക് കൊടുക്കുകയും അവയിൽനിന്ന് കയർ ശേഖരിച്ച് കയർ ഫെഡ് വഴി വിൽപ്പനടത്തുകയും ചെയ്യുന്നു.

· കുലശേഖരമംഗലം, പാലാംകടവ് എന്നിവിടങ്ങളിലായി രണ്ടു ക്ഷീരോൽപ്പാദക സംഘങ്ങളുണ്ട്. പാലാംകടവിലെ സംഘത്തിന്റെ പരിധി മറവൻതുരുത്ത് പഞ്ചായത്തിലെ 2,3,4 വാർഡിലും 1,5 എന്നീ വാർഡിന്റെ ഭാഗികപ്രദേശവുമടങ്ങിയതാണ്. കുലശേഖരമംഗലം ക്ഷീരോൽപ്പാദക സഹകരണസംഘത്തിന്റെ പരിധി 6,7,8 എന്നീ വാർഡുകളും 1,10,5 എന്നവയുടെ ഭാഗികവും പ്രദേശവുമടങ്ങിയതാണ്. ഈ രണ്ടു സംഘങ്ങളിൽ നിന്നുമായി 675 ലിറ്റർ പാൽ ശേഖരിക്കുന്നുണ്ട്. ഉൽപ്പാദകനുവേണ്ടത്ര ആദായം കിട്ടാത്തിടത്തോളംകാലം ഈ സംഘങ്ങളോടുള്ള താത്പര്യം വർദ്ധിക്കാൻ പോണില്ല.

ഈ പഞ്ചായത്തിലുള്ള ഏക കൈത്തറി സഹകരണസംഘം 1955 ൽ ആണ് നിലവിൽ വന്നത്. 25 ലക്ഷം ഓഹരി മൂലധനമുള്ള ഈ സംഘം നേരിട്ടുള്ള വായ്പകൾ ഒന്നും കൊടുക്കുന്നില്ല. സർക്കാർ ആനുകൂല്യങ്ങൾ വാങ്ങി അംഗങ്ങൾക്കു കൊടുക്കുന്ന ഒരു സംഘമായി പ്രവർത്തിക്കുന്നു. കൈത്തറി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുകയും ഇതിന്റെ വിപണി കണ്ടെത്തുവാനുള്ള പ്രവർത്തനം ജനകീയതലത്തിൽ ഉണ്ടായാൽ ഈ രംഗത്തെ ഇന്നുള്ള മാന്ദ്യം മാറ്റാവുന്നതാണ്.

തഴപ്പായ വ്യവസായത്തിനു സാധ്യത കൂടുതലുള്ള നമ്മുടെ പഞ്ചായത്തിൽ കടുക്കരയിൽ ഉള്ള ഒരു തഴപ്പായ സഹകരണസംഘം രൂപംകൊണ്ടിട്ട്

നാളേറെയായെങ്കിലും ഇതിന്റെ പ്രവർത്തനം ഒട്ടും തൃപ്തികരമല്ല. മുഴുവൻ ജനങ്ങൾക്കും പ്രയോജനകരമാകുന്നതരത്തിൽ ഭൗതികസാഹചര്യങ്ങൾ വേണ്ടത്ര ഉണ്ടാക്കി ഇതിന്റെ പ്രവർത്തനം ജനകീയമാക്കിയാൽ ഈ മേഖല ഊർജിതമാക്കാൻ സാധിക്കും.

നമ്മുടെ പഞ്ചായത്തിൽ രണ്ടു സ്ക്കൂൾ സൊസൈറ്റികൾ നിലവിലുണ്ട്. കുലശേഖരമംഗലം ഹൈസ്ക്കൂൾ കേന്ദ്രമാക്കിയുള്ള സൊസൈറ്റി 1959 ലാണ് നിലവിൽ വന്നത്. മറവൻതുരുത്ത് ഗവ:യു.പി. സ്ക്കൂൾ കേന്ദ്രമാക്കിയുള്ള സൊസൈറ്റി നിലവിൽ വന്നത് 1977 ലും. വിദ്യാലയത്തിലെ കുട്ടികൾക്കും മുഴുവൻ പേർക്കും ഗുണകരമാകുന്ന തരത്തിലേക്ക് ഉയർത്തിക്കൊണ്ടുവരേണ്ടതാണ്.

പഞ്ചായത്തിൽ വിവിധ വാർഡുകളിലായി 50 ഓളം തെങ്ങു സംഘങ്ങളുണ്ട്. ഇവയെ പഞ്ചായത്തുതലത്തിൽ ഏകോപിക്കുകയും അതുവഴി ഗുണഭോക്താക്കൾക്കു പ്രയോജനമുള്ളതാക്കുകയും ചെയ്യണം.

നമ്മുടെ പഞ്ചായത്തിൽ ഇനിയും സഹകരണ സംഘങ്ങൾക്കു സാധ്യതയുണ്ട്.

പട്ടിക **10-2** സഹകരണ സംഘത്തിലെ വായ്പ സംബന്ധിച്ചകണക്ക്.

ഇനം	SCB 121 ഇടവട്ടം	SCB 3850 KS മംഗലം
കാർഷിക വായ്പ കൊടുത്തത്	3550531	2793029
തിരിച്ചടച്ചത്	2587094	1953064
കുടിശിക	963437	943119
കാർഷികേതര വായ്പ കൊടുത്തത്	16440100	6722177
തിരിച്ചടച്ചത്	14030371	4869013
കുടിശിക	2309720	1853164

അവലംബം :- ദ്വിതീയ വിവരശേഖരണം

പടിഞ്ഞാറൻ മേഖലയിൽ കക്കാ വ്യവസായ സഹായ സഹകരണ സംഘം, മത്സ്യസഹകരണസംഘം, നാളികേര സഹായസഹകരണ സംഘം തുടങ്ങിയ സഹകരണ സംഘത്തെക്കുറിച്ചുള്ള ഗ്രാമസഭാ ചർച്ചകളെ ഗൗരവമായി കാണേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിലെ സർവ്വീസ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ ജനങ്ങൾക്കു ഗുണകരമാക്കേണ്ടതാണ്. എടുത്തിട്ടുള്ള വായ്പ തിരിച്ചടക്കാതെയിരുന്നാൽ ബാങ്കുകൾ നിലനിൽക്കുമോ എന്ന കാര്യം ഗൗരവമായി ചർച്ച ചെയ്യണം. അതിനുവേണ്ടി സംഘത്തിലെ ഭരണസമിതിക്കാരുടെ നേതൃത്വത്തിൽ ജനകീയ സമിതി ഉണ്ടാക്കുകയും ചെയ്യണം. കൂടാതെ

ബാങ്കിന്റെ പ്രവർത്തനവും വായ്പയും തുടങ്ങിയ കാര്യങ്ങളിലും ഒരു സുതാര്യത വച്ചുപുലർത്തുകയും ചെയ്തേ മതിയാവൂ. നമ്മുടെ ബാങ്കുകളിലെ കടത്തെക്കുറിച്ചും വായ്പയെക്കുറിച്ചും ഒരു ചെറിയ ചിത്രത്തിലൂടെ നമുക്ക് മനസ്സിലാക്കാം.

പഞ്ചായത്തിലെ മുഴുവൻ സഹാകരണ സംഘങ്ങളും ജനങ്ങൾക്കു ഗുണകരമാകത്ത ക്കവണ്ണം പ്രായോജനപ്പെടുത്തേണ്ടത് നമ്മുടെ ആവശ്യമാണ്. അതിനുസഹായമാകുന്ന തര ത്തിലുള്ള ജനകീയ ഇടപെടലുകളോടെ സഹ കരണരംഗം മെച്ചമാക്കേണ്ടതാണ്. കൂടാതെ ഭ രണ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാ ക്കുകയും ഭരണസമിതികളിൽ സ്ത്രീകളുടെ പ്രാതി നിധ്യം ഉറപ്പാക്കുകയും വേണം.

പ്രശ്നങ്ങൾ

1. മാനേജ്മെന്റിന്റെ കാര്യക്ഷമതയില്ലായ്മ
2. സഹകരണരംഗത്ത് പങ്കാളിത്തമില്ലായ്മ
3. കയർത്തൊഴിലാളികൾക്ക് ആനുകൂല്യം യഥാസമയം കിട്ടുന്നില്ല.
4. അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്.
5. ഉൽപ്പന്നങ്ങളുടെ യഥാർത്ഥ വിലകിട്ടുന്നില്ല.
6. സഹകരണസംഘത്തെക്കുറിച്ചുള്ള അജ്ഞത.
7. കയർ കൂടുതൽ വിറ്റഴിയാതെകിടക്കുന്നു.
8. പാലുൽപ്പാദന രംഗം നഷ്ടമാണ്.
9. കെട്ടുതെങ്ങു സംഘങ്ങൾ ആവശ്യത്തിലധികം പെരുകുന്നു.
10. ഇറച്ചിക്കോഴിക്ക് വേണ്ടത്ര വില കിട്ടുന്നില്ല.
11. ചെമ്മനാകരിയിലുള്ള പ്രവർത്തകർക്ക് scb 3850 ന്റെ സേവനം നന്നായി ലഭിക്കുന്നില്ല.
12. കക്കാ, കക്കയിറച്ചി, ചെമ്മീൻ എന്നിവ ധാരാളം കിട്ടുന്നു
13. വിവിധ വാർഡുകളിൽ തഴ ധാരാളമുണ്ട്.
14. പച്ചക്കറികൃഷിക്കാർക്ക് യഥാർത്ഥവില ലഭിക്കുന്നില്ല.

നിർദ്ദേശങ്ങൾ


1. സഹകരണ സംഘങ്ങൾ കൂടുതൽ ജന കീയമാക്കുക.
2. സഹകരണ ബാങ്കിലെ വാർത്തകൾ യഥാ സമയം ജനങ്ങളെ അറിയിക്കുന്നതിന് വാർത്താബോർഡ് സ്ഥാപിക്കുക.
3. കയർത്തൊഴിലാളി പെൻഷനും മറ്റും പഞ്ചാ യത്തുവഴിയാക്കുക
4. അസംസ്കൃത വസ്തുക്കൾ നാട്ടിൽ നിന്നും ശേഖരിച്ച് പൊതുവായി വിതരണം ചെയ്യാൻ സൊസൈറ്റികൾ സ്ഥാപിക്കുക.
5. ഉൽപ്പന്നങ്ങൾ ശേഖരിക്കുകയും, വിറ്റഴി ക്കുവാനുള്ള സഹകരണ സംഘം ഉണ്ടാക്കുക.
6. സംഘാംഗങ്ങൾക്ക് ബോധവൽക്കരണ ക്ലാസ് നടത്തുക.
7. കയർ ഡോർഡ് മാറ്റ്സ് സെൻറർ ആരംഭിക്കുക.
8. ഉൽപ്പാദകന് യഥാർത്ഥവില ലഭ്യമാക്കുക.
9. പഞ്ചായത്തു മേൽനോട്ടത്തിൽ കെട്ടുതെങ്ങു സംഘങ്ങൾ പ്രവർത്തിക്കുകയും ഒരു കോ -ഓഡിനേഷൻ കമ്മിറ്റി ഉണ്ടാക്കുകയും ചെയ്യുക.
10. ഇറച്ചികൃഷി സഹകരണ സംഘം തുടങ്ങുക.
11. സഹകരണ സംഘത്തിന്റെ സേവനം ലഭിക്കാൻ കാലതാമസമുള്ള വാർഡുകളിൽ ശാഖകൾ ആരംഭിക്കുക.
12. പടിഞ്ഞാറൻ മേഖലയിൽ കക്കാസംഭരണകേ ന്ദ്രവും സഹകരണസംഘവും രൂപീകരിക്കുക.
13. താഴപ്പായ് സഹകരണസംഘം കാര്യക്ഷമ മാക്കുക.
14. പച്ചക്കറി ശേഖരണ സഹകരണകേന്ദ്രം സ്ഥാപിക്കുക.

15. ചെറുകിട വ്യവസായ യൂണിറ്റുകൾ രൂപീകരിക്കുക.
16 വനിതകളുടെ നേതൃത്വത്തിൽ സോപ്പ്, മെഴുകുതിരി സംഘങ്ങൾ രൂപീകരിക്കുക. (3-ാം വാർഡിൽ)
17. ഒരു തയ്യൽ റെഡിമെയ്ഡ് സഹകരണ സംഘം രൂപീകരിക്കുക.
18. ഗ്രൂപ്പ് ഫാമിംഗ് സൊസൈറ്റിയുടെ പ്രവർത്തനം ശക്തമാക്കുക.
19. ഒരു മൾട്ടിപർപ്പസ് സൊസൈറ്റി രൂപീകരിക്കുക.
20. തേനീച്ചവളർത്തൽ പ്രോത്സാഹിപ്പിച്ച് സഹകരണ സംഘം രജിസ്റ്റർ ചെയ്യുക.
21. കയർ തൊഴിലാളിക്കുള്ള അനുകൂല്യങ്ങൾ കിട്ടുന്നതിനുള്ള കാലതാമസം ഒഴിവാക്കുക.
22. നിലവിലുള്ള ക്ഷീരസംഘങ്ങളുടെ സേവനം മറ്റു വാർഡുകളിൽ കിട്ടുകയോ പുതിയ സംഘം രൂപീകരിക്കുകയോ ചെയ്യുക.
23. കർഷക സംഘങ്ങൾ രൂപീകരിക്കുക.
24. ക്ഷീരോൽപ്പാദന സംഘത്തിലൂടെ പശുക്കളെ വിതരണം ചെയ്യുക.
25. സഹകരണാടിസ്ഥാനത്തിൽ, തയ്യൽ പരിശീലനകേന്ദ്രം, പ്ലാസ്റ്റിക് ബാഗ് നിർമ്മാണം എന്നവയ്ക്ക് മുൻഗണന നൽകുക.
26. ജനസംഖ്യയുടെ അനുപാതത്തിൽ പഞ്ചായത്തിലെ വിഭവങ്ങളെ വീതിക്കുക. (viii-ാം വാർഡു ഗ്രാമസഭാ നിർദ്ദേശം)

മനുഷ്യൻ ഒരു വ്യക്തിയെന്ന നിലയ്ക്ക്
ഒറ്റപ്പെട്ടുനിൽക്കുന്നിടത്ത് പരസ്പരം സഹകരണം
ഗാഢമല്ലാത്തേടത്ത് കാടത്തം മാത്രമേ ഉണ്ടാവൂ

— ടാഗോർ —

11 പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം



"സാമ്പത്തികമായി അടിമകളും സാമൂഹ്യമായി കുഷ്ഠരോഗികളും" എന്ന് മഹാത്മാഗാന്ധി വിശേഷിപ്പിച്ച പട്ടികജാതി – പട്ടിക വർഗ്ഗ ജനവിഭാഗം ഒരു കാലഘട്ടം മുഴുവൻ അജ്ഞതയുടെയും പരാശ്രയത്തിന്റെയും അടിമത്തത്തിലാണ്ടു കിടക്കുകയായിരുന്നു. നൂറ്റാണ്ടുകളോളം ജന്മി നാടുവാഴിത്തത്തിന്റെ കീഴിൽ ചൂഷണത്തിനും മർദ്ദനത്തിനും വിധേയമായി മൃഗതുല്ല്യരായി കഴിഞ്ഞിരുന്നു എന്നു പറഞ്ഞാൽ അതിശയോക്തിക്കു സ്ഥാനമില്ല. ജന്മിയുടെ ഭൂമിയിൽ, അവനു വേണ്ടി, തന്റെ ചോരയും വിയർപ്പും കണ്ണീരുമൊഴുക്കി വിഭവങ്ങൾ ഉല്പാദിപ്പിക്കുകയും അവർ സമ്പന്നരാക്കുകയും എല്ലാറ്റിന്റെയും ഉടമകൾ ചെയ്തപ്പോൾ യാതൊന്നിന്റെയും ഉടമകളല്ലാതെ യാതൊന്നും സ്വന്തമായില്ലാതെ, തലചായ്ക്കാനിടം പോലുമില്ലാതെ പട്ടികജാതി – വർഗ്ഗ ജനത പിൻതള്ളപ്പെട്ടു പോവുകയാണുണ്ടായത്.

ദേശീയ–നവോദ്ധാന പ്രസ്ഥാനങ്ങളുടെ ആവിർഭാവം ഈ ജനവിഭാഗത്തിലും ചലനങ്ങളുണ്ടാക്കി. അജ്ഞതയുടെ ഇരുളിലാണ്ടു കിടന്ന ഒരു ജനവിഭാഗത്തെ സമത്വ – സ്വാതന്ത്ര്യ പ്രതീക്ഷയുടെ നെയ്ത്തിരി വെളിച്ചത്തിൽ സംഘബോധമുള്ളവരാക്കാൻ പ്രചോദനം നൽകിയ ശ്രീ. അയ്യൻകാളി, ഡോ. അംബേദ്കർ, ജോൺ ജോസഫ്, ശ്രീനാരായണ ഗുരു എന്നീ സാമൂഹ്യ പരിഷ്കർത്താക്കളുടെ സഹായത്തോടെ എണ്ണമറ്റ പോരാട്ടങ്ങളുടെയും ചെറുത്തു നില്പിന്റെയും ഫലമായാണ് ഈ വിഭാഗത്തിനു എത്തിപ്പെടാൻ കഴിഞ്ഞിട്ടുള്ളത്.

91–ലെ കാനേഷുമാരി പ്രകാരം പഞ്ചായത്തിലെ പട്ടികജാതി – പട്ടികവർഗ്ഗ ജനസംഖ്യ 10.1 ശതമാനമാണ്. ആകെ 411 വീടുകളുള്ളതിൽ പട്ടികജാതി വിഭാഗത്തിന്റെ 403 വീടുകളിലായി 922 പുരുഷന്മാരും 1032 സ്ത്രീകളും പട്ടികവർഗ്ഗവിഭാഗത്തിന്റെ 8 വീടുകളിൽ 22 പുരുഷന്മാരും 19 സ്ത്രീകളും താമസിക്കുന്നു. ആകെ 2065 അംഗങ്ങൾ

ഇവരിൽ ഭൂരിഭാഗവും കോളനിയിലോ കുടികിടപ്പുകളിലോ താമസിക്കുന്നവരാണ്. സാമൂഹ്യ–സാമ്പത്തിക മേഖലകളിൽ ഇനിയും വേണ്ടത്ര പുരോഗതി കൈവരിക്കാൻ ഈ വിഭാഗത്തിനു കഴിഞ്ഞിട്ടില്ല. കുറഞ്ഞ വിദ്യാഭ്യാസം നേടി ഉദ്യോഗം ലഭിച്ചിട്ടുള്ള അപൂർവ്വം ചിലരൊഴിച്ചാൽ ഭൂരിഭാഗവും കൂലിവേല ചെയ്തു ഉപജീവനം കഴിക്കുന്നവരാണ്. നിരവധി കാലം ചൂഷണത്തിനു വിധേയരായിരുന്ന പട്ടികജാതി – പട്ടികവർഗ്ഗ സമുദായങ്ങളിലുൾപ്പെട്ടവർക്ക് ഐ. ആർ. ഡി. പി., ആർ.എൽ.ഇ.ജി.പി. പോലുള്ള പദ്ധതി സഹായം ഒരു പരിധിവരെ പുരോഗമനത്തിനുപകരിച്ചിട്ടുണ്ട്. എങ്കിലും, മുൻകാലങ്ങളിൽ നിന്നും അസമത്വങ്ങളിൽ നിന്നും ഇനിയും മോചനം നേടാൻ കഴിഞ്ഞിട്ടില്ല എന്നത് ഖേദകരമാണ്.

പട്ടികജാതി – പട്ടിക വർഗ്ഗ വിഭാഗത്തിന്റെ പുരോഗതിക്കായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കി വരുന്ന ചില പദ്ധതികളുടെയും യഥാർത്ഥ പ്രയോജനം ഈ വിഭാഗത്തിനു ലഭിക്കുന്നില്ല. പ്രചാരണത്തിന്റെ അഭാവവും, പദ്ധതികളെക്കുറിച്ച് വേണ്ടത്ര അറിവില്ലാ

യ്മയും, പ്രയാസമേറിയ നിബന്ധനകളും കൊണ്ടു യഥാർത്ഥ ഉപഭോക്താവിനെ അകറ്റി നിർത്തുന്നതുകൊണ്ട് പദ്ധതികൾ വിജയം കൈവരിക്കാതെ; വികസനത്തിനായി നീക്കിവയ്ക്കപ്പെടുന്ന വിഹിതത്തിൽ ഏറിയപങ്കും ഇടനിലക്കാർ തട്ടിയെടുക്കുകയോ, ലാപ്സായിപോകുകയോ ചെയ്യുന്നു. വിവിധ വകുപ്പുകളിലൂടെ ലഭിക്കുന്ന ഗ്രാൻറുകൾ വിനിയോഗിച്ചുകൊണ്ട് ഭാഗീകമായ നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ ബാക്കി നിൽക്കുന്നു.

അവലോകനം

പട്ടികജാതി - വർഗ്ഗ കുടുംബങ്ങളിൽപ്പെട്ടവർ ഭൂരിഭാഗവും കാർഷിക മേഖലയിലും മൽസ്യബന്ധനത്തിലും പരമ്പരാഗത കൈത്തൊഴിലുകളിലും ഏർപ്പെട്ടു ഉപജീവനം കഴിക്കുന്നവരാണ്. അടുത്തകാലത്ത് കാർഷിക മേഖലയിൽ ഉണ്ടായ തകർച്ചയും പരമ്പരാഗത തൊഴിലുകൾക്കു വേണ്ടിയുള്ള അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും ഈ വിഭാഗങ്ങളുടെ തൊഴിൽ ലഭ്യത കുറയ്ക്കാൻ കാരണമായിട്ടുണ്ട്. അതുകൊണ്ട് ഈ വിഭാഗത്തിന് പുതിയ തൊഴിൽ സംരംഭങ്ങൾ തുടങ്ങുകയും തൊഴിൽ സാധ്യത ഉറപ്പുവരുത്തുകയും ചെയ്യേണ്ടതുണ്ട്.

ഈ വിഭാഗത്തിൽ പൊതുവെ വിദ്യാഭ്യാസം കുറവാണ്. സ്കൂളുകളിൽ കൊഴിഞ്ഞുപോകൽ നിലവിലുണ്ട്. വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്.

പാർപ്പിട പ്രശ്നം ഒരു പരിധിവരെ പരിഹരിക്കപ്പെട്ടിട്ടുണ്ട്. എങ്കിലും അടിസ്ഥാന സൗകര്യങ്ങൾ കോളനികളിലും പുറത്തും താമസിക്കുന്നവർക്ക് ലഭ്യമല്ല. പട്ടികജാതി - വർഗ്ഗ സങ്കേതങ്ങളിൽ വൈദ്യുതിയും കൂടി വെള്ളവും എത്തിക്കേണ്ടതുണ്ട്.

ജാതീയമായ ഉച്ച നീചത്വങ്ങൾ പഞ്ചായത്തിൽ ഇപ്പോഴും നിലനിൽക്കുന്നു. ഈ വിഭാഗത്തിൽപ്പെട്ടവരുടെ വിവാഹ - അടിയന്തര ആവശ്യങ്ങളിൽ മറ്റുള്ളവർ പങ്കെടുക്കുമെങ്കിലും ആഹാരം കഴിക്കാൻ വൈമുഖ്യം പ്രകടിപ്പിക്കാറുണ്ട്. കൂടാതെ മറ്റുള്ള സമുദായത്തിൽപ്പെട്ട 5 വയസ്സുകാരൻ 50 വയസുള്ള പട്ടികജാതി - വർഗ്ഗക്കാരനെ പേരിനു പിന്നിൽ ജാതി ചേർത്തു വിളിക്കുന്ന സമ്പ്രദായം ഇപ്പോഴും നിലനിൽക്കുന്നു. പഞ്ചായത്തിലുള്ള സാമൂഹ്യ - സാംസ്കാരിക - രാഷ്ട്രീയ സംഘടനകളിൽ വിരലിലെണ്ണാവുന്ന പട്ടികജാതി - വർഗ്ഗത്തിലുള്ളവർ പ്രവർത്തിക്കുന്നുണ്ടെങ്കിലും നേതൃസ്ഥാനത്ത് ആരും തന്നെയില്ല.

വിദ്യാഭ്യാസം

പട്ടികജാതി - വർഗ്ഗ വിഭാഗത്തിന് അല്പമെങ്കിലും പുരോഗതി നേടാനായിട്ടുള്ളത് വിദ്യാഭ്യാസ രംഗത്ത് മാത്രമാണ്. സർക്കാർ പല ആനുകൂല്യങ്ങളും നൽകുന്നുണ്ടെങ്കിലും യഥാസമയം ഫലപ്രദമായി ലഭിക്കുന്നില്ല. സ്കൂളിലും കോളേജുകളിലും പഠന നിലവാരത്തിൽ പിന്നിലായ വിദ്യാർത്ഥികൾക്ക് പ്രത്യേക ട്യൂഷൻ നൽകുന്നതിന് വേണ്ടി സർക്കാർ നൽകുന്ന ധനസഹായം വേണ്ട വിധത്തിൽ പ്രയോജനപ്പെടുന്നില്ല.

1995-96 അധ്യയന വർഷത്തിൽ ഈ വിഭാഗത്തിൽ മൊത്തം 106 ആൺകുട്ടികളും 119 പെൺകുട്ടികളും പഠിക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ വിവരം പട്ടിക ചേർക്കുന്നു. ഈ വിഭാഗത്തിലെ ഭൂരിഭാഗം വിദ്യാർത്ഥികളും എസ്. എസ്. എൽ. സി. കഴിഞ്ഞ് പഠനം നിർത്തുന്നു. ഈ അവസ്ഥ മാറ്റി എടുക്കേണ്ടതുണ്ട്. ഇന്നത്തെ അധ്യയന സമ്പ്രദായത്തിലും അധ്യാപക വിദ്യാർത്ഥി ബന്ധത്തിലും സമൂലമായ മാറ്റം വരുത്തിയെങ്കിലേ ഈ പ്രശ്നം പരിഹരിക്കപ്പെടുകയുള്ളൂ. ഈ വിഭാഗത്തിലുള്ള

പട്ടിക: 11.1 വിദ്യാർഥികളുടെ വിവരം

	LP		UP			HS		
ആകെ	SC/ST	%	ആകെ	SC/ST	%	ആകെ	SC/ST	%
942	81	8.57	621	75	12.07	624	67	10.73

അവലംബം: ദ്വിതീയ വിവര ശേഖരണ സർവ്വേ

കുട്ടികൾക്ക് സ്വകാര്യ ട്യൂഷനുപോകാനുള്ള സാമ്പത്തിക ശേഷിയോ, രക്ഷകർത്താക്കളിൽ ഭൂരിഭാഗവും വിദ്യാഭ്യാസമില്ലാത്ത തൊഴിലാളികളോ ആയതുകൊണ്ട് കുട്ടികളുടെ പഠന കാര്യത്തിൽ ശ്രദ്ധിക്കാൻ സാധിക്കുന്നില്ല. ഈ വിഭാഗത്തിലുള്ള പഠന നിലവാരത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പ്രത്യേക പരിഗണന നൽകി മറ്റുള്ളവരോടൊപ്പം കൊണ്ടുവരേണ്ടതാണ്.

തൊഴിൽ

പട്ടികജാതി / വർഗ്ഗ വിഭാഗത്തിന്റെ പരമ്പരാഗതമായ തൊഴിൽ, കാർഷിക വൃത്തി, മൽസ്യബന്ധനം തഴപ്പായ് നെയ്ത്ത് എന്നിവയാണ്. ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ ഇന്ന് കടുത്ത പ്രതിസന്ധിയെ നേരിടുന്നു. കാർഷിക മേഖലയിലുണ്ടായ തകർച്ച, യന്ത്രവൽക്കരണം. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന മറ്റു സമുദായത്തിൽപ്പെട്ട തൊഴിലാളികളുടെ കടന്നുകയറ്റം എന്നിവ ഈ വിഭാഗങ്ങളുടെ തൊഴിൽ സാദ്ധ്യത കുറച്ചു. കൂടാതെ നിലം തരിശ് ഇടുന്നതും നികത്തുന്നതും തൊഴിലുകൾ കുറച്ചിട്ടുണ്ട്.

മൽസ്യങ്ങളുടെ വംശനാശവും രോഗങ്ങളും ഉൾനാടൻ മൽസ്യബന്ധനത്തേയും ബാധിച്ചു. പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം അനുഭവപ്പെടുന്നു. ഇവയെല്ലാം തൊഴിൽ നഷ്ടപ്പെടാനും തൊഴിൽ മാന്ദ്യം ഉണ്ടാകാനും കാരണമായി. അതുകൊണ്ട് കാർഷിക രംഗത്തും കുടിൽ വ്യവസായ രംഗത്തും മാറ്റമുണ്ടായാൽ മാത്രമേ ഈ വിഭാഗത്തിന്റെ തൊഴിലില്ലായ്മയ്ക്ക് പരിഹാരം ഉണ്ടാകുകയുള്ളു. കൂലി വേല മാത്രം ചെയ്ത് ഉപജീവനം കഴിച്ചുവരുന്ന പട്ടികജാതി – വർഗ വിഭാഗത്തിന് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കയും തൊഴിൽ ഉറപ്പുവരുത്തുകയും ചെയ്യേണ്ടതുണ്ട്.

സ്വതന്ത്രമായി തൊഴിലുകളിലേർപ്പെട്ട് വിജയം വരിക്കുന്നതിന് വ്യവസായങ്ങൾ നടത്തുന്നതിനോ നിലവിലുള്ള പരിതസ്ഥിതികളുടെ പ്രതികൂലാവസ്ഥ നിമിത്തം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് കഴിയുന്നില്ല. ഈ സ്ഥിതിയിൽ നിന്നും അല്പമെങ്കിലും പുരോഗതി ഉണ്ടാകണമെങ്കിൽ ചരിത്രാതിത കാലം മുതൽ കാർഷിക രംഗത്ത് കഠിനാദ്ധ്വാനം ചെയ്യുകയും സ്വന്തം വിയർപ്പും രക്തവും മണ്ണിനോട് മല്ലടിച്ച് വിഭവങ്ങൾ ഉണ്ടാക്കുകയും ചെയ്ത പട്ടികജാതി വർഗ്ഗ വിഭാഗത്തിന് കൃഷി ഭൂമികൊടുക്കുകയാണ് വേണ്ടത്. ഭൂരിഭാഗവും കർഷകത്തൊഴിലാളികളായ പട്ടികജാതിക്കാരന് സ്വന്തമായി ഒരിഞ്ചു കൃഷി ഭൂമിപോ

ലുമില്ല. എന്ന വിചിത്രമായ സ്ഥിതിവിശേഷമാണ് നിലനില്ക്കുന്നത്. കൂലിവേല ചെയ്ത് ഉപജീവനം കഴിക്കുന്ന ഈ വിഭാഗം തൊഴിലിനും മറ്റു ജീവിതാവശ്യങ്ങൾക്കും വേണ്ടി ഭൂമിയുള്ളവരെ ആശ്രയിച്ചാണ് ഇന്നും ജീവിക്കുന്നത്. ഈ വിഭാഗം അടിമകളെപ്പോലെ അവഹേളനത്തിനും മർദ്ദനത്തിനും ഇരയാകുന്നതിന്റെ കാരണവും മറ്റൊന്നല്ല. കൃഷി ഭൂമി നൽകുന്നതുകൊണ്ട് മാത്രമേ കാലങ്ങളായി അവർ അനുഭവിച്ചുവരുന്ന സാമ്പത്തിക പരാധീനത പരിഹരിക്കുന്നതിനും സ്വാശ്രയ ബോധമുള്ളവരുമാക്കി തീർക്കാൻ സാധ്യമാകൂ.

കാർഷിക മേഖലയിലെ തൊഴിൽ ലഭ്യത സീസണുകളിൽ മാത്രമുള്ളതാണ്. ഒരു സീസണിൽ കർഷകത്തൊഴിലാളിക്കു ലഭിക്കുന്ന ശരാശരി തൊഴിൽ 10-15 മാത്രമാണ്. വർഷത്തിന്റെ ബാക്കിയുള്ള സമയം പരമ്പരാഗത തൊഴിലുകളിലേർപ്പെട്ടാണ് ഉപജീവനം കഴിക്കുന്നത്. പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരുന്നത് ഭൂരിഭാഗവും സ്ത്രീകളാണ്. പുരുഷന്മാർ ലഭ്യമായ മറ്റു തൊഴിലുകളിലൂടെ ഉപജീവന മാർഗ്ഗം കണ്ടെത്തുകയാണ് പതിവ്.

തഴപ്പായ് നെയ്ത്ത്, ചൂരൽ - പനമ്പ് നെയ്ത്ത് തുടങ്ങിയ കൈത്തൊഴിലുകളിലേർപ്പെട്ടിരുന്നവർക്ക് കടുത്ത വ്യവസായിക മൽസരത്തേയാണ് നേരിടേണ്ടിവരുന്നത്. വ്യവസായികൾ അവരുടെ തൊഴിൽ മേഖലയിൽ കടന്നു കൂടി കുത്തക വ്യവസായിക സമ്പ്രദായം

പട്ടിക: 11.2

ക്രമ നമ്പർ	സംഘത്തിന്റെ പേര്	ഓഹരി ഉടമകൾ		ഭരണ സമിതി	
		ഹരിജൻ	ആകെ	ഹരിജൻ	ആകെ
1.	മിൽമ, പാലാങ്കടവ്	19	413	0	9
2.	മിൽമ, കുലശേഖര മംഗലം	30	500	0	9
3.	കയർ സൊസൈറ്റി, ചുങ്കം	13	924	0	0
4.	കയർ, പാലാങ്കടവ്	18	734	0	7
5.	കയർ, കുല: മംഗലം	6	797	0	7
6.	കയർ തുരുത്തുമ്മ	,,	,,	,,	,,
7.	കയർ ചെമ്മനാകരി	90	1200	0	6
8.	സർവ്വീസ് സഹ: ബാങ്ക് 121	563	5741	1	9
9.	സർവീസ് സഹ: ബാങ്ക് - 3850	899	6864	1	11

അവലംബം: ദ്വിദീയ വിവരശേഖരണ സർവ്വേ

ഏർപ്പെടുത്തുകയും, സ്വന്തം ആളുകൾക്കു ആധുനിക പരിശീലനം നൽകി ഉൽപ്പന്നങ്ങളുടെ പരിഷ്ക്കരിച്ച രൂപം മാർക്കറ്റിലെത്തിക്കുന്നത് ഈ വിഭാഗത്തിന്റെ ഉപജീവന മാർഗ്ഗത്തെ അടച്ചുകെട്ടുന്നു. വ്യവസായങ്ങൾ രാജ്യത്തിന്റെ പുരോഗതിയേയാണ് സൂചിപ്പിക്കുന്നതെങ്കിലും പട്ടികജാതി - വർഗ്ഗ വിഭാഗത്തിന്റെ പുരോഗതിക്ക് തടസ്സമായിട്ടാണു വർത്തിക്കുന്നത്. വ്യവസായങ്ങളിൽ ഈ വിഭാഗത്തിനു പങ്കാളിത്തമോ, സ്വന്തമായി വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള സാമ്പത്തിക ഭദ്രതയോ, വേണ്ടത്ര പരിജ്ഞാനമോ പരിശീലനമോ ഇല്ല എന്നുള്ളതാണ് പ്രധാന കാരണങ്ങൾ.

സഹകരണ സ്ഥാപനങ്ങളിലും സർക്കാർ ധനസഹായത്തോടെ നടത്തപ്പെടുന്ന വ്യവസായ സ്ഥാപനങ്ങളിലും നിയമന കാര്യത്തിൽ സംവരണ തത്വം പാലിക്കപ്പെടുന്നില്ല. സ്വകാര്യ സ്ഥാപനങ്ങളത്രയും കയ്യടക്കി വച്ചിരിക്കുന്നത് പട്ടികജാതി / വർഗ്ഗ വിഭാഗത്തിൽപെടാത്ത മറ്റുള്ളവരാണ്. രാജ്യത്തിന്റെ സമ്പത്തിൽ നല്ലൊരു ഭാഗം ഉയർന്ന വേതനമായി നൽകുന്ന ഉന്നതോദ്യോഗങ്ങളിൽ ഈ വിഭാഗത്തിനു നാമമാത്രമായ പ്രാതിനിധ്യമേയുള്ളൂ. ഉദ്യോഗമടക്കം ഈ വിഭാഗത്തിനു നിയമപ്രകാരം ലഭിക്കേണ്ട ആനുകൂല്യങ്ങൾ നൽകാതിരിക്കുകയും തൽസ്ഥാനങ്ങളിൽ തങ്ങളുടെ സ്വന്തം ആളുകളെ നിയമിക്കുകയുമാണ് ഇതിനു നിയുക്തരായ അധികാരി വർഗ്ഗവും ഉദ്യോഗസ്ഥ മേധാവികളും, സ്ഥാപിത താല്പര്യക്കാരും രാഷ്ട്രീയക്കാരും ചെയ്യുന്നത്.

സാമൂഹ്യ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സമുദായങ്ങളെ ഇതര ജനവിഭാഗങ്ങളോടൊപ്പം എത്തിക്കുന്നതിനുവേണ്ടിയാണല്ലോ ഭരണഘടനയിൽ ഈ വിഭാഗത്തിനു പ്രത്യേക പരിഗണനയും സംരക്ഷണ വ്യവസ്ഥകളും ഏർപ്പെടുത്തിയിട്ടുള്ളത്. സമ്പത്തിന്റെ തുല്യതയും സാമൂഹ്യ സമത്വവുമാണ് സോഷ്യലിസം കൊണ്ടുദ്ദേശിക്കുന്നതെങ്കിൽ സാമൂഹ്യ - സാമ്പത്തിക നീതി ഈ വിഭാഗത്തിനും അവകാശപ്പെട്ടതാണെന്നുള്ള വാദം സ്ഥിതി സമത്വസിദ്ധാന്തത്തിന് എതിരാകുമെന്നു തോന്നുന്നില്ല. ജാതീയമായി അധഃസ്ഥിതാവസ്ഥയിൽ കഴിയുന്ന ജനവിഭാഗത്തിന് പ്രത്യേക പരിഗണനയോടെ നിയമാനുസൃത ആനുകൂല്യങ്ങളും അവസര സമത്വവും നൽകി, വിദ്യാഭ്യാസ - സാമൂഹ്യ - സാമ്പത്തിക സമതുലിതാവസ്ഥ കൈവരിച്ചുകൊണ്ട് ഇതര സമുദായങ്ങൾക്കൊപ്പം എത്തിക്കാൻ കഴിഞ്ഞെങ്കിൽ മാത്രമേ ജാതി സ്വാധീനം കൂടുതലുള്ള നമ്മുടെ രാജ്യത്തെ, യഥാർത്ഥ സോഷ്യലിസ്റ്റ് ലക്ഷ്യത്തിലേക്ക് കൈപിടിച്ചുയർത്താൻ സാധിക്കുകയുള്ളു.

പാർപ്പിടം

പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ ഇപ്പോഴും അടിസ്ഥാന സൗകര്യങ്ങൾ ലഭിക്കാത്തവരാണ്. സർക്കാരും വിവിധ ഏജൻസികളും നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾവഴി വളരെ അധികം കുടുംബങ്ങൾക്ക് വീടുവയ്ക്കുവാൻ സാധിച്ചെങ്കിലും, വർദ്ധിച്ച നിർമ്മാണ ചെലവു മൂലവും ധനസഹായ തുകയുടെ അപര്യാപ്തത കൊണ്ടും പലവീടുകളും പണി പൂർത്തിയാകാതെ കിടക്കുകയാണ്. വർഷങ്ങൾക്ക് മുമ്പ് നിർമ്മിച്ച പല വീടുകളും അറ്റകുറ്റപ്പണി നടത്താൻ സാധിക്കാത്തതു കാരണം ഇപ്പോൾ താമസയോഗ്യമല്ലാത്തതായി തീർന്നിട്ടുണ്ട്.

പഞ്ചായത്തിൽ 12 കോളനികൾ ഉള്ളതിൽ 2 എണ്ണം ഐ. എച്ച്. ഡി. പി. യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 74 വീടുകൾ ഉള്ള 8-ാം വാർഡിലെ ഐ. എച്ച്. ഡി. പി. കോളനിയും 26 വീടുകൾ ഉള്ള 1-ാം വാർഡിലെ ഐ. എച്ച്. ഡി. പി. കോളനിയും പട്ടികജാതിക്കാർ മാത്രമാണ്

പട്ടിക: 11.3 കോളനികളെ സംബന്ധിച്ചുള്ള വിവരം

നമ്പർ	കോളനിയുടെ പേര്	ആകെ വീടുകൾ	SC/ST	ആകെ ജനസംഖ്യ	SC/ST ജന സംഖ്യ	കക്കൂസ്	വൈദ്യുതി	കുടി വെള്ളം
1.	ഐ. എച്ച്. ഡി. പി. കോളനി മറവൻ തുരുത്ത്	26	26	99	21	14	2	
2.	ചെമ്മനാകിരി ഐ. എച്ച്. ഡി. പി. കോളനി	74	74	360	360	14	42	2
3.	അപ്പക്കോട്ട് ലക്ഷം വീട്	28	14	57	47	1	9	-
4.	വാലയിൽ കോളനി	8	8	16	16	3	-	-
5.	കൊല്ലാറ കോളനി	5	2	-	-	-	-	-
6.	കുറ്റിക്കാട്ട്	16	11	63	43	-	5	-
7.	കൊച്ചുപുരയ്ക്കൽ	20		85	18	12	-	
8.	മണലേൽ	14	12	-	-	-	-	-
9.	കുളങ്ങര	29	8	125	26	-	13	-
10.	പേരേപ്പറമ്പ്	10	-	-	-	-	-	-
11.	വാഴക്കോട്	13	3	55	14	5	-	-
12.	വാഴേകാട്	19	3	86	13	1	5	1

താമസിക്കുന്നത്. വിവിധ ജാതി സമുദായക്കാർ കൂടി ഉൾപ്പെടുന്ന 10 കോളനികളിലായി 162 വീടുകൾ ഉള്ളതിൽ 73 എണ്ണം പട്ടികജാതിക്കാരുടേതാണ്.

പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല. വിദ്യാഭ്യാസരംഗത്ത് കൊഴിഞ്ഞു പോകൽ നിലനില്ക്കുന്നു.
2. മുഖ്യതൊഴിൽ മേഖലയിലും പരമ്പരാഗത തൊഴിൽ മേഖലയിലും തൊഴിൽ കുറഞ്ഞുവരുന്നു.
3. കോളനികളിലെ പശ്ചാത്തല സൗകര്യങ്ങൾ മോശമാണ്.
4. പൊതുശ്മശാനം ഇല്ല.
5. 80% കുടുംബങ്ങളിലും വൈദ്യുതിയും കുടിവെള്ളവും എത്തിയിട്ടില്ല.
6. വീടുവയ്ക്കുവാൻ നൽകുന്ന ധനസഹായ തുക അപര്യാപ്തമാണ്.
7. ഒന്നിൽ കൂടുതൽ കുടുംബങ്ങൾ ഒരു

വീട്ടിൽ താമസിക്കുന്നു.

8. വിവിധ പദ്ധതികൾ നടപ്പാക്കുന്നുണ്ടെങ്കിൽ ഒന്നും ലക്ഷ്യം കൈവരിക്കുന്നില്ല.
9. സർക്കാർ നടപ്പാക്കുന്ന പദ്ധതികളേക്കുറിച്ച് വേണ്ടത്ര അറിവില്ല.
10. ഐ. ആർ. ഡി. പി. പദ്ധതിയും മറ്റും ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നില്ല.
11. പട്ടികജാതി വികസന കോർപ്പറേഷൻ നടപ്പാക്കുന്ന വായ്പകളും ധനസഹായങ്ങളും ലക്ഷ്യം കൈവരിക്കുന്നില്ല.
12. സ്വന്തമായി വീടും കിടപ്പാടവും ഇല്ലാത്തവർ ഉണ്ട്.
13. സഹകരണ മേഖലയിൽ നിയമനത്തിലും ഡയറക്ടർ ബോർഡിലും - സംവരണ തത്വം പാലിക്കുന്നില്ല.
14. ജാതിയമായ തരം തിരിവ് ഇപ്പോഴും നിലവിലുണ്ട്.
15. സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ സംഘടനകളുടെ നേതൃസ്ഥാനത്ത് ആരും പ്രവർത്തിക്കുന്നില്ല.
16. കോളനി അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്ന പല ആനുകൂല്യങ്ങളും കോളനിയ്ക്കു വെളിയിൽ ഒറ്റപ്പെട്ടു കഴിയുന്ന കുടുംബങ്ങൾക്കു ലഭിക്കുന്നില്ല. യഥാർത്ഥത്തിൽ ആനുകൂല്യങ്ങൾക്ക് അവരും അർഹതപ്പെട്ടവരാണ്.

നിർദ്ദേശങ്ങൾ

1. പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനു വേണ്ടി പി. ടി. എ. യുടെ സജീവമായ ഇടപെടലുകൾ ഉണ്ടാവുകയും പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ കോച്ചിംഗ് കൊടുക്കുകയും വേണം.
2. നല്ല നിലവാരത്തിൽ പഠിക്കുന്ന കുട്ടികൾക്ക് പഠന സഹായികളും ഉപകരണങ്ങളും വാർഡ് തലത്തിൽ വിതരണം ചെയ്യുക.
3. സർക്കാർ ഏജൻസികളും പട്ടികജാതി - വർഗ വിഭാഗത്തിലുള്ള അഭ്യസ്ത വിദ്യരും ഒരുമിച്ച് ഇവരുടെ സങ്കേതങ്ങളിൽ വിദ്യാഭ്യാസത്തിന്റെ ആവശ്യകതയേക്കുറിച്ച് ബോധവൽക്കരണം നടത്തുക.
4. എല്ലാ കോളനികളിലും ഗതാഗത സൗകര്യവും കുടിവെള്ളവും എത്തിക്കുക. പൊതുശ്മശാനവും നിർമ്മിക്കുക.
5. എല്ലാ വീടുകൾക്കും സാനിട്ടേഷൻ സൗകര്യങ്ങളും വൈദ്യുതിയും എത്തിക്കുക.
6. പരമ്പരാഗത കൈത്തൊഴിലുകൾക്കുള്ള അസംസ്കൃത സാധനങ്ങളും ധനസഹായങ്ങളും എത്തിക്കണം.
7. കുടിൽ വ്യവസായങ്ങളിൽ ഉല്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.
8. പഞ്ചായത്ത് തലത്തിൽ പട്ടികജാതി - വർഗ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.
9. വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ ലോണുകളും ഗ്രാൻറുകളും ലഭിച്ചിട്ടുള്ളവർക്ക് പണി പൂർത്തിയാക്കുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ പണി പൂർത്തീകരിക്കാനാവശ്യമായ ധനസഹായം ബന്ധപ്പെട്ട വകുപ്പിൽ ലഭിക്കുന്നതിന് നടപടി എടുക്കുക.
10. വിവിധ വകുപ്പുകൾ നടത്തുന്ന ഭൂരഹിത ഭവന രഹിത പുനരധിവാസ പദ്ധതി പഞ്ചായത്തിൽ കൊണ്ടുവരുകയും വീടും സ്ഥലവും ഇല്ലാത്തവരെ പദ്ധതിയിൽപ്പെടുത്തി സഹായിക്കയും വേണം.
11. വീടുകൾക്ക് കാലപ്പഴക്കം മൂലം സംഭവിച്ചിട്ടുള്ള കേടുപാടുകൾ തീർക്കുന്നതിന് ആവശ്യമായ ധനസഹായം നൽകുക.
12. കോളനികളിൽ മണ്ണൊലിപ്പ് തടയുന്നതിന് സംരക്ഷണ ഭിത്തി നിർമ്മിച്ചു നൽകുക.

13. വയറിംഗ് ചെയ്തിട്ടുള്ള എസ്.സി./എസ്. ടി. വിഭാഗത്തിൽപ്പെട്ടവർക്ക് വൈദ്യുതി കണക്ഷൻ നൽകുവാനുള്ള കാലതാമസം ഒഴിവാക്കുക.
14. ക്ഷേമ പ്രവർത്തനങ്ങളേയും ധനസഹായ ഏജൻസികളേയും കുറിച്ച് വാർഡ് തലത്തിലും കോളനികൾ കേന്ദ്രീകരിച്ചും ബോധവൽക്കരണം നടത്തുക. ഇവയെക്കുറിച്ച് മനസിലാക്കിക്കൊടുക്കുവാനും മാർഗ്ഗ നിർദ്ദേശത്തിനും വേണ്ടി ഒരു വിവരണ ബ്യൂറോ തുറക്കണം.
15. പട്ടികജാതി വർഗ വിഭാഗങ്ങളിൽപ്പെട്ടവരുടെ പുരോഗതിയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് ചെയ്യാനും സഹായങ്ങൾ അർഹതപ്പെട്ടവർക്കു ലഭിക്കുന്നുണ്ടോ എന്നറിയാനും പഞ്ചായത്ത് ഒരു ജനകീയ കമ്മീഷനെ വയ്ക്കണം.
16. കേന്ദ്ര സംസ്ഥാന സർക്കാരുകൾ അനുവദിക്കുന്ന മുഴുവൻ തുകയും വകമാറ്റി ചെലവഴിക്കാതെ യഥാകാലം ഈ വിഭാഗത്തിന്റെ ക്ഷേമ പ്രർത്തനങ്ങൾക്കുവേണ്ടി മാത്രം വിനിയോഗിക്കുക.
17. വെള്ളപ്പൊക്കം മൂലം ബുദ്ധിമുട്ടനുഭവിക്കുന്ന താഴ്ന്ന പ്രദേശങ്ങളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പുരയിടം മണ്ണിട്ട് പൊക്കുന്നതിന് ധനസഹായം അനുവദിക്കണം.
18. കൃഷി ഭവനിൽ നിന്നും സൗജന്യമായി നൽകിക്കൊണ്ടിരിക്കുന്ന തെങ്ങിൻ തൈകൾ, വിത്തുകൾ, കാർഷികായുധങ്ങൾ, രാസവളങ്ങൾ യഥാസമയം എത്തിക്കാൻ നടപടി എടുക്കുക.
19. ചതുപ്പുനിലങ്ങൾ നികത്തുന്നതിന് സർക്കാർ വരുന്ന ധനസഹായം ഭൂവിസ്തൃതി, പരിധി ഇവ നോക്കാതെ മുഴുവൻ എസ്. സി. / എസ്. ടി. യ്ക്കും കൊടുക്കുക.
20. 60 വയസുകഴിഞ്ഞ പട്ടികജാതി വർഗ്ഗത്തിൽപ്പെട്ടവർക്കും പെൻഷൻ അനുവദിക്കുക. ഇപ്പോഴുള്ള വരുമാന പരിധി ഉയർത്തുക.
21. മോഡൽ വെൽഫയർ സെന്ററുകളും ക്രാഫ്റ്റു സെന്ററുകളും സ്ഥാപിക്കുക.
22. നശിച്ചുകൊണ്ടിരിക്കുന്ന നാടൻ കലാരൂപങ്ങൾ പുനരുദ്ധരിക്കുകയും ഇവ അവതരിപ്പിക്കുകയും പഠിപ്പിക്കയും ചെയ്തിരുന്ന ആശാന്മാർക്ക് പെൻഷൻ അനുവദിക്കുക.
23. സഹകരണ സ്ഥാപനങ്ങളിൽ 10-ൽ താഴെ ആളുകളെ തെരഞ്ഞെടുക്കേണ്ടിവരുമ്പോൾ അതിൽ ഒരു എസ്. സി. / എസ്. ടി. പ്രതിനിധിയെ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം.
24. സൗജന്യ നിയമ സഹായം നൽകാൻ നടപടി സ്വീകരിക്കുക.
25. പട്ടികജാതി വർഗ്ഗ സങ്കേതങ്ങളിൽ ബോധനിലവാരം ഉയർത്തുന്നതിനും സാംസ്കാരിക നിലവാരം ഉയർത്തുന്നതിനും ടി. വി. സ്ഥാപിക്കുക.
26. കൃഷ്ണ പിള്ള ജംഗ്ഷൻ മുതൽ വാടമുട്ടുവരെ കോളനി പരിസരത്തുകൂടി വഴിവിളക്കുകൾ സ്ഥാപിക്കുക.
27. 8-ാം വാർഡിൽ തോട്ടിനക്കരപാടത്ത് പഞ്ചായത്തുവക ഭൂമിയിൽ കമ്മ്യൂണിറ്റി ഹാളും വായനശാലയും സ്ഥാപിക്കുക.
28. 8-ാം വാർഡിൽ 2 അംഗൻവാടികൾ ഉള്ളതിൽ പട്ടികജാതി വിഭാഗത്തിന് അനുവദിച്ചിട്ടുള്ളത് ജാതി സങ്കേതത്തിലേക്ക് മാറ്റി സ്ഥാപിക്കുക.
29. സാമ്പത്തീക ഉന്നമന പരിപാടികൾ കാലാനുസൃതമായി പരിഷ്ക്കരിക്കുക.
30. തുടർ വിദ്യാഭ്യാസം നടത്താൻ ഇപ്പോഴുള്ള മാർക്ക് പരിധി ഒഴിവാക്കിക്കൊണ്ട് തുടർന്ന് പഠിക്കാൻ ആഗ്രഹിക്കുന്ന

എല്ലാവർക്കും ഈ സഹായം നൽകേണ്ടതാണ്.

31. സെറ്റിൽമെൻറ് കോളനികൾക്കു വെളിയിൽ ഒറ്റപ്പെട്ടുകഴിയുന്ന കുടുംബങ്ങളെക്കൂടി ഉൾപ്പെടുത്തി സെറ്റിൽമെൻറ് കോളനി വികസിപ്പിക്കുകയോ, പുതിയ കോളനി ഉണ്ടാക്കുകയോ ചെയ്യണം.

32. ഇനിയും വൈദ്യുതീകരിക്കാത്ത മുഴുവൻ വീടുകളിലും സൗജന്യമായിത്തന്നെ വൈദ്യുതീകരിച്ചു കൊടുക്കുക.

തേച്ചുമിനുക്കിയാൽ കാന്തിയും മൂല്യവും
വാച്ചിടും കല്ലുകൾ ഭാരതാംബേ
താണുകിടക്കുന്നു നിൻ കുക്ഷിയിൽ
ചാണ കാണാതെയാറേഴുകോടിയിന്നും.

12 വിഭവസമാഹരണം



ജലാശയങ്ങളാൽ ചുറ്റപ്പെട്ടു കിടക്കുന്ന പഞ്ചായത്തിന്റെ പ്രധാന വിഭവ ഉറവിടങ്ങൾ, നെൽപ്പാടങ്ങളും, തെങ്ങിൻപുരയിടങ്ങളും, ഉൾനാടൻ ജലാശയങ്ങളും, കായലോര പ്രദേശങ്ങളുമാണ്.

നെൽകൃഷിക്കും, പച്ചക്കറികൃഷിക്കും സംസ്ഥാനതലത്തിൽ തന്നെ പ്രസിദ്ധമായിരുന്ന മണകുന്നം പാടശേഖരങ്ങളിലെ ഉൽപ്പാദനം നാലിൽ ഒന്നായി കുറയുകയും, പാടശേഖരങ്ങളിൽ ഏറിയ ഭാഗവും കരഭൂമിയായി രൂപാന്തരപ്പെടുകയും ചെയ്തിരിക്കുന്നു. പച്ചക്കറി വിവണികളിൽ അറിയപ്പെട്ടിരുന്ന മണക്കുന്നം "വഴുതനങ്ങ"യുടെ പ്രശസ്തി ഇന്നും നിലനില്ക്കുന്നുണ്ട്. ഇരിപ്പുകൃഷി ചെയ്തുകൊണ്ടിരുന്ന പാടശേഖരങ്ങളിൽ ഭൂരിഭാഗവും ഒരുപ്പൂവായിപ്പോലും കൃഷിചെയ്യുന്നില്ല. തരിശിടലും, നികത്തലും അനുസ്യൂതം തുടരുകയും ചെയ്തുവരുന്നു.

സമഗ്രമായ കാർഷീക വികസനതിലൂടെയും, മാനവവിഭവ ശേഷി പരമാവധി ഉപയോഗപ്പെടുത്തിയും നമ്മുടെ പഞ്ചായത്തിന്റെ സാമ്പത്തിക ദുഃസ്ഥിതിക്ക് പരിഹാരം കണ്ടെത്തേണ്ടതാണ്.

അയ്യായിരത്തിലധികം വരുന്ന കെട്ടിടങ്ങളിൽ നിന്നും ഈടാക്കുന്ന ഒരു ലക്ഷം രൂപക്കുമേൽ വരുന്ന കെട്ടിട നികുതിയാണ് പഞ്ചായത്തിന്റെ പ്രധാന വരുമാനമാർഗ്ഗമായി കാണുന്നത്.

കെട്ടിട നികുതി

സമഗ്രമായ കെട്ടിടനികുതി പരിഷ്കരണത്തിലൂടെ പ്രസ്തുത നികുതി വർദ്ധിപ്പിക്കേണ്ടതാണ്.

കെട്ടിടത്തിനു മൊത്തം വരുന്ന ചെലവിന്റെ 10 ശതമാനം അറ്റകുറ്റപ്പണികൾക്കും ബാക്കിവരുന്ന തുകയുടെ 6 ശതമാനം വാടകയായും കണ്ടുകൊണ്ട്, അതിന്റെ 7 ശതമാനമാണ് കെട്ടിടനികുതിയായി നിർണ്ണയിച്ചു കാണുന്നത്. 7 ശതമാനമെന്നത് 15 ശതമാനം വരെ വർദ്ധിപ്പിക്കുവാനുള്ള അധികാരവും ഭരണസമിതിക്കുള്ളതായി മനസ്സിലാക്കുന്നു. മൊത്തം വരുന്ന ചെലവിന്റെ കൂടെ കെട്ടിട നിർമ്മാണത്തിനു ഉപയോഗിക്കുന്ന വസ്തുക്കുളുടെ ക്രതക്, ഭിത്തി, തറ മുതലായവ ആഡംബരസ്വഭാവത്തെ കൂടി പരഗണിക്കുകയും, കെട്ടിടത്തിന്റെ വിസ്തീർണ്ണം കൂടി ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്. 1000 ചതുരശ്ര അടിയിൽ കൂടുതലുള്ളതും, ഒന്നര ലക്ഷം രൂപയിൽ കൂടുതൽ നിർമ്മാണ ചിലവു വരുന്നതുമായ കെട്ടിടങ്ങൾക്കു പഞ്ചായത്തിൽ നിന്നും മുൻകൂർ അനുവാദം വാങ്ങിയിട്ടേ നിർമ്മാണം ആരംഭിക്കാവു എന്ന് നിർദ്ദേശിക്കണ്ടതാണ്. ആ വീടുകരം നിർണ്ണയിക്കുമ്പോൾ നികുതിയെ സംബന്ധിച്ചുള്ള വിവരങ്ങൾ വീട്ടുടമയെ ബോദ്ധ്യപ്പെടുത്തിയിരിക്കേണ്ടതാണ്. അർദ്ധ വാർഷികാടിസ്ഥാനത്തിലാണ് കെട്ടിട നികുതി ഈടാക്കുന്നതെന്ന വിവരം കെട്ടിട ഉടമകളെ ബോദ്ധ്യപ്പെടുത്തേണ്ടതും, രേഖാമൂലം അറിയിപ്പു കൊടുത്തുകൊണ്ട് കെട്ടിട നികുതി പിരിവ് സുഗമമാക്കേണ്ടതുമാണ്.

വി.സി.പി. ഉപോയോഗപ്പെടുത്തുന്ന ടി.വി. സെറ്റുകൾ, വാഷിംഗ് മെഷീൻ, ഫ്രിഡ്ജ് എന്നീ ഗാർഹീകോപകരണങ്ങൾക്ക് ഓരോന്നിനും 10 രൂപാ ക്രമത്തിലെങ്കിലും വാർഷിക നികുതികൾ ഈടാക്കേണ്ടതാണ്.

വിനോദ നികുതി

ഈ പഞ്ചായത്തിലെ ഏക സിനിമാ സ്ഥാപനത്തിൽ നിന്നും ഒരു വർഷം ശരാശരി 20000/- രൂപക്കു താഴെ മാത്ര മാണ് വിനോദ നികുതി ഇനത്തിൽ ലഭി ക്കുന്നത്. വിനോദ നികുതി പിരിവ് കുറ്റ മറ്റതും, കർശനവുമാക്കുന്നതുവഴി വിനോദ നികുതി വർദ്ധിപ്പിക്കാവുന്നതാ ണ്.

മറ്റു ധനാഗമ മാർഗ്ഗങ്ങൾ

പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന മുഴുവൻ പുറമ്പോക്കു ഭൂമികളും വില്ലേജാഫീ സുവഴി പുനർനിർണ്ണയം ചെയ്ത് പഞ്ചായത്തി ന്റെ കൈവശം വരുത്തുകയും ആയവ കാർ ഷിക ആവശ്യങ്ങൾക്കു ലേലം ചെയ്തുകൊടു ത്തുകൊണ്ട് വരുമാനം വർദ്ധിപ്പിക്കേണ്ടതാ ണ്. കൈവശഭൂമികളുടെ ദുരുപയോഗം തടയുവാൻ പഞ്ചായത്തു നടപടികൾ സ്വീകരി ക്കേണ്ടതാണ്.

നായയുടെ ലൈസൻസ് ഫീസ് 10/- രൂപ യായി വർദ്ധിക്കേണ്ടതും, ലൈസൻസ് ഇല്ലാ തെ നായ വളർത്തുന്നവരിൽ നിന്നും പിഴ ഈ ടാക്കേണ്ടതുമാണ്.

ബാങ്കിങ്ങും, ഫൈനാൻസിയേഴ്സും

നമ്മുടെ പഞ്ചായത്തിൽ രണ്ടു സഹക രണ സ്ഥാപനങ്ങളും, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാ വൻകൂറിന്റെ ഒരു ശാഖയും പ്രവർത്തിക്കു ന്നുണ്ട്. അഞ്ചിലേറെ സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളും പ്രവർത്തിച്ചുവരുന്നതായി മനസ്സിലാക്കുന്നു. നമ്മുടെ പഞ്ചായത്തിൽ നിന്നും സമാഹരിക്കുന്ന നിക്ഷേപങ്ങളുടെ ഭൂരിഭാഗവും വായ്പയായി വിതരണം ചെയ്യു ന്നുണ്ടോ എന്ന് പഞ്ചായത്തു ഭരണസമിതി ഉറപ്പുവരുത്തേണ്ടതും, പഞ്ചായത്തിന്റെ അനുവാദമില്ലാതെ പ്രവർത്തിക്കുന്ന സ്വകാര്യ ബാങ്കുകളുടെ പ്രവർത്തന ശൈലിയെപ്പറ്റി സൂക്ഷ്മമായി പഠിക്കേണ്ടതും, ടേണോവർ അനുസരിച്ച് യുക്തമായ നിരക്കിൽ നികുതി വസൂൽ ചെയ്യേണ്ടതുമാണ്.

എൽ. ഐ. സി.; കെ. എസ്. എഫ്. ഇ. തുട ങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പകൾ എടുത്ത് അനുയോജ്യമെന്നു തോ ന്നുന്ന പ്രദേശങ്ങളിൽ നാടൻ ചന്തകളും, കാർ ഷിക ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും, വിത രണം ചെയ്യുന്നതിനും ഉതകുന്ന മാർക്കറ്റിങ് സെൻററുകളും സ്ഥാപിച്ച് അവയിൽ കൂടി പഞ്ചായത്തിന്റെ നികുതി വരുമാനം വർദ്ധിപ്പി ക്കാവുന്നതുമാണ്.

കാർഷിക യന്ത്രോപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിനും, സർവീസ് ചെയ്യുന്നതിനുമാ യി പഞ്ചായത്തിന്റെ ചുമതലയിൽ ഒരു സർവീ സ് യൂണിറ്റു സ്ഥാപിച്ച് വരുമാന വർദ്ധന ഉണ്ടാക്കാവുന്നതാണ്.

പഞ്ചായത്തിന്റെ ഉത്തരവാദിത്വത്തിൽ ചെറിയ പമ്പ് ഹൗസുകൾ സ്ഥാപിച്ച് കുടിവെ ള്ളക്ഷാമം അനുഭവപ്പെടുന്ന വാർഡുകളിൽ കുടിവെള്ളം എത്തിച്ചുകൊടുത്തുകൊണ്ട് നികുതിപ്രകാരം വരുമാനം വർദ്ധിപ്പിക്കാവുന്ന താണ്.

പഞ്ചായത്തിൽ നിന്നു ലഭ്യമാകുന്ന നാളി കേരം, കയർ, നെല്ല്, കക്ക, മൽസ്യം എന്നിവ യെ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ചെറു കിട വ്യവസായ സംരംഭങ്ങൾ പഞ്ചായത്തി ന്റെ ഉത്തരവാദിത്വത്തിലും മേൽനോട്ടത്തി ലും ആരംഭിച്ചുകൊണ്ട് ക്രമാനുഗതമായി വരു മാനം വർദ്ധിപ്പിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ അധീനതയിലുള്ള പുറ മ്പോക്കു കുളങ്ങൾ വില്ലേജ് അധികൃതരുടെ സഹകരണത്തോടെ അളന്നു തിട്ടപ്പെടുത്തുക യും മൽസ്യം വളർത്തുന്നതിനു ഹ്യസ്വകാല

അടിസ്ഥാനത്തിൽ ലേലം ചെയ്തുകൊടുത്ത് വരുമാനമുണ്ടാക്കാവുന്നതാണ്.

കെ. എച്ച്. ഡി. പി. യുടെ സാമ്പത്തിക സഹായത്തോടെ പഞ്ചായത്തിന്റെ ഉത്തരവാദിത്വത്തിൽ കാർഷിക ഉൽപ്പന്നങ്ങൾ കർഷകരിൽ നിന്നും നേരിട്ടു സംഭരിക്കുന്നതിനുള്ള ഒരു സംഭരണ കേന്ദ്രം സ്ഥാപിച്ച് വരുമാനം ഉണ്ടാക്കാവുന്നതാണ്.

പഞ്ചായത്തിന്റെ മറ്റൊരു വിഭവസമ്പത്താണ് മനുഷ്യ അദ്ധ്വാനം, ഈ വിഭാഗത്തിൽ ഭൂരിഭാഗവും കർഷക തൊഴിലാളികളും, മൽസ്യത്തൊഴിലാളികളും, കൂലിപ്പണിക്കാരുമാണ്. എങ്കിലും ഇവരിൽ ഏറെപ്പേരും തൊഴിൽ രഹിതരുമാണ്. ഈ അവസ്ഥയിൽ തൊഴിലും, കൂടുതൽ വരുമാനവും പ്രതീക്ഷിച്ചു വിദേശ രാജ്യങ്ങളിൽ പോയി തൊഴിൽ ചെയ്ത് രണ്ടു മൂന്നു വർഷങ്ങൾക്കുശേഷം മടങ്ങിവരുന്നവരും മറ്റൊരുവിഭാഗം തൊട്ടടുത്ത നഗരങ്ങളിൽച്ചെന്ന് ജോലി ചെയ്തു നിത്യവും വീട്ടിൽ എത്തിച്ചേരുന്നവരുമാണ്.

തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുവാൻ പദ്ധതികൾ കണ്ടെത്തി നടപ്പാക്കുന്നതായാൽ വരുമാനം കുറവാണെങ്കിൽ കൂടി ഇവരിൽ ഭൂരിഭാഗവും ഈ പഞ്ചായത്തു മേഖലയിൽ തൊഴിൽ ചെയ്യുന്നതിന് ആഗ്രഹിക്കുന്നവരുമാണ്. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ ഈ വികസന പ്രവർത്തനങ്ങൾ അഴിമതി വിമുക്തമാക്കാനും തദ്വാര പരമാവധി തുക വികസന പ്രവർത്തനത്തിന് പ്രയോജനപ്പെടുത്താനും സാധിക്കുന്നതാണ്. ഗ്രാമസഭകൾ വഴി രൂപീകരിക്കുന്ന ജനകീയ കമ്മിറ്റികൾ വഴി വാർഡുതല വികസന പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്നതും, പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളുമായി സഹകരിക്കാൻ താല്പര്യപ്പെടുന്നതുമായ സാമൂഹ്യ - സാംസ്ക്കാരിക സംഘടനകളെ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ സഹകരിപ്പിക്കുകയും ഇങ്ങനെയുള്ള സംഘടനകളെ പഞ്ചായത്തിന്റെ അംഗീകാരമുള്ള സംഘടനകളായി മാറ്റേണ്ടതുമാണ്.

ചെലവുകൾ

കെട്ടിട നികുതിയെ പഞ്ചായത്തിന്റെ മുഖ്യവരുമാന മാർഗ്ഗമായി കരുതിക്കൊണ്ട്, വരുമാനത്തിന് അനുസൃതമല്ലാത്ത ചെലവുകൾ ചെയ്യുന്നതിന്റെ ഫലമായിട്ടാണ്, വകമാറ്റി ചെലവുകളും, ക്രമക്കേടുകളും, ഗ്രാന്റുകളുടെ ദുരുപയോഗവും, അമിതമായ കെട്ടിട നികുതി വർദ്ധനയും സാമ്പത്തിക പ്രതിസന്ധിയും പഞ്ചായത്തിൽ അനുഭവപ്പെടുന്നത്. പ്രത്യുല്പാദന പരമല്ലാത്ത വികസന പ്രവർത്തനങ്ങൾക്കുവേണ്ടി പണം ചെലവഴിച്ചതിന്റെ ഫലമായിട്ടുകൂടിയാണ് പഞ്ചായത്തിന്റെ വരുമാന മാർഗ്ഗങ്ങൾ ഗണ്യമായി കുറഞ്ഞത്.

പഞ്ചായത്തിന്റെ ചെലവുകൾ പരമാവധി നിയന്ത്രിക്കുകയും, പ്രത്യുല്പാദന പരമല്ലാത്ത വികസന പ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള ചെലവ് കുറക്കുകയും, പഞ്ചായത്തിനു വരുമാനം വർദ്ധിപ്പിക്കാൻ ഉതകുന്ന വികസന പ്രവർത്തനങ്ങൾക്കു മുൻതൂക്കം കൊടുക്കുകയും ചെയ്യുന്നതുവഴി പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താവുന്നതാണ്.

> വികസനം എന്നത് സമ്പത്തിന്റെ
> വികാസം മാത്രമല്ല; അതിന്റെ നീതി
> പൂർവ്വമായ വിതരണം കൂടിയാണ്.

ഉപസംഹാരം

നിലവിലുള്ള അശാസ്ത്രീയവും ജനവിരുദ്ധവുമായ വികസനത്തെ കീഴ്മേൽ മറിച്ചു ഒരു പുത്തൻ വികസന സംസ്ക്കാരങ്ങൾ ഉടലെടുക്കുന്നതിനു വേണ്ടിയുള്ള ഒരു കാൽവെയ്പാണിത്. കാർഷിക വ്യവസായിക മേഖലകളുടെ വളർച്ച വികസിപ്പിക്കേണ്ടത് അത്യാവശ്യമാണെന്നും ഇന്നു ജനങ്ങളിൽ ഒരു ചിന്ത ഉണ്ടാക്കുവാൻ കഴിഞ്ഞു.

ഡിപ്പാർട്ടുമെൻറുകളുടെ ഇന്നത്തെ നിലമാറിയേ തീരൂ. അഴിമതിയും സ്വജനപക്ഷപാതവും നമ്മളെ ഗ്രസിച്ചിരിക്കുന്നു. ജനപങ്കാളിത്തവും ജനജാഗ്രതയും ഊട്ടിവളർത്തി വികസന പ്രക്രിയ ഊർജസ്വലമാക്കുകയാണ് വേണ്ടത്.

സർക്കാർ ഫണ്ടു കൊണ്ടല്ലാതെ മറ്റൊരു വഴിയുമില്ലെന്ന ധാരണ മാറ്റി, നാട്ടിലുള്ള മനുഷ്യ വിഭവങ്ങളെ വേണ്ട തരത്തിൽ വിനിയോഗിച്ച് സർക്കാരേതര ഏജൻസികളെ കണ്ടെത്തി പറ്റുന്ന വിധത്തിലുള്ള പദ്ധതികൾ സമർപ്പിച്ച് ഫണ്ട് ശേഖരിക്കേണ്ടതാണ്.

സാമൂഹ്യ രാഷ്ട്രീയ രംഗത്തുള്ള എല്ലാ വിഭാഗങ്ങളും ഒത്തുചേർന്നു, കേരളത്തിൻെറ വികസന കാര്യത്തിൽ തങ്ങൾ ഒറ്റക്കെട്ടാണെന്നുള്ള ബോധത്തോടെ പ്രവർത്തിച്ചാൽ ഒരു പുത്തൻ വികസന സംസ്ക്കാരം ഇതുവഴി ഉണ്ടാകും. അത് വരുന്ന കാലങ്ങളിൽ കേരളത്തിനു ഗുണകരമാകുന്ന തരത്തിലേക്കെത്തിക്കുവാൻ ശ്രമിക്കേണ്ടതാണ്.

കേരളത്തിലെ വികസന പ്രക്രിയയിൽ സ്ത്രീകളും പങ്കാളികളായാൽ മാത്രമേ വികസനം പൂർണ്ണമാകൂ. കൃഷി, തൊഴിൽ, വ്യവസായം, ആരോഗ്യം, സഹകരണ്, വിദ്യാഭ്യാസം തുടങ്ങി എല്ലാമേഖലകളിലേയും ചർച്ചകളിൽ സ്ത്രീ പക്ഷ വീക്ഷണം പുലർത്തുകയും സ്ത്രീകളെ ലക്ഷ്യമാക്കിയുള്ള വികസനപദ്ധതികൾക്ക് രൂപം കൊടുക്കുകയും വേണം.

സർക്കാർ നൽകുന്ന 40% പദ്ധതിവിഹിതം മുമ്പ് നമുക്ക് ലഭിച്ചിരുന്ന വിഹിതത്തെ അപേക്ഷിച്ചു നോക്കുമ്പോൾ കൂടുതൽ തന്നെ. വികസനരംഗത്ത് ഒരു കുതിച്ചുചാട്ടമുണ്ടാക്കാൻ ഇത് സഹായിക്കാനിടയുണ്ട്. ജനങ്ങളുടെ പ്രത്യാശകളെ സഫലീകരിക്കാനും അതു വഴി ജനോപകാരപ്രദമായ ജനകീയ പദ്ധതികൾ ശീഘ്രഗതിയിൽ നടപ്പാക്കാനും ജനകീയ ആസൂത്രണം വഴി സാധിക്കണം.

അതുകൊണ്ടുതന്നെ നാം പിറന്നമണ്ണിൻെറ ശോഭനമായ ഭാവിക്ക് തുടക്കം കുറിച്ചുകൊണ്ടുള്ള ഈ മഹാപ്രസ്ഥാനത്തിൽ ജാതിമത ചിന്തകൾക്കതീതമായി പ്രവർത്തിച്ച് ഒരു നല്ല ഭാവി ഉണ്ടാകുമെന്നു നമുക്കാശിക്കാം. നമ്മുടെ ഗ്രാമപഞ്ചായത്തിൻെറ 'സമഗ്ര വികസന രേഖ' അതിൻെറ പൂർണ്ണ അർത്ഥത്തിൽ സമ്പൂർണ്ണമായി നടപ്പാക്കാനുള്ള പ്രതിബദ്ധത നാം നിലനിർത്തിയേതീരൂ. അതിനുവേണ്ടി മറവന്തുരുത്ത് പഞ്ചായത്തിലെ ജനത ഒറ്റക്കെട്ടായി, ഒരു മെയ്യോടെ ഒരു മനസ്സോടെ മുഴുകിയാൽ യഥാർത്ഥ വികസനം എത്തും എന്നതിൽ സംശയമില്ല,

മഹത്തായ ഈ പ്രതീക്ഷ കൈവരിക്കുമെന്ന ലക്ഷ്യത്തോടെ ഈ സമഗ്രവികസന രേഖ വിശദമായ വിശകലനത്തിനും ചർച്ചയ്ക്കുമായി വികസന സെമിനാറിന് മുമ്പാകെ സമർപ്പിക്കുന്നു.

പ്രവർത്തന മേഖല

തിരിഞ്ഞുനോക്കുമ്പോൾ...

1996 ആഗസ്റ്റ് 17 ാം തീയതി സംസ്ഥാന തലത്തിൽ ഉദ്ഘാടനം ചെയ്യപ്പെട്ട ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ സംസ്ഥാനത്തെ എല്ലാപഞ്ചായത്തിലും ആംരംഭിച്ചു. ഗ്രാമസഭകൾ ചേരേണ്ടതിന്റെ ആവശ്യകതയും അതിനുവേണ്ടി ചെയ്യേണ്ട കാര്യങ്ങളേയും സംബന്ധിച്ചുള്ള അറിയിപ്പിന്റെ അടിസ്ഥാനത്തിൽ ജില്ലാപരിശീലനത്തിലേക്കായി 10 പേരുൾപ്പെട്ട ലിസ്റ്റ് നൽകി. ഇതിൽ 3 പേർ സെംപ്റ്റബർ 7,8,9 തീയതികളിൽ പാലാ അരുണാപുരത്തുവച്ചു നടന്ന ജില്ലാപരിശീലനത്തിൽ പങ്കെടുത്തു. പിന്നീടുള്ള 7 പേരും 8 പഞ്ചായത്തു ഭരണസമിതിയംഗങ്ങളും സെപ്റ്റംബർ 17,18 തീയതികളിൽ വച്ചുനടന്ന പരിശീലനത്തിലും പങ്കെടുത്തു.

ഗ്രാമസഭകൾ നടത്തുന്നതിനെക്കുറിച്ചും മറ്റും ആലോചിക്കുന്നതിനു വേണ്ടി പഞ്ചായത്തിലെ രാഷ്ട്രീയ സന്നദ്ധ സാംസ്ക്കാരിക പ്രവർത്തകരുടെ യോഗം 20.9.96 വെള്ളിയാഴ്ച 4 മണിക്ക് പഞ്ചായത്താഫീസിൽ ചേർന്ന അന്നത്തെ തീരുമാനമനുസരിച്ച് 21.9.96 വൈകുന്നേരം 6 മണിക്ക് ടോളിൽ വികസനജ്യോതി തെളിയിച്ചു. ഗ്രാമസഭയ്ക്കു മുന്നോടിയായുള്ള ഏകദിന ശില്പശാല 22.9.96 ഞായറാഴ്ച രാവിലെ 9 മണിമുതൽ 5 മണിവരെ കുലശേഖരമംഗലം എൻ.ഐ.എം.യു.പി. സ്ക്കൂളിൽ നടന്നു.

അദ്യപരിശീലന യോഗം, ഓരോ വാർഡിലേയും ഗ്രാമസഭകൾ എന്നു നടക്കണമെന്നും എവിടെ വെച്ചു നടക്കാമെന്നും തീരുമാനിക്കുകയുണ്ടായി. അതനുസരിച്ചുള്ള പ്രവർത്തനങ്ങളാണ് പിന്നീട് നടന്നത്.

ഏകദിന പരിശീലനത്തിനുശേഷം എല്ലാ വാർഡുകളിലും ഗ്രാമസഭകൾ നടത്തുന്നതി

ഏകദിന ശില്പശാല പങ്കാളിത്തം - **22.9.96**

വാർഡ്	ആൺ	പെൺ	ആകെ
I	17	11	28
II	9	4	13
III	17	1	18
IV	22	6	28
V	8	0	8
VI	24	3	27
VII	18	6	24
VIII	34	3	37
IX	8	1	9
X	25	3	28
ആകെ	182	38	220

ഗ്രാമസഭായോഗവിവരം

വാർഡ്	ഗ്രാമസഭ നടന്ന സ്ഥലം	തീയതി	പങ്കാളിത്തം		
			ആൺ	പെൺ	ആകെ
1	ഗവ. യു.പി.എസ് മറവന്തുരുത്ത്	12.10.96	228	191	419
2	എസ്.എൻ.എൽ.പി സ്ക്കൂൾ മറവന്തുരുത്ത്	28.9.96	128	92	220
3	ചിറേക്കടവ്	12.10.96	208	196	404
4	ഗവ. എൽ.പി.എസ് ഇടവട്ടം	29.9.96	201	143	344
5	ആറ്റുവേലക്കടവ്	2.10.96	201	128	325
6	ഗവ. ഹൈസ്ക്കൂൾ കൂലശേഖരമംഗലം	6.10.96	192	156	348
7	ഗവ. എൽ.പി.സ്ക്കൂൾ വാഴേക്കാട്	2.10.96	106	58	164
8	കുളങ്ങര	13.10.96	393	224	617
9	ഗുരുമന്ദിരം	7.10.96	1377	97	234
10	എസ്.എൻ.ഡി.പി.തുരുത്തുമ്മ	11.10.96	175	1138	313
			1965	1423	3388

ഗ്രാമസഭാവിവരം ശതമാനത്തിൽ

വാർഡ്	ആകെ വോട്ടർമാർ	ഗ്രാമസഭാ പങ്കാളിത്തം	ശതമാനം	ആൺ വോട്ടർമാർ	ഗ്രാമസഭയിലെ ആൺശതമാനം	പെൺ വോട്ടർമാർ	ഗ്രാമസഭ പെൺശതമാനം
1	1855	419	22.58	933	24.43	922	20.71
2	1725	220	12.75	894	14.31	831	11.07
3	1227	404	32.92	615	33.82	612	32.02
4	1119	344	30.74	549	36.61	570	25.08
5	1056	325	30.77	537	35.88	519	24.66
6	1630	348	21.34	795	24.15	835	18.68
7	17719	164	9.54	828	12.8	891	66.5
8	2434	619	25.43	1194	32.91	1240	18.06
9	13358	234	17.23	687	19.94	6771	14.445
10	1203	313	26.01	578	30.27	625	22.08
	15326	3388	22.10	7610	25.82	7716	18.44

നുവേണ്ടിയുള്ള ആലോചനായോഗങ്ങൾ നടന്നു. ഗ്രാമസഭയുടെ വിജയത്തിനാവശ്യമായ അയൽക്കൂട്ടങ്ങൾ, പോസ്റ്ററിംഗ്, വിളംബരജാഥ, മൈക്ക് അനൗൺസ്മെന്റ് എന്നിവ നടന്നു. കൂടാതെ എല്ലാ ഗ്രാമസഭയുടെ തലേന്നാൾ അതാതു വാർഡുകളിൽ എല്ലാവീടുകളിലും, പ്രധാനപ്പെട്ട കേന്ദ്രങ്ങളിലും വികസനജ്യോതി തെളിയിച്ചു.

പഞ്ചായത്തിലെ ആദ്യത്തെ ഗ്രാമസഭ 28.9.96 ശനിയാഴ്ച രണ്ടാം വാർഡിൽ 1.30 മുതൽ 6 മണിവരെ നടന്നു. പഞ്ചായത്ത് വൈസ് പ്രസിഡൻറ് ശ്രീ. ടി.കെ. കുമാരൻ അധ്യക്ഷത വഹിച്ചയോഗത്തിൽ ബ്ലോക്ക് മെമ്പർ ശ്രീമതി ശശികലാ അജിത്കുമാർ ഉദ്ഘാടനം ചെയ്തു. തുടർന്നു ജനകീയ ആസൂത്രണ പ്രസ്ഥാനത്തെക്കുറിച്ച് റ്റി. ഗോപാലകൃഷ്ണനും ഗ്രാമസഭയെക്കുറിച്ച് റ്റി.കെ. സുവർണനും ക്ലാസ്സുകളെടുത്തു. 220 പേർ പങ്കെടുത്തു. ആദ്യത്തെ യോഗമായതിനാൽ വേണ്ടത്ര മുന്നോരുക്കങ്ങളില്ലെന്നത് ഒരു പോരായ്മയായി കാണേണ്ടിയിരുക്കുന്നു.

29.9.96 ഞായറാഴ്ച 1.30 മുതൽ 6 മണിവരെ നാലാംവാർഡിലെ ഗ്രാമസഭ ഇടവട്ടം എൽ.പി. സ്ക്കൂളിൽ വച്ചു പഞ്ചായത്തു പ്രസിഡൻറ് ശ്രീ. എം. പി. അശോകന്റെ അധ്യക്ഷതയിൽ നടന്നു. യോഗത്തിൽ ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീമതി ലൈല രാധാകൃഷ്ണൻ ഉദ്ഘാടകയായിരുന്നു. ജനകീയാസൂത്രണത്തെക്കുറിച്ച് റ്റി. ഗോപാലകൃഷ്ണനും, ഗ്രാമസഭയെക്കുറിച്ച് റ്റി.കെ. സുവർണനും ക്ലാസെടുത്തു 440 പേർ പങ്കെടുത്തു, അയൽക്കൂട്ടങ്ങൾ, സ്ക്കൂൾ മാതൃസംഗമം എന്നിവയിലൂടെ ഗ്രാമസഭയുടെ പ്രചരണം നടത്താൻ സാധിച്ചു.

ഗാന്ധിജയന്തി ദിനമായ 2.10.96 ൽ V ലും VII ലും ഗ്രാമസഭകൾനടന്നു. V ലെ ഗ്രാമസഭ 1.30 മുതൽ 6 വരെ ആറ്റുവേലക്കടവിൽ നടന്നു. 325 പേർ പങ്കെടുത്തയോഗത്തിന്റെ അധ്യക്ഷൻ പ്രസിഡൻറായിരുന്നു. ശശികലാ അജിത്കുമാർ ഉദ്ഘാടനം ചെയ്ത യോഗത്തിൽ റോബു പി. കുര്യാക്കോസും റ്റി.കെ. സുവർണ്ണനും ക്ലാസ്സുകളവതരിപ്പിച്ചു. അയൽക്കൂട്ടം രണ്ടെണ്ണം നടന്നിരുന്നു.

അന്നേ ദിവസം തന്നെ VII -ാം വാർഡിലെ ഗ്രാമസഭ വാഴേകാട് എൽ.പി.സ്ക്കൂളിൽ നടന്നു. യോഗത്തിൽ വൈസ് പ്രസിഡൻറ് അധ്യക്ഷനായിരുന്നു, ബ്ലോക്ക് മെമ്പർ ശ്രീ. കെ. ബാഹുലേയൻ ഉദ്ഘാടനം ചെയ്ത ഗ്രാമസഭയിൽ റ്റി.ഗോപാലകൃഷ്ണനും പി. മാധവൻ നായരും ക്ലാസ്സവതരിപ്പിച്ചു. 164 പേരാണ് ഗ്രാമസഭയിൽ പങ്കെടുത്തത്.

6.10.96 ൽ ആറാം വാർഡിലെ ഗ്രാമസഭ കുലശേഖരമംഗലം ഗവ.ഹൈസ്ക്കൂളിൽ നടന്നു. പ്രസിഡൻറ് അധ്യക്ഷനായിരുന്ന ഗ്രാമസഭ ഉദ്ഘാടനം ചെയ്തത് ബ്ലോക്ക് മെമ്പർ കെ. ബാഹുലേയനായിരുന്നു. ക്ലാസ്സുകൾ യഥാക്രമം റ്റി. ഗോപാലകൃഷ്ണൻ, റ്റി.കെ. സുവർണ്ണൻ എന്നിവരാണെടുത്തത്. 348 പേർ ഗ്രാമസഭയിൽ പങ്കാളികളായി. 10 അയൽക്കൂട്ടങ്ങൾ, പോസ്റ്റിംഗ് എന്നിവനടത്തി. അയൽക്കൂട്ടങ്ങൾ ഏറ്റവും കൂടുതൽ നടന്ന വാർഡാണിത്.

11.10.96 ൽ പത്താം വാർഡിലെ ഗ്രാമസഭ തുരുത്തുമ്മ എസ്.എൻ.ഡി.പി. കെട്ടിടത്തിനു മുന്നിൽ ചേർന്നു. പ്രസിഡൻറ് അധ്യക്ഷനായിരുന്ന യോഗം കെ. ബാഹുലേയൻ ഉദ്ഘാടനം ചെയ്തു. റ്റി.കെ. സുവർണ്ണൻ, ശശികലാ അജിത്കുമാർ എന്നിവർ ക്ലാസെടുത്തു 313 പേർ പങ്കെടുത്തു.

12.10.96 ശനിയാഴ്ച ഒന്നാം വാർഡിലും മൂന്നാം വാർഡിലും ഗ്രാമസഭ ചേർന്നു. ഒന്നാം വാർഡിലെ യോഗത്തിൽ വൈസ് പ്രസിഡൻറ് അധ്യക്ഷനായിരുന്നു. ശ്രീ. കെ. ബാഹുലേയൻ ഉദ്ഘാടനം ചെയ്ത യോഗത്തിൽ 419 പേർ പങ്കെടുത്തു. റ്റി. ഗോപാലകൃഷ്ണൻ, പി. മാധവൻ നായർ എന്നിവർ ക്ലാസ്സുകൾ കൈകാര്യം ചെയ്തു. ഗ്രാമസഭയ്ക്കു മുന്നോടിയായി അയൽക്കൂട്ടങ്ങൾ, പോസ്റ്റിംഗ്, വിളംബരജാഥ

ഗ്രാമസഭകളിലെ ഓരോ ഗ്രൂപ്പിലും പങ്കെടുത്തവരുടെ വിവരം

വാർഡ്	കുടി	യുവസംഘടന	വിദ്യാഭ്യാസ	ആരോഗ്യ	വനിതാവേദി	ശുചിത്വം	പൊതുപ്രവർത്തകർ	സംസ്കാരം	വനിത	സഹകരണം	SC/ST	വിവരശേഖരണം	ആകെ		
													ആൺ	പെൺ	ആകെ
	M F T	M F T	M F T	M F T	M F T	M F T	M F T	M F T	M F T	M F T	M F T	M F T			
I	32 9 41	14 8 22	12 5 17	18 13 31	22 19 41	48 4 52	24 34 58	24 10 34	0 45 45	11 14 25	18 5 23	5 25 30	228	191	419
II	21 3 24	7 13 20	9 9 18	11 8 20	13 4 17	32 9 41	9 4 13	13 0 13	0 23 23	5 17 22	2 1 3	6 0 6	128	92	220
III	37 4 41	8 14 22	8 20 28	7 27 34	21 14 35	35 7 42	32 23 55	16 5 21	0 54 54	18 20 38	8 8 16	18 0 18	208	196	404
IV	42 7 49	5 14 19	9 6 15	11 21 32	32 5 37	43 16 59	21 13 34	16 3 19	0 33 33	4 8 12	10 16 26	8 1 9	201	143	344
V	39 2 41	12 7 19	19 0 20	19 7 26	23 12 35	20 7 27	16 13 38	8 3 12	0 44 44	10 3 13	17 15 32	13 6 19	197	128	325
VI	20 1 21	12 8 20	9 6 15	14 31 45	13 21 34	36 20 56	18 14 32	17 2 19	0 37 37	18 4 22	10 2 12	25 10 35	192	156	348
VII	7 2 9	17 1 18	9 5 14	15 13 28	7 2 9	36 4 40	9 21 30	2 1 3	0 6 6		4 3 7		106	58	164
VIII	45 0 45	28 26 54	16 10 26	61 42 103	38 6 44	81 19 100	61 48 109	14 2 16	0 53 53	11 13 24	23 5 28	15 0 15	393	224	617
IX	13 1 14	10 0 10	4 4 8	20 23 43	12 8 20	30 11 41	29 23 52	4 0 4	0 24 24	8 0 8	4 1 5	3 2 5	137	877	234
X	33 6 39	10 27 37	11 9 20	14 19 33	7 10 17	35 20 55	21 15 36	12 4 16	1 18 19	13 5 16	10 1 11	8 4 12	175	138	313

എന്നിവ നടന്നിരുന്നു.

മൂന്നാം വാർഡിലും ഇതേ ദിവസം തന്നെയായിരുന്നു ഗ്രാമസഭചേർന്നത്. ചിറേക്കടവിൽ കളത്തിൽ കെട്ടിയുണ്ടാക്കിയ കൂറ്റൻ പന്തൽ ഏവരേയും അത്ഭുതപ്പെടുത്തി. പത്തോളം അയൽക്കൂട്ടങ്ങൾ പോസ്റ്ററിംഗ്, വിളംബരജാഥ എന്നിങ്ങനെ എല്ലാം നന്നായിത്തന്നെ നടത്തി. പ്രസിഡൻറ് അധ്യക്ഷനായിരുന്ന യോഗത്തിൽ 404 പേർ പങ്കെടുത്തു. ശശികലാ അജിത്കുമാർ ഉദ്ഘാടനം ചെയ്ത ഗ്രാമസഭയിലെ ക്ലാസ്സുകൾ കൈകാര്യം ചെയ്തത് റോബു പി. കുര്യാക്കോസും, റ്റി. കെ. സുവർണ്ണനുമായിരുന്നു. എല്ലാംകൊണ്ടും മാതൃകാപരമായിരുന്നു ഈ ഗ്രാമസഭ.

പഞ്ചായത്തിലെ ഏറ്റവും വലിയ വാർഡായ എട്ടാം വാർഡിലാണ് അവസാനത്തെ ഗ്രാമസഭ നടന്നത്. 617 പേർ ഗ്രാമസഭയിൽ പങ്കെടുത്ത യോഗത്തിൽ പ്രസിഡൻറ് അധ്യക്ഷനായിരുന്നു. കെ. ബാഹുലേയൻ ഉദ്ഘാടനം ചെയ്ത ഗ്രാമസഭയിൽ റ്റി. കെ. സുവർണ്ണനും പി. മാധവൻനായരും ആണു ക്ലാസ്സെടുത്തത്.

8 ദിവസങ്ങളിലായി നമ്മുടെ ഗ്രാമസഭകൾ അവസാനിച്ചു. വിവിധ ഗ്രാമസഭകളിലെ 12 ഗ്രൂപ്പുകളും വളരെ നന്നായിത്തന്നെ ചർച്ചയിൽ പങ്കെടുത്തു. ആകെ പങ്കെടുത്ത 3388 പേരിൽ 1423 സ്ത്രീകളാണ് എന്ന കാര്യത്തിൽ അഭിമാനിക്കാം.

22.10.96 ൽ കുലശേഖരമംഗലം ഹൈസ്ക്കൂളിൽ വച്ച് ഗ്രൂപ്പുതല കൺവീനർമാരുടെ യോഗം ചേർന്നു. യോഗത്തിൽ ജോസ് ചാത്തുക്കുളം പങ്കെടുത്തിരുന്നു. 138 പേർ ആ യോഗത്തിൽ പങ്കെടുത്തു. ഈ യോഗത്തിൻെറ തീരുമാനമനുസരിച്ച്, തെരഞ്ഞെടുത്ത, ദ്വിതീയ സർവെക്കാരുടെ ഒരു യോഗം 25.10.96 പഞ്ചായത്താഫീസിൽ നടത്തിയതിൽ 23 പേർ പങ്കെടുത്തു. 26.10.96 മുതൽ ദ്വിതീയ വിവരണ ശേഖരണം നടത്താൻ തീരുമാനിക്കുകയുണ്ടായി. അതേതുടർന്നു 26.10.96 മുതൽ ദ്വിതീയ വിവരണ ശേഖരണം ആരംഭിച്ചു.

27.10.96 നു രാവിലെ 9 മുതൽ പഞ്ചായത്തിലുടനീളം രണ്ടു കാൽ നടജാഥകൾ പ്രയാണമാരംഭിച്ചു. മറവൻതുരുത്ത് പഞ്ചായത്ത് കവലയിൽ നിന്നും ആരംഭിച്ച ജാഥകൾ കിഴക്കോട്ടും പടിഞ്ഞാറോട്ടും സഞ്ചരിച്ച് വൈകിട്ട് 6 നു ടോളിൽ സമാപിച്ചു.

നവം 4,5,6 തീയതികളിൽ രണ്ടാംഘട്ട ജില്ലാ പരിശീലനം നടന്നു. പഞ്ചായത്തിൽ നിന്നും 23 പേർ പങ്കെടുത്തു. 8.11.96 ൽ ദ്വിതീയ വിവരശേഖരണ വിലയിരുത്തലും 11.11.96 ൽ റിപ്പോർട്ടിൻെറ ക്രോഡീകരണവും നടന്നു. റിപ്പോർട്ടു ക്രോഡീകരണത്തിൽ 23 പേർ പങ്കെടുക്കുകയുണ്ടായി.

14.11.96 ൽ നടന്ന ഉദ്യോഗസ്ഥറിവ്യൂവിൽ 21 പേർ പങ്കെടുത്തു. 16.11.96 ൽ രണ്ടാം ഘട്ടപരിശീലനം എൻ.ഐ.എം.യു.പി.എസ് ൽ ചേർന്നു.

നവം 19,20,22,26 എന്നീ തീയതികളിൽ പഠന പര്യടനം നടന്നു. ഈ സംഘത്തിൽ 8 പേരുണ്ടായിരുന്നു. ഇതേ സമയത്തുതന്നെ കാരണവന്മാരെ കണ്ട് നാട്ടറിവ് ശേഖരിച്ചു കൊണ്ടിരുന്നു. 29.11.96 ൽ പഠന പര്യടനത്തിൻെറ ക്രോഡീകരണം നടന്നു.

28.11.96 ൽ പഞ്ചായത്തിൽ കൂടിയ ഡി.ആർ.പി. റിപ്പോർട്ടർമാർ എന്നിവരുടെ യോഗത്തിൽ വച്ച് 30.11.96 മുതൽ റിപ്പോർട്ടെഴുതണമെന്നു തീരുമാനിച്ചു. 30.11.96 മുതൽ 18.11.96 വരെയുള്ള ദിവസങ്ങളിലെ ഏതാനും പേരുടെ രാവും പകലും തുടർച്ചയായ ശ്രമത്തിൻെറ ഫലമാണീ റിപ്പോർട്ട് 22.12.96 ൽ നടത്തുന്ന വികസന സെമിനാറിൻെറ വിജയത്തിനു വേണ്ടി 5.12.96 ൽ കുലശേഖരമംഗലം ഹൈസ്ക്കൂളിൽ വച്ചു കൂടിയ സ്വാഗത സംഘയോഗത്തിൽ 89 പേർ പങ്കെടുത്തു. താഴെപ്പറയുന്നവരടങ്ങുന്ന വിപുലമായ കമ്മിറ്റിയെ തെരഞ്ഞെടുത്തു.

രണ്ടാംഘട്ട പരിശീലനത്തിലെ പങ്കാളിത്തം

വാർഡ്	ആൺ	പെൺ	ആകെ
1	17	6	23
2	12	3	15
3	15	5	20
4	13	5	18
5	13	6	19
6	15	8	23
7	18	6	19
8	27	2	29
9	10	1	11
10	16	2	18
	156	43	199

രക്ഷാധികാരികൾ – ശ്രീ. പി. എസ്. ഗോപാലൻ
– ശ്രീ. കുര്യാക്കോസ്, പോത്താ
ചെയർമാൻ – ശ്രീ. എം. പി. അശോകൻ
ജനറൽ കൺവീനർ – ശ്രീ. കെ. എ. വാസു
കൺവീനേഴ്സ് – ശ്രീ. ഒ. സോമൻ
– ശ്രീ. ഔസേഫ്
ക്ഷേണ കമ്മിറ്റി ചെയർമാൻ – ശ്രീ. പോതി
" കൺവീനർ – ശ്രീ. കെ. എ. മാധവൻ
പ്രചരണ കമ്മിറ്റി ചെയർമാൻ – ശ്രീ. എൻ. പി. രമേശൻ
" കൺവീനർ – ശ്രീ. മോഹനൻ
സാമ്പത്തികം കൺവീനർ – ശ്രീ. ടി. കെ. കുമാരൻ

ഇതുകൂടാതെ എക്സി. കമ്മിറ്റിയും സബ് കമ്മിറ്റികളും വിപുലമായിത്തന്നെ രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികളുടെ പ്രവർത്തനം ഈ സെമിനാറിൽ പ്രത്യേകം സ്മരണീയമാണ്. ഈ സെമിനാർ വരെ എത്തിനിൽക്കുന്ന പ്രവർത്തനങ്ങളോട് ഈ പഞ്ചായത്തിലുള്ളമുഴുവൻ സ്ഥാപനങ്ങളിലേയും ഉദ്യോഗസ്ഥന്മാരുടേയും സമീപനം വളരെ നല്ല രീതിയിലുള്ളതായിരുന്നു. ഇന്നാട്ടിലെ വികസനകാര്യത്തൽ രാഷ്ട്രീയ സാമൂഹ്യ സന്നദ്ധ സംഘടനകളെപ്പോലെ തന്നെ ഉദ്യോഗസ്ഥർക്കു പങ്കുണ്ടെന്നു ഈ പങ്കാളിത്തം വിളിച്ചറിയിക്കുന്നു.

ആത്മാഭിമാന കൊടിക്കൂറു പൊക്കുവാൻ
കൂട്ടരെ നമുക്കൊത്തുചേരാം
കാലങ്ങളായി നാം കാത്തുകാത്തിരുന്നൊരാ
ക്കാലമിതാ നമ്മുടെ മുന്നിലെത്തി..!!

വികസന രേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

കൃഷി _ ജലസേചനം
എസ്. വാസു
കെ.കെ. മാധവൻ
പി..ഒ. വേലായുധൻ

മത്സ്യബന്ധനം _ മൃഗസംരക്ഷണം
എ. ഭാസ്ക്കരൻ
പി.കെ. മുരളീധകൻ
റാജില ഷംസുദീൻ
ടി.കെ.സുവർണ്ണൻ

വിദ്യാഭ്യാസം
സി.കെ. വേലായുധൻ
കെ. രൂപേഷ്കുമാർ
കെ.ബി. രാജീവ്
പി. മാധവൻ നായർ

ആരോഗ്യം _ കുടിവെള്ളം
ടി.എ. ശശാങ്കൻ
എ. ഭാസ്ക്കരൻ
ടി. ഗോപാലകൃഷ്ണൻ

റോഡ് ഗതാഗതം _ ഊർജം
പി.ബി. സാംബശിവൻ
ടി. ഗോപാലകൃഷ്ണൻ

ഭവനനിർമ്മാണം _ സാമൂഹ്യക്ഷേമം
ഇ.കെ. നായർ
ശാന്തമ്മ
പി.ബി. സാംബശിവൻ

സംസ്ക്കാരം
കവിത
ടി.കെ. സുവർണ്ണൻ
രജനി രവീന്ദ്രൻ
എൻ. രവീന്ദ്രനാഥ്

വ്യവസായം
എം. കാർത്തികേയൻ
ടി.ആർ. സാബു
അജിത്കുമാർ

വനിത
ശശികലാ അജിത്കുമാർ
ജമുനാഭായി
മേനകാ ബാലകൃഷ്ണൻ
പുഷ്പലത

സഹകരണം
സി.കെ. സുകുമാരൻ
വി. ഔസേപ്പ്

പട്ടികജാതി പട്ടികവർഗ്ഗം
കെ.വി. രഘുവരൻ
സി.കെ. സന്തോഷ്
അനിതാ രാജപ്പൻ
കെ. ശിവദാസൻ

വിഭവസമാഹരണം
എസ്.കെ. നായർ
ആർ. രാജപ്പൻ
പി. മാധവൻ നായർ



Printed at BL Offset, CHN-25 Ph: 340498, 348037